2020 ഏപ്രിൽ
17
വെള്ളി
1195 മേടം 04

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ

www.metrovaartha.com

16 പേജ് ₹ 7.00

KOZHIKODE

7 പേർക്ക് കൊവിഡ്

27 പേർക്ക് രോഗമുക്തി

നിരീക്ഷണത്തിൽ 88,855 പേർ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ ഏഴു പേർക്ക് കൊവിഡ് 19 കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചു. കണ്ണൂർ 4, കോഴിക്കോട് 2, കാസർകോട് 1. ഇവരിൽ അഞ്ചുപേർ വിദേശത്തു നിന്നു വന്നവരാണ്. രണ്ടു പേർക്കു സമ്പർക്കത്തിലൂടെയാണു രോഗബാധ.

ഇന്നലെ 27 പേർക്ക് പരിശോധനാ ഫലം നെഗറ്റീവായി. കാസർകോട് 24, എറണാകുളം, മലപ്പുറം, കണ്ണൂർ ഒന്നുവീതം. ഇതുവരെ 394 പേർക്കാണ് സംസ്ഥാനത്ത് രോഗം സ്ഥിരീകരിച്ചത്.

അവരിൽ 147 പേർ ഇപ്പോൾ ചികിത്സയിലുണ്ട്. സംസ്ഥാനത്ത് 88,855 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 532 പേർ ആശുപത്രികളിൽ. ഇന്നലെ 108 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതുവരെ 17,400 സാംപിളുകൾ പരിശോധിച്ചതിൽ 16,459 എണ്ണം രോഗബാധ ഇല്ല എന്നുറപ്പാക്കി.

ഇന്നലെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണത്തിന്റെ ഏതാണ്ട് മൂന്നിരട്ടിയാണ് രോഗമുക്തി നേടിയവരുടെ എണ്ണമെന്നും അത് നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഗുണഫലം തന്നെയാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

ബ്രിട്ടീഷ് എയർവേയ്സിന്റെ പ്രത്യേക വിമാനം കൊച്ചിയിൽ നിന്നും തിരുവനന്തപുരത്തു നിന്നുമായി 268 യാത്രക്കാരുമായി ബ്രിട്ടനിലേക്ക് യാത്രതിരിച്ചു.

ആ കൂട്ടത്തിൽ കൊവിഡ് രോഗം ഭേദപ്പെട്ട ഏഴു ബ്രിട്ടീഷ് പൗരന്മാരുമുണ്ട്. കേരളം കൊവിഡിനെ പ്രതിരോധിക്കുന്നതിലുണ്ടാക്കിയ നേട്ടത്തിന്റെ സൂചനയാണിത്.

നെടുമ്പാശേരി വിമാനത്താവളത്തിൽ ഡ്യൂട്ടിയിലിരിക്കെ കൊവിഡ് ബാധിച്ച രണ്ടുപേർ ഇന്നലെ രോഗവിമുക്തരായി എന്നതും എടുത്തുപറയേണ്ടതാണെന്ന് മുഖ്യമന്ത്രി.

എന്റെ പപ്പയും മമ്മിയും എന്താ ഇങ്ങനെ..?

സുധീർനാഥ്

ന്യൂഡൽഹി: 'എന്റെ പപ്പയും മമ്മിയും എന്താ ഇങ്ങനെ...?' ജീവിതചര്യകളിൽ പപ്പയ്ക്കും മമ്മിക്കും വന്ന വലിയ മാറ്റത്തിനു കാരണം അഞ്ചു വയസുള്ള സെറ ശ്രേയാലിന് മനസിലാകുന്നില്ല. ഏഴുമാസം മാത്രം പ്രായമുള്ള അനുജൻ ഷോൺ ശ്രേയസ് കരഞ്ഞാൽ അവന്റെ കരച്ചിൽ നിർത്താൻ ശബ്ദിക്കുന്ന കളിപ്പാട്ടവുമായി താൻ ചെല്ലാനാണ് പപ്പയും മമ്മിയും പറയുന്നത്. അവർ അവന്റെ അടുക്കലേക്കു പോകുന്നുമില്ല. രോഹിണിയിലെ അംബേദ്കർ മെഡിക്കൽ കോളെജിലെ നഴ്സുമാരാണ് പപ്പ സുജീഷും, മമ്മി രാതി മോളും. മക്കളെ സ്നേഹത്തോടെ താലോലിക്കാൻ പറ്റാത്തതിന്റെ സങ്കടം ഇരുവരുടേയും കണ്ണുകളിൽ.

ഇരുവരും ആശുപത്രിയിൽ കൊവിഡ് രോഗികളെയാണ് ശുശ്രൂഷിക്കുന്നത്. ജോലി കഴിഞ്ഞ് സ്വന്തം വീട്ടിലേക്കു മടങ്ങേണ്ടിയും വരുന്നു. ആശുപത്രിയിൽ നിന്ന് കൊറോണ വൈറസ് ഒപ്പം കൂടിയിട്ടുണ്ടാകുമോ എന്നാണ് ആശങ്ക. വീട്ടിലുള്ളത് രണ്ടു പിഞ്ചുകുട്ടികൾ. കൊവിഡ് വാർഡിൽ ഡ്യൂട്ടിക്ക് പോകുന്ന അവസരത്തിലും തിരിച്ചെത്തുമ്പോഴും പഴുതടച്ച സുരക്ഷാ സംവിധാനങ്ങൾ പരസ്പരം പരിശോധിക്കുന്നു. മക്കളുടെ സുരക്ഷ ഉറപ്പുവരുത്തണമല്ലോ.

ഏതാണ്ട് ഇതുതന്നെയാണ് അംബേദ്കർ ആശുപത്രിയിലെ പല നഴ്സിങ് സ്റ്റാഫുകളും ചെയ്യുന്നത്. നഴ്സിങ് രംഗത്തു പ്രവർത്തിക്കുന്ന പത്തോളം ദമ്പതികൾ അംബേദ്കർ ആശുപത്രിയിൽത്തന്നെ ഉണ്ടെന്ന് സുജീഷ് പറഞ്ഞു. കുട്ടികളെ നോക്കാൻ ഏൽപ്പിച്ചവർ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ വരാതായി. സുജീഷ് പതിനഞ്ചു ദിവസം കൊവിഡ് ജോലി പൂർത്തിയാക്കി ക്വാറന്റൈനിലാണ്. അംബേദ്കർ ആശുപത്രി നഴ്സസ് യൂണിയൻ പ്രസിഡന്റ് കൂടിയാണ് സുജീഷ്. ഭാര്യയും കൊവിഡ് വാർഡിൽ ഡ്യൂട്ടി ചെയ്യുന്നതോടെ വലിയ മാനസിക പിരിമുറുക്കം.

ഡൽഹി അംബേദ്കർ മെഡിക്കൽ കോളെജിൽ കൊവിഡ് പരിശോധനയ്ക്ക് ഇരിക്കുന്ന ആരോഗ്യപ്രവർത്തകരായ നഴ്സ് രാതി മോൾ, ഡോ. വിശാൽ, ഡോ. ജീവൻ.

ഡൽഹി സർക്കാർ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് സമ്മതിക്കുന്ന രാതി മോൾ, പക്ഷേ, കേരളത്തിലേതു പോലെ ആരോഗ്യ പ്രവർത്തകർക്ക് ഭൗതികസുരക്ഷ ഉറപ്പുവരുത്തുന്നില്ലെന്നു ചൂണ്ടിക്കാട്ടി. ദൈവത്തിന്റെ സ്വന്തം നാടെന്ന മുദ്രാവാക്യത്തിന്റെ പൂർണത ലോകം തിരിച്ചറിഞ്ഞത് ഈ കൊവിഡ് കാലത്താണെന്ന് സുജീഷ്. മികച്ച ചികിത്സാ സൗകര്യങ്ങളാണ് ഡൽഹി സർക്കാരിന്റെ അംബേദ്കർ ആശുപത്രിയിൽ ഒരുക്കുന്നതെന്ന് നഴ്സസ് യൂണിയൻ പ്രസിഡന്റു കൂടിയായ സുജീഷ് പറഞ്ഞു.

സംസ്ഥാനം നാല് മേഖലകൾ

ഒരിടത്ത് സാധാരണ ജീവിതം

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: സംസ്ഥാനത്ത് ലോക് ഡൗണിൽ ഹോട്ട്സ്പോട്ടുകൾ ഒഴികെയുള്ള മേഖലകൾക്ക് ഇളവുകൾ പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കൊവിഡ് രോഗികളുടെ എണ്ണമനുസരിച്ച് സംസ്ഥാനത്തെ നാലു മേഖലകളായി തിരിച്ചിട്ടുണ്ട്. ഒരു മേഖലയിലും ജില്ലാ - സംസ്ഥാന അതിർത്തി കടന്നുള്ള യാത്രകൾ, ആരാധനാലയങ്ങൾ, സിനിമാ തിയെറ്ററുകൾ എന്നിവ തുറക്കൽ, ആൾക്കൂട്ടം ചേരൽ എന്നിവ അനുവദിച്ചിട്ടില്ല. കൊവിഡ് രോഗികളില്ലാത്ത കോട്ടയം, ഇടുക്കി ജില്ലകളിൽ സാധാരണ ജീവിതം അനുവദിക്കും. ഏതു മേഖലകളിലുള്ളവർക്കും പുറത്തിറങ്ങണമെങ്കിൽ മാസ്ക് നിർബന്ധമാണെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ലോക് ഡൗൺ മെയ് മൂന്നു വരെ നീട്ടിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ പൊതുനിയന്ത്രണം കേരളം പൂർണമായും പാലിക്കും. വിമാന, ട്രെയ്ൻ, മെട്രൊ, പൊതുഗതാഗതം എന്നിവയ്ക്കുള്ള നിയന്ത്രണങ്ങൾ അതേപടി തുടരും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞുതന്നെ കിടക്കും.

കേന്ദ്രനിർദേശമനുസരിച്ച് കാസർഗോഡ്, കണ്ണൂർ, എറണാകുളം, മലപ്പുറം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളാണ് ഹോട്ട് സ്പോട്ടിൽ വരുന്നത്. ഇപ്പോൾ ചികിത്സയിലുള്ള കൊവിഡ് രോഗികളുടെ എണ്ണം കണക്കാക്കിയാൽ കാസർഗോഡ് -61, കണ്ണൂർ - 45, മലപ്പുറം - 9 കഴിഞ്ഞാൽ കൂടുതൽ രോഗികളുള്ളത് ഒമ്പത് രോഗികളുള്ള കോഴിക്കോട്ടാണ്. ഈ നാലു ജില്ലകളും ചേർത്ത് ഒരു മേഖലയാക്കണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കും. ആ മേഖലയിൽ ലോക് ഡൗൺ കർശനമായി തുടരും.

രോഗമുക്തരായവരും അവരുടെ കുടുംബാംഗങ്ങളും 14 ദിവസം പുറത്തിറങ്ങുകയോ മറ്റുള്ളവരുമായി സമ്പർക്കത്തിലേർപ്പെടുകയോ പാടില്ല. ഇതു നിരീക്ഷിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. മന്ത്രിമാരായ കെ.കെ. ശൈലജ, ഇ. ചന്ദ്രശേഖരൻ, ചീഫ്സെക്രട്ടറി ടോം ജോസ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഒരു മേഖലയിൽ ഭാഗിക നിയന്ത്രണം, എല്ലാവർക്കും മാസ്ക് നിർബന്ധമാക്കി

ഒന്നാം മേഖല

കാസർഗോഡ്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്. സമ്പൂർണ ലോക് ഡൗൺ. അവിടങ്ങളിൽ തീവ്രരോഗ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ പ്രത്യേകം കണ്ട് അത്തരം വില്ലേജുകളുടെ അതിർത്തികൾ അടയ്ക്കും. പ്രവേശനം ഒറ്റ വഴിയിലൂടെ മാത്രമാക്കും. ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെ ആ വഴിയിലൂടെ എത്തിക്കും.

രണ്ടാം മേഖല

പത്തനംതിട്ട, എറണാകുളം, കൊല്ലം. ഏപ്രിൽ 24 വരെ അവിടെ ലോക് ഡൗൺ കർശനമായി തുടരും. 24നുശേഷം ചില ഇളവുകൾ അനുവദിക്കും. അവിടെയും ഹോട്ട് സ്പോട്ട് വില്ലേജുകൾ കണ്ടെത്തി അടച്ചിടും.

മൂന്നാം മേഖല

ആലപ്പുഴ, തിരുവനന്തപുരം, പാലക്കാട്, തൃശൂർ, വയനാട്. അവിടെ ഏപ്രിൽ 20 മുതൽ ഭാഗിക നിയന്ത്രണം. കടകൾ, പാഴ്സൽ വാങ്ങുന്നതിന് റസ്റ്ററന്റുകൾ എന്നിവ വൈകുന്നേരം ഏഴുവരെ തുറക്കാം. ഹോട്ട്സ്പോട്ട് വില്ലേജുകൾ അടച്ചിടും.

നാലാം മേഖല

കൊവിഡ് രോഗികളില്ലാത്ത കോട്ടയം, ഇടുക്കി. ഏപ്രിൽ 20 മുതൽ ആവശ്യമായ സുരക്ഷാ ക്രമീകരണത്തോടെ സാധാരണ ജീവിതം അനുവദിക്കും.

325 ജില്ലകൾ കൊവിഡ് മുക്തം

രോഗബാധിതർ 12,380 മരണം 420

ന്യൂഡൽഹി: രാജ്യത്തെ 325 ജില്ലകൾ പൂർണമായി കൊവിഡ് 19 മുക്തമെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി ലവ അഗർവാൾ. ഇന്നലെ 941 പേർക്കാണു പുതുതായി രോഗം ബാധിച്ചത്. ഇതോടെ, രാജ്യത്തെ കൊവിഡ് ബാധിതരുടെ എണ്ണം 12,380 ആയി. സമീപദിവസങ്ങളിൽ 1000ലധികമായിരുന്നു പ്രതിദിനമുള്ള വർധന. 37 പേർ മരിച്ചു. രാജ്യത്താകെ മരണസംഖ്യ 420.

ലോകമൊട്ടാകെ 20 ലക്ഷത്തിലേറെ പേർക്കു രോഗം ബാധിച്ചിട്ടുണ്ട്. 1.3 ലക്ഷമാണു മരണസംഖ്യ.

അതിനിടെ, ഇന്ത്യയിൽ സ്രവപരിശോധന കാര്യക്ഷമമല്ലെന്ന ആരോപണം ഇന്ത്യൻ കൗൺസിൽ ഒഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) തള്ളി. ഒരു പോസിറ്റിവ് കേസിൽ 24 തവണ പരിശോധന നടത്തുന്നുണ്ടെന്ന് കൗൺസിൽ ഡയറക്റ്റർ ഡോ. ആർ.ആർ. ഗംഗാഖേഡ്കർ.

സാമ്പത്തിക പാക്കേജ്:
നിർമലയുമായി മോദിയുടെ ചർച്ച

20 മുതൽ വാഹനങ്ങൾ റോഡിലിറക്കാൻ ക്രമീകരണം

▶ പേജ് 7

സ്വർണം

ഗ്രാം	- 4,200
പവൻ	- 33,600

www.facebook.com/metrovaarthaofficial

സുരക്ഷ ഇത്രയും മതിയോ..!

കൊവിഡ് പ്രതിരോധത്തിനായി രാജ്യവ്യാപകമായി ലോക്ക് ഡൗൺ രണ്ടാംഘട്ടം മെയ് മൂന്നു വരെ നീട്ടിയതിനു പിന്നാലെ കനത്ത ജാഗ്രത നിലനിൽക്കുമ്പോൾ അഞ്ചുപേരടങ്ങിയ കുടുംബം ഒരു സ്കൂട്ടറിൽ യാത്രയിൽ. തിരുവനന്തപുരത്തു നിന്നുള്ള കാഴ്ച. സ്കൂട്ടറിലും ബൈക്കിലും ഒരാളേ യാത്ര ചെയ്യാവൂ എന്നാണു നിബന്ധനയെങ്കിലും അത്യാവശ്യം ബോധ്യമായതിനാൽ പൊലീസ് ഇവരെ പൊകാൻ അനുവദിച്ചു.

കെ.ബി. ജയചന്ദ്രൻ

20 മുതൽ ഇ കൊമേഴ്സ് വ്യാപാരം

ന്യൂഡൽഹി: അമസോൺ, ഫ്ലിപ്കാർട്ട്, സ്നാപ്ഡീൽ തുടങ്ങിയ ഇ കൊമേഴ്സ് സംവിധാനങ്ങളിലൂടെ മൊബൈൽ ഫോൺ, റഫ്രിജറേറ്റർ, ലാപ്ടോപ്, ടിവി, സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവ ഈ മാസം 20 മുതൽ വിൽക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി. അടച്ചുപൂട്ടലിനെത്തുടർന്ന് ഇ കൊമേഴ്സ് രംഗത്ത് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് ഇളവുവരുത്തി ആഭ്യന്തര സെക്രട്ടറി അജയ് ഭല്ലയാണ് പുതിയ മാർഗനിർദേശം പുറത്തിറക്കിയത്. ബുധനാഴ്ച പുറത്തിറക്കിയ ആദ്യ മാർഗനിർദേശത്തിൽ ഭക്ഷ്യ വസ്തുക്കൾ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ മാത്രം വിൽപ്പനയാണ് അനുവദിച്ചിരുന്നത്. മാർച്ച് 25 മുതൽ സ്തംഭിച്ചിരിക്കുന്ന വ്യവസായ-വ്യാപാര മേഖലയ്ക്ക് ആശ്വാസം നൽകാനാണ് ഇപ്പോഴത്തെ ഇളവ്.

അതേസമയം, ഇ കൊമേഴ്സ് സംവിധാനത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന് മുൻകൂട്ടി അധികൃതരുടെ അനുമതി ലഭിച്ചിരിക്കണം. ഭക്ഷ്യ രംഗത്ത് നിർമാണ, മൊത്തവിതരണ, ചില്ലറവ്യാപാര രംഗങ്ങൾ തമ്മിലുള്ള ശൃംഖല മുറിയാതിരിക്കാൻ ഇവയെ പ്രവർത്തിക്കാൻ അനുവദിക്കുമെന്നും സർക്കാർ അറിയിച്ചു. എന്നാൽ, സാമൂഹിക അകലം പാലിക്കുന്നതുൾപ്പെടെ നിയന്ത്രണങ്ങൾ കർശനമായി പാലിക്കണം. രണ്ടു ഡ്രൈവർമാരും ഒരു സഹായിയും അടങ്ങുന്ന സംഘവുമായി ചരക്കുവാഹന സർവീസും അനുവദിക്കും. .

ലോക് ഡൗൺ കാലത്ത് കോളെജുകൾ ഫീസ് ഈടാക്കരുത്

ന്യൂഡൽഹി: ലോക്ഡൗൺ കാലയളവിൽ വിദ്യാർഥികളുടെ അഭിരുചി സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം എഐസിടിഇ യോട് നിർദേശിച്ചു. അതിന്റെ ഭാഗമായി കോളെജുകൾക്കും സ്ഥാപനങ്ങൾക്കും എഐസിടിഇ മാർഗനിർദേശങ്ങൾ നൽകി.

* **ഫീസ് അടയ്ക്കൽ:** ലോക്ക്ഡൗൺ പിൻവലിച്ച് സാധാരണ നിലയിലാകുന്നതു വരെ കോളെജുകളും സ്ഥാപനങ്ങളും കുട്ടികളെ ഫീസ് അടയ്ക്കാൻ നിർബന്ധിക്കരുത്.
* **അധ്യാപകർക്കും മറ്റ് സ്റ്റാഫിനുമുള്ള ശമ്പളം:** ലോക്ഡൗൺ കാലത്ത് വിവിധ സ്ഥാപനങ്ങൾ അവരുടെ ഫാക്കൽറ്റി അംഗങ്ങൾക്കും ജീവനക്കാർക്കും ശമ്പളം നൽകിയിട്ടില്ല. ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ സേവനങ്ങൾ അവസാനിപ്പിച്ചു. ലോക്ക്ഡൗൺ കാലത്ത് ഫാക്കൽറ്റി അംഗങ്ങൾക്കും ജീവനക്കാർക്കുമുള്ള ശമ്പളവും മറ്റ് കുടിശികകളും കൃത്യമായി നൽകണം. ഈ സമയത്ത് നടത്തിയ പിരിച്ചുവിടലുകൾ റദ്ദാക്കണം.
* **വ്യാജവാർത്ത:** വ്യാജവാർത്തകളെ നിരുത്സാഹപ്പെടുത്തുകയും അവ സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്യണം. മാനവ വിഭവശേഷി വികസന മന്ത്രാലയം, യുജിസി, എഐസിടിഇ എന്നിവ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിവരം മാത്രം ആശ്രയിക്കാം.
* **പ്രധാനമന്ത്രിയുടെ പ്രത്യേക സ്കോളർഷിപ്പ് പദ്ധതി:** ലോക്ക്ഡൗൺ പിൻവലിച്ചാൽ ഉടൻ പദ്ധതി പ്രവർത്തനങ്ങൾ തുടരും. പ്രവർത്തന കലണ്ടർ, പുതിയ സമയക്രമങ്ങൾ എന്നിവ എഐസിടിഇ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.
* **ഓൺലൈൻ ക്ലാസുകളും സെമസ്റ്റർ പരീക്ഷയും:** ലോക് ഡൗൺ നീട്ടിയ സമയത്ത് നിലവിലെ സെമസ്റ്ററിനായുള്ള ഓൺലൈൻ ക്ലാസുകൾ തുടരും. പുതുക്കിയ അക്കാദമിക് കലണ്ടർ പിന്നീട് യുജിസിയും എഐസിടിഇയും നൽകും.
* **ഇന്റേൺഷിപ്പുകൾ:** മധ്യവേനൽ ഇന്റേൺഷിപ്പ് വീട്ടിൽ നിന്ന് തന്നെ നടത്താം. അതിനു കഴിയാത്ത പക്ഷം 2020 ഡിസംബറിനുള്ളിൽ പൂർത്തിയാക്കാം.
* **ഇന്റർനെറ്റ് സംവിധാനം പങ്കിടൽ:** കോളെജുകളും മറ്റ് സ്ഥാപനങ്ങളും എല്ലാ വിദ്യാർഥികൾക്കും അവരുടെ ക്യാംപസ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കണം. ഗ്രാമപ്രദേശങ്ങളിൽ ഹാജർ കാര്യങ്ങളിൽ ഇളവ് അനുവദിക്കാം.

പ്രത്യാശയുടെ കൃഷിയിറക്കി അഭയകേന്ദ്രം

മലപ്പുറം: ലോക് ഡൗൺ കാലം പ്രത്യാശയുടെ കാലവും കൂടിയാക്കി മാറ്റുകയാണ് പൊന്നാനി നഗരസഭയിലെ അഭയ കേന്ദ്രത്തിലെ അന്തേവാസികൾ. കാർഷികോത്സവമായ വിഷുവിന് നഗരസഭയുടെ നേതൃത്വത്തിൽ അന്തേവാസികൾ നല്ല നാളേയ്ക്കായി പുതുകൃഷിയിറക്കി. രാജ്യത്ത് ലോക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ പൊന്നാനി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ കുടുങ്ങി പോയ തീർഥാടകരും ഭിക്ഷാടകരുമാണ് നഗരസഭ കുണ്ടുകടവ് ജംങ്ഷനിലെ ഐ.എസ്.എസ് സ്കൂളിൽ ഒരുക്കിയ അഭയകേന്ദ്രത്തിൽ താമസിക്കുന്നത്.ഞാലിപ്പൂവൻ വാഴക്കന്നുകളും തെങ്ങിൻ തൈകളുമാണ് സ്കൂൾ കോമ്പൗണ്ടിൽ വച്ചു പിടിപ്പിച്ചത്. പതിനൊന്ന് അന്തേവാസികളാണ് പൊന്നാനി നഗരസഭ ഒരുക്കിയ അഭയകേന്ദ്രത്തിൽ താമസിക്കുന്നത്. ഓരോരുത്തരും ഫല വൃക്ഷങ്ങൾ സ്വന്തമായി കുഴിയെടുത്താണ് നട്ടുനനച്ചത്. വിഷുവിന് സദ്യയും പായസവും മധുര പലഹാരങ്ങളും ഇവർക്കായി ഒരുക്കിയിരുന്നു. അന്തേവാസികൾക്ക് നഗരസഭാ ചെയർമാൻ സി.പി മുഹമ്മദ് കുഞ്ഞി മധുരം നൽകി.

ഡയാലിസിസ് കിറ്റുകൾ വിതരണം ചെയ്തു

മലപ്പുറം: താനൂർ നിയോജക മണ്ഡലത്തിലെ നിർധനരായ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്താനാവശ്യമായ മരുന്നുകളടക്കമുള്ള കിറ്റുകൾ വിതരണം ചെയ്തു. ഒഴൂർ, പൊന്മുണ്ടം ഗ്രാമ പഞ്ചായത്തുകളിലെ വൃക്ക രോഗികൾക്കുള്ള മരുന്നുകളാണ് വിതരണം ചെയ്തത്. വി.അബ്ദുറഹിമാൻ എംഎൽഎയുടെ 'എന്റെ താനൂർ' പദ്ധതിയുടെ ആഭിമുഖ്യത്തിലാണ് മരുന്ന് കിറ്റ് വിതരണം ചെയ്തത്.

കിറ്റുകൾ ഒഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ എംഎൽഎ അതത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് കൈമാറി. പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.വി.പ്രജിത,സുബൈർ ഇളയിടത്തൈവസ് പ്രസിഡണ്ട് അഷ്കർ കോറാഡ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. മണ്ഡലത്തിലെ നിർധനരായ മുഴുവൻ ഡയാലിസിസ് രോഗികൾക്കും ആവശ്യമായ മരുന്നുകൾ കേരളത്തിനകത്തും പുറത്തു നിന്നുമായാണ് എത്തിച്ചതെന്നും കൂടുതൽ മരുന്നുകളെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചതായും എംഎൽഎ അറിയിച്ചു.

ആയുർരക്ഷ ക്ലിനിക്ക് ആരംഭിച്ചു

മലപ്പുറം: കൊവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും മറ്റ് ചികിത്സകൾക്കും ജില്ലയിൽ 'ആയുർരക്ഷ' ക്ലിനിക്കുകൾ തുടങ്ങി. പ്രതിരോധ ശേഷി വർധിപ്പിക്കാൻ ആയുർവേദ മരുന്നുകൾ ഉപയോഗിക്കാമെന്ന നിർദേശത്തിന്റെ പശ്ചാത്തലത്തിലാണ് ആയുർരക്ഷ ക്ലിനിക്കുകൾ ആരംഭിച്ചത്.ക്ലിനിക്കുകളുടെ ജില്ലാതല ഉദ്ഘാടനം മലപ്പുറത്ത് ജില്ലാ പഞ്ചായത്ത് മെമ്പർ ഹനീഫ പുതുപ്പറമ്പ് നിർവഹിച്ചു. ജില്ലയിലെ എല്ലാ ആയുഷ് സ്ഥാപനങ്ങളിലും പ്രതിരോധ മരുന്നുകൾ ലഭിക്കുമെന്നും പൊതുജനങ്ങൾ ഇത് പ്രയോജനപ്പെടുത്തണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) ഡോ. കെ. സുശീല അറിയിച്ചു.

കൊച്ചു ഫുട്ബോളർ ഡാനിഷ് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

കോഴിക്കോട്: ഫുട്ബോളിൽ കോർണർ ഗോൾ അടിച്ച് കേരളത്തിന്റെ പ്രിയ കൊച്ചുതാരമായി മാറിയ ഡാനിഷ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 31,500 രൂപ കലക്റ്ററുടെ ചേമ്പറിൽ വച്ച് ജില്ലാ കലക്റ്റർ എസ് ശ്രീസാംബശിവറാവുവിന് കൈമാറി. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ വെച്ച് ഫെബ്രുവരിയിൽ നടന്ന അണ്ടർ 10 ഫുട്ബോൾ കളിക്കിടയിലാണ് കോർണർ ഗോൾ അടിച്ച് ടീമിനെ വിജയിപ്പിച്ച് ഡാനിഷ് താരമായി മാറിയത്. പലരും നൽകിയ ഗിഫ്റ്റും മറ്റും സ്വരൂപിച്ചു കിട്ടിയ രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്.

കേരളത്തിലെ 5 ജില്ലകളിൽ ടൂർണമെന്റുകളിൽ പങ്കെടുത്തിട്ടുണ്ട് ഈ കൊച്ചു മിടുക്കൻ. പ്രശസ്ത ഫുട്ബാൾ താരം ഐ.എം വിജയന്റെ കൂടെ റിലീസാവാനിരിക്കുന്ന ആന പറമ്പിലെ വേൾഡ് കപ്പ് എന്ന സിനിമയിൽ ഉമ്മർ എന്ന പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച് അഭിനയത്തിലും കഴിവ് തെളിയിച്ചിരിക്കയാണ് ഡാനിഷ്.കഴിഞ്ഞ പ്രളയകാലത്തും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. മലയാള മനോരമ കോഴിക്കോട് ബ്യൂറോയിലെ ഫോട്ടൊഗ്രാഫറായ ഹാഷിമിന്റെ മകനാണ് ഡാനിഷ്. ഉമ്മ നോവിയ. സഹോദരി ഐഷ.

കോഴിക്കോട് പാളയം പച്ചക്കറി മാർക്കറ്റ് ബസ് സ്റ്റാൻഡിലേക്ക് മാറ്റിയപ്പോൾ.

പാളയം പച്ചക്കറി മാർക്കറ്റ് ബസ് സ്റ്റാൻഡിലേക്ക് മാറ്റി

കോഴിക്കോട്: കൊവിഡ് 19 നിയന്ത്രണങ്ങൾക്കിടെ പാളയം പച്ചക്കറി മാർക്കറ്റിൽ സാധനങ്ങൾ വാങ്ങാൻ എത്തുന്നവരുടെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കോർപറേഷന്റെ നേതൃത്വത്തിൽ പാളയം പച്ചക്കറി മാർക്കറ്റ് ബസ് സ്റ്റാൻഡിലേക്ക് മാറ്റി. മാർക്കറ്റിലെ ഉന്തുവണ്ടികൾ ഉൾപ്പെടെ സ്റ്റാൻഡിലേക്ക് മാറ്റുകയും മാർക്കറ്റിലേക്ക് കൊണ്ടുവരുന്ന സാധനങ്ങൾ ഇറക്കിവെക്കാനും സ്റ്റാൻഡിൽ പാർക്ക് ചെയ്യാനുമുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. ബാരിക്കേഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.കഴിഞ്ഞ ദിവസങ്ങളിൽ പാളയം പച്ചക്കറി മാർക്കറ്റിൽ വളരെയധികം തിരക്ക് അനുഭവപ്പെട്ടത് ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ സൗകര്യപ്രമായ രീതിയിൽ ബസ് സ്റ്റാൻഡ് പച്ചക്കറി വിൽക്കാനായി ഉപയോഗപ്രദമാക്കിയത്. ലോക്ഡൗൺ ലംഘകരെ കണ്ടെത്താനായി ഇവിടെ പോലീസുകാരുടെ എണ്ണം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

തെരുവിൽ ഒറ്റപ്പെട്ട ദമ്പതിമാർക്ക് ആശ്രയമായി രാജീവ് ഗാന്ധി പീസ് ഫൗണ്ടേഷനും പൊലീസും

രാജീവ് ഗാന്ധി പീസ് ഫൗണ്ടേഷനും ജനമൈത്രി പൊലീസും സഹായം നൽകുന്നു

തലശേരി : ഇരുപാദങ്ങളുമില്ലാതെ തെരുവിൽ കഴിയുന്ന ലോട്ടറി തൊഴിലാളിക്കും ഭാര്യയ്ക്കും തുണയായി രാജീവ് ഗാന്ധി പീസ് ഫൗണ്ടേഷനും ജനമൈത്രി പൊലീസും. ലോക് ഡൗണിനെ തുടർന്ന് അടച്ചിട്ട തലശേരി പഴയ ബസ്റ്റാന്റ് ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലെ ബേക്കറിക്ക് സമീപത്തെ കടവരാന്തയിലാണ് എം.കെ ഖാദറും ഭാര്യ എ. കെ ഫാത്തിമയും ചുട്ടുപൊള്ളുന്ന പകലും തെരുവുനായ്ക്കൾ വിഹരിക്കുന്ന രാത്രികളിലും തള്ളി നീക്കിയിരുന്നത്. സന്നദ്ധ സംഘടനകൾ എത്തിച്ചു നൽകുന്ന ഭക്ഷണവും വെള്ളവുമാണ് ഇവരുടെ ആശ്രയം.അമ്പത്തിമൂന്നുകാരനായ ഖാദർ വയനാട് പുൽപ്പള്ളി പെരിക്കൽ സ്വദേശിയും ഭാര്യ ഫാത്തിമ ഊട്ടി സ്വദേശിനിയുമാണ്. ഇക്കഴിഞ്ഞ മാർച്ച് 21 നാണ് ഇരുവരും തലശേരിയിൽ എത്തിപ്പെട്ടത്. അബ്ദുൾ ഖാദർ യുവാവായിരുന്നപ്പോൾ തീവണ്ടിയിൽ ചായ വിൽപ്പനക്കാരനായിരുന്നു. 2004-ൽ ദുരിതം വീഴ്ചയുടെ രൂപത്തിലാണ് ഖാദറിനെ പിടികൂടിയത്. പഴയങ്ങാടിയിൽ നിന്ന് ചായ വിൽപ്പനയ്ക്കിടെ വണ്ടിയിൽ നിന്ന് വീണ് ഇരു പാദങ്ങളും അറ്റുപോയി. അന്നുണ്ടായ പരിക്കുമൂലം നടുവിന് ശക്തി കുറഞ്ഞു. അതോടെ നല്ല വരുമാനമുള്ള പണിയൊന്നും എടുക്കാനാകാതായി. ലോട്ടറി ത്തൊഴിലായി തുടർന്നുള്ള ജീവിതമാർഗം. ഭാര്യയായ എ.കെ. ഫാത്തിമയ്ക്കൊപ്പമാണ് ലോട്ടറി വിൽപ്പന. ഇവർക്കുമുണ്ട്, ആരോഗ്യപ്രശ്നം. കൂനുള്ളതിനാൽ ശരിക്ക് നിവർന്നു നിൽക്കാനാകില്ല. ഇരുവർക്കും മക്കളില്ല.പട്ടണങ്ങൾ തോറും സഞ്ചരിച്ചാണ് ലോട്ടറി വിൽപ്പന. ഒരു വർഷമായി നാട്ടിൽ പോയിട്ട്. കുറച്ചു കാലമായി താമസിക്കാൻ മട്ടന്നൂരിലൊരു മുറിയുണ്ട്. അങ്ങോട്ടേക്കുള്ള യാതയ്ക്കിടെയാണ് തലശേരിയിലെത്തിയത്. തത്കാലം മട്ടന്നൂരിലെ താമസ സ്ഥലത്ത് എങ്കിലും എത്തിക്കണമെന്നായിരുന്നു അബ്ദുൾ ഖാദറിന്റെ ആവശ്യം. ഇതേ തുടർന്ന് രാജീവ് ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാൻ എം. പി അരവിന്ദാക്ഷന്റെ നിർദ്ദേശാനുസരണം ഫൗണ്ടേഷൻ അംഗങ്ങളായ കെ. എസ് ശ്രീനിവാസൻ , സി. എം സുധിൻ എന്നിവരും ജനമൈത്രി എ. എസ്. ഐ സി. നജീബ്, സിവിൽ പൊലീസ് ഓഫീസർമാരായ കെ. എം. ഷിബു,കെ. വി ജാഫർ എന്നിവർ ചേർന്ന് മട്ടന്നൂരിലേക്ക് യാത്രയാക്കി.

കോഴിക്കോട് രണ്ടുപേർക്ക് കൂടി കൊവിഡ്



കോഴിക്കോട്: ജില്ലയിൽ ഇന്ന് രണ്ടുപേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. എടച്ചേരിയിൽ കഴിഞ്ഞ ദിവസം പോസിറ്റീവ് ആയ കുടുംബത്തിലെ രണ്ട് അംഗങ്ങൾക്കു തന്നെയാണ് ഇന്ന് രോഗം സ്ഥിരീകരിച്ചത്. ഈ കുടുംബത്തിലെ മറ്റു മൂന്ന് പേർക്ക് നേരത്തെ കൊവിഡ് സ്ഥിരീകരിച്ചിരുന്നു. കുടുംബത്തിലെ ആദ്യ വ്യക്തിക്ക് രോഗം സ്ഥിരീകരിച്ച ഉടൻ ബാക്കി മുഴുവൻ അംഗങ്ങളെയും മെഡിക്കൽ കോളെജിൽ അഡ്മിറ്റ് ചെയ്തു കർശന നിരീക്ഷണം നടത്തിവരികയായിരുന്നു. മാർച്ച് 18 ന് ദുബായിൽ നിന്നു വന്ന 39 കാരനും 59 വയസുള്ള ഇദ്ദേഹത്തിന്റെ മാതാവിനുമാണ് ഇന്ന് രോഗം സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച രണ്ടുപേരും മെഡിക്കൽ കോളെജിൽ നിരീക്ഷണത്തിലായിരുന്നു. ഇവരുടെ ആരോഗ്യനില തൃപ്തികരമാണ്. മറ്റു രോഗലക്ഷണങ്ങൾ ഒന്നുമില്ല. ഇവരുടെ ആദ്യത്തെ രണ്ട് സാമ്പിളുകളും നെഗറ്റീവ് ആയിരുന്നു. ഏപ്രിൽ 13 നായിരുന്നു ആദ്യം സാമ്പിൾ എടുത്തത്. 14ന് എടുത്ത സാമ്പിളുകളാണ് പോസിറ്റീവ് ആയത്.ഇതോടെ കോഴിക്കോട് ജില്ലയിൽ കൊവിഡ് സ്ഥിരീകരിച്ചവരുടെ ആകെ എണ്ണം 18 ആയി. ഇവരിൽ 9 പേർ രോഗമുക്തി നേടി ആശുപത്രി വിട്ടതിനാൽ 9 പേരാണ് ചികിത്സയിൽ തുടരുന്നത്. ഇതുകൂടാതെ കോഴിക്കോട് മെഡിക്കൽ കോളെജിൽ കൊവിഡ് സ്ഥിരീകരിച്ച 4 ഇതര ജില്ലക്കാരിൽ 2 കാസർഗോഡ് സ്വദേശികളും രോഗമുക്തി നേടി ആശുപത്രി വിട്ടതിനാൽ 2 പേർ ചികിത്സയിലുണ്ട്.ജില്ലയിൽ 1298 പേർ കൂടി ഇന്ന് വീടുകളിലെ നിരീക്ഷണം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ. വി. അറിയിച്ചു. ഇതോടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയവർ 9864 ആയി. 12875 പേർ നിരീക്ഷണത്തിൽ തുടരുന്നു. ഇന്ന് പുതുതായി വന്ന 15 പേർ ഉൾപ്പെടെ ആകെ 28 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. 11 പേരെ ഡിസ്ചാർജ്ജ് ചെയ്തു.ഇന്ന് 55 സ്രവസാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 625 സാംപിളുകൾ പരിശോധനയ്ക്കയച്ചതിൽ 568 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 548 എണ്ണം നെഗറ്റീവ് ആണ്. പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 57 പേരുടെ ഫലം കൂടി ലഭിക്കാൻ ബാക്കിയുണ്ട്.

ഹോമിയോ ഗുളികകൾ വിതരണം ചെയ്യും

കോഴിക്കോട്: രോഗ പ്രതിരോധ ശേഷി ഉയർത്താൻ ഹോമിയോ ഗുളികകളുമായി ജില്ലാ പഞ്ചായത്ത്. ജില്ലാ പഞ്ചായത്ത് പ്രവർത്തന പരിധിയിയിലെ എഴുപതു ഗ്രാമ പഞ്ചായത്തുകളിലും മരുന്ന് വിതരണം ചെയ്യും. ശേഖരിക്കുന്ന മരുന്നുകൾ പഞ്ചായത്തുകളിലെ ആർആർടി അംഗങ്ങൾ വഴിയാണ് വിതരണം ചെയ്യുകയെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി അറിയിച്ചു.

സാമൂഹിക പ്രതിബദ്ധത തെളിയിച്ച് മത്സ്യത്തൊഴിലാളികൾ;
ചോമ്പാൽ ഹാർബർ 20 വരെ പ്രവർത്തിക്കില്ല

കോഴിക്കോട്: ചെറിയ രീതിയിൽ മത്സ്യബന്ധനം നടത്താമെന്ന് സർക്കാർ അറിയിച്ചിട്ടും സാമൂഹ്യ പ്രതിബദ്ധത മുൻനിർത്തി ഏപ്രിൽ 20 വരെ ചോമ്പാൽ ഹാർബർ പൂർണമായും അടച്ചിടാനൊരുങ്ങി മത്സ്യത്തൊഴിലാളികൾ. അഴിയൂരിൽ കൊവിഡ് 19 റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. ഏപ്രിൽ 20 വരെ ഹാർബർ പ്രവർത്തനം പൂർണമായും അടച്ചിടാൻ ഹാർബറിൽ ചേർന്ന പഞ്ചായത്ത്, പൊലീസ്, റവന്യൂ, ഫിഷറീസ്, ഹാർബർ മാനേജ്മെന്റ് സൊസൈറ്റി, കടൽകോടതി എന്നിവരുടെ സംയുക്ത യോഗം തിരുമാനിച്ചു.സംസ്ഥാനം ലോക്ഡൗണായതിനെ തുടർന്ന് കഴിഞ്ഞ മാസം 21 നു ചേർന്ന കടൽ കോടതി മാർച്ച് 31 വരെ പൂർണമായും ഹാർബർ അടച്ചിരുന്നു. തുടർന്ന് സംസ്ഥാന സർക്കാർ മൽസ്യബന്ധനത്തിന് ചെറിയ രീതിയിൽ അനുമതി നൽകിയതിനെ തുടർന്ന് ഈ മാസം ഒന്ന് മുതൽ നാല് വരെ ഹാർബർ പ്രവർത്തിച്ചെങ്കിലും സർക്കാർ നിബന്ധനകൾ പാലിക്കാൻ കഴിയാതെ വലിയ ജനക്കൂട്ടം രൂപപ്പെട്ടത് കാരണം അഞ്ചാം തിയ്യതി യോഗം ചേർന്ന് 14 വരെ ഹാർബർ പൂർണമായും അടച്ചിടുകയായിരുന്നു.വീണ്ടും ലോക്ഡൗൺ ദീർഘിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാർബർ പ്രവർത്തിക്കണം എന്ന ആവശ്യം ശക്തമാകുന്നതിനിടെയാണ് അഴിയൂർ ഗ്രാമ പഞ്ചായത്തിൽ കോറോണ സ്ഥിരികരിച്ചത്. എടച്ചേരി, ന്യൂ മാഹി, മാഹി, എന്നീ കോറോണ ബാധിത പ്രദേശങ്ങളിൽ നിന്ന് ഉൾപ്പെടെ ധാരാളം പേർ സാമൂഹിക അകലം പാലിക്കാതെ ഹാർബറിൽ എത്തിച്ചേരും എന്ന കാര്യം പരിഗണിച്ചാണ് ഡപ്യൂട്ടി കലക്റ്റർ മുൻകൈ എടുത്ത് യോഗം വിളിച്ചത്. ഈ ഘട്ടത്തിൽ മൽസ്യ ബന്ധനത്തിന് അനുമതി നൽകിയാൽ ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ പാലിക്കാൻ ബുദ്ധിമുട്ടാണ് എന്ന് പൊലീസ് യോഗത്തിൽ അറിയിച്ചു.യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വി.പി. ജയൻ അധ്യക്ഷത വഹിച്ചു. ഡപ്യൂട്ടി കലക്റ്റർ ടി. ജനിൽകുമാർ, പൊലീസ് സർക്കിൾ ഇൻസ്പെക്റ്റർ സുമേഷ്, ജില്ലാ പഞ്ചായത്ത് മെംബർ എ.ടി.ശ്രീധരൻ, വാർഡ് മെംബർ കെ.ലീല, ഫിഷറീസ് അസി.ഡയറക്റ്റർ ജുഗുൽ. ആർ, പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ്, ഹാർബർ അസി. എഞ്ചിനീയർ അജിത്കുമാർ, പൊലീസ് സബ് ഇൻസ്പെക്റ്റർ എം.അബ്ദുൽ സലാം, വില്ലേജ് ഓഫീസർ ടി.പി. റെനിഷ് കുമാർ കടൽകോടതി അംഗങ്ങൾ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അംഗങ്ങൾ, വിവിധ സംഘടന പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

ചേളാരി ഐഒസിയിൽ കരാർ തൊഴിലാളികളുടെ ജോലി സമയം ദീർഘിപ്പിച്ചതായ് ആക്ഷേപം

വേലായുധൻ പി. മൂന്നിയൂർ

തേഞ്ഞിപ്പലം: ചേളാരി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്ലാന്റിലെ കരാർ തൊഴിലാളികളുടെ ജോലി സമയം ദീർഘിപ്പിച്ചതിൽ ആക്ഷേപം. ഇന്നലെ മുതലാണ് ജോലി സമയം ദീർഘിപ്പിച്ചത്. ഉച്ചയ്ക്ക് ശേഷം രണ്ട് മുതലുള്ള ഷിഫ്റ്റിൽ ജോലി ചെയ്യുന്ന ലോഡിംഗ് ആന്റ് അൺ ലോഡിംഗ് കരാർ തൊഴിലാളികളുടെ ജോലി സമയമാണ് ദീർപ്പിപ്പിച്ചത് . സാധാരണയായി രാത്രി പത്ത് മണിക്കാണ് ഇവരുടെ ജോലി സമയം അവസാനിക്കുന്നത് . എന്നാൽ ഇത് ഇന്നലെ മുതൽ ഒരു മണിക്കൂർ സമയമാണ് ദീർഘിപ്പിച്ചത് .ഇതിനെ തുടർന്ന് കരാർ തൊഴിലാളികൾ രാത്രി പതിനൊന്ന് മണി വരെ സമയം ജോലി ചെയ്യണം. മാത്രമല്ല ഇതിന്റെ അടിസ്ഥാനത്തിൽ ലോറി തൊഴിലാളികളും രാത്രി 11 മണി വരെ ജോലി ചെയ്യേണ്ട അവസ്ഥയാണ് - ഐഒസി അധികൃതരുടെ ഈ നടപടി ക്കെതിരെ ഒരു വിഭാഗം തൊഴിലാളികൾ ശക്തമായ പ്രതിഷേധത്തിലാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രാജ്യം മുഴുവൻ ഭീതിയിലായിരിക്കെ തൊഴിലാളികൾക്ക് യഥാസമയം വീടുകളിൽ എത്തുന്നതിന് പ്രയാസ മുള്ളതായി ആരോപണമുണ്ട്. ഇതിനെ തുടർന്ന് സമയ പരിധി കഴിഞ്ഞ് വാഹനം എത്തിക്കാൻ കഴിയില്ലെന്ന് ഐ എൻ ടി യു സി യുടെ കീഴിലുള്ള ട്രക്ക് തൊഴി ലാ ളി യുണിയൻ പ്ലാന്റ് അധികൃതരെ അറിയിച്ചതായ് നേതാക്കൾ വ്യക്തമാക്കി .അതെ സമയം ഗ്യാസ് സിലിണ്ടറുകൾ യഥാസമയം അതാത് പ്രദേശങ്ങളിൽ മുടക്കം കൂടാതെ എത്തിക്കുന്ന തിനാണ് തൊഴിലാളികളുടെ ജോലി സമയം ദീർഘിപ്പിച്ചതെന്ന് ഐ ഒ സി പ്ലാന്റ് മാനേജർ വ്യക്തമാക്കിയത്.

കൂരിയാട് വയലിൽ തീപിടിച്ചു

കൂരിയാട് വയലിൽ തീപിടിച്ചപ്പോൾ

തിരൂരങ്ങാടി: ദേശീയപാത കൂരിയാട് വയലിൽ തീപിടിച്ചു. നാട്ടുകാരെ പരിഭ്രാന്തിഴിലാത്തി. ഇന്നലെ വൈകുന്നേരം 3. 30 നാണ് സംഭവം വയലിലെ ഉണക്ക പുല്ലിനാണ് തീപിടിച്ചത്. കൂരിയാട് ദേശീയപാതക്ക് അരികിൽ പഴകിയ മാലിന്യങ്ങൾക്ക് തീപിടിച്ചതോടെ ദുർഗന്ധം വമിച്ചു. തീ ഉയർന്നതോടെ വേങ്ങര തിരൂരങ്ങാടി എസ് ഐമാരായ സത്യനാദൻ മനാട്ട്, എം.പി അബൂബക്കർ എന്നിവരുടെ നേതൃത്വത്തിൽ ട്രോമാകെയർ പ്രവർത്തകരും നാട്ടുകാരും ചേർന്ന് കൂരിയാട് വാട്ടർ സർവീസിൽ നിന്ന് വെള്ളമെത്തിച്ച് തീ കെടുത്തി.

കൂലി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി ഇതരസംസ്ഥാന തൊഴിലാളികൾ

പെരിന്തൽമണ്ണ വേങ്ങൂരിലെ ബീഹാർ സ്വദേശികളായ ഇസ്ഫഹീൽ, കിസ്മത്, കാസിം, സാക്കിർ, ഇജാജുൽ എന്നിവർ തങ്ങളുടെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുന്നു.

മലപ്പുറം: ചെയ്ത ജോലിക്കുള്ള കൂലി കൈ നീട്ടി വാങ്ങാൻ മാത്രമല്ല സഹജീവികളോടുള്ള കാരുണ്യവും കരുതലും തങ്ങൾക്കുമുണ്ടന്ന് തെളിയിക്കുകയാണ് പെരിന്തൽമണ്ണ വേങ്ങൂരിലെ ഇതരസംസ്ഥാന തൊഴിലാളികൾ. തുക കുറവായിരിക്കാം, പക്ഷേ അത് മുഖ്യമന്ത്രിയുടെ പാവങ്ങളെ സഹായിക്കാനുള്ള ഫണ്ടിലേക്കെത്തുമ്പോൾ തെളിയുന്നത് ഇവരുടെ കരുണയുള്ള മുഖങ്ങളാണ്.പെരിന്തൽമണ്ണയിലെ മേലാറ്റൂർ പഞ്ചായത്തിലെ വേങ്ങൂരിൽ കുട്ടികൾക്കുള്ള കിടക്കകൾ നിർമിക്കുന്ന ബ്യൂണോ എന്ന കമ്പനി ഉടമയാണ് കെ.വി ഉസ്മാൻ. മലയാളികളോടൊപ്പം ഇതര സംസ്ഥാനക്കാരായ ആറ് പേരാണ് ഇവിടെ ജോലിക്കാരായുള്ളത്. ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ കമ്പനിയിലെ പ്രവർത്തനങ്ങൾ നിർത്തിവച്ചു. നാട്ടിൽ പോകാൻ കഴിയാത്തതിനാൽ ഇതര സംസ്ഥാനക്കാരായ ആറ് പേരും താമസ്ഥലത്ത് തന്നെ തുടർന്നു. ജില്ലയിലടക്കം മാസ്കുകൾക്ക് ക്ഷാമം നേരിട്ടപ്പോൾ ഉസ്മാൻ ഇവരുടെ സഹായത്താൽ മാസ്കുകൾ നിർമിച്ച് പൊലീസിനും ആരോഗ്യ പ്രവർത്തകർക്കും സാമൂഹിക അടുക്കളകളിലും സൗജന്യമായി വിതരണം ചെയ്തു. സൗജന്യ വിതരണത്തിനെങ്കിലും പണിക്കാർക്ക് കൂലി കൊടുക്കാതിരിക്കാനാവില്ലല്ലോ?. അങ്ങനെയാണ് 8,324 രൂപ വേതനമായി ഉസ്മാൻ ഇവർക്ക് നൽകിയത്. സ്പോൺസറായ ഉസ്മാനെപ്പോലും അമ്പരപ്പിച്ച് കൊണ്ട്, ചെറുതെങ്കിലും ഈ തുക മുഖ്യമന്ത്രി പിണറായി വിജയന്റെ ദുരിതാശ്വാസ നിധിയിലേക്ക് നൽകണം എന്ന് ഇവർ ആവശ്യപ്പെടുകയായിരുന്നു. ഉറ്റവരും ഉടയവരുമില്ലാതെ ഈ ആപത്തുകാലത്ത് കേരളത്തിൽ പെട്ടുപോയ തങ്ങളെ സഹോദരങ്ങളെപ്പോലെ ചേർത്തുനിർത്തി ഭക്ഷണവും മരുന്നുമുൾപ്പടെയുള്ള അത്യാവശ്യ സാധനങ്ങൾ എത്തിച്ചു തരാൻ സന്മനസുകാണിച്ച സംസ്ഥാന സർക്കാരിനോട് ഇങ്ങനെയെങ്കിലും കൂറു കാണിച്ചില്ലങ്കിൽ തങ്ങൾ മനുഷ്യരാകില്ലെന്ന് കൂടി പറഞ്ഞപ്പോൾ ഉസ്മാന് പിന്നെ ഒന്നും ആലോചിക്കേണ്ടി വന്നില്ല.ഉസ്മാൻ കലക്റ്ററ്റേറ്റിലെത്തി 8,324 രൂപയുടെ ചെക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാനായി ജില്ലാ കലക്റ്റർ ജാഫർ മലികിനെ ഏൽപ്പിക്കുകയും ചെയ്തു. നമ്മുടെ ഇതരസംസ്ഥാന തൊഴിലാളികളുടെ മനസിന്റെ നന്മ മഹത്തരമാണന്നും അവരുടെ എന്താവശ്യങ്ങളും ജില്ലാ ഭരണകൂടത്തിനെ അറിയിക്കാമെന്നും സംസ്ഥാന സർക്കാരിന് വേണ്ടി അവരെ അഭിവാദ്യം ചെയ്യുന്നതായും കലക്റ്റർ പറഞ്ഞു. ഈ സമയത്ത് നാട്ടിൽ പോകാൻ ആഗ്രഹമുണ്ടോയെന്ന് കലക്റ്റർ ചോദിച്ചപ്പോൾ ഉടൻ പോകുന്നില്ലെന്നും തങ്ങൾക്ക് വേണ്ടതെല്ലാം ഇവിടെ ലഭിക്കുന്നുണ്ടെന്നും സന്തോഷവാന്മാരാണെന്നുമായിരുന്നു ഇതരസംസ്ഥാന തൊഴിലാളികളുടെ മറുപടി. ബീഹാർ സ്വദേശികളായ ഇസ്ഫഹീൽ, കിസ്മത്, കാസിം, സാക്കിർ, ഇജാജുൽ എന്നിവരാണ് തങ്ങളുടെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്.ലോക് ഡൗണിൽ തൊഴിലില്ലാതായതോടെ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. മുഴുവൻ തൊഴിലാളികൾക്കും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വില്ലേജ് ഓഫീസുകൾ വഴി ഭക്ഷണവും പാചകം ചെയ്ത് കഴിക്കാൻ താൽപര്യപ്പെടുന്നവർക്ക് അവർ ആവശ്യപ്പെടുന്ന ഭക്ഷ്യ വസ്തുക്കളടങ്ങിയ കിറ്റുകളും സൗജന്യമായി താമസ്ഥലങ്ങളിൽ എത്തിച്ച് നൽകുന്നുണ്ട്.

MANAPPURAM HOME FINANCE LTD.

മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

മണപ്പുറം ഹോം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നത്

CIN-U65923K12010PIC039179

രജിസ്റ്റേഡ് ഓഫീസ്: IV/470 എ (ഓൾഡ്) ഡബ്ല്യു/638എ(ന്യൂ) മണപ്പുറം ഹൗസ് വലപ്പാട് തൃശൂർ കേരള-680567
കോർപ് ഓഫീസ്- രണ്ടാം നില , യൂണിറ്റ് നമ്പർ 202, ബി വിങ് , ബിസിനസ് സ്ക്വയർ , 151 , അന്ധേരി - കുർള റോഡ്, അന്ധേരി (ഈസ്റ്റ്) മുംബൈ - 400093 ഫോൺ നമ്പർ 022-66211000 വെബ്സൈറ്റ്: www.manappuramhomefin.com

ഡിമാൻഡ് നോട്ടീസ്

താഴെപ്പറയുന്ന വായ്പക്കാരൻ/ർ കമ്പനിയിൽ നിന്ന് വായ്പയെടുത്ത പണത്തിന്റെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ വായ്പ നിഷ്ക്രിയ ആസ്തിയായി കണക്കാക്കുന്നതായി അറിയിക്കുന്നു. 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(12) പ്രകാരം ഈ അറിയിപ്പ് വായ്പക്കാരുടെ ഏറ്റവും ഒടുവിൽ ലഭ്യമായ വിലാസത്തിലേത്ത് അയച്ചിട്ടുണ്ട്. അതിനു പുറമേ വിവരമറിയിക്കുന്നതിനായി അറിയിപ്പ് പ്രസിദ്ധീകരിക്കുന്നു.

Sr. No.	[illegible]	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ	എൻപിഎ തീയതി	[illegible]
1	സാജൻ ടി , അശോകൻ ടി , സജി ഇ CO90COLONS000005002617 / കോഴിക്കോട്	റിസർവേ നമ്പർ 133/2 താമരശ്ശേരി താലൂക്ക് , പുത്തൂർ വില്ലേജ് , കോഴിക്കോട് സിറ്റി - 5000363 , സംസ്ഥാനം 5000014 , രാജ്യം - 12501 , പിൻ 673572	10-03-2020	11-03-2020 & Rs. 510864/-
2	പ്രസാദ് കെ , സുബിന എം PU90PULONS000005000672 / കോഴിക്കോട്	റിസർവേ നമ്പർ , 60/7 , ഒളവണ്ണ വില്ലേജ് , കോഴിക്കോട് താലൂക്ക് , കോഴിക്കോട് ജില്ല, കോഴിക്കോട് , കേരള , ഇന്ത്യ -673019	10-03-2020	11-03-2020 & Rs. 644514/-
3	പ്രശാന്ത് യു , ഉഷ യു CO90COLONS000005000726 / കോഴിക്കോട്	റിസർവേ നമ്പർ 2/12 എ , പെരുമണ്ണ വില്ലേജ് , കോഴിക്കോട് താലൂക്ക് , കോഴിക്കോട് ജില്ല, സിറ്റി 5000363 , സംസ്ഥാനം - 5000014 , രാജ്യം - 12501 , പിൻ - 673026	10-03-2020	11-03-2020 & Rs. 769584/-
4	അഷ്റഫ് വി കെ , ഹാജറ വി കെ , മുജീബ് വി കെ CO90COLONS000005005201 / കോഴിക്കോട്	റിസർവേ നമ്പർ - 58/34 , നരിപ്പറ്റ വില്ലേജ് , വടകര താലൂക്ക് , കോഴിക്കോട് , കേരള , ഇന്ത്യ , പിൻ - 673508	10-03-2020	11-03-2020 & Rs.474384/-
5	റിനിൽ കെ , സജിനി കെ പി MO90LALONS000005000475 / കോഴിക്കോട്	റിസർവേ നമ്പർ 228/ 3 , കുവക്കാട്ടു ഹൗസ് , പുതുക്കിടി പറമ്പ് പല്ലുപറം കോഴിക്കോട് താലൂക്ക് , കോഴിക്കോട് സിറ്റി 5000363 , സംസ്ഥാനം - 5000014 , രാജ്യം - 12501 , പിൻ - 673019	10-03-2020	11-03-2020 & Rs.973754/-

മുകളിൽ പരാമർശിച്ചിരിക്കുന്ന വായ്പക്കാർ സഹവായ്പക്കാർ എന്നിവരോട് നോട്ടീസ് ലഭിച്ച് അറുപതു ദിവസത്തിനകം ആക്റ്റ് 13(4) പ്രകാരം വായ്പാ കുടിശികയും പലിശയും തിരിച്ചടക്കാൻ ആവശ്യപ്പെടുന്നു. പണം തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ 2002ലെ സെക്യൂരിറ്റൈസേഷൻ, റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് പ്രകാരം 60 ദിവസത്തിനു ശേഷം മറ്റ് നടപടികളിലേക്ക് കടക്കുന്നതാണെന്ന് അറിയിക്കുന്നു.

തിയതി- 17.04.2020
സ്ഥലം - കോഴിക്കോട്

ഒപ്പ്
അംഗീകൃത ഓഫീസർ
മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 105 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

പലേടത്തെ വീടകങ്ങളിലിരുന്ന് കൊവിഡ് ചിരിക്കാഴ്ചകളുമായി മിനി സീരീസ്

എം.ബി. സന്തോഷ്

തിരുവനന്തപുരം: നടൻ ബംഗളൂരുവിൽ, നായിക കണ്ണൂരിൽ, തിരക്കഥാകൃത്ത് തൃശൂരിൽ, സംവിധായകൻ തിരുവനന്തപുരത്ത്... കൊവിഡ് കാലത്ത് ഇതിനകം പ്രേക്ഷകപ്രീതി നേടിയ 'കൊറോണ കാലത്തെ ജീവിതക്കാഴ്ചകൾ' എന്ന വെബ് മിനി സീരീസിന്റെ സവിശേഷതയാണിത്. ഇതിനകം പന്ത്രണ്ട് എപ്പിസോഡുകളാണ് പുറത്തിറങ്ങിയത്. മൂന്നു മിനിട്ടു വരെയാണ് ഒന്നിന്റെ ദൈർഘ്യം.

അന്താരാഷ്ട്ര പുരസ്കാരങ്ങൾ ഉൾപ്പെടെ വാരിക്കൂട്ടിയ 'വാഫ്റ്റി'ന്റെ സംവിധായകൻ വിഷ്ണു ഉദയനനാണ് ഈ മിനി സീരീസിന്റെയും സംവിധായകൻ. ഫെയ്സ്ബുക്കിലും യൂട്യൂബിലും ഈ മിനി സീരീസ് ദിവസം ഓരോന്നുവീതമാണ് പുറത്തിറങ്ങുന്നത്. കൊറോണക്കാലത്ത് നാം നേരിടുന്ന പ്രശ്നങ്ങളെ നർമമുഹൂർത്തങ്ങളിലൂടെ അവതരിപ്പിക്കുകയാണിതിൽ.

ഇഷ്ക്, പ്രീസ്റ്റ് ഉൾപ്പെടെയുള്ളവയുടെ സഹസംവിധായകനായ കിരൺ അശോകനാണ് ഇതിന്റെ രചന. ഒരു എപ്പിസോഡ് ഗ്രാഫിക് ഡിസൈനറായ ശ്രുതി പവിത്രനും എഴുതി. സ്ക്രിപ്റ്റ് കിട്ടിയതിനു ശേഷം അഭിനയിക്കുന്നവരെ ഫോണിൽ വിളിച്ച് വിശദീകരിച്ചതിനു ശേഷം, അവർ സ്വയം മൊബൈലിൽ ഷൂട്ട് ചെയ്ത് അയയ്ക്കുന്ന വിഷൽസ് വിഷ്ണു എഡിറ്റ് ചെയ്തു ചിട്ടപ്പെടുത്തി റിലീസ് ചെയ്യുകയാണ്. വിഷ്ണു ഓരോരുത്തർക്കും നിർദേശങ്ങൾ ഫോണിലൂടെ നൽകും. അതിന് മുമ്പ് സ്ക്രിപ്റ്റ് നൽകിയിട്ടുണ്ടാവും. ഏത് ആംഗിളിൽ എങ്ങനെ വേണമെന്നതുൾപ്പെടെ സംവിധായകൻ പറഞ്ഞുകൊടുക്കും. അതനുസരിച്ചുതന്നെ അവർ മൊബൈൽ ഫോണിൽ ഷൂട്ട് ചെയ്ത് അയച്ചുകൊടുക്കും. അവ എഡിറ്റ് ചെയ്ത് പൂർത്തിയാക്കാൻ ഒരു ദിവസം വേണ്ടിവരുമെന്ന് വിഷ്ണു ഉദയൻ.

കണ്ണൂർ, ബംഗളൂരു, തൃശൂർ, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിൽ ഇരുന്നാണ് അഭിനേതാക്കൾ ദൃശ്യങ്ങൾ അയയ്ക്കുന്നത്. അവരവരുടെ വീടുകളിൽ നിന്നുതന്നെ ഷൂട്ട് ചെയ്യണമെന്നാണ് നിബന്ധന. റിട്ട. പ്രൊഫസർ രാജ്കുമാർ, എംബിബിഎസ് വിദ്യാർഥി ആതിര ശിവാനന്ദ്, കിരൺ, സ്മിത, ചിഞ്ചു, അശ്വിൻ, സഞ്ജു, അനന്ദു, സഞ്ജയ്, മാധുരി, സൈജു തുടങ്ങിയവർ ഇതിനകം അഭിനയിച്ചു.

സർക്കാരിന്റെ വാടക ഹെലികോപ്റ്റർ തലസ്ഥാനത്തെത്തി

തിരുവനന്തപുരം: സംസ്ഥാനത്ത് വിവാദം സൃഷ്ടിച്ച കേരള പൊലീസിന്റെ വാടക ഹെലികോപ്റ്റർ തലസ്ഥാനത്തെത്തി. പതിനൊന്നു പേർക്കു യാത്ര ചെയ്യാൻ സൗകര്യമുള്ള ഇരട്ട എൻജിൻ ഹെലികോപ്റ്റർ ഇന്നലെ ഡൽഹിയിൽ നിന്നു മരുന്നുമായാണ് എത്തിയത്. ചാക്ക രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിലാണ് ഹെലികോപ്റ്റർ ഇറക്കിയത്. ഹെലികോപ്റ്റർ വാടകയ്ക്ക് നൽകുന്ന പവൻ ഹാൻസ് കമ്പനിയുടെ ഓഫിസും ഇവിടെ ഒരുക്കിയിട്ടുണ്ട്.

രണ്ട് ക്യാപ്റ്റൻമാരും പവൻ ഹാൻസിന്റെ മൂന്ന് എൻജിനിയർമാരും ഇതിനൊപ്പം എത്തിയിട്ടുണ്ട്. പ്രതിമാസം 20 മണിക്കൂർ പറത്താൻ ഒരു കോടി 44 ലക്ഷം രൂപയാണ് വാടക. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിൽ സംസ്ഥാന സർക്കാരിന്റെ വാടക ഹെലികോപ്റ്റർ ഇടപാട് രൂക്ഷ വിമർശനങ്ങൾക്കിടയാക്കിയിരുന്നു. ഒരു മാസത്തെ വാടക കമ്പനിക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

സ്പ്രിംഗ്ലറിൽ മുഖ്യമന്ത്രിയാണ് ഒന്നാം പ്രതി: ചെന്നിത്തല

തിരുവനന്തപുരം: കൊവിഡിന്റെ മറവിൽ സംസ്ഥാനത്തെ ജനങ്ങളുടെ വ്യക്തിഗത വിവരങ്ങൾ സ്പ്രിംഗ്ലർ കമ്പനി ശേഖരിച്ചത് സംബന്ധിച്ച് ഉന്നയിച്ച ആരോപണങ്ങൾ മുഖ്യമന്ത്രി ശരിവച്ചിരിക്കുകയാണെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല.

അതൊരു കുറ്റസമ്മതമായി വേണം കണക്കാക്കാൻ. ഈ അഴിമതിയിൽ ഐടിയുടെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രിയാണ് ഒന്നാമത്തെ പ്രതി. അദ്ദേഹമാണ് ഇതെല്ലാം ചെയ്തതെന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽ നിന്ന് വ്യക്തമായത്. അദ്ദേഹത്തിന് ഇതെല്ലാം അറിയാമെന്നാണ്. ഇതൊരു അന്താരാഷ്ട്ര കരാറാണെനനും അതിൽ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിച്ചില്ലെന്നുമാണ്. അത് അദ്ദേഹം ശരിവയ്ക്കുകയുമുണ്ടായി- ചെന്നിത്തല ചൂണ്ടിക്കാട്ടി.

ഇതുപോലൊരു പ്രതിസന്ധി വന്നപ്പോൾ പെട്ടെന്നെടുത്ത തിരുമാനമായതു കൊണ്ട് സാധാരണ പാലിക്കപ്പെടുന്ന നടപടിക്രമങ്ങൾ പാലിച്ചില്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. എന്തുകൊണ്ട് പാലിച്ചില്ല? മന്ത്രിസഭായോഗം കൂടാറുണ്ട്. അതിൽ അംഗീകരിക്കാവുന്നതേ ഉണ്ടായിരുന്നുള്ളൂ. ഐടി സെക്രട്ടറിയുടെ തൊട്ടടുത്താണ് നിയമ വകുപ്പ് സെക്രട്ടറിയുള്ളത്. അവരുടെ അംഗീകാരം നേടാൻ എന്താണ് ബുദ്ധിമുട്ടുള്ളത്? അതിനൊക്കെ എത്ര സമയം വേണം? ഈ അമെരിക്കൻ കമ്പനിയുടെ കഴിഞ്ഞകാല ചരിത്രം എന്ത് കൊണ്ട് അന്വേഷിച്ചില്ല.

അന്തർദേശീയ കാരാർ ഒപ്പിടും മുമ്പ് മന്ത്രിസഭ അംഗീകരിക്കുകയും നിയമ, ധന വകുപ്പുകളുടെ സൂഷ്മപരിശോധന ഉണ്ടാവുകയും വേണമായിരുന്നു. സെക്രട്ടേറിയേറ്റ് മാനുവൽ പ്രകാരമാണ് ഇതൊക്കെ നടക്കേണ്ടത്. ഇതൊന്നും കൂടാതെ കരാറിൽ ഒപ്പിടാനുള്ള അധികാരം മുഖ്യമന്ത്രിയുടെ സെക്രട്ടറി കൂടിയായ ഐടി സെക്രട്ടറിക്ക് എങ്ങനെ ലഭിച്ചുവെന്ന് വ്യക്തമാക്കണമെന്നും ചെന്നിത്തല.

ഷാജിക്കെതിരേ അധിക്ഷേപം പാടില്ലായിരുന്നു

"ഭരണകക്ഷി എംഎൽഎയു. പ്രതിഭ മാധ്യമ പ്രവർത്തകരോട് ശരീരം വിറ്റ് ജീവിച്ചുകൂടേ എന്നൊക്കെ വളരെ മോശമായി പറഞ്ഞതിനെപ്പറ്റി ചോദിച്ചിട്ടും അതെക്കുറിച്ച് മുഖ്യമന്ത്രി ഒരക്ഷരം പറഞ്ഞില്ല. എന്നാൽ കെ.എം. ഷാജി എംഎൽഎയെപ്പറ്റി ചോദിക്കാതെ തന്നെ വളരെ മോശമായി പറഞ്ഞു. അത്തരം പരാമർശം നടത്താൻ പാടില്ലായിരുന്നു. ശമ്പളമില്ലാത്ത എംഎൽഎയയായിട്ടും ഒരു മാസത്തെ ശമ്പളം കഴിഞ്ഞ വെള്ളപ്പൊക്കത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ ആളാണ് ഷാജി. കൊവിഡ് ബാധിതർക്ക് വളരെ സഹായം ചെയ്യുന്നതിൽ മുഴുകിയിരിക്കുന്ന വ്യക്തിയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ദുരുപയോഗത്തെക്കുറിച്ചാണ് ഷാജി പറഞ്ഞത്".

മുഖ്യമന്ത്രിയെ പിന്തുണച്ച് സിപിഎം

തിരുവനന്തപുരം: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നേരിടുന്ന ഘട്ടത്തിൽ മുഖ്യമന്ത്രിക്കും സർക്കാരിനുമെതിരെ കെ.എം. ഷാജി എംഎൽഎ നടത്തിയ പ്രതികരണം ഒരു രാഷ്ട്രീയ നേതാവിൽ നിന്ന് കേരളം പ്രതീക്ഷിക്കുന്നതല്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ.

ജനങ്ങളെ സംബന്ധിക്കുന്ന ഡാറ്റ പൂർണമായും സർക്കാർ സ്ഥാപനമായ സി-ഡിറ്റിന്റെ കൈവശമായിരിക്കും. ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയതാണ്. പ്രതിപക്ഷ നേതാവും യുഡിഎഫ് നേതാക്കളും വിവാദം ഉയർത്തുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ്.

കേരള സർക്കാരും മുഖ്യമന്ത്രിയും ഈ കാര്യത്തിൽ കൈക്കൊണ്ട പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേരള ജനതയുടേയും ലോകത്തിന്റെയും പ്രശംസ ലഭിച്ചുകൊണ്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നൽകുന്ന പണം കേസുകളുടേയും മറ്റും നടത്തിപ്പിന് നൽകുകയാണെന്ന ആരോപണം ശുദ്ധ അസംബന്ധമാണ്. യുഡിഎഫ് ഭരണ കാലത്ത് നടത്തിയ പല വഴിവിട്ട ഇടപാടുകളും ഓർമയിലുള്ളവർക്ക് എല്ലാവരും അങ്ങനെയാണെന്ന തോന്നൽ ഉണ്ടാവും.

കേരളത്തിലെ സർക്കാരിൽ ജനങ്ങൾക്കുള്ള വിശ്വാസമാണ് എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകുന്നതിലൂടെ വ്യക്തമാകുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാനാണ് ഷാജിയെപോലുള്ളവർ ശ്രമിക്കുന്നതെന്നും കോടിയേരി ബാലകൃഷ്ണൻ.

വിമർശിക്കുമ്പോൾ പ്രകോപിതനാകേണ്ട: കുഞ്ഞാലിക്കുട്ടി

മലപ്പുറം: മുഖ്യമന്തി പിണറായി വിജയനെ വിമർശിച്ച കെ.എം. ഷാജിയെ പിന്തുണച്ച് മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി എംപി. ഷാജിയുടെ അഭിപ്രായം തന്നെയാണ് പാർട്ടിക്കെന്നും ഇക്കാര്യങ്ങൾ നേരത്തെ താനുൾപ്പെടെ ചൂണ്ടിക്കാട്ടിയിരുന്നതായും അദ്ദേഹം പറഞ്ഞു.

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ലീഗിന്റെയും പ്രതിപക്ഷത്തിന്റെയും എല്ലാവിധ സഹകരണവുമുണ്ടാകും. കേരളത്തിൽ കാര്യങ്ങൾ ശുഭമല്ല. ജനങ്ങൾ പല ഭാഗത്തും ദുരിതത്തിലാണ്. അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. അതു ചൂണ്ടിക്കാട്ടി വിമർശിക്കുമ്പോൾ പ്രകോപിതരാവുകയല്ല, പരിഹാരം കാണാനാണ് ശ്രമിക്കേണ്ടത്.

സന്നദ്ധപ്രവർത്തനം പാർട്ടി പരിപാടിയാക്കാനാണ് സിപിഎം ശ്രമിച്ചത്. പല തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും ദുരുപയോഗപ്പെടുത്തുകയാണ്. രണ്ടു പ്രളയവും ഓഖി ദുരന്തവും കൈകാര്യം ചെയ്തത് ശരിയായ നിലയിലാണെന്നു കേരളം കരുതുന്നില്ല. ദുരിതാശ്വാസ ഫണ്ടുൾപ്പെടെ ദുരുപയോഗപ്പെടുത്തി. അത് ആവർത്തിക്കരുതെന്ന ഉദ്ദേശത്തിലാണ് ഷാജി വിമർശനം നടത്തിയത്. വിമർശനം ഉണ്ടാവുകയില്ലെന്നു മുഖ്യമന്ത്രി കരുതരുത്. അതു ചർച്ച ചെയ്തു വീഴ്ചകൾ പരിഹരിക്കുകയാണ് വേണ്ടത്. അസഹിഷ്ണുത പാടില്ലെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ഷാജി പച്ചക്കള്ളം പ്രചരിപ്പിക്കുന്നു: സ്വരാജ്

കൊച്ചി: ഒരു ജനത മുഴുവൻ അതിജീവനത്തിനായി ചെറുത്തുനിൽക്കുമ്പോൾ വൈറസ് ബാധിച്ച മനസുമായി ചിലർ പച്ചക്കള്ളം പ്രചരിക്കുകയാണെന്ന് എം. സ്വരാജ് എംഎൽഎ. മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്ന് ദുരിതാശ്വാസ നിധിയിലേക്ക് പണം ചെലവഴിച്ചുവെന്ന പരാമർശത്തിൽ കെ.എം. ഷാജി ഉറച്ചുനിൽക്കുന്നുണ്ടോ? എത്ര ചെലവഴിച്ചു എന്നാണ് പറയേണ്ടത്. വിഷം വമിക്കുന്ന സാമൂഹ്യദ്രോഹികളുടെ വാക്കുകൾ കേരളം പുച്ഛിച്ചു തള്ളും. ഷാജിയുടെ പരാമർശത്തിന് മറുപടി പറയേണ്ട സമയം ഇതല്ല. ഇതുമായി ബന്ധപ്പെട്ട് ദുരിതകാലത്തിന് ശേഷം സംസാരിക്കാം. ഇത്തരം ആളുകളെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കണമെന്നും എം. സ്വരാജ് പറഞ്ഞു.

പിണറായി മഴുവെറിഞ്ഞ് ഉണ്ടാക്കിയതല്ല കേരളം: കെ.എം. ഷാജി

■ രാഷ്ട്രീയം പറയും, കിട്ടിയ പണത്തിന്റെ കണക്ക് ചോദിക്കും

സ്വന്തം ലേഖകൻ

കോഴിക്കോട്: ദുരിതാശ്വാസ നിധിയുടെ കണക്ക് ചോദിക്കാതിരിക്കാൻ ഇത് കമ്യൂണിസ്റ്റ് രാജ്യമല്ല, ജനാധിപത്യ രാജ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മറക്കരുതെന്ന് മുസ്‌ലിം ലീഗ് നേതാവ് കെ.എം. ഷാജി എംഎൽഎ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പിണറായി മഴുവെറിഞ്ഞ് ഉണ്ടാക്കിയതല്ല കേരളം. പണം കൊടുത്തിട്ടുണ്ടെങ്കിൽ അത് ചോദിക്കാനും ജനങ്ങൾക്ക് അവകാശമുണ്ട്. ലീഗ് സഹായിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി തന്നെ പറഞ്ഞു. പിന്നെ ലീഗുകാർ കണക്കു ചോദിക്കുന്നതിൽ എന്താണ് പ്രശ്നം. തനിക്ക് എംഎൽഎ ശമ്പളം തടയപ്പെട്ടിട്ടും സ്വന്തം കൈയിൽ നിന്നെടുത്താണ് തത്തുല്യമായ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പ്രളയ സമയത്തു നൽകിയത്. ഇത് നേർച്ചപ്പെട്ടിയിലിടുന്ന പണമല്ല. ദുരിതാശ്വാസ നിധിയിലേക്ക് കൊടുത്ത പണത്തിന്റെ കണക്ക് ചോദിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. അതിലെന്താണ് തെറ്റ്. സ്പ്രിംഗ്ലർ വിവാദമാണ് മുഖ്യമന്ത്രിയുടെ പ്രകോപനത്തിന് കാരണം- ഷാജി കൂട്ടിച്ചേർത്തു.

ദുരിതാശ്വാസ നിധിയിൽ നിന്ന് സിപിഎമ്മിന്റെ നേതാവിനും ഒരു ഇടത് എംഎൽഎയ്ക്കും പണം നൽകി. വ്യക്തിപരമായ ബാങ്ക് വായ്പ അടച്ചു തീർക്കാൻ പാർട്ടി നേതാക്കൾക്കു പണം നൽകുന്നത് ശരിയല്ല. പ്രളയവുമായി ബന്ധമില്ലാത്ത ഗ്രാമീണ റോഡുകൾ നന്നാക്കാൻ ദുരിതാശ്വാസ നിധിയിൽ നിന്ന് ആയിരം കോടി ചെലവഴിച്ചു. ഷുഹൈബിന്റെയും ഷുക്കൂറിന്റെയും ഉൾപ്പെടെയുള്ള കേസുകൾ വാദിക്കാൻ ദുരിതാശ്വാസ നിധിയിൽ നിന്നാണ് പണം ചെലവഴിച്ചെന്നതെന്നാണ് ലഭ്യമായ വിവരം. രണ്ടു കോടി രൂപയാണ് വക്കീൽ ഫീസായി നൽകിയത്. ദുരിതാശ്വാസ നിധിയിൽ നിന്നല്ല പണം ചെലവഴിച്ചതെങ്കിൽ അതിന്റെ കണക്ക് വെളിപ്പെടുത്താൻ എന്താണ് മടി- ഷാജി ചോദിച്ചു.

പ്രളയമല്ല, കൊവിഡല്ല, അതിന്റെ അപ്പുറത്തുള്ള ദുരന്തം വന്നാലും അരിയിൽ ഷുക്കൂറിന്റെയും ശരത് ലാലിന്റെയും കൃപേഷിന്റെയും ഷുഹൈബിന്റെയും വീട്ടുകാരുടെ കണ്ണുനീരിന്റെയത്രയും വരില്ല. കൊവിഡ് കാലത്ത് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിന് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ. മൂക്കിന്റെ തുമ്പു വരെ പ്രളയജലം എത്തിയാലും രാഷ്ട്രീയം പറയും. മുഖ്യമന്ത്രിയുടെ പിആർ വർക്കിന് ചെലവഴിക്കുന്ന കോടികൾ എവിടെനിന്നാണെന്ന് വ്യക്തമാക്കണം.

പ്രളയ ഫണ്ടായി 8,000 കോടിയാണ് ലഭിച്ചത്. ഇതിൽ 2,000 കോടി മാത്രമാണ് ചെലവഴിച്ചത്. 5,000 കോടി രൂപയിലേറെ ഫണ്ടിൽ കിടക്കുകയാണ്. എന്നിട്ടും കാക്കനാട്ടെ സഖാവ് പണം അടിച്ചുമാറ്റുമ്പോൾ ദുരിതാശ്വാസ ഫണ്ടിൽനിന്ന് പണം ലഭിക്കാതെ വയനാട്ടിൽ രണ്ടു പ്രളയം അതിജീവിച്ച സാധാരണക്കാരനായ ഒരാൾ ആത്മഹത്യ ചെയ്തു. മറ്റുള്ളവരെ പേടിപ്പിച്ച് നിശബ്ദമാക്കാമെന്ന് മുഖ്യമന്ത്രി കരുതേണ്ട. പാർട്ടി ഓഫിസുകളിലെ സഹപ്രവർത്തകരല്ല പ്രതിപക്ഷത്തിരിക്കുന്നവർ. മുഖ്യമന്ത്രി പറയുന്നത് കേട്ട് മുട്ടു വിറക്കുന്നവരല്ല പൊതുസമൂഹം. തനിക്ക് വികൃത മനസാണ് എന്നാണ് പിണറായി വിജയൻ പറയുന്നത്. അത് ജനങ്ങൾ തീരുമാനിക്കട്ടെ. പിണറായിയുടെ പഴയ മുഖം ആരും മറന്നിട്ടില്ലെന്നും ഷാജി കൂട്ടിച്ചേർത്തു.

ലാവലിൻ കരാറിനു സമാനം: പി.ടി. തോമസ്

കൊച്ചി: ലാവലിൻ കമ്പനിയുടെ കൺസൽട്ടൻസി കരാറിനെ സപ്ലൈ കരാറാക്കി മാറ്റിയതു പോലെയാണ് സ്പ്രിംഗ്ലറുമായിട്ടുള്ള കരാർ കടന്നു വന്നിരിക്കുന്നതെന്നും ഇതേപ്പറ്റി സമഗ്ര അന്വേഷണം വേണമെന്നും പി.ടി. തോമസ് എംഎൽഎ. സ്പ്രിംഗ്ലറുമായുള്ള കരാറിന് നിയമവകുപ്പിന്റെയോ ധനകാര്യവകുപ്പിന്റെയോ അനുമതിയില്ല. മന്ത്രിസഭാ തീരുമാനമില്ല. സംസ്ഥാനം ഒരു കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട ഭരണഘടനാപരമായ തത്വം ലംഘിക്കപ്പെട്ടു. എന്നാണ്, എപ്പോഴാണ് കമ്പനിയുമായി ചർച്ച നടത്തിയത്, ഈ കമ്പനിയെ മുഖ്യമന്ത്രിക്കു പരിചയപ്പെടുത്തിയതാരാണ് എന്നീ ചോദ്യങ്ങൾക്ക് കൃത്യമായി മുഖ്യമന്ത്രി മറുപടി പറയണമെന്നും പി.ടി. തോമസ് ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ ഏതെങ്കിലും കുടുംബാംഗങ്ങൾക്ക് ഈ കരാറുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന് അദ്ദേഹം സത്യസന്ധമായി വ്യക്തമാക്കണം. കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെയും വിറ്റു കാശാക്കുന്ന ഗുരുതരമായ നടപടിയാണ് നടന്നിരിക്കുന്നത്. കോടതിക്കു വേണമെങ്കിൽ സ്വമേധയ കേസെടുക്കാവുന്ന വിഷയമാണിതെന്നും പി.ടി. തോമസ് ചൂണ്ടിക്കാട്ടി.

മാസ്ക് വച്ചാൽ മിണ്ടരുതെന്നാണ് മുഖ്യമന്ത്രി ധരിച്ചിരിക്കുന്നത്: മുനീർ

കോഴിക്കോട്: താൻ എല്ലാ വിമർശനത്തിനും അതീതനാണെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ നിലപാട് ഏകഛത്രാധിപതി ചമയലാണെന്നും ജനാധിപത്യ രാജ്യത്ത് അതു വകവച്ചുകൊടുക്കാനാവില്ലെന്നും പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ മുനീർ.

കൊവിഡ് കാലത്ത് മാസ്ക് വച്ചാൽ മിണ്ടരുതെന്നാണ് മുഖ്യമന്ത്രി ധരിച്ചിരിക്കുന്നത്. ദുരന്തകാലത്താണ് കോർപ്പറേറ്റുകൾ നുഴഞ്ഞു കയറി എല്ലാം സ്വന്തമാക്കുക എന്ന് പല പഠനങ്ങളുമുണ്ട്. ജാഗ്രത പാലിക്കുക എന്നത് പ്രതിപക്ഷത്തിന്റെ കടമയാണ്.

പ്രതിപക്ഷം കൊവിഡ് കൊണ്ടു വന്നു, സർക്കാർ അതില്ലാതാക്കാൻ ശ്രമിക്കുന്നു എന്ന ലൈനിലുള്ള ദുഷ്ലാക്കൊന്നും വേണ്ട. കൊവിഡിനെതിരേ പ്രവർത്തിക്കാൻ എല്ലാവർക്കും ബാധ്യതയുണ്ട്. മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കുന്നവർക്ക് ഉത്തരവാദിത്തം കൂടുതലുണ്ട്.

മുഖ്യമന്ത്രിയുടെ പ്രതികരണം നിർഭാഗ്യകരം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: കെ.എം. ഷാജി എംഎൽഎക്കെതിരെ മുഖ്യമന്ത്രി നടത്തിയ പ്രതികരണം നിർഭാഗ്യകരമായിപ്പോയെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. വിമർശനങ്ങളെ സഹിഷ്ണുതയോടെ കാണാൻ മുഖ്യമന്ത്രി തയാറാവണം. പ്രളയ ദുരിതാശ്വാസം അർഹരായവർക്ക് ലഭിച്ചില്ല എന്നതിലെയും കൃപേഷിന്റേയും, ശരത് ലാലിന്റെയും പ്രതികളെ രക്ഷിക്കാൻ സർക്കാർ ഫണ്ട് ചെലവാക്കിയതിലെയും ശരിയില്ലായ്മയാണ് ഷാജി ചൂണ്ടിക്കാണിച്ചത്. സർക്കാരിന്റെ കോവിഡ് 19 പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷത്തിന്റെ പൂർണ പിന്തുണയുണ്ട്. പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ അതിനെ പോസിറ്റീവ് ആയി കാണാൻ മുഖ്യമന്ത്രി ശ്രമിക്കണമെന്നും ഉമ്മൻ ചാണ്ടി ആവശ്യപ്പെട്ടു.

ഷാജി പറയുന്നത് ലീഗിന്റെ നിലപാട്: മജീദ്

കോഴിക്കോട്: കെ.എം. ഷാജി എംഎൽഎ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയാണെന്നും പറയുന്നത് ലീഗിന്റെ നിലപാടാണെന്നും സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.എ. മജീദ്. അദ്ദേഹത്തെ അധിക്ഷേപിച്ച് മുഖ്യമന്ത്രി നടത്തിയ പരാമർശങ്ങളിൽ പ്രതിഷേധിക്കുന്നു.

കൊവിഡ് പ്രശ്നങ്ങളെക്കുറിച്ചും തയാറെടുപ്പുകളെ സംബന്ധിച്ചും പറയാനെത്തുന്ന മുഖ്യമന്ത്രി അതൊരു രാഷ്ട്രീയ തർക്കവേദിയാക്കുന്നത് ശുഭലക്ഷണമല്ല. ഒരു ജനപ്രതിനിധി എന്ന നിലക്ക് ഷാജി ഉന്നയിക്കുന്ന വിമർശനങ്ങൾക്ക് ഉത്തരവാദിത്ത ബോധത്തോടെ മറുപടി പറയുകയാണു വേണ്ടിയിരുന്നത്. പകരം, വികൃത മനസ് എന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞുമാറുന്നതും കുറ്റപ്പെടുത്തി അക്രമിക്കുന്നതും ജനാധിപത്യ മര്യാദയ്ക്കോ മുഖ്യമന്ത്രി എന്ന പദവിക്കോ യോജിച്ചതല്ലെന്നും വ്യക്തമാക്കി.

കേരളത്തിൽ കാലവർഷം ഇത്തവണയും കലിപ്പാകും

പി.ബി. ബിച്ചു

തിരുവനന്തപുരം: കേരളത്തിൽ ഇത്തവണയും കാലവർഷം ശക്തമാകുമെന്നു കാലാവസ്ഥ നിരീക്ഷകർ. ക്ലൈമറ്റ് പ്രഡിക്ഷൻ സെന്റർ (സിപിസി) അമെരിക്ക, സ്വകാര്യ ഏജൻസിയായ ഐബിഎം തുടങ്ങിയ വിവിധ ഏജൻസികളുടെ വിലയിരുത്തൽ പ്രകാരം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ മുൻ വർഷങ്ങളിലേതിനു സമാനമായ മഴ തന്നെ ലഭിക്കാനാണ് സാധ്യത. കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനത്തിലും ഇന്ത്യയിൽ കാലവർഷം കാര്യമായി ലഭിക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

കേരളത്തിൽ കാലവർഷത്തിന്റെ ആരംഭം ജൂൺ ഒന്നിനു തന്നെയാണ്. മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, തെലങ്കാന, ആന്ധ്രപ്രദേശ്, ഒഡീശ, ഝാർഖണ്ഡ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ ജൂൺ പകുതിയോടെമാത്രമേ കാലവർഷമെത്തൂ. രാജ്യത്തിന്റെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിൽ ജൂലൈ എട്ടിനാവും കാലവർഷമെത്തുകയെന്നും കേന്ദ്രം വ്യക്തമാക്കുന്നു. ഒക്റ്റോബർ ആദ്യവാരം മുതൽ കാലവർഷം പിൻവാങ്ങും.

2018, 2019 വർഷങ്ങളിൽ കേരളത്തിലെ പ്രളയം തകർത്ത പുഴകൾ ഇന്നും കേരളത്തിന് ഭീഷണിയാണെന്നും കാലാവസ്ഥാ വിദഗ്ധർ അഭിപ്രായപ്പെടുന്നു. 2018ലെ കണക്ക് പ്രകാരം സീസണിൽ കേരളത്തിൽ ആകെ ലഭിച്ച മഴ 2516.1 മില്ലി മീറ്ററാണ്. 2019ൽ ജൂൺ മുതൽ സെപ്റ്റംബർവരെ 2130 മില്ലീ മീറ്ററും മഴ ലഭിച്ചത്. ഈ രണ്ട് വർഷങ്ങളിലും കേരളത്തിൽ ഭൂരിഭാഗം ജില്ലകളിലും വെള്ളപ്പൊക്കമായിരുന്നത് ഇത്തവണയും പ്രതീക്ഷിക്കാമെന്ന് ഇവർ മുന്നറിയിപ്പു നൽകുന്നുണ്ട്.

രണ്ടു പ്രളയങ്ങൾക്ക് ശേഷം കേരളത്തിലെ പ്രധാന നദികളുടെയെല്ലാം സംഭരണ ശേഷിയിലും കുറവുണ്ടായിട്ടുണ്ടെന്നും ഇത് മൂലം ശക്തമായി മഴ പെയ്താൽ പെട്ടന്ന് വെള്ളപ്പൊക്കമുണ്ടാകുമെന്നും ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ മെട്രൊ വാർത്തയോട് പറഞ്ഞു. പ്രധാനമായും പമ്പ, പെരിയാർ, അച്ചൻകോവിലാർ തുടങ്ങിയ നദികളിൽ മണ്ണ് അടിഞ്ഞതിനാൽ വെള്ളം പെട്ടെന്നു നിറയുന്ന സ്ഥിതിയാണെന്നും ഇവർ വ്യക്തമാക്കി. നിലവിൽ ഇടുക്കി ജില്ലയിൽ മഴ പതിവായി പെയ്യുന്നതിനാൽ ആനയിറങ്ങൽ, കുണ്ടള ഡാമുകളിൽ വെള്ളം പരമാവധി സംഭരണ ശേഷിയോട് അടുത്തിട്ടുണ്ട്. ഇവയിൽ നിന്നും ജലം തുറന്നുവിടുകയാണ് കെഎസ്ഇബി.

കാത്തിരുന്ന കല്യാണം മാറ്റിവച്ച് പൊലീസിലെ പ്രണയ ജോഡികൾ

അദ്വൈത് ഹരിപ്പാട്

ഹരിപ്പാട്: നിശ്ചയിച്ച വിവാഹം കൊറോണയുടെ പശ്ചാത്തലത്തിൽ മാറ്റിവച്ച് പൊലീസ് പ്രണയ ജോഡികൾ. ഹരിപ്പാട് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫിസർമാരായ അരുൺകുമാറും രഞ്ജിയുമാണ് ലോക്ഡൗൺ കാല കല്യാണക്കഥയിലെ നായികാ നായകന്മാർ. ഒരു വർഷത്തിലധികമായി ഇരുവരും ഒന്നിച്ച് ജോലി ചെയ്യുന്നു. ആ അടുപ്പമാണ് വിവാഹത്തിലേക്ക് എത്തിയത്.

ഈ മാസം 26ന് കുട്ടമ്പേരൂർ കാർത്ത്യായനി ദേവീക്ഷേത്രത്തിൽ കല്യാണം നടത്താനായിരുന്നു തീരുമാനം. ബന്ധുക്കളെ ക്ഷണിച്ചുതുടങ്ങിയപ്പോഴാണ് രാജ്യത്ത് സമ്പൂർണ ലോക് ഡൗൺ പ്രഖ്യാപിച്ചത്. ഈ മാസം പകുതിയോടെ ലോക്ഡൗൺ അവസാനിച്ചാൽ നിശ്ചയിച്ച ദിവസം തന്നെ കല്യാണം നടത്താമെന്നായിരുന്നു പ്രതീക്ഷ.

അടച്ചുപൂട്ടൽ നീട്ടിയതോടെ കഴിഞ്ഞ ദിവസം ഇവർ മേലുദ്യോഗസ്ഥരോടും പൊലീസ് അസോസിയേഷൻ ഭാരവാഹികളോടും ആലോചിച്ചിരുന്നു. ചടങ്ങ് ലളിതമായി നടത്താനായിരുന്നു അവരുടെ ഉപദേശം. വിവാഹം നടത്തിയാൽ അവധിയെടുക്കേണ്ടി വരും. കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജോലിയിൽ നിന്ന് മാറിനിൽക്കുന്നതു ശരിയല്ലെന്ന തീരുമാനത്തിലാണ് അരുണും രഞ്ജിയും എത്തിയത്. അങ്ങനെ കല്യാണം മാറ്റിവയ്ക്കാൻ തീരുമാനിക്കുകയായിരുന്നു അവർ.

തൃക്കുന്നപ്പുഴ കോട്ടേമുറി കുപ്പക്കിടത്ത് കിഴക്കതിൽ അരുൺകുമാർ പത്തു വർഷമായി പൊലീസ് സേനയിലുണ്ട്. രഞ്ജിക്ക് ജോലി കിട്ടിയിട്ട് നാലുവർഷവും. ഇരുവരുടെയും വീടുകളിൽ അമ്മമാർ മാത്രമാണുള്ളത്. അരുണിന്റെ അച്ഛൻ വിജയസേനൻ 25 വർഷം മുൻപാണ് മരിച്ചത്.

കഴിഞ്ഞ ഓണക്കാലത്ത് ഹരിപ്പാട് പൊലീസ് സ്റ്റേഷനു മുറ്റത്ത് അത്തപ്പൂക്കളമൊരുക്കുന്ന അരുണും രഞ്ജിയും.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മേടം 4 ശഅ്ബാൻ 23

2020 ഏപ്രിൽ 17 വെള്ളി

വിമാനക്കമ്പനികളുടെ നഷ്ടം യാത്രക്കാരിൽ അടിച്ചേല്പിക്കരുത്

കൊവിഡ് ദുരിതകാലത്ത് ഏറ്റവും വലിയ നഷ്ടം നേരിടുന്നവരാണു ലോകത്തെമ്പാടുമുള്ള വിമാനക്കമ്പനികളും അതിലെ യാത്രക്കാരും. ഇന്ത്യയിൽ കഴിഞ്ഞമാസം 25 മുതൽ ആഭ്യന്തര, അന്താരാഷ്ട്ര വിമാന സർവീസുകളൊന്നും നടക്കുന്നില്ല. ലക്ഷക്കണക്കിനു യാത്രക്കാരാണു മുൻകൂട്ടി ബുക്ക് ചെയ്തു ടിക്കറ്റുകൾ തരപ്പെടുത്തിയത്. ഇവരിൽ ബഹുഭൂരിഭാഗത്തിനും യാത്ര മുടക്കേണ്ടി വന്നു. ചിലർ ഭാഗികമായി യാത്ര പൂർത്തിയാക്കി, വിവിധ സ്ഥലങ്ങളിൽ കുടുങ്ങിക്കിടപ്പുണ്ട്. രാജ്യാന്തര വിമാന സർവീസുകൾ തുടങ്ങുന്നതും നോക്കി ലക്ഷക്കണക്കിന് യാത്രക്കാരാണു വിദേശങ്ങളിലുള്ളത്. അവരുടെ കഷ്ടനഷ്ടങ്ങൾ എളുപ്പത്തിൽ വിവരിക്കാനാവില്ല. അവർ നേരിടുന്ന സാമ്പത്തിക നഷ്ടവും മാനസിക പിരിമുറുക്കവും മറ്റു ക്ലേശങ്ങളും വിമാനക്കമ്പനികൾ പരിഗണിക്കുന്നതുമില്ല.

മുൻകൂട്ടി ടിക്കറ്റ് ബുക്ക് ചെയ്യുകയും എന്നാൽ കോവിഡ് ലോക്ക് ഡൗൺ മൂലം യാത്ര മുടങ്ങുകയും ചെയ്തവർക്കു യാത്രക്കൂലി മടക്കിക്കിട്ടുന്നില്ല എന്ന പരാതി വളരെ വ്യാപകമാണ്. അന്താരാഷ്ട്ര വിമാനക്കമ്പനികളാണ് ഒരിളവും അനുവദിക്കാത്തത്. ചില കമ്പനികളാകട്ടെ ഭാഗികമായി ബുക്കിങ് ചാർജ് മടക്കി നൽകുന്നുണ്ട്. സാധാരണക്കാരും ഇടത്തരക്കാരുമായ യാത്രക്കാർ നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്തു ലോക്ക് ഡൗൺ കാലത്തേക്കു ചില മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാനുള്ള ഒരുക്കത്തിലാണു കേന്ദ്ര വ്യോമയാന മന്ത്രാലയം. ഇതിനു മുന്നോടിയായി നിരോധിത കാലത്തു യാത്ര മുടങ്ങിപ്പോയവർക്കു സർവീസ് ചാർജ് ഈടാക്കാതെ മുഴുവൻ തുകയും മടക്കി നൽകണമെന്ന് ഇന്നലെ സിവിൽ ഏവിയേഷൻ ഡയറക്റ്റർ ജനറലിന്റെ നിർദേശം വന്നിട്ടുണ്ട്. ആഭ്യന്തര സർവീസുകൾ നടത്തുന്ന വിമാനക്കമ്പനികളുടെ തലവന്മാരുമായി നടത്തിയ വിഡിയോ കോൺഫറൻസിലാണ് ഈ നിർദേശം മുന്നോട്ടുവച്ചിരിക്കുന്നത്. ഇതിന് മാർച്ച് 25 മുതൽ മുൻകാല പ്രാബല്യവും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വിമാനക്കമ്പനികളുടെ പ്രതികരണം വരാനിരിക്കുന്നതേയുള്ളൂ.

ലോക്ക് ഡൗൺ തുടങ്ങിയ മാർച്ച് 25 മുതലുള്ള എല്ലാ യാത്രകളും മുടങ്ങിയ സാഹചര്യത്തിൽ വിദേശങ്ങളിൽ നിന്ന് ഇവിടേക്കും തിരിച്ചും ആയിരക്കണക്കിനു യാത്രക്കാരാണു തിരക്കുകൂട്ടുന്നത്. അവസരം മുതലാക്കി, മുൻപൊരിക്കലുമില്ലാത്തത്ര വലിയ നിരക്ക് തന്നെ വിമാനക്കമ്പനികൾ ഈടാക്കുകയും ചെയ്യുന്നു. ദുബായ് വിമാനത്താവളത്തിൽ നിന്ന് നെടുമ്പാശേരിയിലേക്ക് ഏപ്രിൽ പതിനഞ്ചിനു ശേഷമുള്ള യാത്രയ്ക്ക് എക്കണോമിക് ക്ലാസിലേക്കു പോലും 37,000 രൂപ ഈടാക്കിയ കമ്പനികളുണ്ട്. എന്നാൽ, ഏപ്രിൽ പതിനഞ്ചിനു പുനരാരംഭിക്കുമെന്നു പറഞ്ഞ വിമാന സർവീസുകൾ ഇനി എന്നു തുടങ്ങുമെന്ന് ഒരുറപ്പുമില്ല. അത്തരമൊരു ഉറപ്പ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നു കിട്ടുന്നതിനു മുൻപ് തന്നെ വിമാനക്കമ്പനികൾ വിഷുവിനു ശേഷമുള്ള യാത്രയ്ക്ക് ടിക്കറ്റ് ബുക്കിങ് തുടങ്ങിയിരുന്നു. ലോക്ഡൗൺ മേയ് മൂന്നു വരെ നീട്ടിയ സാഹചര്യത്തിൽ യാത്ര ഇനിയും നീളും. ഈ സാഹചര്യത്തിൽ ടിക്കറ്റ് ക്യാൻസൽ ചെയ്തു തുക മടക്കിച്ചോദിച്ചവരോട് പല ഉപാധികളാണു കമ്പനികൾ മുന്നോട്ടുവയ്ക്കുന്നത്. ഏതു സാഹചര്യത്തിലും പണം മടക്കിനൽകേണ്ടതില്ലെന്നും അവർ വിശദീകരിച്ചു.

രാജ്യത്ത് ഏറ്റവും കൂടുതൽ ആഭ്യന്തര സർവീസുകൾ നടത്തുന്ന ഇൻഡിഗോ വിമാനങ്ങളിൽ ഈ മാസം 30 വരെ ടിക്കറ്റ് ബുക്ക് ചെയ്തിരുന്നവർക്ക് സെപ്റ്റംബർ 30 വരെ ഏതു ദിവസം വേണമെങ്കിലും പകരം യാത്ര തരപ്പെടുത്തിയാണു പ്രശ്നം പരിഹരിച്ചത്. മേയ് 31 വരെ ബുക്ക് ചെയ്തിരിക്കുന്ന മുഴുവൻ ടിക്കറ്റുകൾക്കും സമയപരിധിയില്ലാതെ മറ്റേതെങ്കിലും ദിവസത്തേക്കു യാത്ര മാറ്റാമെന്നു ചെലവു കുറഞ്ഞ വിമാനക്കമ്പനിയായ എയർ ഏഷ്യ ഉറപ്പുപറയുന്നു. യുഎഇ ദേശീയ വിമാനക്കമ്പനിയായ എമിറേറ്റ്സ് ബുക്കിങ് തീയതി മുതൽ 24 മാസം വരെ പകരം യാത്ര ഓഫർ ചെയ്യുന്നു. പക്ഷേ, അവരും ബുക്ക് ചെയ്ത പണം തിരികെ നൽകുന്നില്ല. നിരോധിത കാലത്തേക്ക് എയർ ഇന്ത്യ ടിക്കറ്റുകൾ ബുക്ക് ചെയ്യാതിരുന്നതിനാൽ അവർക്ക് ഈ ബാധ്യതകളൊന്നുമില്ല. മറ്റ് അന്താരാഷ്ട്ര കമ്പനികളൊന്നും ബദൽ മാർഗം പറയാതെ ബുക്കിങ് ചാർജ് പിടിച്ചുവയ്ക്കുകയാണ്.

അത്യാവശ്യങ്ങൾക്കു വേണ്ടിയാണ് ആഭ്യന്തര സർവീസുകളിലും വിദേശ യാത്രകൾക്കും മിക്കവരും വിമാനയാത്രയ്ക്കു തയാറാകുന്നത്. സാധാരണ നിരക്കുകളെക്കാൾ പതിന്മടങ്ങ് യാത്രക്കൂലി മുൻകൂർ വാങ്ങിയ ശേഷം, കേന്ദ്ര സർക്കാർ നിർദേശപ്രകാരം യാത്ര ക്യാൻസൽ ചെയ്യുകയാണുണ്ടായത്. അതിൽ നിന്ന് വലിയൊരു തുക വിമാനക്കമ്പനികൾ സർവീസ് ചാർജ് ഈടാക്കുന്നതും ബുക്കിങ് തുക പൂർണമായി നഷ്ടപ്പെടുന്നതും മഹാഭൂരിഭാഗം വരുന്ന സാധാരണയാത്രക്കാർക്കു താങ്ങാനാവില്ല. നഷ്ടത്തിന്റെ ഭാരം ഇത്തരക്കാരിൽ അടിച്ചേല്പിക്കാതെ, മറ്റു മാർഗങ്ങളിലൂടെ ചെലവു കുറച്ച് വിമാനക്കമ്പനികൾ നഷ്ടം നികത്തണം. ഏതു തരത്തിലായാലും യാത്രക്കാരെ കൊള്ളയടിക്കാൻ കമ്പനികളെ കയറൂരി വിടില്ലെന്ന് ഉറപ്പു വരുത്തട്ടെ, കേന്ദ്ര സർക്കാർ.

മെട്രോ സയൻസ്



വാടകയ്ക്ക് ലഭിക്കും മലയാളി റോബട്ടുകൾ

തൊടുപുഴ സ്വദേശി ദിലീപ് ജോർജിന്റെ വൈക്കേരിയസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കമ്പനി യുഎസിൽ വ്യാവസായിക ആവശ്യങ്ങൾക്കായി മനുഷ്യർക്കു പകരമായി 'ബുദ്ധിമാന്മാരായ' റോബട്ടുകളെ വാടകയ്ക്കു നൽകിത്തുടങ്ങി. സാൻ ഫ്രാൻസിസ്കോ ബേ ഏരിയയിൽ പ്രവർത്തിക്കുന്ന വൈക്കേരിയസിന്റെ റോബട്ടുകളെ നിലവിൽ വാടയ്ക്കെടുത്തിരിക്കുന്നത് പ്രമുഖ ഇ-കൊമേഴ്സ് കമ്പനിയായ പിറ്റ്നി ബൗസും, സൗന്ദര്യവർധക കമ്പനിയായ സെഫോറയുമാണ്. മണിക്കൂർ കണക്കിനോ ജോലിയുടെ അളവനുസരിച്ചോ ആണ് വാടക. പൂർണമായും മനുഷ്യനെ പോലെ പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന റോബട്ടുകളെ വികസിപ്പിക്കുക എന്ന വൈക്കേരിയസിന്റെ ദീർഘകാല ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവയ്പ്പാണിത്.

വൈക്കേരിയസ് റോബട്ടുകൾക്ക് ഏത് സാഹചര്യത്തിലും സ്വന്തമായ പ്ലാനിങ്ങോടെ ജോലി ചെയ്യാനാകും.

ഫെയ്സ്ബുക് സ്ഥാപകൻ മാർക് സക്കർബർഗ്, ടെസ്‌ല സ്ഥാപകൻ ഇലോൺ മസ്ക്, ആമസോൺ സിഇഒ ജെഫ് ബെസോസ് ഉൾപ്പടെ ഇരുപതിലധികം വമ്പൻമാർ ഈ കമ്പനിയിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

'ലോകാരോഗ്യ'വും ഇന്ത്യയും

ഫിഷ് ഐ

ഇ.ആർ. വാരിയർ

ലോകത്തെ ഏറ്റവും ശക്തമായ രാജ്യം എന്നു സ്വയം അഭിമാനിക്കുക മാത്രമല്ല മറ്റു രാജ്യങ്ങളേറെയും തലകുലുക്കി സമ്മതിക്കുകയും ചെയ്യുന്ന അമെരിക്കയാണ് കൊവിഡ് മഹാമാരിയുടെ ഏറ്റവും വലിയ ആഘാതം ഏറ്റുകൊണ്ടിരിക്കുന്നത് എന്നതു വിരോധാഭാസമായി തോന്നാം. തുടക്കത്തിൽ രോഗത്തെ നിസാരമായി കണ്ടത് അമെരിക്കയ്ക്കും പല യൂറോപ്യൻ രാജ്യങ്ങൾക്കും വിനയായി എന്ന ആരോപണങ്ങൾ ഇക്കഴിഞ്ഞ ഒരു മാസത്തിലേറെയായി പലരും ഉന്നയിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വൈകി ചിന്തിക്കുന്നവരെ കണക്കിനു ശിക്ഷിക്കാൻ ശേഷിയുള്ള വൈറസാണിതെന്ന് അവരൊക്കെ അറിഞ്ഞതും വൈകിയാണെന്നാണ് ഇക്കൂട്ടർ പറയുന്നത്.

അതെന്തായാലും ലോകാരോഗ്യ സംഘടന നേരത്തേ മുന്നറിയിപ്പു നൽകിയതുപോലെ കൊവിഡിന്റെ പ്രധാന കേന്ദ്രമായി അമെരിക്ക മാറിയിരിക്കുന്നു. ഔദ്യോഗിക കണക്കുകൾ പ്രകാരം ലോകത്ത് 20 ലക്ഷത്തിലേറെ കൊവിഡ് രോഗികളുള്ളതിൽ ആറരലക്ഷത്തോളവും അമെരിക്കയിലാണ്. ആഗോള തലത്തിലെ കൊവിഡ് മരണം 1.35 ലക്ഷം പിന്നിടുമ്പോൾ യുഎസിൽ മാത്രം അത് മുപ്പതിനായിരത്തോട് അടുക്കുകയാണ്. ഒരു ദിവസം 2500ലേറെ പേർ മരിക്കുന്ന അവസ്ഥയിലേക്ക് അമെരിക്കയെത്തി.

കൊറോണയുടെ പ്രഹരം ഏറ്റവുമധികം അനുഭവിക്കുന്ന ഭരണാധികാരിയായി പ്രസിഡന്റ് ഡോണൾഡ് ട്രംപ് മാറി എന്നതാണ് ഇതിന്റെ രാഷ്ട്രീയ വശം. അതും ഈ നവംബറിൽ അമെരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പു നടക്കാനിരിക്കെ. യുഎസിന്റെ കൂടി സാമ്പത്തിക പിന്തുണയോടെ പ്രവർത്തിക്കുന്ന ലോകാരോഗ്യ സംഘടനക്കെതിരേ ട്രംപ് ആവർത്തിച്ച് ആരോപണങ്ങൾ ഉന്നയിക്കുന്നതിനെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. സംഘടനയ്ക്കു ഫണ്ട് നൽകുന്നത് നിർത്തിവയ്ക്കാൻ വരെ തീരുമാനിച്ചിരിക്കുകയാണല്ലോ അദ്ദേഹം.

കൊവിഡിന്റെ തീവ്രത ചൈന മറച്ചുവച്ചുവെന്നും അതിന് ലോകാരോഗ്യ സംഘടന സഹായിച്ചുവെന്നുമാണ് ട്രംപ് പറയുന്നത്. ഒന്നുകിൽ സംഘടനയ്ക്ക് പെട്ടെന്ന് അപകടം മനസിലായില്ല. അല്ലെങ്കിൽ വിവരങ്ങൾ രഹസ്യമാക്കി വയ്ക്കാൻ ചൈനയെ സഹായിച്ചു. ഇതാണ് യുഎസിന്റെ വാദം. അന്താരാഷ്ട്ര തലത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് വ്യക്തമായി മാർഗനിർദേശങ്ങൾ നൽകേണ്ട ബാധ്യത സംഘടന പാലിച്ചില്ല എന്നു പറയുന്നത് ഗുരുതര ആരോപണമാണ്.

ട്രംപ് അതാവർത്തിച്ചുകൊണ്ടേയിരിക്കുമ്പോഴാണ് ഇന്ത്യയുടെ മാതൃകാപരമായ പ്രതിരോധ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിക്കുന്നത് എന്നതാണു ശ്രദ്ധേയം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സമയോചിതമായ കടുത്ത ലോക്ഡൗൺ തീരുമാനം കൊറോണക്കെതിരായ അചഞ്ചലമായ പ്രതിബദ്ധതയുടെ സൂചകമാണെന്നാണല്ലോ ലോകാരോഗ്യ സംഘടന പ്രകീർത്തിച്ചത്. വിവിധ തലങ്ങളിൽ കടുത്ത വെല്ലുവിളികൾ നേരിടേണ്ടിവരുന്ന രാജ്യം പരീക്ഷണഘട്ടത്തിൽ സ്വീകരിക്കുന്ന കാർക്കശ്യം പ്രശംസനീയമാണെന്ന് അവർ പറയുന്നു.

പ്രശ്നം സങ്കീർണമാക്കാൻ കാത്തുനിൽക്കാതെ ലോക്ഡൗൺ പ്രഖ്യാപിച്ചും അതു നീട്ടിയും ഉറച്ച പോരാട്ടമാണ് ഇന്ത്യ നടത്തുന്നതെന്ന് സംഘടന കഴിഞ്ഞദിവസം ചൂണ്ടിക്കാട്ടുകയുണ്ടായി. കൊവിഡ് സമൂഹത്തിൽ പടരാൻ തുടങ്ങിയാൽ യുഎസിനെക്കാൾ പതിന്മടങ്ങ് അപകടകരമായ സാഹചര്യമാകും ഇന്ത്യയിൽ. ഉയർന്ന ജനസംഖ്യ മാത്രമല്ല വിഷയം. ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളിലടക്കം നിരവധി കാര്യങ്ങളിൽ യുഎസിനെക്കാൾ പിന്നിലാണ് ഇന്ത്യ. വലിയ ഭീഷണി മുന്നിലുണ്ടെന്നു തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു കഴിഞ്ഞത് പല ലോകരാജ്യങ്ങളെക്കാൾ രോഗവ്യാപനം കുറഞ്ഞ ഇടമായി ഇന്ത്യയെ ഇതുവരെയെങ്കിലും മാറ്റിനിർത്തി. സാമൂഹിക അകലത്തിനായുള്ള ലോക്ഡൗണിന്റെ സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ വളരെ വലുതാണെങ്കിലും.

ഇന്ത്യയിൽ പൊതുവേ പരിശോധന കുറവാണ് എന്നതു രോഗവ്യാപനത്തിന്റെ തീവ്രത കൃത്യമായി അറിയാൻ തടസമാകുമെന്നു ചിലർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ലോക്ഡൗൺ ഒരു പരിഹാരമാർഗമല്ല, കുറച്ചു കാലത്തേക്ക് വൈറസിനെ തടയാൻ കഴിയുന്ന വഴി മാത്രമെന്ന് ഇന്നലെ രാഹുൽ ഗാന്ധി പറഞ്ഞതടക്കം ഓർക്കാം. വ്യാപകമായി ടെസ്റ്റുകൾ നടത്തുകയാണു വേണ്ടതെന്ന് രാഹുൽ ആവർത്തിച്ചു പറയുകയുണ്ടായി. എന്തായാലും വരും ദിവസങ്ങളിൽ പരിശോധനകൾ ഗണ്യമായി വർധിക്കുമെന്നു വിശ്വസിക്കാം. ചൈനയിൽ നിന്ന് ആറരലക്ഷം ടെസ്റ്റ് കിറ്റുകളാണല്ലോ വരുന്നത്.

ഇപ്പോൾ തന്നെ 2,70,000ത്തിലെറെ ടെസ്റ്റുകൾ ഇന്ത്യ നടത്തിക്കഴിഞ്ഞെന്ന് ഐസിഎംആർ വ്യക്തമാക്കുന്നുണ്ട്. ഹോട്ട്സ്പോട്ടുകളും ക്ലസ്റ്ററുകളും കേന്ദ്രീകരിച്ചുള്ള ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ വരും ദിവസങ്ങളിലുണ്ടാകും. ഇവിടങ്ങളിൽ യാതൊരിളവും അനുവദിക്കരുത് എന്നാണു കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാനങ്ങളോടു നിർദേശിച്ചിരിക്കുന്നതും.

സാമ്പത്തിക മേഖലയിലെ തകർച്ചയും കോടിക്കണക്കിനു ജനങ്ങളുടെ നിത്യജീവിത പ്രശ്നങ്ങളുമൊക്കെ കണക്കിലെടുത്ത് കൂടുതൽ കൂടുതൽ ഇളവുകൾക്ക് സമ്മർദമേറിവരുമ്പോൾ പാറപോലെ ഉറച്ച നിലപാടു സ്വീകരിക്കുക സർക്കാരുകൾക്ക് എളുപ്പമല്ല. ഈയൊരു സാഹചര്യത്തിൽ ഇപ്പോഴത്തെ കർമപദ്ധതികളിൽ എത്രത്തോളം മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുമെന്നതാണ് കാണാനിരിക്കുന്നത്. അങ്ങനെയുണ്ടാവുന്ന മാറ്റങ്ങൾ രോഗാവസ്ഥയെ എങ്ങനെ ബാധിക്കുമെന്നും അറിയാനിരിക്കുന്നു.

ഒന്നരക്കോടി പിപിഇ കിറ്റുകൾ, 15 ലക്ഷം റാപ്പിഡ് ടെസ്റ്റിങ് കിറ്റുകൾ എന്നിവയ്ക്കും ചൈനയുമായി ഇന്ത്യ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണു റിപ്പോർട്ടുകൾ. കൊവിഡ് പ്രതിരോധത്തിന് ഇന്ത്യയെ കഴിയുന്ന വിധത്തിലൊക്കെ സഹായിക്കുമെന്ന് ചൈന വ്യക്തമാക്കിയിട്ടുമുണ്ട്. ഇന്ത്യ-ചൈന ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കുന്നതിന് കൊവിഡ് പ്രതിരോധത്തിലെ സഹകരണം സഹായിക്കുമോയെന്നും വരും നാളുകൾ തെളിയിക്കും.

ഇന്ത്യ-അമെരിക്ക ബന്ധങ്ങൾ പോലെ ഉറ്റുനോക്കേണ്ട ഒന്നായി മാറാം ഇന്ത്യ- ചൈന ബന്ധവും. കൊവിഡിനു ശേഷമുള്ള ലോകത്ത് കൂടുതൽ ശക്തമായ ആധിപത്യമാണ് ചൈന ലക്ഷ്യമിടുന്നതെന്നു പല അന്താരാഷ്ട്ര വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നുണ്ട്; രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം അമെരിക്ക സൂപ്പർ പവറായി മാറിയതുപോലെ. അത്തരമൊരു സാഹചര്യത്തിൽ ഇന്ത്യയുമായുള്ള ബന്ധങ്ങളും നന്നായിരിക്കണമെന്നാവുമല്ലോ ചൈന ആഗ്രഹിക്കുക. അമെരിക്കയെപ്പോലെ കൊവിഡ് വ്യാപനത്തിന് ചൈനയെ പരസ്യമായി പഴിക്കുന്നില്ല ഇന്ത്യ എന്നതും ശ്രദ്ധിക്കണം.

അന്താരാഷ്ട്ര സമൂഹത്തെയും ലോകാരോഗ്യ സംഘടനയെയും തെറ്റായ വിവരങ്ങൾ നൽകി ചൈന വഞ്ചിച്ചുവെന്ന് ആവർത്തിക്കുന്നുണ്ട് ട്രംപ്. അതിന്റെ പ്രത്യാഘാതം അവർ അനുഭവിക്കേണ്ടിവരുമെന്ന ഭീഷണിയും യുഎസ് പ്രസിഡന്റ് മുഴക്കുകയുണ്ടായി. അപ്പോഴും അമെരിക്ക ഏറെ ആശ്രയിക്കുന്ന രാജ്യമായി തുടരുകയാണു ചൈന. അമെരിക്കയിലെ ഔഷധ നിർമാണ മേഖലയിലെ തൊഴിലുകൾ വരെ ചൈനയിലാണു നടക്കുന്നത്. ചൈനയെ അമിതമായി ആശ്രയിക്കുന്ന അവസ്ഥ ഒഴിവാക്കാനുള്ള ശ്രമങ്ങൾ കൊവിഡിനു ശേഷം യുഎസിന്റെ ഭാഗത്തുനിന്നുണ്ടായിക്കൂടെന്നില്ല. അങ്ങനെ വരുമ്പോൾ ഇന്ത്യയ്ക്കു മുന്നിൽ കൂടുതൽ അവസരങ്ങൾ തുറന്നുകിട്ടാനും അവസരമുണ്ടാകും. ഇന്ത്യയുടെ ഹൈഡ്രോക്സി ക്ലോറോക്വിൻ ഗുളികയാണല്ലോ ഈ കൊറോണക്കാലത്ത് ട്രംപിന് ആശ്വാസം നൽകിയ ഒരു വലിയ ഘടകം.

സാമൂഹ്യ അകലവും ആകാശനിലയവും

വീണ്ടുവിചാരം

ജോസഫ് എം. പുതുശേരി

കൊവിഡ് ഭീതിയിൽ ലോകം മുഴുവൻ അടച്ചുപൂട്ടിയിരിക്കുന്നതുകൊണ്ട് അധികമാരും അറിയാതെ പോയ, വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ ഒരു യാത്രയുണ്ട്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്ര.

അമെരിക്കയുടെ ക്രിസ് സാസിഡി, റഷ്യയുടെ അനാറ്റലി ഇവാനിഷിൻ, ഇവാനാ വെഗ്നർ എന്നീ ശാസ്ത്രജ്ഞരാണ് റഷ്യയിലെ കസാക്കിസ്ഥാനിലെ ബൈക്കന്നൂർ വിക്ഷേപണ കേന്ദ്രത്തിൽ നിന്ന് ഇക്കഴിഞ്ഞ വ്യാഴാഴ്ച യാത്ര തിരിച്ചത്. സോയൂസ് എഎംഎസ്16 റോക്കറ്റാണ് ഇവരടങ്ങിയ പേടകവുമായി കുതിച്ചത്. ഒപ്പം പേടകത്തിലേക്കുള്ള 2,000 കിലോഗ്രാം ചരക്കും. ഈ മൂന്നുപേർ കൂടി എത്തിയതോടെ നിലയത്തിലെ അംഗസംഖ്യ ആറായി. ആറു മാസത്തിലൊരിക്കൽ നിലയത്തിലെ ആളുകളെ മാറ്റുന്നതു പതിവാണ്. നിലവിൽ നിലയത്തിലുള്ള ആൻഡ്രൂ മോർഗൻ, ജസിക്ക മിർ (അമെരിക്ക) ഒലെഗ് സ്കിപോപ്ക (റഷ്യ) എന്നിവർ 17നു ഭൂമിയിലേക്കു മടങ്ങും.

കൊറോണക്കാലത്തു വീട്ടിലിരിക്കുന്നവർക്ക് ഒരു കൗതുകക്കാഴ്ച കൂടി. ഭൂമിയെ വലംവയ്ക്കുന്ന അന്താരാഷ്ട്ര ബഹിരാകാശ നിലയം കേരളത്തിലുള്ളവർക്ക് ഈ മാസം 21 വരെ നഗ്നനേത്രങ്ങൾ കൊണ്ടു കാണാം. 19നു രാവിലെ 5.33 ന് അഞ്ചു മിനിറ്റോളം ആകാശത്തിലൂടെ ഇതു സഞ്ചരിക്കുന്നതു കാണാം. തെക്കുകിഴക്കായി 10 ഡിഗ്രി ഉയരത്തിൽ മുതൽ കണ്ടുതുടങ്ങുന്ന നിലയം 66 ഡിഗ്രി വരെ ഉയരത്തിലെത്തും. വടക്കുകിഴക്ക് 32 ഡിഗ്രിയോളം ഉയരെ നിലയം അപ്രത്യക്ഷമാകും. 21നു രാവിലെ 5.35 നും അഞ്ചു മിനിറ്റോളം കാണാം.

അമെരിക്ക, റഷ്യ, കാനഡ, ജപ്പാൻ, ബ്രസീൽ എന്നിവരും യൂറോപ്യൻ സ്പേസ് ഏജൻസിയിലെ ആറു രാജ്യങ്ങളും ചേർന്നു നിർമിച്ച ബഹിരാകാശ നിലയം ഭൂമിയിൽ നിന്നു 330 കിലോമീറ്ററിനും 435 കിലോമീറ്ററിനും ഇടക്കുള്ള ഭ്രമണ പഥത്തിലാണു സഞ്ചരിക്കുക. വേഗം സെക്കൻഡിൽ 7.66 കിലോമീറ്റർ. മണിക്കൂറിൽ 27,600 കിലോമീറ്റർ. 92.69 മിനിറ്റുകൊണ്ട് ഭൂമിയെ ഒരു തവണ വലംവയ്ക്കും. ദിവസം 15.54 തവണ ഭൂമിയെ ചുറ്റും. ഭാരം 4,19,455 കിലോഗ്രാം, നീളം 72.8 മീറ്റർ, വീതി 108.5 മീറ്റർ. താമസയോഗ്യമായ സ്ഥലത്തിന്റെ വ്യാപ്തി 935 ഘനമീറ്റർ. ആറു പേർക്ക് താമസിക്കാനുള്ള സൗകര്യം.

കൊവിഡ് പശ്ചാത്തലത്തിൽ സോയൂസ് വിക്ഷേപണം മുടങ്ങുമോ എന്ന ആശങ്ക ഉണ്ടായിരുന്നു. എന്നാൽ പ്രതിരോധ സംവിധാനങ്ങൾ ശക്തമാക്കി ദൗത്യം മാറ്റിവയ്ക്കേണ്ടെന്നു തീരുമാനിക്കുകയായിരുന്നു. നിലയത്തിലേക്കുള്ള ഭക്ഷണ സാധനങ്ങളും പരീക്ഷണ ഉപകരണങ്ങളും എത്തിച്ചത് അതീവ ജാഗ്രതയോടെ. വൈറസ് സാന്നിധ്യം ഉണ്ടോ എന്ന് നിരവധി തവണ പരിശോധന നടത്തി.

കൊറോണ അരങ്ങുവാഴുന്നതു കണക്കിലെടുത്ത് നിലയത്തിലേക്കു പോകുന്ന സഞ്ചാരികൾക്കും മറ്റു ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർക്കും ദിവസങ്ങൾ നീണ്ട ക്വാറന്റൈൻ നിർദേശിച്ചിരുന്നു. അതിനു ശേഷമായിരുന്നു യാത്ര. ബഹിരാകാശ നിലയത്തിൽ പുതുതായി എത്തുന്നവരെ ആശ്ലേഷിച്ചു സ്വീകരിക്കുന്നതാണു പതിവ്. ഇക്കുറി അതും വേണ്ടെന്നു വച്ചു. സാമൂഹ്യ അകലത്തിന്റെ ബഹിരാകാശ പാഠങ്ങൾ.

സാമൂഹ്യ അകലം ഇന്ന് എല്ലാവർക്കും പരിചിതമായ ഒരു പദപ്രയോഗമാണ്. കൊറോണ കാലത്തിന്റെ സംഭാവന. ഇതുവരെ മരുന്നു കണ്ടുപിടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഏറ്റവും ഫലപ്രദമായ മരുന്ന്. ഇപ്പോൾ എല്ലാവരുടേയും ചുണ്ടുകളിൽ ഉരുവിടുന്ന മന്ത്രം ഇതാണ്. ലോക്ഡൗണിലൂടെ ലക്ഷ്യം വയ്ക്കുന്നതും ഇതുതന്നെ. സമൂഹ വ്യാപനം തടയാനുള്ള ഒറ്റമൂലി. അതുകൊണ്ടാണ് ഏപ്രിൽ 14 വരെ പ്രഖ്യാപിച്ചിരുന്ന ലോക്ഡൗൺ 30 വരെ നീളുന്നതും.

ഇങ്ങനെ സാമൂഹ്യ അകലം നിത്യജീവിതത്തിലെ ശീലമായി രൂപപ്പെടുമ്പോൾ അതിന്റെ പ്രതിധ്വനികൾ എല്ലായിടങ്ങളിലും അലയടിക്കുന്നുമുണ്ട്. ഭൂമിയിലും ആകാശത്തിലുമെല്ലാം.

ലോഗോ അകറ്റി കമ്പനികൾ

നിത്യേന കണക്കറ്റ മനുഷ്യജീവനുകളെടുത്ത് കൊവിഡ് ലോകം മുഴുവൻ ഭീകര താണ്ഡവമാടുമ്പോൾ സാമൂഹ്യ അകലമെന്ന സന്ദേശ പ്രചരണം ബഹുരാഷ്ട്ര കുത്തകകളും ഏറ്റെടുത്തു. അമെരിക്കൻ ഫാസ്റ്റ് ഫുഡ് ഭീമനായ മക്ഡോണാൾഡ് ലോഗോയിലെ M ചിഹ്നം പിളർത്തിയാണ് സാമൂഹ്യ അകലമെന്ന സന്ദേശം പ്രചരിപ്പിച്ചത്. കമ്പനി ബ്രസീലിലാണ് ആദ്യം ഈ പരീക്ഷണം നടത്തിയത്.

ജർമൻ ആഡംബര കാർ നിർമ്മാതാക്കളായ ഔഡിയും ലോഗോയ്ക്ക് രൂപമാറ്റം വരുത്തി. പരസ്പരം പിണഞ്ഞിരുന്ന നാലു വളയങ്ങളെ വേർപെടുത്തിയായിരുന്നു ഔഡിയുടെ ഉദ്യമം. സാമൂഹ്യ മാധ്യമ അക്കൗണ്ടുകളിലാണ് ഈ മാറ്റം.

ജർമൻ വാഹന നിർമാതാക്കളായ മേഴ്സിഡസ് ബെൻസും ലോഗോയിൽ മാറ്റം വരുത്തി. ലോഗോയിലെ ത്രികോണാകൃതിയിലുള്ള ഭാഗവും ചുറ്റുമുള്ള വളയവും തമ്മിലുള്ള അകലം കൂട്ടിയാണ് 'സാമൂഹ്യ അകലം' പാലിച്ചത്.

ജർമൻ വാഹന നിർമാണ കമ്പനി തന്നെയായ ഫോക്സ് വാഗണും ലോഗോയിൽ രൂപമാറ്റം വരുത്തി. VolksWagen എന്നതിന്റെ ചുരുക്കമായ W V ചേർത്തായിരുന്നു ഇതുവരെ ലോഗോയിലെങ്കിൽ W, V എന്നിവയെ പരസ്പരം അകറ്റിയാണ് രൂപകൽപ്പനയും പ്രചാരണവും.

ഏറെ സുപരിചിതമായ കൊക്കകോള പേരിലെ സി മുതൽ എ വരെയുള്ള ഇംഗ്ലീഷ് അക്ഷരങ്ങളെ അകറ്റി എഴുതിയായിരുന്നു സാമൂഹ്യ അകലം പാലിക്കാനുള്ള സന്ദേശ വാഹകരായത്.

ഇതുവരെ ഹസ്തദാനമായിരുന്നു ലാറ്റിനമേരിക്കയിലെ പ്രമുഖ ഇ-കൊമേഴ്സ് കമ്പനിയായ മെർക്കാഡോ ലിബറയുടെ ലോഗോ. അതു മാറ്റി ഇരു ഭാഗത്തേക്കും തിരിഞ്ഞു നിൽക്കുന്നു മുഷ്ടികളാക്കി രൂപാന്തരം വരുത്തിയാണ് അകലാഹ്വാനം ഏറ്റെടുത്തത്.

കായികോപകരണ നിർമാതാക്കളായ നൈക്കി സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാപക പ്രചാരണം നടത്തിയാണ് ഇതിന്റെ ഭാഗമായത്. 'ലോകത്തിലെ ശതകോടി ജനങ്ങൾക്കു വേണ്ടി കളിക്കാൻ നിങ്ങൾ സ്വപ്നം കണ്ടിട്ടുണ്ടോ, എങ്കിൽ ഇതാണ് അവസരം. അകത്തിരുന്നു കളിക്കൂ, ലോകത്തിനു വേണ്ടി' ഇതായിരുന്നു അവരുടെ സന്ദേശം.

ലോകത്തിലെ മികച്ച വാഴപ്പഴ ഉത്പാദകരായ ചികിറ്റ അതിന്റെ ലോഗോയിലെ മിസ് ചികിറ്റയെ മാറ്റി 'വീട്ടിലിരുത്തിയാണ്' അകലത്തിന്റെ സന്ദേശ വാഹകരായത്. ഒപ്പം മിസ് ചികിറ്റയുടെ സന്ദേശവും. "ഞാൻ വീട്ടിൽ തന്നെയാണ്. നിങ്ങളും അങ്ങനെ തന്നെ ചെയ്യുക, സ്വയരക്ഷയ്ക്കു വേണ്ടി".

ഇങ്ങനെ വമ്പന്മാരും വൻകിടക്കാരുമടക്കം ലോകം മുഴുവൻ സാമൂഹ്യ അകലത്തിനു വേണ്ടി ആർത്തുവിളിക്കുന്നതാണ് നമുക്കു കേൾക്കാനാവുന്നത്, സ്വയരക്ഷയ്ക്കും വ്യാപനം തടഞ്ഞ് സമൂഹ രക്ഷയ്ക്കും.

അകലം പാലിക്കൽ: ഇന്ത്യൻ യാഥാർഥ്യം

എന്നാൽ ഈ പദപ്രയോഗത്തെ എതിർക്കുന്നവരുമുണ്ട്. ഡൽഹി സെന്റ് സ്റ്റീഫൻസ് ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം തലവനും പ്രമുഖ സർജനുമായ ഡോ. മാത്യു വർഗീസ് പറയുന്നു 'വേണ്ടത് ശാരീരിക അകലം ഹ്യൂമൻ ഡിസ്റ്റൻസിങ്' ആണ്. അല്ലെങ്കിൽ 'മാൻ ടു മാൻ സ്പേസിങ്'.

പോളിയോ നിർമാർജനത്തിനും ക്ലബ് ഫുട്ട് ചികിത്സയിലും പ്രമുഖ പങ്കുവഹിച്ച് 2018ൽ ലോകത്തെ രക്ഷിക്കുന്ന അഞ്ചു ഹീറോകളിൽ ഒരാളായി ബിൽ ഗേറ്റ്സ് ഫൗണ്ടേഷൻ തെരഞ്ഞെടുത്ത അദ്ദേഹം വിശദീകരിക്കുന്നു- "സാമൂഹ്യ അകലം എന്ന പ്രയോഗം തുടക്കം മുതൽ എന്നെ വിഷമിപ്പിച്ചിരുന്നു. കാരണം, രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾ നൂറ്റാണ്ടുകളായി 'സാമൂഹ്യ അകലത്തിലാണ്' ജീവിക്കുന്നത്. ചില നടപടികളിലൂടെ അവരിൽ കുറെ പേർക്ക് സാമ്പത്തികമായി അൽപ്പം മാറ്റം വന്നിരിക്കാം. എന്നാൽ സാമൂഹ്യമായി അവർ അകലെത്തന്നെയാണ്. അവർ സമീപത്തെങ്ങും എത്തുന്നത് സമൂഹത്തിലെ ഉന്നതവിഭാഗം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ശാരീരിക അകലം തന്നെ എല്ലായിടത്തും എങ്ങനെ നടപ്പാക്കും. ഉത്തരേന്ത്യയിൽ വീടുകളെന്നോ മുറികളെന്നോ പറയാനാവില്ലാത്ത അടച്ചുമൂടിയ ഒരിടത്ത് എട്ടും പത്തും പേർ കിടന്നുറങ്ങുന്നിടത്ത് ഇതെങ്ങനെ പ്രായോഗികമാവും?".

കൊവിഡിനെതിരായ പോരാട്ടത്തിൽ സാങ്കേതിക ശേഷിയും മാനവ ശേഷിയുമാണ് ആവശ്യമെന്നും അദ്ദേഹം പറയുന്നു.

ദുരിതമുഖത്താണെങ്കിലും ഏറെ പരിഗണിക്കപ്പെടേണ്ട ചിന്ത തന്നെയാണിത്. പാർശ്വവത്കരിക്കപ്പെട്ടവർക്ക് നൽകേണ്ട പരിഗണന. അതിലേറെ അതിനുള്ള മനോഭാവം.

പ്രാഥമിക സൗകര്യങ്ങളോ ഭക്ഷണമോ ലഭിക്കാതെ പട്ടിണിയിലായ തൊഴിലാളികൾ കിലോമീറ്ററുകൾ കാൽനടയായി പോകുന്ന കൂട്ടപ്പലായനത്തിന്റെ ചിത്രം ഈ ദുരന്തകാലത്തു നിന്നുള്ളതാണ്. ഒടുവിൽ യുപി സർക്കാർ കുറെ ബസുകൾ ക്രമീകരിച്ചു. ഇങ്ങനെ യുപിയിലെത്തിയവരെ ബസിൽ നിന്നിറക്കി കൂട്ടത്തോടെ പൊതു സ്ഥലത്തിരുത്തി പോലീസ് അണുനാശിനി സ്പ്രേ ചെയ്ത പ്രാകൃത നടപടിയും നാം കണ്ടു. ഈ മനോഭാവത്തിന്റെ മാറ്റമാണുണ്ടാവേണ്ടത്.

ആഗോള തീണ്ടൽ

ഇതിന് അനുബന്ധമായി വേദശാസ്ത്ര പണ്ഡിതനായ ഫാ. ഡോ. കെ.എം. ജോർജിന്റെ നിരീക്ഷണങ്ങളെ ചേർത്തുവായിക്കാം.

"വൈറസ് സൃഷ്ടിച്ച ഒരു പുതിയ തൊട്ടുതീണ്ടൽ (Viral Untouchabilty). മനുഷ്യനു മനുഷ്യനെ തൊടാൻ പാടില്ല. അമ്മയ്ക്കു കുഞ്ഞിനെ ഉമ്മ വയ്ക്കാനാവില്ല. മുത്തശിക്കു പേരക്കുട്ടിയെ വാരിപ്പുണരാനാവില്ല. വൈദ്യനു രോഗിയെ തൊട്ടു പരിശോധിക്കാനാവില്ല. വൈദികനു ഭക്തരെ മൂർധാവിൽ അനുഗ്രഹിക്കാനാവില്ല. പ്രണയ ജോഡികൾക്ക് ശ്വാസം പകരാനാവില്ല. മരിച്ചുപോയ പ്രിയപ്പെട്ടവർക്ക് അന്ത്യചുംബനം പാടില്ല. ആഗോള തീണ്ടൽ, സർവത്ര അശുദ്ധം.

കീഴ്ജാതിയെ തൊട്ടാൽ തങ്ങൾ അശുദ്ധരാകുമെന്നു ഒരിക്കൽ മേൽജാതികൾ കരുതി. വൈറസ് വന്നപ്പോഴും തൊട്ടാൽ തീണ്ടൽ. വൈറസ് പകരും. ഇവിടെ ജാതിയില്ല, വംശമില്ല, തൊലിയുടെ നിറമില്ല. ആര് ആരെ തൊട്ടാലും അശുദ്ധം, രോഗം, മരണം. അതുകൊണ്ട് കൃത്യമായ അകലം പാലിക്കണം.

മനുഷ്യജാതി ഒറ്റ ശരീരമാണെന്നു മതങ്ങൾ പഠിപ്പിക്കുന്നു. ഒരു പടി കൂടി കടന്ന് പ്രപഞ്ചം മുഴുവൻ ഒരു ഗാത്രമാണെന്നു പഠിപ്പിക്കുന്നു".

എന്നാൽ ഇതനുസരിച്ചായിരുന്നോ നമ്മുടെ പ്രയാണം? അപ്പോൾ അതിന്റെ തിരിച്ചടികൾ ഏറ്റുവാങ്ങിയല്ലേ പറ്റൂ.

മുതുവാന്മാർക്കും കിണ്ടിക്കും നമസ്തേ

ബഹുരാഷ്ട്ര കുത്തകകളും വിദഗ്ധരും അവിടെ നിൽക്കട്ടെ. മൂന്നാറിലെ മുതുവാന്മാരുടെ ഇടമലക്കുടി എന്ന ഉൾപ്രദേശത്തെ ആദിവാസി കുടിയിലേക്കു ചെല്ലാം. പുറത്തുനിന്നു ചെല്ലുന്നവരോട് നിശ്ചിത അകലത്തിൽ നിന്നേ അവർ വിവരങ്ങൾ ആരായൂ. അനുഭവം ചിട്ടപ്പെടുത്തിയ പെരുമാറ്റക്രമം. പരിഷ്കൃതരും പുരോഗതി പ്രാപിച്ചവരും ഇന്ന് അതു ശീലിക്കാൻ ശ്രമിക്കുമ്പോൾ പാവം മുതുവാന്മാർ എന്നേ അത് ശീലമാക്കി കഴിഞ്ഞിരിക്കുന്നു.

ഇതുപോലെ പഴയ പല ശീലങ്ങളും ഇന്നു നാം അഭ്യസിക്കുന്നു. കൊവിഡ് ബാധിക്കാതിരിക്കാൻ കൂടെ കൂടെ കൈ കഴുകണമെന്നാണല്ലോ ആഹ്വാനം.

പഴയകാലം ഓർമയിലുള്ളവർക്ക് അറിയാം; വലുതാവട്ടെ ചെറുതാവട്ടെ എല്ലാ വീടുകളുടേയും ഉമ്മറത്തോ പ്രവേശന കവാടത്തിനു മുന്നിലോ കിണ്ടിയിലോ മൊന്തയിലോ മറ്റു പാത്രങ്ങളിലോ വെള്ളം വച്ചിരുന്നു. പുറത്തു പോയിവന്നാൽ കൈയും കാലും മുഖവും കഴുകി മാത്രമേ ആളുകൾ വീട്ടിൽ കയറുമായിരുന്നുള്ളൂ. മരണവീട്ടിൽ പോയി വന്നാൽ ഉടുത്തിരുന്ന വസ്ത്രങ്ങൾ വെയിലത്ത് ഇട്ട് ഉണക്കിയെടുക്കുമായിരുന്നു. ആധുനിക സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്നപ്പോഴും പഴമക്കാർ പരിചയിച്ച ശുചിത്വത്തിന്റെ അനുഭവ പാഠം. ഇന്നു വൈറസ് ആക്രമിക്കുമ്പോൾ മാത്രമാണ് സോപ്പിട്ടു കൈ കഴുകുന്നതും അതെങ്ങനെയെന്നു പഠിപ്പിക്കുന്നതും.

ഹസ്തദാനം, ആലിംഗനം പോലെ സ്പർശിച്ചുകൊണ്ടുള്ള സാമൂഹ്യ ആശംസകൾ ഒഴിവാക്കുക ഇന്ന് എല്ലായിടങ്ങളിലും നൽകുന്ന മുന്നറിയിപ്പാണ്. പഴയ ശീലമോ രണ്ടു കൈയും കൂപ്പി, തല വണങ്ങി നമസ്തേ എന്നോ നമസ്കാരം എന്നോ പറഞ്ഞ് അഭിവാദ്യം ചെയ്യുക. ഇതിന്റെ ഹൃദ്യത മറ്റെന്തിലും ഉണ്ടോ? അതാണു പഴമയുടെ പെരുമ.

അടുക്കാം മനസു കൊണ്ട്

ഇതുവരെ നാം കൂട്ടായ്മയുടെ അനുഭവം പങ്കുവച്ചവരാണ്. ശാരീരികമായി അടുത്ത് ഇടപഴകിയവരാണ്. എന്നാൽ ആ അടുപ്പത്തിനിടയിലും മാനസികമായി അതുണ്ടായിരുന്നോ? യഥാർഥത്തിൽ ശാരീരികമായി അടുത്തും മാനസികമായി അകന്നും കഴിയുകയായിരുന്നില്ലേ? ഇന്ന് കാലം നമ്മോട് ആവശ്യപ്പെടുന്നു; ശാരീരികമായി അകന്നും മാനസികമായി അടുത്തും കഴിയാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെ ഉണ്ടാവും. പ്രത്യേകിച്ചും കേരളത്തിൽ. ജനസാന്ദ്രത അത്ര വലുതാണ്. 860 പേരാണ് ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ പാർക്കുന്നത്. പക്ഷേ, ഇതൊരു അനിവാര്യതയാണ്.

എപ്പോൾ ഫോൺ വിളിച്ചാലും ആദ്യം കുറെ നേരം സന്ദേശമാണ്. കൈ കഴുകണം. മുഖത്തോ കണ്ണിലോ മൂക്കിലോ ഒന്നും കൈകൊണ്ടു സ്പർശിക്കാതിരിക്കുക, ചുമക്കുകയോ തുമ്മുകയോ ചെയ്യുമ്പോഴൊക്കെ തൂവാല കൊണ്ട് മുഖം മറയ്ക്കാൻ ശ്രദ്ധിക്കുക എന്നിങ്ങനെ... പൊതു ഇടങ്ങളിൽ തുപ്പുന്നത് ഒഴിവാക്കുക എന്നുകൂടി ചേർത്ത് അതൊരു ജീവിതക്രമമായി നാം സ്വീകരിക്കുമോ? അത്തരമൊരു സാമൂഹ്യമാറ്റത്തിനു കൊവിഡ് പ്രേരണയാവുമോ? അത്തരം ജീവിതക്രമവും മര്യാദയും ദൈനംദിന പെരുമാറ്റ ശൈലിയായി രൂപപ്പെടുത്താൻ നമുക്കാവുമോ? എങ്കിൽ അനുഭവം അഭ്യസിപ്പിക്കുന്ന ഗുണപാഠമാവുമത്.

എന്തായാലും കൊവിഡിന്റെ പീഡാനുഭവ കാലം കഴിയും. അതിജീവനത്തിന്റെ, ഉയിർപ്പിന്റെ സുപ്രഭാതം വിരിയും. അതിനു അധികനാൾ വേണ്ടി വരില്ല. മൂന്നാം നാളാണ് ഉയിർപ്പ്. അതുവരെ സഹനത്തിന്റെ, സ്വയം നിയന്ത്രണത്തിന്റെ കാലം. ആ അൽപകാലം കൂടി നമുക്ക് അകലം പാലിക്കാം. സ്വയരക്ഷയ്ക്കു വേണ്ടി, ഉയിർപ്പിനുള്ള കാത്തിരുപ്പ്.

വാൽക്കഷണം :

ചക്കയെ തലയിലേറ്റാം. ചുളയും കുരുവുമൊക്കെ ആവോളം നുകരാം. 'ചക്ക വിശപ്പിനുള്ള വിഭവം മാത്രമല്ല; മരുന്നു കൂടിയാണ്. അതുകൊണ്ട് അകലം ചക്കയോടു വേണ്ട' എന്നു പത്രവാർത്ത.

അർധ അതിവേഗപാത അഞ്ചുവർഷത്തിനകം

പദ്ധതിരേഖയ്ക്ക് കെ- റെയ്ൽ അംഗീകാരം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കേരളത്തിലെ ഗതാഗത സംവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ പ്രതീക്ഷിക്കുന്ന തിരുവനന്തപുരം- കാസർകോട് അർധ അതിവേഗ റെയ്ൽപാതയുടെ (സിൽവർ ലൈൻ) വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) കേരള റെയ്ല് ഡെവലപ്മെന്റ് കോർപറേഷൻ (കെ-റെയ്ല്) ബോർഡ് യോഗം അംഗീകരിച്ചു.

സാധ്യതാ പഠനറിപ്പോർട്ടിലെ അലൈൻമെന്റ് ഏറെക്കുറെ അംഗീകരിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ തിരൂർ വരെ ഇപ്പോഴത്തെ റെയ്ല്പാതയിൽനിന്ന് മാറിയും തുടർന്ന് കാസർകോട് വരെ ഇപ്പോഴത്തെ പാതയ്ക്ക് സമാന്തരവുമായിട്ടായിരിക്കും സിൽവർ ലൈൻ നിർമിക്കുന്നത്.

ഡിപിആർ പ്രകാരം പുതുക്കിയ പദ്ധതി ചെലവ് 63,941 കോടി രൂപയാണ്. സാധ്യതാ പഠന റിപ്പോർട്ടിലുണ്ടായിരുന്നതിനെക്കാൾ രണ്ടായിരത്തിലേറെ കോടി രൂപ കുറവാണിത്. ഈ വർഷം പണി തുടങ്ങി അഞ്ചു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഡിപിആർ സംസ്ഥാന സർക്കാരിനും റെയ്ൽവേ മന്ത്രാലയത്തിനും സമർപ്പിക്കും. തുടർന്ന് നീതി ആയോഗ്, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അനുമതി വാങ്ങണം.

രണ്ട് പുതിയ റെയ്ൽവേ ലൈനുകൾ ചേർത്ത് ഹരിത ഇടനാഴിയായി നിർമിക്കുന്ന ഈ പാതയിലൂടെ മണിക്കൂറിൽ 200 കിലോമീറ്റർ വേഗത്തിൽ ട്രെയ്നുകൾക്ക് സഞ്ചരിക്കാനാകും. പൈതൃക സ്ഥാപനങ്ങളെയും ആരാധനാലയങ്ങളെയും ഒഴിവാക്കാൻ വേണ്ടി റിപ്പോർട്ടിലെ അലൈൻമെന്റിൽ പരമാവധി പത്തു മുതൽ 50 മീറ്റർ വരെ മാറ്റം വരുത്തിയിട്ടുണ്ട്.

തിരുവനന്തപുരത്തുനിന്ന് 11 ജില്ലകളിലൂടെ 530.6 കിലോമീറ്റർ നാലു മണിക്കൂർ കൊണ്ട് പിന്നിട്ട് കാസർഗോടെത്തുന്ന സിൽവർ ലൈനിൽ 11 സ്റ്റേഷനുകളുണ്ടാകും. സാധ്യതാപഠന റിപ്പോർട്ടിലുണ്ടായിരുന്ന കാക്കനാട് സ്റ്റേഷനു പുറമെ കൊച്ചി വിമാനത്താവളത്തിൽ പുതിയ സ്റ്റേഷനുണ്ടാകും. ഏറെ തിരക്കുള്ള തിരുവനന്തപുരം-എറണാകുളം ഭാഗത്ത് യാത്രാസമയം ഒന്നര മണിക്കൂറാണ്.

പാരീസിലെ സിസ്ട്ര ജിസിയാണ് കെ-റെയിലിനുവേണ്ടി ഡിപിആർ തയാറാക്കിയത്. എയർക്രാഫ്റ്റ് ഉപയോഗിച്ചുള്ള ലൈഡാർ സർവെ, മലിനീകരണത്തിന്റെ തോത് അടിസ്ഥാനപ്പെടുത്തിയുള്ള പരിസ്ഥിതി ആഘാത പഠനം, ശാസ്ത്രീയമായ മണ്ണു പഠനം, രാത്രിയാത്ര, വിനോദ സഞ്ചാരം തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ഗതാഗത സർവെയ്ക്കുശേഷം കഴിഞ്ഞ മാസമാണ് ഡിപിആർ തയാറാക്കിയത്. കൊവിഡ് വ്യാപനം മൂലം കെ-റെയിൽ ബോർഡ് കൂടാൻ കഴിയാതിരുന്നതുകൊണ്ട് റിപ്പോർട്ട് പുറത്തിറക്കാൻ വൈകുകയായിരുന്നു.

സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വളർച്ചയെ ത്വരിതപ്പെടുത്തുന്ന തരത്തിലായിരിക്കും പദ്ധതി നടപ്പാക്കുന്നതെന്ന് കെ-റെയിൽ മാനേജിങ് ഡയറക്റ്റർ വി. അജിത് കുമാർ പറഞ്ഞു.

യാത്രാസമയം കുറയുന്നതോടെ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വളർച്ച സംസ്ഥാനമാകെ വ്യാപിക്കും. ഗ്രാമപ്രദേശങ്ങളിൽനിന്നുപോലും എളുപ്പത്തിൽ നഗരങ്ങളിലെത്താൻ ജനങ്ങൾക്ക് കഴിയുന്നതുകൊണ്ട് താമസം, ഭക്ഷണം എന്നിവ വഴിയുള്ള ജീവിതച്ചെലവ് വൻതോതിൽ കുറയുമെന്ന് അദ്ദേഹം പറഞ്ഞു.

ഡിപിആറിലെ മറ്റു വിവരങ്ങൾ:

* ഒൻപതു കാറുകൾ വീതമുള്ള ഇഎംയു ആണ് സിൽവർലൈനിൽ ഉപയോഗിക്കുന്നത്.
* ഒരു ട്രെയിനിൽ 675 യാത്രക്കാർ.
* ബിസിനസ് ക്ലാസിൽ ഓരോ വശത്തും രണ്ടു സീറ്റു വീതം
* സ്റ്റാൻഡേർഡ് ക്ലാസിൽ ഒരു വശത്ത് മൂന്നും മറുവശത്ത് രണ്ടും സീറ്റുകൾ.
* ഇന്ധനം കെഎസ്ഇബിയിൽ നിന്നും സൗരോർജ യൂണിറ്റുകളിൽ നിന്നും.
* മൊത്തം ചെലവിന്റെ 52 ശതമാനം വായ്പ.
* ബാക്കി ചെലവ് റെയ്ൽവേ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ധനകാര്യ സ്ഥാപനങ്ങൾ.

തമിഴ്നാട്ടിൽ നിന്ന് പച്ചക്കറി വണ്ടിയിലെത്തിയ 3 പേരെ പിടികൂടി

തിരുവനന്തപുരം: തമിഴ്നാട്ടിൽനിന്നും പച്ചക്കറി വണ്ടിയിൽ കേരളത്തിലേക്കു കടന്ന മൂന്നു പേർ കസ്റ്റഡിയിൽ. തമിഴ്നാട് സ്വദേശികളായ മുരുകൻ, ഭൂതപ്പാണ്ടി, സഹ്യനാഥൻ എന്നിവരാണ് കസ്റ്റഡിയിലായത്. മൂന്നു പേരെയും കരമന പൊലീസ് ഹോട്ടലിൽ നിന്നാണ് കസ്റ്റഡിയിലെടുത്തത്.

തിരുവനന്തപുരത്ത് ഹോട്ടൽ നടത്തുന്നവരാണിവർ. കേരളത്തിലേക്കു വരാൻ വാഹനം ലഭിക്കാത്തതിനെ തുടർന്നാണ് പച്ചക്കറി വണ്ടിയെ ആശ്രയിച്ചത്. പൊലീസിനു വിവരം ലഭിച്ചതിനെ തുടർന്ന് ഹോട്ടലിൽ പരിശോധന നടത്തി ഇവരെ പിടികൂടുകയായിരുന്നു. മൂന്നു പേരെയും നിരീക്ഷണത്തിലാക്കി.

ലോക് ഡൗൺ നിർദേശങ്ങൾ ലംഘിച്ച് നടത്തുന്ന അനധികൃത യാത്ര തടയാൻ തിരുവനന്തപുരം-തമിഴ്നാട് അതിർത്തിയിലുള്ള വഴികളെല്ലാം കഴിഞ്ഞ ദിവസം പൊലീസ് അടച്ചിരുന്നു. ലോക് ഡൗൺ കാറ്റിൽപ്പറത്തി തമിഴ്നാട്ടിൽ നിന്നും അനധികൃതമായി വാഹനങ്ങൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണു പൊലീസ് നടപടി. രാത്രികാലങ്ങളിൽ പൊലീസിനെ കബളിപ്പിച്ച് ആളെ കടത്തിയ ആംബുലൻസും പൊലീസ് പിടികൂടിയിരുന്നു.

തമിഴ്നാട്ടിൽ നിന്നുള്ള ചരക്കുലോറികളും രോഗികളുമായി വാഹനങ്ങളും കർശന പരിശോധനയ്ക്കുശേഷമാണ് ഇപ്പോൾ കടത്തിവിടുന്നത്.

ഞായറാഴ്ച വരെ മഴയ്ക്കും ഇടിമിന്നലിനും സാധ്യത

തിരുവനന്തപുരം: ഞായറാഴ്ച വരെ കേരളത്തിൽ ചിലയിടങ്ങളിൽ ഇടിയോടു കൂടിയ മഴയ്ക്കും മിന്നലിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ ഇപ്പോൾ ലഭിക്കുന്ന മഴയോടനുബന്ധിച്ച് ഉച്ചയ്ക്ക് രണ്ടു മണി രാത്രി 10 മണി വരെയുള്ള സമയത്ത് ഇടിമിന്നലിനുള്ള സാധ്യതയുണ്ട്. ചില സമയങ്ങളിൽ രാത്രി വൈകിയും ഇത് തുടർന്നേക്കാം. ഇത്തരം ഇടിമിന്നൽ അപകടകാരികൾ ആണ്. അവ മനുഷ്യജീവനും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി ഇടിമിന്നലിനെ ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

സ്റ്റാർട്ടപ്പുകൾക്ക് സിംഗിൾ വിൻഡോ പ്ലാറ്റ്ഫോം

തിരുവനന്തപുരം: കൊവിഡ് 19 വെല്ലുവിളിയായി മാറിയ സാഹചര്യത്തിൽ സ്റ്റാർട്ടപ്പുകൾക്ക് പ്രതിസന്ധികൾ മറികടക്കുന്നതിനായി ആഗോള ഫണ്ടിങ് പദ്ധതികളുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാൻ കേരള സ്റ്റാർട്ടപ് മിഷൻ (കെഎസ്‌യുഎം) ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിച്ചു. പദ്ധതികളുടെ സമഗ്രവിവരങ്ങൾ കെഎസ്‌യുഎം ശേഖരിച്ച് ഒറ്റ പേജിലാക്കി വെബ് പോർട്ടലിൽ പോസ്റ്റ് ചെയ്യും. ധനസമാഹരണ പദ്ധതികളും കൊവിഡുമായി ബന്ധപ്പെട്ട ചലഞ്ചുകളും ഇതിൽ കോർത്തിണക്കിയിട്ടുണ്ട്. ചലഞ്ചുകളിൽ പങ്കെടുക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് അപേക്ഷിക്കാം.

വീട്ടിലിരുന്ന് ജോലി ചെയ്യുമ്പോഴും സ്റ്റാർട്ടപ്പുകളെ കാര്യക്ഷമമായി സഹായിക്കുന്ന തരത്തിൽ എല്ലാ ടൂളുകളേയും ഈ പോർട്ടലിൽ ഒരുമിപ്പിച്ചിട്ടുണ്ട്. പ്രമുഖ വൻകിട സ്ഥാപനങ്ങളെല്ലാം വിഡിയോ കോൺഫറൻസിങ്, വർക്ക് മാനെജ്മെന്റ് ടൂൾസ് തുടങ്ങിയ ഓൺലൈൻ ടൂളുകൾ പങ്കുവച്ചിട്ടുണ്ട്. ഇവ ഒറ്റ വെബ് പേജിൽ ലഭിക്കുന്നതിനാൽ കൂടുതൽ സ്റ്റാർട്ടപ്പുകൾക്ക് വർക്ക് ഫ്രം ഹോമിന് ഇത് ഉപയുക്തമാകും. കൊവിഡിനെക്കുറിച്ചുള്ള സുപ്രധാന പുതിയ വിവരങ്ങളും ഈ പേജിലുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിലെ പരാതികൾ സ്റ്റാർട്ടപ്പുകൾക്ക് സ്റ്റേറ്റ് പോർട്ടലിലൂടെ സമർപ്പിക്കാം. അതത് വകുപ്പുകൾ അവ പരിഹരിക്കും. വിശദവിവരങ്ങൾക്ക് https://singlewindow.startupmission.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കണം.

ദുരിതാശ്വാസ നിധിയിലേക്ക് സൗദിയിൽ നിന്ന് വിഷുക്കൈനീട്ടം

* സൗദിയിലെ ദമാം നവോദയ ബാലവേദി കുട്ടികൾ വിഷുക്കൈനീട്ടമായി ലഭിച്ച 2,03,999 രൂപ.
* ശിശുക്ഷേമ സമിതിയുടെ കുട്ടികൾക്ക് വിഷുക്കൈനീട്ടമായി ലഭിച്ച 3001 രൂപ.
* സംസ്ഥാനത്തെ പൊലിസ് സഹകരണ സംഘങ്ങൾ 2.24 കോടി.
* വി.കെ. ശ്രീകണ്ഠൻ എംപിയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ.
* നടക്കുതാഴ സർവീസ് സഹകരണ ബാങ്ക് 52.25 ലക്ഷം.
* തൃശൂർ ജില്ലാ പഞ്ചായത്ത് 50 ലക്ഷം.
* പി.സി. താഹിർ, തായ് ഗ്രൂപ്പ് കോഴിക്കോട് 50 ലക്ഷം.
* സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ 25 ലക്ഷം.
* സുപ്രീംകോടതി സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്ത 10 ലക്ഷം.
* ജസ്റ്റിസ് എ. ലക്ഷ്മിക്കുട്ടി ഒരുലക്ഷം.
* സക്കാത്ത് ദാനത്തിൽനിന്ന് കേരള സെറാമിക്സ് ലിമിറ്റഡ് (കൊല്ലം കുണ്ടറ) ചെയർമാൻ വായോളി മുഹമ്മദ് മാസ്റ്റർ, ആഷിഖ് കൈനിക്കാര തിരൂർ, ജംഷീദ് പി. ലില്ലി തിരൂർ, മലപ്പുറം എൻഎംകെ ഫൗണ്ടേഷൻ ചെയർമാൻ എം. മുഹമ്മദ്കുട്ടി എന്നിവർ ഒരു ലക്ഷം രൂപ വീതം.
* ഇടുക്കി ജില്ലയിലെ സഹകരണബാങ്ക് ജീവക്കാർ, വിവിധ പഞ്ചായത്തുകൾ, നാട്ടുകാർ എന്നിവർ ചേർന്ന് സമാഹരിച്ച 1.06, 26,789 രൂപ.
* മലനാട് സൊസൈറ്റിയുടെ ഡയറക്റ്റർ ഫ. തോമസ് മറ്റമുണ്ടയിൽ ദുരിതാശ്വാസ നിധിയിലേക്ക് 5 ലക്ഷം രൂപ.
* സാഹിത്യകാരൻ അംബികാസുതൻ മാങ്ങാട് റോയൽറ്റി ഇനത്തിൽ ലഭിച്ച 1 ലക്ഷം രൂപ.
* കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (സിഐടിയു) സംസ്ഥാന സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അംഗങ്ങളിൽ നിന്ന് 32.33 കോടി രൂപ
* മടിക്കൈ സർവീസ് സഹകരണ ബാങ്ക് 20 ലക്ഷം
* സാക്ഷരതാമിഷൻ ഡയറക്റ്റർ, ജീവനക്കാർ, ദിവസ വേതനക്കാർ 8,21,451 രൂപ
* യുണൈറ്റഡ് സെഫ്റ്റിക് ടാങ്ക് സിഇഒയും സഹപ്രവർത്തകരും ചേർന്ന് 10,43,121 രൂപ.
* പി.കെ. ശ്രീമതി ടീച്ചർ 1,50,000 രൂപ.
* കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്സ് ഓർഗനൈസേഷൻ 11.15 ലക്ഷം.
* കെഎസ്ആർടിസി പെൻഷനേഴ്സ് ഓർഗനൈസേഷൻ 10 ലക്ഷം.
* കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 3 ലക്ഷം.
* സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് 2 ലക്ഷം.

ട്രെയ്നിൽ തമിഴ്നാട്ടിൽ നിന്ന് ഒളിച്ചെത്തിയ നാല് റെയ്ൽവേ ഉദ്യോഗസ്ഥർ പിടിയിൽ

തിരുവനന്തപുരം: ട്രാക്ക് പരിശോധനയ്ക്ക് ഉപയോഗിക്കുന്ന തീവണ്ടിയിൽ (ട്രാക്ക് റെക്കോഡിങ് കാർ) തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് ഒളിച്ചുകടന്ന യുവ റെയ്ൽവേ എൻജിനിയർമാർ പിടിയിലായി. തിരുനെൽവേലിയിൽ നിന്നെത്തിയ പട്ടം സ്വദേശിനി ആര്യ ദാസൻ (25), കുളത്തൂർ സ്വദേശിനി അഞ്ജന (26), അയിരൂപ്പാറ സ്വദേശി ബീഗം സൽമ (27), കൊല്ലം കേരളപുരം സ്വദേശി പ്രേംജി ദാസ് എന്നിവർക്കെതിരേയാണ് റെയ്ൽവേ പൊലീസ് പകർച്ചവ്യാധി ഓർഡിനൻസ് നിയമപ്രകാരം കേസെടുത്തത്.

തിരുവനന്തപുരം സ്റ്റേഷനിലിറങ്ങി പുറത്തേക്കു പോകാൻ ശ്രമിച്ചപ്പോഴാണ് മൂന്നു യുവതികളും പൊലീസിന്റെ ശ്രദ്ധയിൽപ്പെട്ടത്. ഇവരെ സഹായിച്ച ട്രാക്ക് റെക്കോഡിങ് കാറിന്റെ ചുമതലയുണ്ടായിരുന്ന സീനിയർ സെക്ഷൻ എൻജിനിയർ, ഗാർഡ്, ലോക്കോ പൈലറ്റ് എന്നിവർക്കെതിരേയും കേസെടുത്തു.

പാളത്തിൽ പരിശോധന നടത്തുന്നതിന് നിശ്ചിത ദിവസങ്ങളിൽ ട്രാക്ക് റെക്കോഡിങ് കാർ എത്താറുണ്ട്. ഇതിന്റെ മറവിലാണ് ഉദ്യോഗസ്ഥർ നാട്ടിലേക്ക് കടന്നത്. എൻജിൻ, ഉപകരണങ്ങൾ ഘടിപ്പിച്ച കോച്ച്, ഗാർഡ് വാൻ എന്നിവ ഉൾപ്പെട്ടതാണ് ട്രാക്ക് റെക്കോഡിങ് കാർ. മധുരയിൽ കുടുങ്ങിയ ഇവർ പരിശോധനയ്ക്ക് ഉപയോഗിക്കുന്ന തീവണ്ടിയിൽ റെയ്ൽവേ ഉദ്യോഗസ്ഥരുടെ അനുമതിയോടെ കയറുകയായിരുന്നു.

മൂന്നുപേരെ തിരുവനന്തപുരം സ്റ്റേഷനിൽ ഇറക്കിയതിനുശേഷം ട്രാക്ക് റെക്കോഡിങ് കാർ കൊല്ലത്തേക്ക് തിരിച്ചിരുന്നു. സ്റ്റേഷനിൽ നിന്നും യുവതികൾ പുറത്തേക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടതോടെ പൊലീസ് ഇവരെ തടഞ്ഞ് ചോദ്യം ചെയ്യുകയായിരുന്നു. തുടന്ന് തിരുവനന്തപുരത്തു നിന്ന് സന്ദേശം കിട്ടിയതിനെത്തുടർന്ന് കൊല്ലം റെയ്ൽവേ പൊലീസ് നടത്തിയ പരിശോധനയിലാണ് കേരളപുരം സ്വദേശി പ്രേംജി ദാസിനെ കണ്ടെത്തിയത്.

കൊറോണ വ്യാപനത്തിന്റെ ഹോട്ട് സ്പോട്ടുകളിൽ ഒന്നായ തിരുനെൽവേലിയിലാണ് ഇവർ താമസിച്ചിരുന്നത്. ഇത്തരമൊരു പ്രദേശത്തുനിന്ന് യാത്ര അനുവദനീയമല്ല. ഭക്ഷണം മോശമായതുകൊണ്ടാണ് നാട്ടിലേക്കു തിരിച്ചതെന്ന് പിടിയിലായ ഉദ്യോഗസ്ഥർ പൊലീസിനോട് പറഞ്ഞു. സംഭവത്തെക്കുറിച്ച് റെയ്ൽവേയും അന്വേഷണം തുടങ്ങി.

ലോക്ഡൗൺ നിയമങ്ങൾ ലംഘിച്ച ഉദ്യോഗസ്ഥർക്കെതിരേ വകുപ്പുതല അച്ചടക്കനടപടി ഉണ്ടാകും. തലസ്ഥാനത്ത് പിടിയിലായ മൂന്നുപേരെയും മാർ ഇവാനിയോസ് കോളെജിലെ നിരീക്ഷണ കേന്ദ്രത്തിലേക്ക് മാറ്റി. റെയ്ൽവേ പൊലീസ് സർക്കിൾ ഇൻസ്പെക്റ്റർ ആസാദ് അബ്ദുൾകലാം, എസ്ഐ ശരത്കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടന്നത്.

പച്ചക്കറി കൃഷി ക്യാംപെയ്നുമായി സിപിഎം

തിരുവനന്തപുരം: ലോക ഭൗമ ദിനമായ 22ന് പച്ചക്കറി കൃഷിയുടെ ക്യാംപെയ്ൻ സംഘടിപ്പിക്കാൻ സിപിഎം തീരുമാനം. എല്ലാ പാർട്ടി അംഗങ്ങളുടേയും അനുഭാവികളുടേയും വീടുകളിൽ അന്നേദിവസം പച്ചക്കറി നടണമെന്നാണു സംസ്ഥാന സെക്രട്ടേറിയറ്റ് അഭ്യർഥന.

ഭൂമിക്കൊരു ദിവസം എന്ന നിലയിൽ സാർവദേശീയമായി ഏപ്രിൽ 22 ആചരിക്കാൻ തുടങ്ങിയിട്ട് 50 വർഷം തികയുകയാണ്. കൊവിഡിന്റെ സന്ദർഭത്തിൽ ഭൂമിയുടെ നിലനിൽപ്പിനും ജീവജാലങ്ങളുടെ സംരക്ഷണത്തിനും സവിശേഷ പ്രധാന്യമുണ്ട്. ലോക് ഡൗണിന്റെ സമയത്ത് അവരവരുടെ വീടുകളിൽ പച്ചക്കറി കൃഷി നടത്തണമെന്നു മുഖ്യമന്ത്രി അഭ്യർഥിച്ചിട്ടുണ്ട്. അതിന് ആവശ്യമായ വിത്തുകൾ സർക്കാരിന്റെ വിവിധ ഏജൻസികൾ നൽകുകയും ചെയ്യുന്നുണ്ട്. ഈ ആഹ്വാനത്തിനോട് ഐക്യപ്പെട്ടുകൊണ്ടാണ് പാർട്ടി ക്യാംപെയ്ൻ സംഘടിപ്പിക്കുന്നത്.

കടുത്ത വേനലിൽ വെള്ളത്തിന് ക്ഷാമം നേരിടുന്നുണ്ട്. അതുകൂടി കണ്ട് അടുക്കളയിലെ ഉപയോഗത്തിന് ശേഷമുള്ള വെള്ളം പച്ചക്കറി കൃഷിക്ക് ഉപയോഗിക്കാനും അടുക്കളത്തോട്ടമാക്കി മാറ്റാനും കഴിയണം. പാർട്ടി മുൻകൈയോടെ രൂപീകരിച്ചിട്ടുള്ള സംയോജിത കൃഷിയുടെ ജില്ലതല ഏകോപന സമിതികൾ ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകും.

ലോക് ഡൗണിന് ശേഷമുണ്ടാകാനിടയുള്ള സാഹാചര്യം മുൻകൂട്ടികണ്ട് ആവശ്യമായ പച്ചക്കറി ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയണമെന്നും സെക്രട്ടേറിയറ്റ്.

ഐടി മേഖലയിലെ അമ്മമാർക്കും കുട്ടികൾക്കുമായി 'ബാലമിത്രം'

തിരുവനന്തപുരം: കൊവിഡ്-19ന്റെ പശ്ചാത്തലത്തിൽ വീട്ടിലിരുന്ന് ജോലി ചെയ്യേണ്ടിവരുന്ന കുട്ടികളുള്ള രക്ഷിതാക്കൾക്കായി 'ബാലമിത്രം' എന്ന പേരിൽ ടെലിഫോൺ കൗൺസിലിങ് സംവിധാനം ആരംഭിച്ചതായി മന്ത്രി കെ.കെ. ശൈലജ. തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കേരള സംസ്ഥാന വനിതാ വികസന കോർപറേഷനുമായി ചേർന്നാണ് ഇതിനു തുടക്കമിട്ടത്.

ലോക് ഡൗൺ കാലമായതിനാൽ ബഹുഭൂരിപക്ഷവും വീടുകളിലാണുള്ളത്. ഐടി കമ്പനികളാകട്ടെ വർക്ക് അറ്റ് ഹോം അടിസ്ഥാനമാക്കിയാണ് ജോലി ചെയ്യുന്നത്. അതേസമയം വീടുകളിലുള്ള കുട്ടികൾ ജോലി ചെയ്യാൻ സമ്മതിക്കുന്നില്ല എന്ന പരാതിയും ഉയരുന്നുണ്ട്. ഇത്തരം ജീവനക്കാരെ, പ്രത്യേകിച്ച് ഐടി മേഖലയിലെ വനിതാ ജീവനക്കാരെ, ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിച്ചത്.

കുട്ടികളുടെ മനസിക സംഘർഷങ്ങൾ കണ്ടെത്തി വേണ്ട ഇടപെടലുകൾ നൽകുന്ന സേവനം ആവശ്യമായ ജീവനക്കാർക്ക് 8281381357 എന്ന നമ്പറിൽ വിളിക്കാം. കുട്ടികളിൽ കൊവിഡുമായി ബന്ധപ്പെട്ട് അമിത ഉത്കണ്ഠയുണ്ടോ എന്ന് പരിശോധിക്കാൻ ലഘുവായ ചെക്ക്‌ലിസ്റ്റും (www.cdckerala.org) ഇതിനായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. രക്ഷിതാക്കൾക്ക് ഇതുപയോഗിച്ച് കുട്ടികളുടെ മാനസികാവസ്ഥ വിലയിരുത്താം.

ആവശ്യമുള്ളവർക്ക് രാവിലെ 10 മുതൽ വൈകുന്നേരം മൂന്നു മണി വരെ ടെലിഫോൺ കൗൺസലിങ് സൗകര്യം പ്രയോജനപ്പെടുത്താം. രക്ഷിതാക്കൾക്കായി കുട്ടികളെ ഈ പ്രത്യേക സാഹചര്യത്തിൽ എങ്ങനെ പരിപാലിക്കണം എന്നതിനുള്ള മാർഗനിർദേശങ്ങളും നൽകും.

ആരോഗ്യ, വാഹന ഇൻഷുറൻസ് പോളിസികൾ പുതുക്കേണ്ട തീയതി നീട്ടി

കൊച്ചി: കൊവിഡ് 19 നുമായി ബന്ധപ്പെട്ട ലോക് ഡൗൺ നീട്ടിയ സാഹചര്യത്തിൽ വാഹന, ആരോഗ്യ ഇൻഷുറൻസ് പോളിസികൾ പുതുക്കാനുള്ള തീയതി മേയ് 15 വരെ നീട്ടി. ലോക്ക് ഡൗൺ കാലയളവിൽ പ്രീമിയം അടക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ കുറക്കാൻ ലക്ഷ്യമിട്ടാണ് തീരുമാനം. ഇതു സംബന്ധിച്ച് കേന്ദ്രം വിജ്ഞാപനം പുറപ്പെടുവിച്ചു.

തേഡ് പാർട്ടി മോട്ടോർ വാഹന ഇൻഷ്വറൻസിനും ആരോഗ്യ ഇൻഷ്വറൻസ് പോളിസികൾക്കുമാണ് ഇത് ബാധകം. മാർച്ച് 25നും മേയ് മൂന്നിനുമിടയിൽ കാലാവധി തീരുന്ന ആരോഗ്യ, മോട്ടോർ വാഹന തേർഡ് പാർട്ടി പോളിസി ഉടമകൾക്ക് കൊവിഡ് മൂലമുള്ള പ്രതിസന്ധി കാരണം പ്രീമിയം സമയത്തിന് പുതുക്കാൻ സാധിക്കുന്നില്ലെങ്കിൽ മേയ് 15നുള്ളിൽ പ്രീമിയം അടച്ചാൽ മതി. ഈ കാലയളവിൽ പുതുക്കേണ്ട സമയം കഴിഞ്ഞാലും പുതുക്കേണ്ട തീയതി മുതൽ പോളിസി നിലനിൽക്കുകയും തടസമില്ലാതെ ക്ലെയിം ചെയ്യാനും സാധിക്കും.

കരുതാം കുടിനീരും തണലും
വളർത്തു മൃഗങ്ങൾക്ക് തണൽ ഉറപ്പു വരുത്താനും പക്ഷികൾക്കും മൃഗങ്ങൾക്കും വെള്ളം ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതാണ്
KSDMA
https://sdma.kerala.gov.in

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി: പുണ്യപ്രവർത്തികൾക്കു സാമ്പത്തിക സഹായം ചെയ്യും. ആധ്യാത്മിക ആത്മീയചിന്തകളാൽ മനസമാധാനമുണ്ടാകും. തീരുമാനങ്ങളിൽ ഔചിത്യമുണ്ടാകും.

■ ഭരണി: അത്യാവശ്യത്തിനു കടം വാങ്ങും. അസുഖങ്ങൾ വർധിക്കും. അവധി ലഭി യ്ക്കാത്തതിനാൽ മനോവിഷമം തോന്നും. പകർച്ചവ്യാധി പിടിപെടും.

■ കാർത്തിക: ദീർഘകാലാവധി ലഭിക്കാത്തതിനാൽ വിഷമം തോന്നും. പ്രായാധിക്യമുള്ളവരുടെ വാക്കുകൾ അനുസരിക്കും. സ്വത്ത്തർക്കം പരിഹരിക്കും.

■ രോഹിണി: ജീവിതപങ്കാളിയുടെ ആഗ്രഹം സാധിപ്പിക്കും. വസ്ത്രാഭരണങ്ങൾ വാ ങ്ങും. ദേവാലയദർശനം നടത്തും. വിജ്ഞാനങ്ങൾ കൈമാറും..

■ മകയിരം: മേലധികാരിയുടെ സ്വകാര്യ ആവശ്യങ്ങൾക്ക് യാത്ര വേണ്ടിവരും. അധിക സംസാരം ഉപേക്ഷിക്കണം. അധിക്ഷേപങ്ങൾക്കു വിധേയനാകും.

■ തിരുവാതിര: സുരക്ഷിതമായ മേഖലയിൽ പണം മുടക്കും. വസ്ത്രാഭരണങ്ങൾ വാങ്ങാൻ പ്രതീക്ഷിച്ചതിലുപരി പണച്ചെലവ് അനുഭവപ്പെടും. മനസ്സന്തോഷവും ആത്മസംതൃപ്തിയും ഉണ്ടാകും.

■ പുണർതം: ഉദ്യോഗമുപേക്ഷിച്ച് ജന്മനാട്ടിലേക്കു യാത്ര പുറപ്പെടും. പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാൻ മനസാന്നിധ്യമുണ്ടാകും. ആത്മവിശ്വാസം വർധിക്കും.

■ പൂയം: പദ്ധതികൾക്ക് പൂർണരൂപമുണ്ടാകും. മനസമാധാനമുണ്ടാകും. വാഹന ഉപയോഗം സൂക്ഷിക്കണം. സ്വന്തം ശ്രദ്ധക്കുറവ് അന്യരെ പഴിക്കുവാൻ ഉപയോഗിക്കരുത്.

■ ആയില്യം: അതിഥി സൽക്കാരം വേണ്ടിവരും. കടം കൊടുത്ത സംഖ്യ തിരിച്ചു ലഭി ക്കും. സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കാൻ സാധിക്കും.

■ മകം: മംഗളകർമങ്ങളിൽ പങ്കെടുക്കും. പാരമ്പര്യ പ്രവർത്തികളിൽ വ്യാപൃതനാകും. ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ദുഃശ്ശീലങ്ങൾ ഒഴിവാക്കും.

■ പൂരം: വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ സംയുക്ത സംരംഭത്തിൽ നിന്നും പിന്മാറും. പുണ്യതീർത്ഥയാത്ര പുറപ്പെടും.

■ ഉത്രം: പ്രവർത്തനക്ഷമത വർധിക്കും. നിർധനർക്ക് സാമ്പത്തിക സഹായം ചെയ്യും. സുരക്ഷിത പദ്ധതികൾക്കു പണം മുടക്കും. മംഗളകർമങ്ങളിൽ പങ്കെടുക്കും.

■ അത്തം: അവസരോചിതമായി പ്രവർത്തിക്കാൻ യുക്തി തോന്നും. കുടുംബത്തിൽ ആഹ്ലാദ അന്തരീക്ഷമുണ്ടാകും. സൽകർമ്മങ്ങൾക്ക് പണം ചെലവാക്കും.

■ ചിത്ര: അപൂർണമായ വാക്കുകൾ ദുഷ്കീർത്തിക്കു വഴിയൊരുക്കും. അസുഖങ്ങൾ വർധിക്കും. അപര്യാപ്തതകൾ ഉൾക്കൊള്ളാൻ നിർബന്ധിതനാകും.

■ ചോതി: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. ആഗ്രഹങ്ങൾ സഫലമാകും. സുവ്യക്തമായ കർമപദ്ധതിക്കു രൂപകൽപ്പന തയ്യാറാകും.

■ വിശാഖം: ദമ്പതികളുടെ ആശയങ്ങൾ സഫലമാകും. ക്രയവിക്രയങ്ങളിൽ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും വേണം. ഉഷ്ണരോഗം വർധിക്കും.

■ അനിഴം: പ്രവർത്തനങ്ങളിൽ അബദ്ധം വന്നുചേരും. വ്യവസ്ഥകൾ പാലിക്കുവാൻ സാധിക്കില്ല. ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് അകാരണ തടസങ്ങൾ ഉണ്ടാകും.

■ തൃക്കേട്ട: പുതിയ ആശയങ്ങൾ പ്രാബല്യത്തിൽ വരുത്തും. പ്രയത്നങ്ങൾക്ക് പൂർണ ഫലമുണ്ടാകും. മാതാപിതാക്കൾക്ക് ഇഷ്ടമില്ലാത്ത പ്രവർത്തനങ്ങളിൽ നിന്നും പിന്മാറും.

■ മൂലം: സങ്കീർണമായ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം കണ്ടെത്തും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കാൻ സാധിക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

■ പൂരാടം: മംഗളവേളകളിൽ പങ്കെടുക്കും. ആത്മവിശ്വാസം വർധിക്കും. ഭക്ഷ്യവിഷ ബാധയേൽക്കാതെ സൂക്ഷിക്കണം. ആർഭാടങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തും.

■ ഉത്രാടം: നയതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തി നേടും. കുടുംബ ത്തിൽ സമാധാനമുണ്ടാകും. വാക്കുകളും പ്രവൃത്തികളും ഫലപ്രദമാകും.

■ തിരുവോണം: അസുഖങ്ങൾക്ക് വിദഗ്ധ പരിശോധന വേണ്ടിവരും. പണമിടപാടുകളിൽ സൂക്ഷിക്കണം. വാഹന ഉപയോഗം ഉപേക്ഷിക്കണം.

■ അവിട്ടം: ആരോഗ്യ സംരക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ചർച്ചകളിൽ വിജയി ക്കും. പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തി നേടും.

■ ചതയം: മനസമാധാനമുണ്ടാകും. കുടുംബബന്ധത്തിനു പ്രാധാന്യം നൽകുന്ന പുത്രന്റെ സമീപനത്തിൽ ആശ്വാസവും ആത്മസാക്ഷാൽക്കാരവും തോന്നും.

■ പൂരോരുട്ടാതി: പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കും. ചുരുങ്ങിയ സമയത്തി നുള്ളിൽ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്തു തീർക്കും. മംഗളകർമങ്ങളിൽ പങ്കെടുക്കും.

■ ഉത്രട്ടാതി: ആഗ്രഹസാഫല്യവും സ്വസ്ഥതയും സമാധാനവും ബന്ധുഗുണവും പ്രതാപവും ഐശ്വര്യവും ദാമ്പത്യ ഐക്യതയും ഉണ്ടാകും. കീഴ്ജീവനക്കാരുടെ അനാസ്ഥ പണനഷ്ടത്തിനു വഴിയൊരുക്കും.

■ രേവതി: വ്യവസ്ഥകൾ പാലിക്കും. മംഗളകർമങ്ങളിലും പുണ്യപ്രവൃത്തികളിലും പ ങ്കെടുക്കും. അവസരോചിതമായി പ്രവർത്തിക്കുന്ന പുത്രന്റെ സമീപനത്തിൽ ആശ്വാസം തോന്നും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്ല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

മാസ്ക് നിർബന്ധമാക്കണം: കേന്ദ്രം

ന്യൂഡൽഹി: പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക, അഞ്ചോ അതിലധികമോ ആളുകൾ സംഘം ചേരാതിരിക്കുക തുടങ്ങിയ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് സംസ്ഥാന സർക്കാരുകളോട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. പൊതുസ്ഥലങ്ങളിൽ തുപ്പരുത്. പ്രായമായവരും കുട്ടികളുമുള്ളവർ വീടുകളിലിരുന്ന് ജോലിചെയ്യുന്നതു പ്രോത്സാഹിപ്പിക്കണം- ആഭ്യന്തര മന്ത്രാലയം ജോയിന്റ് സെക്രട്ടറി പുനിയ സലീല ശ്രീവാസ്തവ പതിവു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

3336 ഇന്ത്യക്കാർക്ക് വിദേശത്തു കൊവിഡ്

ന്യൂഡൽഹി: അമ്പത്തിമൂന്നു രാജ്യങ്ങളിലായി 3336 ഇന്ത്യക്കാർക്ക് കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ. 25 പേർ മരിച്ചു.

ദക്ഷിണ കൊറിയയിൽ നിന്നും ചൈനയിൽ നിന്നും കൊവിഡ് പരിശോധനാ കിറ്റുകൾ ഇന്ത്യ ഇറക്കുമതി ചെയ്യുന്നുണ്ട്. ജർമനി, യുഎസ്, യുകെ, മലേഷ്യ, ജപ്പാൻ, ഫ്രാൻസ് എന്നിവിടങ്ങളിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യാൻ ശ്രമിക്കുകയാണെന്നും സർക്കാർ വൃത്തങ്ങൾ. 55 രാജ്യങ്ങലിലേക്ക് ഹൈഡ്രോക്സി ക്ലോറോക്വിൻ മരുന്ന് കയറ്റിഅയക്കും.

റാപ്പിഡ് ടെസ്റ്റിന് ചൈനയിൽ നിന്ന് അഞ്ചുലക്ഷം കിറ്റുകൾ

ന്യൂഡൽഹി: റാപ്പിഡ് കൊവിഡ് പരിശോധനയ്ക്കായി ചൈനയിൽ നിന്ന് അഞ്ചു ലക്ഷം കിറ്റുകൾ ഇന്നലെ ലഭിച്ചതായി ആരോഗ്യ മന്ത്രാലയം. ഇവ നിരീക്ഷണത്തിനാണ് ഉപയോഗിക്കുക. രാജ്യത്ത് ഹോട്ട്സ്പോട്ടുകൾ കൂടുന്നുണ്ടോ കുറയുന്നുണ്ടോ എന്നറിയാൻ റാപ്പിഡ് ടെസ്റ്റുകൾ ഉപകരിക്കും- ഐസിഎംആർ വിശദീകരിക്കുന്നു.

രാജ്യത്ത് ഇതുവരെ 2,90,401 സാമ്പിളുകൾ പരിശോധിച്ചു. ഇതിൽ 30,043 ടെസ്റ്റുകളും നടന്നത് ബുധനാഴ്ചയാണ്. ഐസിഎംആർ നെറ്റ് വർക്കിൽ ഒരു ഷിഫ്റ്റായി പ്രവർത്തിച്ചാൽ ദിവസവും 42,400 സാമ്പിളുകൾ പരിശോധിക്കാനാവുമെന്നും അധികൃതർ. രണ്ടു ഷിഫ്റ്റാക്കിയാൽ 78,200 സാമ്പിളുകൾ പരിശോധിക്കാം.

കോൺഗ്രസ് സർക്കാരുകൾ എന്തിനതു ചെയ്തു: ബിജെപി

ന്യൂഡൽഹി: കൊവിഡിനെതിരേ ലോക്ഡൗൺ ഒരു പരിഹാരമല്ലെങ്കിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാന സർക്കാരുകൾ ആദ്യം തന്നെ എന്തിനു ലോക്ഡൗൺ പ്രഖ്യാപിച്ചുവെന്ന് രാഹുൽ ഗാന്ധിയോടു ബിജെപി. കോൺഗ്രസ് സഖ്യകക്ഷിയായ മഹാരാഷ്ട്ര സർക്കാർ ലോക്ഡൗണിനെ പിന്തുണച്ചു. പ്രധാനമന്ത്രി ലോക്ഡൗൺ നീട്ടുന്നതിനു മുൻപ് മഹാരാഷ്ട്രയിൽ അതു പ്രഖ്യാപിച്ചു. പഞ്ചാബ് സർക്കാരും അതു തന്നെ ചെയ്തു. ബഹുഭൂരിപക്ഷം മുഖ്യമന്ത്രിമാരും ലോക്ഡൗൺ നീട്ടണമെന്നാണ് ആവശ്യപ്പെട്ടതെന്ന് പ്രധാനമന്ത്രി തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്- ബിജെപി ജനറൽ സെക്രട്ടറി ബി.എൽ. സന്തോഷ് ടീറ്റ് ചെയ്തു.

ലോക്ഡൗൺ കൊണ്ട് രോഗത്തെ ഗണ്യമായി നിയന്ത്രിച്ചതിന്റെ കണക്കുകളും ബിജെപി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇന്ത്യയിൽ പത്തു ലക്ഷം പേരിൽ ഒമ്പതു പേർക്കു മാത്രമാണു രോഗമുള്ളത്. പത്തു ലക്ഷത്തിൽ 0.3 മാത്രമാണു മരണം സംഭവിച്ചത്- പാർട്ടി അവകാശപ്പെടുന്നു.

റംസാൻ: കർണാടകയിൽ കൂട്ട പ്രാർഥനകളും ഇഫ്താറും നിരോധിച്ചു

ബംഗളൂരു: കൊവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി റംസാൻ മാസത്തിൽ പള്ളികളിലും ഹാളുകളിലും മൈതാനങ്ങളിലും നടക്കുന്ന സംഘം ചേർന്നുള്ള പ്രാർഥനകളും ഇഫ്താർ സംഗമങ്ങളും കർണാടക സർക്കാർ നിരോധിച്ചു. പള്ളികളിൽ നിന്നു മൈക്ക് ഉപയോഗിച്ചുള്ള പ്രാർഥനകൾക്കും വിലക്കേർപ്പെടുത്തി. കർണാടക സംസ്ഥാന ന്യൂനപക്ഷ ക്ഷേമ- വഖഫ്- ഹജ്ജ് വകുപ്പാണ് ഇതുസംബന്ധിച്ച നിർദേശം പുറത്തിറക്കിയത്. പള്ളികൾക്കടുത്ത് നോമ്പുതുറയ്ക്കുള്ള സൗകര്യങ്ങൾ അനുവദിക്കില്ലെന്നും സർക്കാർ അറിയിച്ചു. നിയന്ത്രണം ലംഘിക്കുന്നവർക്കെതിരേ വഖഫ് നിയമപ്രകാരം കേസെടുക്കും. ഈ മാസം 23 മുതൽ മേയ് 23 വരെയാണ് റംസാൻ. സംസ്ഥാനത്ത് ഇപ്പോൾ 34 പേർക്കാണു രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇവരിൽ 17 പേർ ബലഗാവിയിൽ നിന്നുള്ളവരാണ്.

170 ഹോട്ട് സ്പോട്ട് ജില്ലകൾ 353 ഗ്രീൻ സോൺ ജില്ലകൾ

രാജ്യത്തെ 170 ജില്ലകൾ കൊവിഡ് ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ചു കേന്ദ്ര സർക്കാർ. 353 ജില്ലകൾ ഗ്രീൻ സോണുകളായും വേർതിരിച്ചു. മേയ് മൂന്നു വരെ അടച്ചുപൂട്ടൽ നീട്ടിയെങ്കിലും ഈ മാസം 20 നുശേഷം ഗ്രീൻ സോണുകളിൽ ഇളവുകളുണ്ടാകുമെന്നാണു പ്രതീക്ഷ. നിലവിൽ രോഗവ്യാപനത്തിന്റെ തോത് അനുസരിച്ചു റെഡ്, ഓറഞ്ച്, ഗ്രീൻ സോണുകളായും രാജ്യത്തെ വിവിധ ജില്ലകളെ തിരിച്ചിട്ടുണ്ട്.

റെഡ് സോൺ

170 ഹോട്ട് സ്പോട്ടുകളും ഈ വിഭാഗത്തിലാണ്. രോഗവ്യാപനം ഏറ്റവും കൂടുതലുള്ള ജില്ലകളാണിവ. നിലവിലുള്ള രോഗികളുടെ എണ്ണം മാത്രമല്ല, ദിവസവും റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണവും പരിഗണിച്ചു. 170 ഹോട്ട്സ്പോട്ടുകളെ രോഗ തീവ്രതയുടെ അടിസ്ഥാനത്തിൽ വീണ്ടും രണ്ടായി തിരിച്ചിട്ടുണ്ട്. 123 ഹോട്ട്സ്പോട്ടുകൾ അതിതീവ്ര വിഭാഗത്തിൽ അഥവാ വലിയതോതിൽ രോഗവ്യാപനമുള്ള ജില്ലകളായി പ്രഖ്യാപിച്ചു. 47 ജില്ലകൾ ക്ലസ്റ്റർ ഗണത്തിൽ. ഈ ജില്ലകളിൽ രോഗവ്യാപനം കൂടുതലെങ്കിലും അത് ഒന്നോ രണ്ടോ മേഖലയിൽ മാത്രമാണ്.

ഹോട്ട്സ്പോട്ടുകളിൽ കടുത്ത നിയന്ത്രണങ്ങൾ ഉണ്ടാകും. അവശ്യസാധനങ്ങൾ വീടുകളിലെത്തിക്കും. രാജ്യത്തെ ആകെ രോഗികളുടെ 80 ശതമാനം ഉൾപ്പെടുന്ന ജില്ല, അല്ലെങ്കിൽ സംസ്ഥാനത്തെ 80 ശതമാനം രോഗികൾ ഉൾപ്പെടുന്ന ജില്ല, അതുമല്ലെങ്കിൽ നാലു ദിവസത്തിനിടെ രോഗികളുടെ എണ്ണം ഇരട്ടിയാകുന്ന ജില്ല എന്നിവയാണു ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുന്നത്.

മഹാരാഷ്ട്രയിലെ മുംബൈ (873), ഡൽഹിയിലെ സൗത്ത് ഡൽഹി (332), തെലങ്കാനയിലെ ഹൈദരാബാദ് (213), രാജസ്ഥാനിലെ ജയ്പുർ (170), കേരളത്തിലെ കാസർഗോഡ് (155) എന്നീ ജില്ലകൾ ഇതിന് ഉദാഹരണം. അടുത്ത 14 ദിവസം ഇവിടങ്ങളിൽ പുതുതായി ആർക്കും രോഗം റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ഇത് ഹോട്ട്സ്പോട്ടിനു കീഴിൽ ത്തന്നെ ഓറഞ്ച് സോണായി മാറും.

ഓറഞ്ച് സോൺ

പരിമിതമായ എണ്ണം രോഗികൾ. അടുത്തിടെ പുതുതായി രോഗികളില്ല. ഈ ജില്ലകളിൽ നിയന്ത്രിതമായി പൊതുഗതാഗതം അനുവദിക്കും. കാർഷികജോലികളുമാകാം. കൊയ്ത്തുകാലമായതിനാൽ അത് അനുവദിക്കും. കർശന ഉപാധികളോടെ ചെറുകിട സംരംഭങ്ങൾ പ്രവർത്തിക്കാം. അരി- എണ്ണ മില്ലുകൾക്കും അനുമതി. ഒന്നോ രണ്ടോ രോഗികളുള്ള ജില്ലകൾ ഡൽഹി സർക്കാർ ഓറഞ്ച് സോൺ ആക്കിയിട്ടുണ്ട്. മഹാരാഷ്ട്രയിൽ 15 രോഗികൾ വരെയുള്ള 16 ജില്ലകൾ ഓറഞ്ച് സോണിലാണ്.

ഗ്രീൻ സോൺ

ഒരു രോഗി പോലും ഇല്ലാത്ത ജില്ലകൾ. 28 ദിവസം തുടർച്ചയായി ഒരാൾക്കു പോലും പുതുതായി രോഗം റിപ്പോർട്ട് ചെയ്തില്ലെങ്കിൽ റെഡ് സോണുകൾ ഗ്രീൻ സോണുകളായി മാറും. ഇവിടങ്ങളിൽ ഇളവുകൾ ലഭിച്ചേക്കും. അവശ്യ സേവനങ്ങൾക്കും വ്യാപാര, വ്യവസായ മേഖലയ്ക്കും പ്രവർത്തിക്കാൻ അനുമതി പരിഗണിക്കും. സർക്കാരുകളുടെ പ്രധാന വരുമാന മാർഗമായതിനാൽ മദ്യശാലകൾക്കും ഇളവു ലഭിച്ചേക്കാം. രാജ്യത്തെ 207 ജില്ലകൾ ഗ്രീൻ സോണിലുണ്ട്. രാജ്യത്തെ മുഴുവൻ ജില്ലകളെയും അടച്ചുപൂട്ടലിലൂടെ ഗ്രീൻ സോണാക്കുകയാണു സർക്കാരിന്റെ ലക്ഷ്യം.

വ്യാപകമായി പരിശോധന വേണം: രാഹുൽ

ന്യൂഡൽഹി: ലോക്ഡൗൺ കൊവിഡ് വൈറസിനെ തടയാനുള്ള ശാശ്വത പരിഹാരമല്ലെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. വ്യാപകമായി പരിശോധന നടത്തുകയാണ് ഫലപ്രദമായ ആയുധം. തന്ത്രപരമായി വേണം ഈ പരിശോധന ക്രമീകരിക്കാനെന്നും അദ്ദേഹം. കൊവിഡ് പ്രതിരോധ നടപടികളിൽ കോൺഗ്രസ് സർക്കാരിനോടു പൂർണമായി സഹകരിക്കുമെന്നും രാഹുൽ പറഞ്ഞു. വിഡിയോ കോൺഫറൻസിങ് വഴി വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൈറസിനെ താത്കാലികമായി പിടിച്ചുനിർത്താനുള്ള ബട്ടൺ മാത്രമാണ് ലോക്ഡൗൺ. കൊവിഡ് പരിശോധന ഊർജിതമായി ആരംഭിച്ചില്ലെങ്കിൽ ഇതുകൊണ്ടു പ്രയോജനമില്ല. വൈറസ് എങ്ങോട്ടാണു നീങ്ങുന്നതെന്നു കണ്ടെത്താൻ പരിശോധനകൾ കൊണ്ടു കഴിയും. ആ പ്രദേശങ്ങൾ ലക്ഷ്യമിട്ടു പ്രവർത്തിച്ചു വേണം രോഗത്തെ കീഴടക്കാൻ. 10 ലക്ഷം പേരിൽ 199 പേർക്കു മാത്രമാണ് ഇന്ത്യയിൽ ഇപ്പോൾ പരിശോധന നടക്കുന്നത്. ഇത് തീരെ കുറവാണ്. റാൻഡം ടെസ്റ്റുകൾ വ്യാപകമായി നടക്കണം. വിദഗ്ധരൊക്കെ ഇതാണു പറയുന്നത്. അതല്ലെങ്കിൽ ലോക്ഡൗണിൽ പുറത്തുവരുമ്പോൾ വൈറസും പ്രത്യക്ഷപ്പെടും. കൂടുതൽ പേർക്കു വൈറസ് ബാധയുണ്ടായാൽ അവരെ ചികിത്സിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും വലിയ തോതിൽ ഒരുക്കേണ്ടതുണ്ടെന്ന് രാഹുൽ ചൂണ്ടിക്കാട്ടി.

ഏതു രോഗത്തെക്കാളും വലുതാണു രാജ്യം. ഭയപ്പെടാതെ ആത്മവിശ്വാസത്തോടെ രോഗത്തെ ചെറുത്തു തോൽപ്പിക്കാൻ ജനങ്ങൾക്കു കഴിയും. ഈ പ്രതിസന്ധിയും ഇന്ത്യ അതിജീവിക്കും. പോരാട്ടത്തിൽ രാജ്യം ഒറ്റക്കെട്ടായി നിൽക്കണം. ജാതി, മത, വർഗഭേദങ്ങളൊക്കെ മറക്കണം. രോഗവ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ട്സ്പോട്ട് സോണുകൾ, നോൺ ഹോട്ട്സ്പോട്ട് സോണുകൾ എന്നിങ്ങനെ രണ്ടായുള്ള തരംതിരിവേ ആവശ്യമുള്ളൂവെന്നും രാഹുൽ പറഞ്ഞു.

ലോക്ഡൗൺ മൂലം വിവിധ ഭാഗങ്ങളിൽ കുടുങ്ങിയ നിരവധി പേർ ഭക്ഷണവും പണവുമില്ലാതെ വലയുന്നുണ്ട്. സർക്കാർ എത്രയും വേഗം ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ അതു സാമൂഹിക അസ്വസ്ഥതകൾക്കു വഴിവയ്ക്കും.

പാവങ്ങൾക്ക് ഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനൊപ്പം ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സുരക്ഷിതത്വവും സർക്കാർ പരിഗണിക്കണം. വിദേശസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ ഉറ്റുനോക്കിയിരിക്കുന്ന വ്യവസായങ്ങളുണ്ട്. അവയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം. കൊവിഡിനെ നേരിടാൻ സംസ്ഥാനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഹോട്ട് സ്പോട്ടുകൾ

(രോഗവ്യാപനം വലിയതോതിൽ)

1. ആന്ധ്രപ്രദേശ് (11 ജില്ലകൾ) : കർണൂൽ, ഗുണ്ടൂർ, നെല്ലൂർ, പ്രകാശം, കൃഷ്ണ, വൈഎസ്ആർ, വെസ്റ്റ് ഗോദാവരി, ചിറ്റൂർ, വിശാഖപട്ടണം, ഈസ്റ്റ് ഗോദാവരി, അനന്തപുർ.
2. ബിഹാർ (1) : സിവാൻ
3. ചണ്ഡിഗഡ് (1): ചണ്ഡിഗഡ്
4. ഛത്തിസ്ഗഡ് (1) : കോർബ
5. ഡൽഹി (7) : തെക്കൻ ഡൽഹി, തെക്കുകിഴക്കേ ഡൽഹി, ഷഹ്ദാരാ, പടിഞ്ഞാറൻ ഡൽഹി, വടക്കൻ ഡൽഹി, മധ്യഡൽഹി, ന്യൂഡൽഹി, കിഴക്കൻ ഡൽഹി, തെക്കുപടിഞ്ഞാറൻ ഡൽഹി.
6. ഗുജറാത്ത് (5) : അഹമ്മദാബാദ്, വഡോദര, സൂററ്റ്, ഭാവ്നഗർ, രാജ്കോട്ട്
7. ഹരിയാന (4) : നുഹ്, ഗുരുഗ്രാം, പൽവാൽ, ഫരീദാബാദ്
8. ജമ്മു കശ്മീർ (6) : ശ്രീനഗർ, ബന്ദിപ്പോര, ബരാമുള്ള, ജമ്മു, ഉധംപുർ, കുപ്വാര
9. കർണാടകം (3) : ബംഗളൂരു അർബൻ, മൈസൂരു, ബലഗാവി

10 കേരളം (6) : കാസർഗോഡ്, കണ്ണൂർ, എറണാകുളം, മലപ്പുറം, തിരുവനന്തപുരം, പത്തനംതിട്ട

11. മധ്യപ്രദേശ് (5) : ഇൻഡോർ, ഭോപ്പാൽ, ഖർഗോൺ, ഉജ്ജയിൻ, ഹോഷംഗാബാദ്
12. മഹാരാഷ്ട്ര (11) : മുംബൈ, പൂനെ, താനെ, നാഗ്പുർ, സാംഗ്ലി, അഹമ്മദ്നഗർ, യാവത്മാൽ, ഔറംഗാബാദ്, ബുൽധന, മുംബൈ സബർബൻ, നാസിക്ക്.
13. ഒഡീശ (1) : ഖോർധ
14. പഞ്ചാബ് (4) : എസ്എഎസ് നഗർ, ഷഹീദ് ഭഗത് സിങ് നഗർ, ജലന്ധർ, പത്താൻകോട്ട്
15. രാജസ്ഥാൻ (12) : ജയ്പുർ, ടോങ്ക്, ജോധ്പുർ, ബൻസ്വാര, കോട്ട, ഝുൻഝു, ജയ്സാൽമെർ, ഭിൽവാര, ബിക്കാനീർ, ഝലവാർ, ഭരത്പുർ
16. തമിഴ്നാട് (22) : ചെന്നൈ, തിരുച്ചിറപ്പള്ളി, മധുര, തൂത്തുക്കുടി, കോയമ്പത്തൂർ, തിരുനെൽവേലി, ഈറോഡ്, വെല്ലൂർ, ദിണ്ഡിഗൽ, വില്ലുപുരം, തിരുപ്പൂർ, തേനി, നാമക്കൽ, ചെങ്കൽപ്പെട്ട്, കരൂർ, വിരുദുനഗർ, കടലൂർ, കന്യാകുമാരി, തിരുവള്ളുവർ, തിരുവാരൂർ, സേലം, നാഗപട്ടണം.
17. തെലങ്കാന (8) : ഹൈദരാബാദ്, നിസാമാബാദ്, വാറങ്കൽ അർബൻ, രംഗറെഡ്ഡി, ജൊഗുംബ ഗഡ്വാൾ, മെഡ്ചൽ മൽക്കാജ്ഗിരി, കരിംനഗർ, നിർമൽ.
18. ഉത്തർപ്രദേശ് (9) : ആഗ്ര, ഗൗതംബുദ്ധനഗർ, മീററ്റ്, ലക്നൗ, ഷഹരൺപുർ, ഷാംലി, ഫിറോസാബാദ്, മൊറാദാബാദ്, ഗാസിയാബാദ്
19. ഉത്തരഖണ്ഡ് (1) : ഡെറാഡൂൺ
20. പശ്ചിമ ബംഗാൾ (4) : കോൽക്കത്ത, ഹൗറ, മേദിനിപുർ ഈസ്റ്റ്, 24 പർഗാനാസ് നോർത്ത്

ഹോട്ട് സ്പോട്ടുകൾ

(രോഗവ്യാപനം ക്ലസ്റ്റർ തലത്തിൽ)

1. ആൻഡമാൻ നിക്കോബാർ (1) : സൗത്ത് ആൻഡമാൻ
2. അസം (5) : ഗോലാഘട്ട്, മരിഗോൺ, നൽബാരി, ഗോൾപുര, ധുബ്രി
3. ബിഹാർ (3) : മുംഗേർ, ബെഗുസരായ്, ഗയ
4. ഛത്തിസ്ഗഡ് (1) : റായ്പുർ
5. ഡൽഹി (1) : വടക്കുപടിഞ്ഞാറൻ ഡൽഹി
6. ഗുജറാത്ത് (1) : പഠാൻ
7. ഹരിയാന : അംബാല, കർനാൽ
8. ഹിമാചൽ പ്രദേശ് (5) : സോലൻ, ഉന, സിർമൗർ, ചംബ, കംഗ്ര
9. ജമ്മു കശ്മീർ (2) : ഷോപിയൻ, രജൗറി

10 ഝാർഖണ്ഡ് (2) : റാഞ്ചി, ബൊക്കാറോ

11. കർണാടകം (5) : ദക്ഷിണ കന്നഡ, ബിദർ, കലബുർഗി, ധർവാഡ്, ബാഗൽക്കോട്ട്
12. കേരളം (1) : വയനാട്
13. ലഡാഖ് (1) : കാർഗിൽ
14. മധ്യപ്രദേശ് (1) : മൊറേന
15. മഹാരാഷ്ട്ര (3) : കോലാപ്പുർ, അമരാവതി, പാൽഘർ
16. ഒഡീശ (1) : ഭദ്രക്
17. പഞ്ചാബ് (4) : മൻസ, അമൃത്സർ, ലുധിയാന, മോഗ
18. രാജസ്ഥാൻ (1) : ഉദയ്പുർ
19. തെലങ്കാന (1) : നൽഗൊണ്ട
20. ഉത്തർപ്രദേശ് (4) : ബുലന്ദ് ശഹർ, സീതാപുർ, ബസ്തി, ബാഗ്പത്
21. ഉത്തരഖണ്ഡ് (2) : നൈനിറ്റാൾ, ഉദ്ധംസിങ് നഗർ.

മകന്റെ വിവാഹം ഇന്ന്; 50 പേർ പങ്കെടുക്കുമെന്ന് കുമാരസ്വാമി

ന്യൂഡൽഹി: അടച്ചിടൽ നിയന്ത്രണങ്ങൾക്കിടെ മകൻ നിഖിലിന്റെ ഇന്നു വിവാഹം ഫാംഹൗസിൽ നടത്താനൊരുങ്ങി കർണാടക മുൻ മുഖ്യമന്ത്രി എച്ച്.ഡി. കുമാരസ്വാമി. നേരത്തേ, വലിയ ആഘോഷമായി നടത്താനിരുന്ന വിവാഹം കൊവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഫാംഹൗസിലേക്കു മാറ്റുകയായിരുന്നു. ഇവിടെ കൂറ്റൻ പന്തൽ തയാറാക്കിയിട്ടുണ്ട്.

മാസങ്ങൾക്ക് മുൻപാണ് നിഖിൽ കുമാരസ്വാമിയും മുൻമന്ത്രി എം. കൃഷ്ണപ്പയുടെ സഹോദരന്റെ മകൾ രേവതിയും തമ്മിലുള്ള വിവാഹം നിശ്ചയിച്ചത്. ഇതിനായി രാമനഗര ജില്ലയിൽ വലിയ മൈതാനം വാടകയ്ക്കെടുത്തു പന്തലിട്ടു തുടങ്ങിയിരുന്നു. ഇതിനിടെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതോടെ വിവാഹം മാറ്റിവയ്ക്കുമെന്ന സൂചനകളുണ്ടായിരുന്നു. എന്നാൽ, വിവാഹം ഫാംഹൗസിലേക്കു മാറ്റുകയും 50 പേർ മാത്രം പങ്കെടുക്കുന്ന ചെറിയ ചടങ്ങായി നടത്താൻ തീരുമാനിക്കുകയുമായിരുന്നു.

വിവാഹത്തിൽ പങ്കെടുക്കാൻ സാധിക്കാതെ പോയ അണികളോടും സുഹൃത്തുക്കളോടും നന്ദി പറഞ്ഞു കുമാരസ്വാമി പ്രസ്താവന പുറത്തിറക്കി.

എല്ലാ പ്രശ്നങ്ങളും ഒന്ന് ഒതുങ്ങിയതിന് ശേഷം റിസപ്ഷൻ ഉണ്ടാകുമെന്നും കുമാരസ്വാമി അറിയിച്ചിട്ടുണ്ട്. കർണാടകത്തിലെ ഗ്രീൻ സോണിൽ75 മുതൽ 100 വരെ അതിഥികളെ ഉൾപ്പെടുത്തി അടച്ചിട്ട മുറിയിൽ വിവാഹം നടത്തുന്നതിന് അനുമതിയുണ്ടെന്നാണു കുമാരസ്വാമിയുടെ വാദം.

യുപിയിൽ ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്നവർക്കെതിരേ ദേശീയ സുരക്ഷാ നിയമം

ലക്നൗ: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടെ ഉത്തർപ്രദേശിൽ ആരോഗ്യ പ്രവർത്തകരെയും പൊലീസിനെയും ആക്രമിക്കുന്നവർക്കെതിരേ ദേശീയ സുരക്ഷാ നിയമവും ദുരന്ത നിവാരണ നിയമവും പ്രകാരം നടപടിയെടുക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് നിർദേശം നൽകി. ഇന്നലെ നടന്ന അവലോകന യോഗത്തിലാണ് ഈ നിർദേശം. കുറ്റം ചുമത്താതെ ഒരു വർഷം വരെ തടങ്കലിൽ വയ്ക്കാൻ അനുവദിക്കുന്നതാണ് ദേശീയ സുരക്ഷാ നിയമം.

അക്രമികൾ വരുത്തുന്ന നാശനഷ്ടങ്ങളുടെ കണക്കെടുത്ത് അവരിൽ നിന്നു തന്നെ നഷ്ടപരിഹാരം ഈടാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകാൻ അക്രമികൾക്കു കഴിയില്ലെങ്കിൽ അവരുടെ സ്വത്ത് പിടിച്ചെടുക്കണം. വിവിധ സ്ഥലങ്ങളിൽ പ്രവർത്തനത്തിനു പോകുന്ന ആരോഗ്യ പ്രവർത്തകർക്ക് പൊലീസ് സുരക്ഷ നൽകണമെന്നും ആദിത്യനാഥ് നിർദേശിച്ചു.

കഴിഞ്ഞദിവസം മൊറാദാബാദിൽ ആരോഗ്യ-ശുചീകരണ പ്രവർത്തകരെ ജനങ്ങൾ ആക്രമിച്ച പശ്ചാത്തലത്തിലാണ് ഈ നിർദേശങ്ങൾ. കൊവിഡ് മൂലം മരിച്ചയാളുടെ സഹോദരനെയും കുടുംബത്തെയും ആശുപത്രിയിലേക്കു കൊണ്ടുപോകാനെത്തിയ ഡോക്റ്റർമാരടക്കം ആരോഗ്യപ്രവർത്തകർക്കു നേരേ രൂക്ഷമായ കല്ലേറുണ്ടാവുകയായിരുന്നു. ഒപ്പമുണ്ടായിരുന്ന പൊലീസിനു നേരേയും കല്ലെറിഞ്ഞു. ആംബുലൻസും പൊലീസ് വാഹനങ്ങളും തകർക്കുകയും ചെയ്തു. ക്വാറന്റൈനിലാക്കുന്നവർക്ക് ഭക്ഷണം കിട്ടുന്നില്ലെന്നും ഇനി ആരെയും കൊണ്ടുപോകാൻ അനുവദിക്കില്ലെന്നും പറഞ്ഞായിരുന്നു ഒരുസംഘം ആളുകളുടെ ആക്രമണം. ഇതേത്തുടർന്ന് വീടുകയറിയുള്ള പരിശോധനകൾ നടത്താൻ ആരോഗ്യ പ്രവർത്തകർ വിസമ്മതിക്കുന്ന സ്ഥിതിയുണ്ടായി.

നഗരഹൃദയത്തിലുള്ള നവാബ്പുര കോളനിയിലായിരുന്നു ആരോഗ്യപ്രവർത്തകരും പൊലീസും ആക്രമിക്കപ്പെട്ടത്. രോഗസാധ്യതയുള്ള ആളുകളെ ആംബുലൻസിൽ കയറ്റുമ്പോൾ നൂറ്റമ്പതോളം പേർ സംഘടിച്ചാണു കല്ലെറിഞ്ഞതെന്ന് പൊലീസ് പറയുന്നു. ഏഴു സ്ത്രീകളടക്കം 17 പേരെ അക്രമവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഉത്തർപ്രദേശിലെ ഹോട്ട്സ്പോട്ടുകളിലൊന്നാണു മൊറാദാബാദ്.

ഇതിനിടെ. യുപിയിൽ ഇന്നലെ 46 പേർക്കു കൂടി കൊറോണ സ്ഥിരീകരിച്ചു. സംസ്ഥാനത്തെ മൊത്തം രോഗികൾ 773 ആയിട്ടുണ്ട്. 13 പേർ മരിച്ചു. ആഗ്രയിൽ അഞ്ചും മൊറാദാബാദിൽ രണ്ടും പേർ മരിച്ചിട്ടുണ്ട്. ലക്നൗ, കാൺപുർ, ബസ്തി, മീററ്റ്, ബുലന്ദ്ശഹർ, വാരണാസി എന്നിവിടങ്ങളിൽ ഓരോരുത്തർ വീതവും മരിച്ചു. സംസ്ഥാനത്ത് പൂൾ ടെസ്റ്റിങ് തുടങ്ങിയതായും സർക്കാർ അറിയിച്ചു.

ചൈനയിൽ നിന്നെത്തിയത് നിലവാരമില്ലാത്ത സുരക്ഷാ കവചം

ന്യൂഡൽഹി: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ആരോഗ്യ പ്രവർത്തകർക്കായി ചൈനയിൽ നിന്നെത്തിച്ച സുരക്ഷാ കവചം (പിപിഇ) നിലവാരമില്ലാത്തവ. ഗ്വാളിയറിലെ പ്രതിരോധ ഗവേഷണ വികസന ഓർഗനൈസേഷൻ (ഡിആർഡിഒ) ലാബിൽ നടത്തിയ പരിശോധനയിലാണ് ഇവ കൊവിഡ് പകരുന്നതു പ്രതിരോധിക്കില്ലെന്നു വ്യക്തമായത്.

ഈ മാസം അഞ്ചിന് ചൈനയിൽ നിന്ന് 1.7 ലക്ഷം കിറ്റുകൾ എത്തിയിരുന്നു. ഇതിൽ 50,000 എണ്ണം ഉപയോഗിക്കാൻ കൊള്ളാത്തവയാണെന്നു വ്യക്തമായി. പിന്നീട് എത്തിയ കിറ്റുകളിലാണ് 40,000 കിറ്റുകൾ നിലവാരമില്ലാത്തവയെന്നു തെളിഞ്ഞത്. ചൈനയിലെ വൻ സ്വകാര്യ കമ്പനികളുടെ ഉത്പന്നങ്ങളാണിവ. എന്നാൽ, കമ്പനികളുടെ പേര് പുറത്തുവിട്ടിട്ടില്ല. നേരത്തേ, ചൈനയിൽ നിന്നെത്തിച്ച സുരക്ഷാ കവച കിറ്റുകളും സ്രവ പരിശോധനാ കിറ്റുകളും നിലവാരമില്ലാത്തവയെന്നു കണ്ടു യൂറോപ്യൻ രാജ്യങ്ങൾ തിരസ്കരിച്ചിരുന്നു.

ഈ രംഗത്ത് വൈദഗ്ധ്യം തെളിയിച്ച ഒരു സിംഗപ്പൂർ കമ്പനിക്കാണു സുരക്ഷാ കവചത്തിന്റെ ഓർഡർ നൽകിയതെന്ന് അധികൃതർ. എന്നാൽ, അവർ ചൈനയിൽ നിന്നാണു സാമഗ്രികളെത്തിച്ചത്. 90000 കിറ്റുകൾ ഉപയോഗശൂന്യമായെങ്കിലും പരിഭ്രമിക്കേണ്ടതില്ലെന്നും അധികൃതർ. കൂടുതൽ ഇറക്കുമതിക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആഭ്യന്തര ഉത്പാദനം പ്രതിദിനം 30,000 എന്നത് ഈ മാസം അവസാനമാകുമ്പോഴേക്കും 50,000 ആയി ഉയർത്തുമെന്നും അധികൃതർ.

അതേസമയം, പ്രശ്നം തിരിച്ചറിഞ്ഞിട്ടുണ്ടെന്നും ഈരംഗത്തെ മികച്ച കമ്പനികളുമായി മാത്രമേ കരാർ ഉണ്ടാക്കാവൂ എന്ന് ലോകരാജ്യങ്ങളോട് അഭ്യർഥിച്ചിട്ടുണ്ടെന്നും ചൈന വിശദീകരിച്ചു.

കോഴിക്കോട് ജില്ലയിലെ പൊതുസ്ഥലങ്ങളിൽ മാസ്ക് നിർബന്ധമാക്കിയതിനെത്തുടർന്ന് പാളയം ബസ് സ്റ്റാൻഡിലെ ബസ് ട്രാക്കിൽ മാസ്ക് ധരിച്ച് മുളക് ഉണക്കുന്ന തൊഴിലാളി.

വിമിത് ഷാൽ

പിസ വിതരണക്കാരന് കൊവിഡ് 19; 72 കുടുംബങ്ങൾക്ക് സമ്പർക്ക വിലക്ക്

ന്യൂഡൽഹി: പിസ വിതരണക്കാരനു കൊവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് ഡൽഹിയിലെ മാളവ്യനഗറിൽ 72 കുടുംബങ്ങളെ സമ്പർക്കവിലക്കിലാക്കി. പിസ വ്യാപാര സ്ഥാപനത്തിലെ 17 ജീവനക്കാർക്കും സമ്പർക്ക വിലക്ക് ഏർപ്പെടുത്തി. 20 ദിവസമായി ഇയാൾക്ക് പനിയും ചുമയുമുണ്ടായിരുന്നു. തുടർന്ന് പരിശോധനയ്ക്കായി സ്രവമെടുത്തിരുന്നു. 14നാണ് കൊവിഡ് സ്ഥിരീകരിച്ചത്.

അതിനിടെ, പൂനെയിൽ ആശുപത്രിയിലെ സോനോഗ്രഫർക്കു കൊവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്ന് 62 ഗർഭിണികളെയും കുടുംബാംഗങ്ങളെയും സമ്പർക്ക വിലക്കിലാക്കി.

സാമ്പത്തിക പാക്കെജ്: നിർമലയുമായി മോദിയുടെ ചർച്ച

ന്യൂഡൽഹി: കൊവിഡ് സാമ്പത്തിക മേഖലയ്ക്കുണ്ടാക്കുന്ന തിരിച്ചടികളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ധനമന്ത്രി നിർമല സീതാരാമനുമായി ചർച്ച നടത്തി. മഹാമാരി മൂലം പ്രതിസന്ധിയിലായ മേഖലകൾക്കുള്ള സാമ്പത്തിക പാക്കെജ് ചർച്ചയായതായി സൂചന.

ചെറുകിട വ്യവസായങ്ങൾ മുതൽ വ്യോമഗതാഗതം വരെ എല്ലാ മേഖലകളിലും തിരിച്ചടികളുണ്ട്. ലക്ഷക്കണക്കിനു തൊഴിൽ അവസരങ്ങൾ നഷ്ടമാകുമെന്നാണു റിപ്പോർട്ടുകൾ. രാജ്യത്തിന്റെ ജിഡിപി നിരക്ക് കുത്തനെ ഇടിയുമെന്ന് വിവിധ അന്താരാഷ്ട്ര ഏജൻസികൾ മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. ഇക്കാര്യങ്ങളൊക്കെ ചർച്ചാവിഷയമായെന്നാണ് സർക്കാർ വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. ഭാവിയിലെ വെല്ലുവിളി നേരിടാൻ ഏതൊക്കെ തരത്തിൽ വിഭവശേഖരണം എന്നതും ചർച്ചയായി.

ലോക ബാങ്കിന്റെ അവസാന വിലയിരുത്തൽ പ്രകാരം ഇന്ത്യയുടെ സാമ്പത്തിക വളർച്ച 1.5 ശതമാനം മുതൽ 2.8 ശതമാനം വരെയായി ഇടിയും. 2020ൽ 1.9 ശതമാനം മാത്രമാവും ഇന്ത്യയുടെ വളർച്ചാനിരക്കെന്ന് ഐഎംഎഫ് പറയുന്നു. 1930കൾക്കു ശേഷമുള്ള ഏറ്റവും വലിയ മാന്ദ്യമാണ് ലോകത്തെ കാത്തിരിക്കുന്നതെന്നാണു പ്രവചനം.

ചെറുകിട- ഇടത്തരം വ്യവസായങ്ങൾ, ഹോസ്പിറ്റാലിറ്റി, വ്യോമഗതാഗതം, കൃഷി- അനുബന്ധ മേഖലകൾ എന്നിവയിലൊക്കെ വലിയ തിരിച്ചടികളുണ്ടാകും. ഈ സാഹചര്യം അതിജീവിക്കാൻ പാക്കെജുകൾ വേണമെന്നാണ് പൊതുവായ അഭിപ്രായം. സാമ്പത്തിക മേഖലയെ ട്രാക്കിൽ തിരിച്ചുകൊണ്ടുവരാനുള്ള മാർഗങ്ങൾ നിർദേശിക്കാൻ സാമ്പത്തികകാര്യ സെക്രട്ടറി അതനു ചക്രവർത്തി തലവനായി ഉന്നതാധികാര സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

രാജ്യത്ത് ആദ്യം; കേരളത്തിലെ എല്ലാ ജില്ലകളിലും ക്യാൻസർ ചികിത്സ

തിരുവനന്തപുരം: കൊവിഡ് രോഗബാധ തുടരുന്ന പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങളൊരുക്കി ആരോഗ്യ വകുപ്പ്. രാജ്യത്തുതന്നെ ആദ്യമായാണ് ഇങ്ങനെയൊരു സംവിധാനം. ഇപ്പോൾ തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്ററുമായി (ആർസിസി) ചേർന്നാണ് ചികിത്സാ സൗകര്യമൊരുക്കുന്നതെങ്കിലും മറ്റു റീജ്യണൽ ക്യാൻസർ സെന്ററുകളുമായും സഹകരിച്ച് സൗകര്യം വിപുലീകരിക്കുമെന്ന് ആരോഗ്യവകുപ്പു മന്ത്രി കെ.കെ. ശൈലജ.

21 കേന്ദ്രങ്ങളിലാണ് സൗകര്യങ്ങളൊരുക്കുന്നത്- തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ താലൂക്കാശുപത്രി, പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി, കോട്ടയം പാല ജനറൽ ആശുപത്രി, കോട്ടയം ജില്ലാ ആശുപത്രി, ഇടുക്കി തൊടുപുഴ ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, മൂവാറ്റുപുഴ ജനറൽ ആശുപത്രി, തൃശൂർ ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, ഒറ്റപ്പാലം താലൂക്കാശുപത്രി, ഇസിഡിസി കഞ്ചിക്കോട്, തിരൂർ ജില്ലാ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, കോഴിക്കോട് ബീച്ച് ആശുപത്രി, വയനാട് നല്ലൂർനാട് ട്രൈബൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, തലശേരി ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി.

തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്കായി എത്തുന്നവരുടെ തുടർപരിശോധന, കീമോതെറാപ്പി, സാന്ത്വന ചികിത്സ, സഹായക ചികിത്സകൾ തുടങ്ങിയവ ഈ കേന്ദ്രങ്ങളിൽ നടത്താം. ആർസിസിയിൽ ചികിത്സ തേടുന്ന രോഗികളുടെ വിവരങ്ങൾ സമീപ ആശുപത്രികൾക്ക് കൈമാറും. ആർസിസിയിലെ ഡോക്റ്റർമാർ ടെലി കോൺഫറൻസിലൂടെ ഈ ആശുപത്രികളിലെ ബന്ധപ്പെട്ട ഡോക്റ്റർമാരുമായി സംസാരിച്ച് ചികിത്സ നിശ്ചയിക്കുന്നു. ഇവർക്കാവശ്യമായ മരുന്നുകൾ കെഎംഎസ്സിഎൽ മുഖാന്തിരം കാരുണ്യ കേന്ദ്രങ്ങൾ വഴി എത്തിച്ചു കൊടുക്കും. രോഗികളുടെ തിരക്ക് കുറയ്ക്കാൻ മുൻകൂട്ടി അവരെ അറിയിച്ച ശേഷമായിരിക്കും ചികിത്സാ തീയതി നിശ്ചയിക്കുന്നത്.

കൊവിഡ് 19 വുഹാനിലെ ലാബ്സൃഷ്ടിയെന്ന് യുഎസ്



വാഷിങ്ടൺ: കൊവിഡ് 19 വ്യാപനത്തിന്റെ പേരിൽ നയതന്ത്ര മേഖലയിലടക്കം ചൈനയുമായി കടുത്ത അകലത്തിലായ ട്രംപ് ഭരണകൂടം ചൈനയ്ക്കെതിരേ പുതിയ ആരോപണവുമായി രംഗത്ത്. യുഎസിലെ മരണസംഖ്യ 31,000 കടന്നു കുതിക്കുമ്പോഴും നിയന്ത്രണോപാധികൾക്കു നെട്ടോട്ടമോടുന്ന ട്രംപ് ഭരണകൂടം ചൈനയ്ക്കെതിരേ രംഗത്തു വരുന്നത് രോഗപ്രതിരോധത്തിനും വെല്ലുവിളിയായി.

വുഹാനിലെ ചന്തയിൽ നിന്നല്ല, വുഹാൻ വൈറോളജി ഇൻസ്റ്റിട്യൂട്ടിനു സംഭവിച്ച കൈയബദ്ധമാണ് ലോകത്തെ മരണക്കിടക്കയിൽ എത്തിച്ചതെന്നാണ് യുഎസ് ജോയിന്റ് ചീഫ് ഓഫ് സ്റ്റാഫ് ചെയർമാൻ മാർക്ക് മില്ലിയുടെ ആശങ്ക. അതേസമയം ഇതിനു ശക്തമായ തെളിവുകൾ ലഭിച്ചിട്ടില്ലെന്നും ഈ വഴിക്കുള്ള അന്വേഷണം തുടരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

യുഎസ് ഇന്റലിജൻസ് ഏജൻസിയും ദേശീയ സുരക്ഷാ അധികൃതരുമാണ് സംശയം ഉന്നയിക്കുന്നത്. വുഹാനിലെ മത്സ്യ-മാംസ്യ മാർക്കറ്റിൽ നിന്നാണ് കൊവിഡ് വൈറസുകൾ പൊട്ടിപ്പുറപ്പെട്ടതെന്നാണു ചൈനയുടെ ഭാഷ്യം. ഇതു പൂർണമായി വിശ്വസിക്കാൻ കഴിയുന്നില്ല. വുഹാനിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുരക്ഷയെക്കുറിച്ച് 2018 മുതൽ പല സംശയങ്ങളും ഉയർന്നിട്ടുണ്ട്. എന്നാൽ അവിടേക്ക് തങ്ങളുടെ ഏജൻസികൾക്കു പ്രവേശനം ചൈന വിലക്കിയിരുന്നു. അവിടെ വലിയ തോതിൽ ജൈവ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. അവയെല്ലാം ജൈവായുധ നിർമാണത്തിനാണെന്നു കരുതുന്നില്ല. സൂക്ഷ്മാണു പരീക്ഷണശാലയിൽ നിന്ന് അബദ്ധത്തിൽ പുറത്തുപോയതാവാം കൊവിഡ് വൈറസ് എന്നു കരുതാൻ മതിയായ സാഹചര്യങ്ങളുണ്ട്- യുഎസ് സുരക്ഷാ ഉദ്യോഗസ്ഥർ സംശയം പ്രകടിപ്പിച്ചു.

ഇതിനു ബലം നൽകുന്ന പല നടപടികളും കൊവിഡ് വ്യാപനത്തിനു ശേഷം ചൈനയിലും സംഭവിച്ചു. വൈറസ് വ്യാപനം വളരെ പെട്ടെന്നു സംഭവിച്ചതു പോലെ അതിനെ നിയന്ത്രിക്കാനും ചൈനയ്ക്കു കഴിഞ്ഞു. വൈറസിന്റെ ജൈവിക ഘടന നന്നായി അറിയാവുന്നതുകൊണ്ടാകാം ഇതു സംഭവിച്ചതെന്നാണു യുഎസ് ഇന്റലിജൻസ് വൃത്തങ്ങളുടെ സംശയം. പ്രതിരോധ വാക്സിനുകൾ വികസിപ്പില്ലെങ്കിലും ജീവൻരക്ഷാ ഉപകരണങ്ങളുടെ നിർമാണം വേഗത്തിലാക്കാനും അതു ലോകത്തെല്ലായിടത്തും എത്തിച്ചു മാർക്കറ്റ് പിടിക്കാനും അവർക്കു കഴിഞ്ഞു. തന്നെയുമല്ല, കൊവിഡ് സംബന്ധിച്ചു രാജ്യത്തെ പല സർവകലാശാലകളും തുടങ്ങിവച്ച പഠനഗവേഷണ വിവരങ്ങൾ അവരായിട്ടു പുറത്തുവിടരുതെന്ന കർശന നിർദേശം ജീപെങ് ഭരണകൂടം കർശനമായി നടപ്പാക്കി. ചൈനയിൽ നിന്ന് ഒരു തരത്തിലുള്ള പരീക്ഷണ ഫലങ്ങളും പഠന റിപ്പോർട്ടുകളും ലോകത്തെ ഒരു സർവകലാശാലയ്ക്കും ഔഷധ നിർമാണശാലകൾക്കും ലഭിക്കുന്നില്ല.

തുടക്കം മുതൽക്കേ, കൊവിഡ് വൈറസുകളെ വുഹാൻ വൈറസ് എന്നാണു യുഎസ് വിദേശകാര്യ സെക്രട്ടറി മൈക്ക് പോംപിയോ വിശേഷിപ്പിക്കുന്നത്. പ്രസിഡന്റ് ട്രംപും ഇതേ നിലപാടാണു സ്വീകരിക്കുന്നത്. ഇതിൽ ചൈന കടുത്ത പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. ചൈനയിൽ നിന്നുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ യുഎസിലേക്കു കയറ്റി അയയ്ക്കുന്നതു പോലും ഒരു ഘട്ടത്തിൽ നിർത്തിവച്ചേക്കുമെന്ന ആശങ്കയും പടർന്നിരുന്നു.

അതേസമയം, കൊവിഡ് 19 പ്രതിരോധത്തിൽ ട്രംപ് ഭരണകൂടവും റിപ്പബ്ലിക്കൻ പാർട്ടിയും നേരിടുന്ന വലിയ പ്രതിഷേധം മറികടക്കാനാണ് തെരഞ്ഞെടുപ്പ് ആസന്നമായ വേളയിൽ ചൈനയെ സംശയമുനയിൽ നിർത്തുന്നതെന്നാണ് ചൈനയുടെ മറുപടി. ഡെമോക്രാറ്റുകളടക്കം യുഎസിലും ചൈനയുടെ വാദത്തെ പിന്തുണയ്ക്കുന്നവരുമുണ്ട്.

തബ്‌ലീഗ് സമ്മേളനം: മൗലാനാ സാദിനെതിരേ നരഹത്യാ കേസ്

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് 19 വ്യാപനത്തിന്റെ തീവ്രത വർധിപ്പിച്ചതിനു കാരണമായ തബ്‌ലീഗ് ജമാഅത്തിനെതിരേ കടുത്ത നടപടികൾക്കു കേന്ദ്രം. തബ്‌ലീഗ് നേതാവ് മൗലാനാ സാദ് കന്ധൽവിക്കും ആറു സഹായികൾക്കുമെതിരേ നരഹത്യാ കുറ്റം ചുമത്തിയ ഡൽഹി പൊലീസ് ഇവർക്കുവേണ്ടിയുള്ള തെരച്ചിൽ ഊർജിതമാക്കി. സമ്മേളനത്തിൽ പങ്കെടുത്തശേഷം ഇനിയും ആരോഗ്യ പ്രവർത്തകരെ അറിയിക്കാതെ കഴിയുന്നവരെ കണ്ടെത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാനങ്ങളോടു നിർദേശിച്ചു.

സമ്മേളനത്തിൽ പങ്കെടുത്ത നിരവധി പേർ കൊവിഡ് 19 ബാധിച്ചു മരണമടഞ്ഞ പശ്ചാത്തലത്തിലാണു മൗലാനാ സാദിനും സഹായികൾക്കുമെതിരേ നരഹത്യാ കുറ്റം ചുമത്തിയത്. താൻ ക്വാറന്റൈനിലാണെന്നു പ്രഖ്യാപിച്ച സാദിന്റെ പരിശോധനാ ഫലങ്ങൾ

കൂടി കണക്കിലെടുത്താകും അറസ്റ്റ് ഉൾപ്പെടെ കാര്യങ്ങളിൽ ഡൽഹി പൊലീസ് തീരുമാനം എടുക്കുക. സമ്മേളനത്തിൽ പങ്കെടുത്ത വിദേശികളടക്കം പലരും ഇനിയും ആരോഗ്യ പ്രവർത്തകരുമായി സഹകരിക്കാൻ തയാറായിട്ടില്ല. ഇവർക്കെതിരേ കടുത്ത വകുപ്പുകൾ ചുമത്തി കേസെടുക്കും. പൊലീസിനെയും മറ്റും ആക്രമിക്കുന്നവർക്കെതിരേയും

കടുത്ത നടപടിയുണ്ടാകും. ജമ്മു കശ്മീർ, അസം, ഉത്തർ പ്രദേശ് സംസ്ഥാനങ്ങൾ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവർക്കെതിരേ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

20 മുതൽ വാഹനങ്ങൾ റോഡിലിറക്കാൻ ക്രമീകരണം

തിരുവനന്തപുരം: വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് ഈ മാസം 20 മുതൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഒറ്റ, ഇരട്ട അക്ക നമ്പർ വാഹനങ്ങൾ ഒന്നിടവിട്ട ദിവസങ്ങളിൽ ഓടാൻ അനുവദിക്കുന്ന രീതിയിലാണ് ഇളവുകൾ ഉണ്ടാവുക. സ്ത്രീകൾ ഓടിക്കുന്ന വാഹനങ്ങൾക്ക് ഈ വ്യവസ്ഥയിൽ ഇളവുകൾ ഉണ്ടാകും.

- പ്രവാസികൾക്ക് കേരള ബാങ്കിന്റെ സംസ്ഥാനത്തെ 779 ശാഖകളിലൂടെ മൂന്നുശതമാനം പലിശയ്ക്ക് പ്രത്യേക പ്രവാസി സ്വർണപ്പണയ വായ്പാ പദ്ധതി നടപ്പാക്കും. 50,000 രൂപ നാലു മാസത്തേയ്ക്കാണ് വായ്പ. ഇൻഷുറൻസ് അപ്രൈസൽ, പ്രോസസിങ് ചാർജുകൾ ഈടാക്കില്ല.
- നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി. തൊഴിലാളികൾക്ക് ആരോഗ്യപരിശോധന നിർബന്ധം. പൊതുമരാമത്ത്, സ്വകാര്യ, ലൈഫ് ഭവനപദ്ധതി
- വ്യവസായ, പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രവർത്തിക്കാം. വ്യവസായ സ്ഥാപനങ്ങളിൽ ഒരു ഷിഫ്റ്റിൽ 50 ശതമാനം പേരിൽ കൂടാൻ പാടില്ല. തൊഴിലാളികൾക്ക് പ്രത്യേക താമസസൗകര്യമോ വാഹനങ്ങളിൽ എത്തിക്കാനുള്ള സൗകര്യമോ വേണം.
- റബർ സംസ്കരണ യൂണിറ്റുകൾക്ക് പ്രവർത്തിക്കാം
- കൃഷി തുടരാം, കാർഷികവിപണികൾ തുറക്കാം
- ഓയിൽ -റൈസ്- ഫ്ലോർമില്ലുകൾ പ്രവർത്തിക്കാം, വെളിച്ചെണ്ണ ആട്ടാം, വിൽക്കാം
- സഹകരണ സ്ഥാപനങ്ങൾ മിനിമം ജീവനക്കാർ സഹിതം പ്രവർത്തിക്കണം
- പഞ്ചായത്ത്, വില്ലെജ്, കൃഷിഭവൻ, അക്ഷയ സെന്റർ തുറക്കണം
- ഏലം ഉൾപ്പെടെയുള്ള തോട്ടങ്ങൾ പകുതി ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാം
- ആയുർവേദ, ഹോമിയോ മരുന്നു കടകൾ തുറക്കാം
- തൊഴിലുറപ്പ് പദ്ധതി പ്രവർത്തിക്കാം, ഒരു ടീമിൽ അഞ്ചുപേർ മാത്രം
- ബാർബർ ഷോപ്പുകൾ ശനി, ഞായർ തുറക്കാം, എസി പ്രവർത്തിപ്പിക്കരുത്,
- ബ്യൂട്ടി പാർലറുകൾക്ക് അനുമതിയില്ല
- പ്ലംബർ, ഇലക്ട്രീഷ്യൻമാർക്ക് പ്രവർത്തിക്കാം
- പനി,ജലദോഷം കണ്ടാൽ പുറത്തിറങ്ങരുത്
- വിദേശത്തേക്ക് മരുന്ന് എത്തിക്കാൻ നോർക്കയെ സമീപിക്കാം
- വീട് അറ്റകുറ്റപ്പണി, ഓല മേയൽ, കിണർ വൃത്തിയാക്കൽ എന്നിവയ്ക്ക് അനുമതി

തിങ്കളാഴ്ച മുതൽ കൂടുതൽ രാജ്യങ്ങൾ പൂട്ടു തുറക്കും

ജപ്പാൻ നിയന്ത്രണം കടുപ്പിക്കുന്നു

ബർലിൻ: യൂറോപ്യൻ യൂണിയനുകളിലടക്കം പല ലോകരാജ്യങ്ങളിലും കോവിഡ് പ്രതിരോധ ലോക്ക് ഡൗണിൽ അയവു വരുത്തുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കാനാണിത്. ജർമനി, സ്പെയ്ൻ, ഡെന്മാർക്ക്, ചെക്ക് റിപ്പബ്ലിക്, ഓസ്ട്രിയ, നോർവെ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളാണ് അയവുമായി മുന്നോട്ടു വരുന്നത്. എന്നാൽ ജപ്പാൻ നിയന്ത്രണങ്ങൾ കർക്കശമാക്കുകയും സമയപരിധി കൂട്ടുകയും ചെയ്തു.

പത്തുപേരിൽ കൂടുതൽ പൊതുസ്ഥലത്തു കൂട്ടം കൂടുന്നത് വിലക്കിക്കൊണ്ടുതന്നെ എണ്ണൂറ് ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഷോപ്പിങ് സെന്ററുകളടക്കം തിങ്കളാഴ്ച മുതൽ തുറന്നുകൊടുക്കുമെന്ന് ജർമൻ ചാൻസിലർ ആഞ്ജെല മാർക്കൽ. നിർമാണ മേഖലകൾ, കംപ്യൂട്ടർ ഉത്പാദന, സേവന മേഖലകൾ, ഐടി തുടങ്ങിയ മേഖലകളിലാണ് ഇളവുകൾ. ഹൈസ്കൂളുകളിലെ ഫൈനൽ പരീക്ഷകൾ മേയ് നാലു മുതൽ നടത്തും. സർവകലാശാലാ പരീക്ഷകൾക്കും കലണ്ടറുണ്ടാക്കും. എന്നാൽ ഡേ കെയ്റുകൾക്ക് നിയന്ത്രണം തുടരും.

അതേസമയം, ബുധനാഴ്ച ജർമനിയിൽ ഏറ്റവും കൂടുതൽ കൊവിഡ് മരണം രേഖപ്പെടുത്തി- 285. ഇതോടെ മൊത്തം മരണസംഖ്യ 3254 ആയി. പുതുതായി കൂടുതൽ പേരെ ആശുപത്രിയിൽ പ്രവേശിക്കുന്നുമുണ്ട്. എന്നിട്ടും നിയന്ത്രണങ്ങളിൽ ഇളവു വരുത്തുന്നതിനെ പലരും എതിർക്കുകയാണ്. തകർന്നു പോയ സാമ്പത്തിക സ്ഥിതിയും ജനങ്ങളുടെ ജീവിതാവശ്യങ്ങളും പരിഗണിച്ച്, കർക്കശമായ നിയന്ത്രണങ്ങളോടെയാണ് ഇളവുകൾ ഏർപ്പെടുത്തുന്നതെന്നും മാർക്കൽ.

യുഎസിനു തൊട്ടുപിന്നിൽ മരണസംഖ്യയിൽ രണ്ടാമതുള്ള സ്പെയ്നും ലോക്ക്ഡൗണിൽ തിങ്കളാഴ്ച മുതൽ ഇളവുകൾ അനുവദിക്കും. മൂന്നു ലക്ഷം തൊഴിലാളികളാണ് ഇന്നലെ തലസ്ഥാനമായ മാഡ്രിഡിൽ ജോലിക്കെത്തിയത്. മാർച്ച് 14 മുതൽ അടിയന്തിരാവസ്ഥയിൽ കഴിയുന്ന ജനങ്ങൾക്കു തിങ്കളാഴ്ച മുതൽ ഭാഗികമായി പുറത്തിറങ്ങാനാവും. സ്കൂളുകളും കോളെജുകളും ഘട്ടംഘട്ടമായി പ്രവർത്തിച്ചു തുടങ്ങും.

തിങ്കളാഴ്ച മുതൽ ഇറ്റലിയിൽ ബുക്ഷോപ്സ്, അലക്കുശാലകൾ, ഫോറസ്ട്രി, കംപ്യൂട്ടർ മാനുഫാക്ച്ചറിങ് യൂണിറ്റ്, ഹൈഡ്രോളിക് വർക്സ്, പേപ്പർ, കാർഡ്ബോർഡ്സ് തുടങ്ങിയവ ഭാഗികമായി പ്രവർത്തിച്ചു തുടങ്ങുമെന്നു പ്രധാനമന്ത്രി ഗോസെപ്പെ കോണ്ടി. എന്നാൽ ആരാധാനലായങ്ങളടക്കമുള്ള പൊതുസ്ഥലങ്ങൾ മേയ് മൂന്നിനു വരെയുള്ള സ്ഥിതിഗതികൾ വിലയിരുത്തി മാത്രമേ തിരുമാനിക്കൂ. ഡെന്മാർക്കിൽ ബുധനാഴ്ച മുതൽ സ്കൂളുകൾ ഭാഗികമായി പ്രവർത്തിച്ചു തുടങ്ങും. ഫൈനൽ പരീക്ഷകളാണ് ആദ്യം നടക്കുക. എന്നാൽ പത്തുപേരിൽ കൂടുതൽ സംഘം ചേരുന്ന തടക്കമുള്ള പൊതു നിയന്ത്രണങ്ങൾ മേയ് 10 വരെ തുടരും.

രോഗവ്യാപനത്തിൽ ഏറെ പിന്നിലുള്ള ചെക്ക് റിപ്പബ്ലിക്കിലും നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കും. മാർച്ച് 12 മുതൽ ഇവിടെ കടുത്ത നിയന്ത്രണങ്ങളാണ്. സ്പോർട്സ്, കടകൾ, മാളുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയാണു തുറക്കുക. എന്നാൽ പൊതുസ്ഥലത്ത് ആളുകൾ കൂട്ടംകൂടുന്നതിനു വിലക്ക് തുടരും. ജൂൺ ഒന്നു മുതൽ പതുപരീക്ഷകൾ നടത്തും. ഹൈസ്കൂൾ മുതൽ മുകളിലേക്കുള്ള സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നത് ജൂൺ മുപ്പതിനു ശേഷം മാത്രം.

അതിർത്തിയിൽ നിർദേശങ്ങൾ ലംഘിച്ച് സഞ്ചരിച്ചാൽ രണ്ട് വർഷം തടവ്

പാലക്കാട്: കൊവിഡ് 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള യാത്രകൾ നിരോധിക്കുകയും എല്ലാ റോഡുകളും അടച്ചിടുകയും ചെയ്ത സാഹചര്യത്തിൽ, അതിർത്തിയിലൂടെ ലോക്ക് ഡൗൺ നിർദേശങ്ങൾ ലംഘിച്ചുള്ള യാത്ര കുറ്റകരവും ശിക്ഷാർഹവുമാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.

പാലക്കാട് ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവർ പല ഇടവഴികളിലൂടെയും തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്കും തിരിച്ചും സഞ്ചിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തുടർന്നും ലോക്ക് ഡൗൺ നിർദേശങ്ങൾ ലംഘിച്ച് അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചാൽ ക്രിമിനൽ കുറ്റമായി പരിഗണിച്ച് കേരള എപ്പിഡെമിക് ഡിസീസ് ഓർഡിനൻസ്- 2020 പ്രകാരം രണ്ടുവർഷം തടവും 10,000 രൂപ പിഴയും ഈടാക്കി ശിക്ഷിക്കുന്നതാണ്. ഇത്തരം യാത്രകളോ സഞ്ചാരങ്ങളോ ശ്രദ്ധയിൽപ്പെടുന്ന പൊതുജനങ്ങൾ ബന്ധപ്പെട്ട അധികൃതരെ ഉടനെ വിവരം അറിയിക്കണം.

യുഎഇയിൽ ബാൽക്കണിയിൽ നിന്ന് ദേശീയ ഗാനം ആലപിക്കണം

അബുദാബി: കൊവിഡ് പ്രതിരോധത്തിൽ ജീവന്മരണ പോരാട്ടം നടത്തുന്ന ആരോഗ്യ മേഖലയിലെ ഡോക്റ്റർമാർ, നഴ്സുമാർ, ഇതര പ്രവർത്തകർ എന്നിവർക്ക് ഐക്യാദ്യാർഢ്യം പ്രഖ്യാപിക്കാനും രാജ്യത്തിന്റെ ഐക്യം പ്രകടിപ്പിക്കാനും യുഎഇയിലെ മുഴുവൻ പൗരന്മാരും ആഴ്ചയിൽ രണ്ടുദിവസം രാത്രി ദേശീയഗാനം ആലപിക്കണമെന്ന് ഭരണകൂടം ഉത്തരവിറക്കി.

സ്വന്തം പൗരന്മാർക്കു പുറമേ, രാജ്യത്തു റസിഡന്റ് വിസയുള്ള വിദേശ പൗരന്മാരും സ്വന്തം വീടുകളുടെ ബാൽക്കണികളിലും താമസസ്ഥലത്തും തൊഴിലിടങ്ങളിലും സാമൂഹിക അകലം പാലിച്ച് ഒരുമിച്ചു നിന്ന് ദേശീയഗാനം ആലപിക്കണെന്നാണു കർശന നിർദേശം. രാത്രി ഒൻപതിനാണ് ഇതു ചെയ്യേണ്ടത്. ബുധനാഴ്ച രാത്രിയായിരുന്നു ആദ്യത്തെ സമൂഹ ദേശീയ ഗാനാലപനം. രണ്ടാമത്തേത് ഇന്നു രാത്രി ഒൻപതിന്.

മലേഷ്യയിലേക്ക് 90,000 ഹൈഡ്രോക്സി ക്ലോറോക്വിൻ

ക്വാലാലംപുർ: കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഇന്ത്യ മലേഷ്യക്ക് 89,100 ഹൈഡ്രോക്സിക്ലോറോക്വിൻ ഗുളികകളെത്തിച്ചു. ഈ മാസം 14നാണ് മലേഷ്യയിലേക്ക് ഗുളികകൾ അയയ്ക്കാൻ ഇന്ത്യൻ സർക്കാർ അനുമതി നൽകിയത്. മലേഷ്യയോട് ഇന്ത്യ കാണിച്ച മഹാമനസ്കതയ്ക്ക് മലേഷ്യൻ വിദേശകാര്യ ഉപമന്ത്രി കമറുദീൻ ജാഫർ നന്ദി പറഞ്ഞു. ഇന്ത്യയിൽ സ്റ്റോക്ക് കൂടുന്നതനുസരിച്ച് മലേഷ്യയ്ക്കുള്ള ലഭ്യതയും കൂടുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

സ്പ്രിംഗ്ലർ കമ്പനിയുമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ കരാർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ ഇന്നലെ രാജ്ഭവനിലെത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാന് നിവേദനം നൽകിയപ്പോൾ. ജില്ലാ പ്രസിഡന്റ് വി.വി. രാജേഷ്, സംസ്ഥാന സെക്രട്ടറി വി. ശിവൻകുട്ടി എന്നിവർ സമീപം.

സ്പ്രിംഗ്ലർ: കരാർ റദ്ദാക്കാൻ ഗവർണർ ഇടപെടണമെന്ന് ബിജെപി

തിരുവനന്തപുരം: കൊവിഡ് 19 ബാധിതരുടെ ബയോമെട്രിക്കൽ വിവരങ്ങൾ ശേഖരിക്കാൻ വിദേശകമ്പനിയായ സ്പ്രിംഗ്ലറുമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ കരാർ റദ്ദാക്കണമെന്ന് ബിജെപി സംസ്ഥാന നേതൃത്വം ഗവർണർ ആരിഫ് മുഹമ്മദ് ഖാനോട് നേരിട്ട് ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം ഗവർണറെ സന്ദർശിച്ചു നിവേദനം കൈമാറി.

കരാർ സംസ്ഥാന താത്പര്യം സംരക്ഷിക്കുന്നതല്ല. അതിലെ വ്യവസ്ഥകൾ മിക്കതും പൗരാവകാശങ്ങൾ ഹനിക്കുന്നതും ഭരണഘടനയ്ക്ക് എതിരുമാണ്. വ്യക്തികളുടെ ആരോഗ്യസംബന്ധമായ വിവരങ്ങൾ കൈമാറ്റം ചെയ്യാൻ പാടില്ല. കേന്ദ്ര സർക്കാരിന്റെയോ ഐസിഎംആറിന്റെയൊ അനുമതിയില്ലാതെയാണ് സംസ്ഥാന സർക്കാരിന്റെ നടപടി. പൗരന്മാരുടെ ബയോമെട്രിക് വിവരങ്ങൾ കൈകാര്യം ചെയ്യാൻ വിദേശ കമ്പനിക്ക് അനുമതി നൽകിയത് ഗുരുതരമായ സത്യപ്രതിജ്ഞാ ലംഘനമാണ്.

ഉന്നത ഉദ്യോഗസ്ഥർ മുതൽ സാധാരണ പൗരന്മാർ വരെയുള്ളവരുടെ രഹസ്യവിവരങ്ങളും സുരക്ഷയും കരാർ അപകടപ്പെടുത്തും. സേവനദാതാവിന് നൽകേണ്ട തുക സംബന്ധിച്ച് വ്യക്തതയില്ലാത്തത് വൻ അഴിമതിക്കും സർക്കാർ ഖജനാവിലെ പണം നഷ്ടപ്പെടാനും ഇടയാക്കും. കരാർ സംസ്ഥാനത്തിന്റെയല്ല, സമ്പൂർണമായും വിദേശ കമ്പനിയുടെ മാത്രം താത്പര്യം സംരക്ഷിക്കുന്നതാണ്. വിദേശത്ത് അവിടത്തെ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന കമ്പനിയുമായി ഇത്തരത്തിൽ കരാറിലേർപ്പെടുന്നതും അങ്ങേയറ്റം ദുരൂഹമാണ്.

കൊവിഡിനെതിരെ രാജ്യം ഒറ്റക്കെട്ടായി പൊരുതുമ്പോൾ സംസ്ഥാന സർക്കാരിന്റെ നടപടി ജനതയുടെ ആത്മവിശ്വാസം തകർക്കും. അതിനാൽ വിഷയത്തിൽ ഉടൻ ഇടപെട്ട് ഗവർണറുടെ അധികാരമുപയോഗിച്ച് കരാർ റദ്ദാക്കണം. കരാർ സംബന്ധിച്ച് സംസ്ഥാന സർക്കാർ മറച്ചുവയ്ക്കുന്ന രഹസ്യങ്ങൾ പുറത്തുവിടണം. അവ ജനങ്ങളെ അറിയിക്കണം. ഇക്കാര്യങ്ങളിൽ ഗവർണറിൽ നിന്ന് അടിയന്തര നടപടിയുണ്ടാകണം- നിവേദനത്തിൽ ആവശ്യപ്പെടുന്നു. സംസ്ഥാന സെക്രട്ടറി സി. ശിവൻകുട്ടി, തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് അഡ്വ. വി.വി. രാജേഷ് എന്നിവരും സുരേന്ദ്രനോടൊപ്പം ഉണ്ടായിരുന്നു.

ഇ.എ. മത്തായി

തൃപ്പൂണിത്തുറ: മാമല ഇല്ലിക്കപ്പറമ്പിൽ ഇ.എ. മത്തായി (വർക്കി മത്തായി - 80) അന്തരിച്ചു. ഭാര്യ: ലളിത, കോലഞ്ചേരി പൂമറ്റത്തിൽ കുടുംബാംഗം. മക്കൾ: ദിലു (ബിസിനസ്), ദിപു (ന്യൂസിലൻഡ്). മരുമക്കൾ: ഷെറിൻ (അധ്യാപിക നവനിർമാൺ പബ്ലിക് സ്കൂൾ), ഷിയ (ന്യൂസിലൻഡ്). സംസ്കാരം നടത്തി.

ദേവസി

വേളൂക്കര: കൊറ്റനാടൻ വർഗ്ഗീസ് മകൻ ദേവസി (69) അന്തരിച്ചു. ഭാര്യ: ഏല്യ. മക്കൾ: ബൈജു, ബീന. മരുമക്കൾ: അൽഫോൻസ, ഷാജി. സംസ്ക്കാരം നടത്തി.

പൗലോസ്

മനക്കൊടി: കിഴക്കുംപുറം തത്രത്തിൽ പൊൻമാണി കൊച്ചാപ്പു മകൻ പൗലോസ്(84) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ കുഞ്ഞില. മക്കൾ: ജെസ്സി, മേഗി, ജോസ്പോൾ, ചാക്കോച്ചൻ. മരുമക്കൾ: ജോൺസൻ, വിൻസെന്റ്, എമിലത്ത്, ജൂലി.

ആയിഷക്കുട്ടി

മൊറയൂർ: വാലഞ്ചേരി മദ്രസ റോഡ് ആനത്താൻ അബൂബക്കർ ഹാജിയുടെ ഭാര്യ പാലപ്പറ്റ കാപ്പാട്ട്തൊടിക ആയിഷക്കുട്ടി (60) അന്തരിച്ചു. ഉമ്മ: മാടശ്ശേരി ആമിനക്കുട്ടി.
മക്കൾ: ഷറഫുന്നീസ, ഷഹർബാൻ, അജ്മൽ (മൊറയൂർ മണ്ഡലം കോൺഗ്രസ് പ്രസിഡന്റ്), സജിന. മരുമക്കൾ : മൻസൂറലി കുരുക്കൾ, മുഹമ്മദ് ഫൈസൽ കരുമ്പിലാക്കൽ, സജ്ന പറയങ്ങാടൻ, ഇല്യാസ് കോണിയകത്ത്. സഹോദരങ്ങൾ: ബീരാൻ കുട്ടി, മുഹമ്മദ്, ഖദീജ, സുബൈദ, സുലൈഖ, ജമീല, അഷ്റഫ്, ഷഹീദ.

ഏലിയാമമ

റാന്നി:ചെല്ലക്കാട് കപ്പയിൽ കെ.ജെ.ഡേവിഡിന്റെ ഭാര്യ ഏലിയാമമ (കുഞ്ഞമ്മ-78) അന്തരിച്ചു. മക്കൾ: ഷാജി, സജി, അജി, അബു, ഷിജു, ടിജു, അനിത.

ജി.പരമേശ്വരൻ നായർ

പറവൂർ: പെരുവാരം തമ്പുരാൻ മഠത്തിൽ ജി.പരമേശ്വരൻ നായർ (72-ഗംഗൻ) നന്ദികുളങ്ങര മൂലയിൽ ഇയ്യങ്കുഴി കുടുംബാംഗമാണ്. ഭാര്യ: ഗിരിജ ദേവി. മക്കൾ: രാധിക,രതീഷ്. മരുമക്കൾ: മഞ്ജുനാഥ്, ധനീഷ ശിവപ്രിയ. സംസ്കാരം നടത്തി.

സാംബശിവൻ

ചാലക്കുടി: മേലൂർ എരുവീട്ടിൽ സാംബശിവൻ (58) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ പത്തിന് ചാലക്കുടി നഗരസഭ ക്രിമിറ്റോറിയത്തിൽ. ഭാര്യ: ഗിരിജ. മക്കൾ: സജീഷ്, സനീഷ്. മരുമക്കൾ: അശ്വനി, രോഷ്മി.

ഉണ്ണീൻ

മഞ്ചേരി: മുള്ളമ്പാറ പരിയാരം ബിലാൽ മസ്ജിദിന് സമീപം താമസിക്കുന്ന കള്ളാടിത്തൊടി ഉണ്ണീൻ (78) അന്തരിച്ചു. ഭാര്യ: ആയിഷ. മക്കൾ: ഫിറോസ്, ഹമീദ്, സത്താർ, അൻവർ, സൽമാബി, സുഫൈറ, സാബിറ, സമീന. മരുമക്കൾ: നൗഷാദ്, നാസർ, ശറഫുന്നീസ, അസ്റ, സമീർ, ഷമീമ, സർജാസ്, മാജിദ.

അബ്ദുൾ ഗഫൂർ

പെരിങ്ങോട്ടുകര: കിഴക്കേനട ഗ്രീൻപാർക്ക് ലൈനിൽ വാക്കേപറമ്പിൽ അബ്ദുൾ ഗഫൂർ (65) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: ഖദീജാബി.

അലോഷ്യസ് ഹെമിൽട്ടൻ

വൈപ്പിൻ: പുതുവൈപ്പ് വടശേരി അലോഷ്യസ് ഹെമിൽട്ടൻ (74) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകുന്നേരം മൂന്നിന് കുരിശിങ്കൽ പള്ളി സെമിത്തേരിയിൽ. ഭാര്യ: പ്യാരി. മക്കൾ: ഡാനിഷ്, ഡിൽന. മരുമകൻ: ലിബിൻ.

ജാനകി

മുണ്ടമല: ചൊട്ടിപാറയിൽ പരേതനായ അഴകൻ കേശവന്റെ ഭാര്യ ജാനകി (80) അന്തരിച്ചു. മക്കൾ: പാസ്റ്റർ കുഞ്ഞുമോൻ, കൊച്ചുമോൻ, രാജു, സജി.

വി.പി. വിഷ്ണു നമ്പൂതിരിപ്പാട്

ശ്രീമൂലനഗരം: വാര്യാട്ട്പുരം വെൺമണി മനയിൽ വി.പി. വിഷ്ണു നമ്പൂതിരിപ്പാട് (75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തൃക്കളത്തൂർ ആത്രശ്ശേരി ഇല്ലത്ത് ലീലാ അന്തർജനം. മക്കൾ: വെൺമണി അജിത്ത്, ഭവദാസൻ നമ്പൂതിരിപ്പാട് (ലക്ചറർ, ശ്രീ ശങ്കരാ കോളേജ്, കാലടി). മരുമക്കൾ: സ്മിത, നന്ദിത.

കാർത്ത്യായനി

മരത്താക്കര: വിശ്വനാഥ നഗറിൽ പുതുപ്പറമ്പിൽ വേലപ്പന്റെ ഭാര്യ കാർത്ത്യായനി (86) അന്തരിച്ചു. മക്കൾ: ഭാസ്ക്കരൻ, വിമല, അംബിക, പരേതനായ ഗോപാലൻ. മരുമക്കൾ: ശോഭന, വാസന്തി, പരേതനായ മോഹൻ, പരേതനായ ആനന്ദൻ.

ജഗദീശൻ

പഴുവിൽ വെസ്റ്റ്: പെരിങ്ങോട്ടുകര സൗത്ത് ഇന്ത്യൻ ബാങ്കിലെ ഉദ്യോഗസ്ഥൻ പനയിൽ ജഗദീശൻ (56) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: രജിത. മക്കൾ: അൽജീഷ്, അൽക്കേഷ്.

മാധവി

പറോപ്പടി: പരതനായ പൂതക്കണ്ടിയിൽ ചോയിയുടെ ഭാര്യ മാധവി (98) അന്തരിച്ചു. മക്കൾ: ബാബുരാജ്, അംബിക, സജിത, റീന, പരേതരായ രാജൻ, സദാനന്ദൻ, ലളിത മരുമക്കൾ റീന, പരേതനായ എ.പി.കെ. ഹരിദാസ്, വിശ്വനാഥൻ, ബാബുരാജ് സിങ്, പ്രസന്ന, രമ, സുബ്രഹ്മണ്യൻ. സംസ്കാരം നടത്തി.

സി.എം. സാമുവൽ

കൊറ്റനാട്: നെടുംപുരചരിവുകാലായിൽ സി. എം. സാമുവൽ (64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വൈക്കം പള്ളിക്കൽ റോസമ്മ. മക്കൾ: നിബിൻ, നിഷ. മരുമക്കൾ: സൗമ്യ, ലൂയിസ്.

കെ.എം. കുഞ്ഞപ്പൻ

തിരുവനന്തപുരം: കേരളാ ഹൗസ്, കുട്ടനാട് റെസ്റ്റോറന്റുകളുടെ ഉടമയും സാംസ്കാരിക പ്രവർത്തകനുമായ കെ. എം. കുഞ്ഞപ്പൻ(71) അന്തരിച്ചു. ആലപ്പുഴ നെടുമുടി കാഞ്ഞൂപ്പറമ്പിൽ വാടയിൽ മാത്തച്ചൻ-അന്നാ ദമ്പതികളുടെ മകനാണ്. ഭാര്യ: മേരിക്കുട്ടി കുഞ്ഞപ്പൻ. മക്കൾ: അനു, ചിന്നു. മരുമക്കൾ: അലൻ ജേക്കബ്, ജിജോ കുരുവിള. ഡോ. സുകുമാർ അഴീക്കോട് ട്രസ്റ്റ്, ചാവറ കുര്യാക്കോസ് തിരുമേനി സ്മാരക ട്രസ്റ്റ് അടക്കം നിരവധി സാംസ്കാരിക സ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരികയായിരുന്നു പരേതൻ.

അപ്പുണ്ണി

വടക്കാഞ്ചരി: കല്ലംപാറ ആറേക്കാട്ട് അപ്പുണ്ണി (84) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: പരേതയായ നീലി. മക്കൾ: രമണി, ശ്രീനി, രജനീ, മിനി. മരുമക്കൾ: ചന്ദ്രൻ, ശശി, മണി, സരിത.

ഫാത്തിമ

എടത്തിരുത്തി: കുട്ടമംഗലം കണ്ണാൻകില്ലത്ത് ഹൈദ്രോസ് കുട്ടി (അജ്മീർ) ഭാര്യ ഫാത്തിമ (96) അന്തരിച്ചു. ഖബറടക്കം നടത്തി. മക്കൾ: മുഹമ്മദ് ബഷീർ, സിദ്ദീഖ്, ഷംസുദ്ദീൻ, മഷൂദ്, ജമീല, മൈമൂന, നജ്മ. മരുമക്കൾ: സുഹറാബി, സീനത്ത്, കദീജാബി, റസിയ, ഹംസ, ഷാഹുൽ ഹമീദ്, ഷാഹുൽ ഹമീദ്.

കോശി ജോർജ്

ആലുവ: തായിക്കാട്ടുകര, മാടശ്ശേരിവീട്ടിൽ ഉമ്മൻ മകൻ കോശി ജോർജ് (65) അന്തരിച്ചു ,മുൻ ഐ എസി ജീവനക്കാരൻ. സംസ്കാരം കഴിഞ്ഞു. ഭാര്യ: പ്രേമിള. മക്കൾ: ജോർജ്, മിഥുൻ ഐസക്.
മരുമക്കൾ: പനിതാ, റൊനിയ.

ഏലിയാമ്മ

പന്തളം: പൂഴിക്കാട് എണ്ണശേരിൽ പുത്തൻവീട്ടിൽ കെ.തങ്കച്ചന്റെ ഭാര്യ ഏലിയാമ്മ (72) അന്തരിച്ചു.

അഡ്വ.എം.അബ്ദുൽ വഹാബ്

തിരുവനന്തപുരം. കരമന ശാസ്ത്രി നഗർവെസ്റ്റ് നൈഷാസിൽ അഡ്വ. എം.അബ്ദുൽ വഹാബ് (74- റിട്ട. എസ്പി, കേരള പൊലീസ്) അന്തരിച്ചു. ഭാര്യ: സഫിയാബീവി. മക്കൾ: ഡോ. ആശാ വഹാബ് (ഡെന്റാരിസ്, ജഗതി), ഡോ.ആഷാദ് വഹാബ് (എസ്ജിസിവിസി, പരുമല), ആഷിത് വഹാബ് (ടെക്നോപാർക്ക്). മരുമക്കൾ: ഡോ. മുഹമ്മദ് ഷാഫി (കൊട്ടാരക്കര), ഷെമീനാബീവി (എസ്ബിഐ), ജെസീന.



വിശ്വംഭരൻ

വടക്കാഞ്ചേരി: പാർളിക്കാട് മാടച്ചിംപറ വിശ്വംഭരൻ (81) അന്തരിച്ചു. സംസകാരം നടത്തി. പാർളിക്കാട് ക്ഷീര സംഘം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ലത. മക്കൾ: ഷാജി, ഷീജ, പരേതനായ സജീവ്. മരുമക്കൾ: ഗീത, രമിത, സുന്ദരൻ.

സുഭദ്ര

മലയിൻകീഴ് : മഞ്ചാടി മേലെ പുത്തൻ വീട്ടിൽ പരേതനായ ശിവരാമൻ ആചാരിയുടെ ഭാര്യ സുഭദ്ര (76) അന്തരിച്ചു. മക്കൾ: ചന്ദ്രൻ, മുരുകൻ. മരുമക്കൾ: കവിത, സിന്ധു.

ഏലിയാമ്മ

കോതമംഗലം: റിട്ട. കെഎസ്ആർടിസി ഉദ്യോഗസ്ഥൻ പുതുപ്പാടി ഗ്രീൻലാൻഡ് പുന്നകുഴിയ്ക്കൽ പി.റ്റി ജോസഫിന്റെ (ബേബി) ഭാര്യ ഏലിയാമ്മ (72) അന്തരിച്ചു. മീമ്പാറ കുടകുത്തി പാണ്ടാലിൽ കുടുംബാംഗം. സംസ്ക്കാരം ഇന്ന് രാവിലെ 11ന് കാരക്കുന്നം സെന്റ് മേരീസ് കത്തോലിക്ക പള്ളിയിൽ. മക്കൾ: ജാൻസി (നഴ്സ്, ബിലിവേഴ്സ് ഹോസ്പിറ്റൽ തിരുവല്ല), ജാൻസർ ജോസഫ് (മസ്കറ്റ്), ജിൻസർ ജോസഫ് (അബുദാബി). മരുമക്കൾ: ജോസഫ് കെ.എ. കല്ലുകളത്തിൽ ചെത്തിപ്പുഴ ചങ്ങനാശേരി, ജിൻസി ജാൻസർ (മസ്കറ്റ്), ജിജി ജിൻസർ (അബുദാബി).

കുഞ്ഞമ്മ

തേഞ്ഞിപ്പലം: കൊല്ലം ചിന ചുള്ളിയാലപ്പുറം പരേതനായ കേളുവിന്റെ ഭാര്യ കുഞ്ഞമ്മ (90) അന്തരിച്ചു. മക്കൾ: ജാനകി, ദാസൻ (ബിസിനസ്, തമിഴ്നാട്), ഇന്ദിര, ഉണ്ണി, ഗീത. മരുമക്കൾ: കുമാരൻ പുകയൂർ, വിജയൻ അരീക്കോട്, പരേതനായ വേലായുധൻ പാക്കട പുറായ, രാധ വേങ്ങര, സതി ചേളാരി.

ചന്ദ്രൻ

വടക്കാഞ്ചേരി: പാർളിക്കാട് മാടിച്ചിംപാറ ശങ്കരൻ മകൻ ചന്ദ്രൻ (79) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: രാധ. മക്കൾ: സുരേഷ്, രമേഷ്, സുധാകരൻ (മൈസൂർ), ലത. മരുമക്കൾ: ഷാലി, ബിന്ദു, ജലജ, ജയകുമാർ.

എൻ.കൃഷ്ണൻ

കഴക്കൂട്ടം: ചേങ്കോട്ടുകോണം, കൃഷ്ണ ഭവനിൽ എൻ.കൃഷ്ണൻ (92) അന്തരിച്ചു. ഭാര്യ: പി.കൃഷ്ണമ്മ. മക്കൾ: വേണു ഗോപാൽ, സുമ, ലാൽ കുമാർ, ലതാ കുമാരി. മരുമക്കൾ: മായാദേവി, ഡോ.ശശി കുമാർ, സൗമ്യ, സുരേഷ് കുമാർ.

സോനു സാം തോമസ്

മാവേലിക്കര: വാത്തികുളം കാങ്കാലിൽ പടീറ്റേതിൽ സാംകുട്ടി തോമസിന്റെ മകൻ സോനു സാം തോമസ് (20) ഗുജറാത്തിലെ അഹമ്മദാബാദിൽ നിര്യാതനായി. മാതാവ്: പരേതയായ ലിജി സാം. തലച്ചോറ് സംബന്ധമായ രോഗത്താൽ ആശുപത്രി ചികിൽസയിലായിരുന്നു. ബുധനാഴ്ച്ചയാണ് മരണം സംഭവിച്ചത്. കഴിഞ്ഞ ദിവസം അഹമ്മദാബാദ് ജറുസലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കാരം നടത്തി.

എം.ഒ.പുന്നൂസ്

തിരുവൻവണ്ടൂർ: മഠത്തിലേത്ത് കണ്ടത്തിൽ എം.ഒ.പുന്നൂസ് (കുഞ്ഞുമോൻ-68) അന്തരിച്ചു. ഭാര്യ: കുന്നങ്കേരി തേവന്നത്ത് കുഞ്ഞമ്മ.

ബീവി

കുന്ദമംഗലം: ചേരിഞ്ചാൽ ഞെണ്ടാടിയിൽ മൊയ് തീൻകോയയുടെ ഭാര്യ ബീവി (64) അന്തരിച്ചു. മക്കൾ: നസീർ (മഹല്ല് ട്രഷറർ ചേരിഞ്ചാൽ), നിസാർ, റഷീദ, റുബീന, മുനീറ. മരുമക്കൾ: പരേതനായ സിദ്ധീഖ്, മുഹമ്മദ് തൂമ്പറ്റ, അബ്ദുൽ സലാം, ഷമീറ.



കൃഷ്ണൻ നമ്പൂതിരി

കുന്നംകുളം: തൃശൂർ പാറകുന്നത്ത് മനയിൽ കൃഷ്ണൻ നമ്പൂതിരി(62) അന്തരിച്ചു. സംസ്കാരം നടത്തി. ചിത്ര-ശില്പ കലാകാരനായിരുന്നു. സഹോദരങ്ങൾ: പി. നാരായണൻ നമ്പൂതിരി, പി. മോഹനൻ നമ്പൂതിരി, പി.ആർ. സാവിത്രി ടീച്ചർ അകഴിമന, പി.ആർ. ദേവിക കുന്നത്ത്മന.

ജോണി

മുല്ലശ്ശേരി: ആലുക്കൽ കൊച്ചു ദേവസ്സി മകൻ ജോണി (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9 ന് മുല്ലശ്ശേരി ഗുഡ് ഷെപ്പേർഡ് പള്ളി സെമിത്തേരിയിൽ. ഭാര്യ: റീത്ത. മക്കൾ: വിവൻസി (കോൾ ലെയ്സൺ ഓഫീസർ, തൃശൂർ), വിൻസെന്റ് (ബാംഗ്ലൂർ), വിൽമ. മരുമക്കൾ: ടെസ്സി, ജിംസി, ഷിബു മാളിയേക്കൽ.

വിജയൻ

മുഹമ്മ: മുഹമ്മ പഞ്ചായത്ത് ഒൻപതാം വാർഡിൽ ബസ് സ്റ്റാൻഡിന് സമീപം താഴ്ച്ചയിൽ വിജയൻ (76) അന്തരിച്ചു. ഭാര്യ: അമ്മിണി. മക്കൾ: അനിത (ഇന്ത്യൻ റെയിൽവേ ഗേറ്റ് കീപ്പർ ആലുവ), മഞ്ജുഷ (ഇന്ത്യൻ റെയിൽവേ ഗേറ്റ് കീപ്പർ ചേർത്തല). മരുമകൻ : മോഹൻലാൽ (ഗൾഫ്).

തങ്കമ്മ

കുമ്പനാട്-കടപ്ര: കണ്ണുരാലിൽ കെ.സി. ചാക്കോയുടെ ഭാര്യ തങ്കമ്മ (78) അന്തരിച്ചു. റാന്നി കണ്ടംപേരൂർ ചക്കുളത്ത് കുടുംബാംഗമാണ്. മക്കൾ: ജോർജ്കുട്ടി, വൽസമ്മ, കൊച്ചുമോൾ , അൽസി, സാബു, സജു (ഇരുവരും യുകെ).

ആഷിഖ്

തേഞ്ഞിപ്പലം: ചേളാരി ചാപ്പപാറ സ്വദേശി പരേതനായ ബീരാൻ കോയ ഹാജിയുടെ മകൻ ആഷിഖ് (44) സൗദി അറേബ്യയിലെ ജിദ്ദയിൽ അന്തരിച്ചു. ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. നാല് മാസം മുമ്പാണ് നാട്ടിൽ വന്ന് പോയത്. ഭാര്യ: സഫുറമൂന്നിയൂർ. മക്കൾ: നസ്ല, സജ, സന. മാതാവ്: സഫിയ ഹജ്ജുമ്മ. സഹോദരങ്ങൾ: അൻവർ, റഫീഖ്, ജാഫർ, ജാബിർ, നൂർജഹാൻ, റാഹില. ജിദ്ദയിൽ ഖബറടക്കം ചെയ്യും

ഡോ.ടി.കെ.പീറ്റർ

കൈപ്പട്ടൂർ: തേരകത്ത് ഡോ.ടി.കെ.പീറ്റർ (രാജു-67) അന്തരിച്ചു. ഭാര്യ: കറ്റാനം കാട്ടൂർ ഡോ. സോഫി. മകൻ: പ്രതാപ് പീറ്റർ (ചാർട്ടേഡ് അക്കൗണ്ടന്റ്, ദുബായ്). മരുമകൾ: നിഷ.

എൽ.കൃഷ്ണകുമാരി

കൊല്ലം:ബിഎസ്എൻഎൽ റിട്ട.സൂപ്രണ്ട് ഇരവിപുരം ശ്രീശരവണ-160 ലക്ഷ്മി മന്ദിരത്തിൽ എൽ.കൃഷ്ണകുമാരി (81) അന്തരിച്ചു.

മഹേന്ദ്രൻ ഉണ്ണിത്താൻ

കല്ലമ്പലം: പാളയംകുന്ന് കോവൂർ ഇടയില വീട്ടിൽ (എംആർ. നിവാസ്) മഹേന്ദ്രൻ ഉണ്ണിത്താൻ (56) അന്തരിച്ചു. ഭാര്യ: സ്മിത ജി.എൽ. മകൻ: അനന്തു മഹേന്ദ്രൻ

തങ്കമ്മ

ഹരിപ്പാട്: പള്ളിപ്പാട് നീണ്ടൂർ പാലത്തറയിൽ പരേതനായ കറുത്തകുഞ്ഞിന്റെ ഭാര്യ തങ്കമ്മ (94) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: രാഘവൻ, പൊന്നമ്മ, ചന്ദ്രൻ, രമണി, സോമൻ, ഓമനക്കുട്ടൻ, മണിക്കുട്ടൻ. മരുമക്കൾ: ചെല്ലമ്മ, നാണുക്കുട്ടൻ, തങ്കമണി, സുരേന്ദ്രൻ സുമകുമാരി, പുഷ്പലത, ശ്രീകുമാരി.

കുഞ്ഞമ്മ

ഏഴംകുളം: തേപ്പുപാറ ചിറമണ്ണിൽ (തെങ്ങുംതറയിൽ) ടി.സി. ഗീവർഗീസിന്റെ ഭാര്യ കുഞ്ഞമ്മ (70) അന്തരിച്ചു. ഏഴംകുളം മുള്ളൂരിന്റയ്യത്ത് കുടുംബാംഗമാണ്. മക്കൾ: അലക്സ് (മസ്കത്ത്), അനീഷ് (റിയാദ്), അനി. മരുമക്കൾ: സ്മിത (മസ്കത്ത്), റിത്തു (ഡൽഹി), നൈനാൻ മാത്യു (സിംഗപ്പൂർ).

ജിഷ സുകുമാരൻ

കോഴിക്കോട്: പരേതനായ പനയ്ക്കൽ സുകുമാരന്റെ ഭാര്യ ജിഷ സുകുമാരൻ (68) അന്തരിച്ചു. മക്കൾ: സനിൽ, സുജീഷ്(കൊച്ചിൻ ഷിപ്പ്യാർഡ്), സുമേഷ്(എൻഐഐ ഡൽഹി). മരുമകൻ: ഷാരോൺ സുജീഷ്, സീമ സുമേഷ്. സഹോദരങ്ങൾ: വൈരമണി, ശോഭന, ജലജ, പുതിയോട്ടിൽ സതീഷ് കുമാർ, സജിത, പുതിയോട്ടിൽ ഗിരീഷ് കുമാർ, ഷീബ, പരേതയായ യമുനാഭായ്.

ജോർജ് വർഗീസ്

ചന്ദനപ്പള്ളി: ഇടത്തിട്ട അക്കര വടക്കേതിൽ ജോർജ് വർഗീസ് (കുഞ്ഞുമോൻ-75) ന്യൂയോർക്കിൽ അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: കുഞ്ഞമ്മ. മക്കൾ: റൂബിൻ വർഗീസ് (ക്യൂൻസ്, ന്യൂയോർക്ക്), റോമി വർഗീസ് (കലിഫോർണിയ). മരുമക്കൾ: ജിബി വർഗീസ് (ക്യൂൻസ്, ന്യൂയോർക്ക്). ജോഷ് ഗോൽക്കേ (കലിഫോർണിയ).

പി.സരസ്വതി

അഞ്ചാലുംമൂട്:മുരുന്തൽ ചന്ദ്രഭവനിൽ പരേതനായ ജനാർദ്ദനൻ നായരുടെ ഭാര്യ പി.സരസ്വതി (68) അന്തരിച്ചു.

വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു

കഴക്കൂട്ടം: പള്ളിപ്പുറം, താമരക്കുളം ജംക്ഷനിൽ വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. അപകടത്തിൽ പരുക്കേറ്റ മത്സ്യ ഫെഡ് ഉദ്യോഗസ്ഥരായ രണ്ട് പേരെ തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിലും ഒരാളെ അനന്തപുരിയിലും പ്രവേശിപ്പിച്ചു. പോങ്ങുമ്മൂട് സ്വദേശി ബിപിൻ ജേക്കബ് ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരം നാലര മണിയോടെയാണ് അപകടമുണ്ടായത്
തിരുവനന്തപുരം ഭാഗത്ത് നിന്നും കൊല്ലം ഭാഗത്തേക്ക് പോയ മത്സ്യ ഫെഡ് ഉദ്യോഗസ്ഥർ സഞ്ചരിച്ച വാഹനവും എതിരെ വന്ന മഹീന്ദ്ര സുപ്രോ വാഹനവും പരസ്പരം കൂട്ടിയിടിക്കുകയായിരുന്നു.

തിരുവനന്തപുരത്ത് യോഗം കഴിഞ്ഞു തിരിച്ചു കൊല്ലം ഭാഗത്തേക്ക് പോകുകയായിരുന്നു മത്സ്യ ഫെഡിലെ ഉദ്യോഗസ്ഥർ. എതിരേ വന്ന വാഹനത്തിൽ ബിപിൻ ജേക്കബ് മാത്രമാണ് ഉണ്ടായിരുന്നത്. ഗുരുതര പരുക്കേറ്റ ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു. പരുക്കേറ്റ മത്സ്യ ഫെഡ് ഉദ്യോഗസ്ഥരായ മജീദ്, രാജീവ് എന്നിവരെയാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കെ.സി. രാജീവിനെ അനന്തപുരിയിലും പ്രവേശിപ്പിച്ചു. മൂവരും മത്സ്യ ഫെഡ് ഡയറക്റ്റർ ബോർഡ് മെമ്പർമാരാണ്. മരണമടഞ്ഞ ബിപിൻ ജേക്കബ് പോങ്ങുംമൂട് ഭാഗത്തായി കട നടത്തുകയാണ്. വർക്കല പ്രകൃതിചികിത്സാ കേന്ദ്രത്തിലെ ഡോക്റ്ററായ മെഴ്സി സാറ തോമസാണ് ഭാര്യ. മൃതദേഹം മെഡിക്കൽ കോളെജ് മോർച്ചറിയിൽ

മരം മുറിയ്ക്കുന്നതിനിടെ അപകടത്തിൽപ്പെട്ട് യുവാവ് മരിച്ചു

എ.എസ്. ജിജീഷ്

മലയിൻകീഴ്: വീടിന് മുന്നിൽ നിന്ന മരം മുറിയ്ക്കുന്നതിനിടെ അപകടത്തിൽപ്പെട്ട്കെ.എസ്.ആർ.ടി.സി.മെക്കാനിക്ക് വണ്ടന്നൂർ പാപ്പകോട് ഗിരി നിവാസ് എ, എസ്. ജിജീഷ് (30-ജിമ്മി) മരിച്ചു. ഇന്നലെ രാവിലെ 11 മണിയോടെയാണ് സംഭവം. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ വീട്ടിൽ ഉണ്ടായിരുന്ന ജിജീഷ് ഉയരമുള്ള മഹാഗണി മരം മുറിയ്ക്കുന്നതിനിടെ കൊമ്പ് ഒടിഞ്ഞ് ജിജീഷിന്റെ കഴുത്തിൽ ഇടിച്ച് കുരുങ്ങുകയായിരുന്നു. വീട്ടുകാരുടെ നിലവിളി കേട്ട് നാട്ടുകാരെത്തി. അവർ അറിയിച്ചതനുസരിച്ച് ഫർഫോഴ്സും മാറനല്ലൂർ പൊലീസുമെത്തി ഒരു മണിക്കൂറിലേറെ ശ്രമം നടത്തിയാണ് ജിജീഷിനെ മരത്തിൽ നിന്ന് താഴെയിറക്കിയത്. അപ്പോഴേക്കും മരണം സംഭവിച്ചിരുന്നു. മൃതദേഹം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ പോസ്റ്റ് മോർട്ടത്തിന് ശേഷം ബന്ധുക്കൾ ഏറ്റുവാങ്ങി സംസ്കരിച്ചു. പിതാവ്: മണിയൻ. മാതാവ് : സുലോചന. ഭാര്യ:സൗമ്യ. മകൻ :ഭഗത് ജിജീഷ്.

തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

കൊടുങ്ങല്ലൂർ: മധ്യവയസ്കനെ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. പുല്ലൂറ്റ് നാപ്പാട്ടിൽ വേണുഗോപാല (51) നെയാണ് കൊടുങ്ങല്ലൂരിലെ ആർകെ. ടവറിനടുത്ത് തൂങ്ങിമരിച്ച നിലയിൽ കാണപെട്ടത്. ഭാര്യ: ജാസ്മിൻ. മക്കൾ: കാർത്തിക, കാർത്തിക്. കൊടുങ്ങല്ലൂർ പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

ജനറൽ വാർത്തകൾ

സ്വാദിഖ് മുസ്ലിയാർ ഇനി ദീപ്ത സ്മരണ

പാലക്കാട് : ആദർശ നിലപാടുകളിലെ കർക്കശക്കാരനായ ആ സ്നേഹനിധി ഇനി ദീപ്ത സ്മരണ. പുല്ലിശ്ശീരിയുടെ സുഖ ദുഖങ്ങളിൽ നിറ സാന്നിദ്ധ്യമായിരുന്ന ഗുരുവര്യൻ ഇനിയില്ല. സമസ്ത സംസ്ഥാന ട്രഷറർ സി.കെ.എം സ്വാദിഖ് മുസ്ലിയാർക്ക് മണ്ണേക്കരാട് ജുമാ മസ്ജിദിന്റെ ചാരെ മൈലാഞ്ചിക്കൊടിക്ക് കീഴിൽ നിറജ്യോതിസായി അന്ത്യ വിശ്രമം. ബുധനാഴ്ച രാത്രി എട്ട് മണിയോടെ സാദിഖ് മുസ്ലിയാരുടെ വിയോഗ വാർത്ത ഞെട്ടലോടെയാണ് ആത്മീയ സമൂഹം ശ്രവിച്ചത്. വാർദ്ധക്യ സഹജമായ അസ്വസ്തതകൾ ഉണ്ടായിരുന്നുവെങ്കിലും അപ്രതീക്ഷിത സമയത്തുള്ള അദ്ദേഹത്തിന്റെ വിയോഗം നാടിനെ കണ്ണീരിലാഴ്ത്തി. കോവിഡ് 19ന്റെ ഭാഗമായി ലോക് ഡൗൺ നിലനിൽക്കുന്നതിനാൽ ആരോഗ്യ വകുപ്പിന്റെ കൃത്യമായ മാർഗ നിർദേശങ്ങൾ പാലിച്ചാണ് അന്ത്യാപചാര കർമ്മങ്ങൾ നടന്നത്. പുല്ലിശ്ശീരിയിലെ സ്വഗൃഹത്തിലാണ് അന്ത്യദർശനത്തിന് വെച്ചത്. കർശന നിയന്ത്രണമുണ്ടായിരുന്നതിനാൽ കുടുംബങ്ങൾക്കും അയൽവാസികൾക്കും വളരെ വേണ്ടപ്പെട്ടവർക്കും മാത്രമാണ് ജനാസ ദർശനം സാധ്യമായത്. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ആദ്യ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകി. നേരം പുലരുന്നത് വരെ തുടർച്ചയായ നമസ്കാരങ്ങൾക്ക് സമസ്തയുടെ വിവിധ നേതാക്കൾ നേതൃത്വം നൽകി. സമസ്ത പ്രസിഡന്റ് സയ്യിദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, സമസ്ത ജനറൽ സെക്രട്ടറി പ്രൊഫസർ ആലിക്കുട്ടി മുസ്ലിയാർ, എം.ടി അബ്ദുല്ല മുസ്ലിയാർ, സ്വാദിഖലി ശിഹാബ് തങ്ങൾ, അഡ്വ. എൻ. ഷംസുദ്ധീൻ എം.എൽ.എ തുടങ്ങിയവർ ജനാസ സന്ദർശിച്ചു.

ഗർഭിണികൾക്കും രോഗികൾക്കും കേരളത്തിലേക്ക് ഉപാധികളോടെ പ്രവേശനം

തിരുവനന്തപുരം: ലോക്ക്ഡൗൺ കാലത്ത് അന്തർസംസ്ഥാന യാത്ര നടത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി. ഗർഭിണികൾ, ചികിത്സയ്ക്ക് കേരളത്തിലേക്ക് എത്തുന്നവർ, ബന്ധുവിന്റെ മരണത്തിന് എത്തുന്നവർ, അതീവ ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ കാണാനെത്തുന്നവർ എന്നിവർക്കാണ് അനുമതി നൽകുക. സംസ്ഥാനത്തിന് പുറത്തുനിന്ന്, പ്രത്യേകിച്ച് മലയാളികൾക്ക്, കേരളത്തിലേക്കെത്താൻ മാനുഷിക പരിഗണനയും അത്യാവശ്യസാഹചര്യവും പരിഗണിച്ച് ജില്ലാ കലക്റ്ററാണ് പ്രവേശനാനുമതി നൽകുക.

ഗർഭിണികൾ രജിസ്ട്രേഡ് ഗൈനക്കോളജിസ്റ്റിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഒപ്പം യാത്രചെയ്യുന്നവരുടെ വിവരങ്ങളും അപേക്ഷയിൽ വേണം. മൂന്നു പേരിൽ കൂടുതൽ വാഹനത്തിലുണ്ടാകാൻ പാടില്ല. ഗർഭിണിയുടെ മൈനർ കുട്ടികളെയും യാത്രയ്ക്ക് അനുവദിക്കും. അപേക്ഷ ഇ- മെയിലായോ വാട്ട്സ്ആപ്പായോ എത്തിച്ചേരേണ്ട സ്ഥലത്തെ കലക്റ്റർക്ക് ലഭ്യമാക്കണം. അർഹരെങ്കിൽ കലക്റ്റർ യാത്രാ തീയതിയും സമയം രേഖപ്പെടുത്തി പാസ് അനുവദിക്കും. ഈ പാസും താമസിക്കുന്ന ജില്ലയിലെ കലക്റ്ററുടെ ക്ലിയറൻസും സഹിതം എത്തിയാൽ അതിർത്തിയിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് പ്രവേശനം അനുവദിക്കും. അതിർത്തിയിലെ പരിശോധനയ്ക്ക് അനുസരിച്ച് നിർദേശിക്കുന്ന ക്വാറന്റൈനിന് ഇവർ വിധേയമാകണം.

ചികിത്സയ്ക്കായി എത്തുന്നവർ വിവരങ്ങൾ കാണിച്ച് എത്തേണ്ട ജില്ലയിലെ കലക്റ്റർക്ക് അപേക്ഷിക്കണം. ത്വരിത പരിശോധന നടത്തി കലക്റ്റർക്ക് അനുമതി നൽകാം. ഈ അനുമതിയോടെ വ്യക്തി താമസിക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട അധികാരിയിൽനിന്ന് യാത്രാ പാസ് വാങ്ങണം. രണ്ടുരേഖകളും പരിശോധിച്ചായിരിക്കും പ്രവേശനാനുമതി നൽകുക. രോഗി ഉൾപ്പെടെ മൂന്നു പേർക്കേ വരാനാവൂ.

ബന്ധുവിന്റെ മരണമറിഞ്ഞെത്തുന്നവരും, അതീവ ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ കാണാനെത്തുന്നവരും താമസിക്കുന്ന സംസ്ഥാനത്തിലെ ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള വാഹന പാസ് നേടിയിരിക്കണം. കൂടാതെ കാണാനെത്തുന്ന രോഗി, മരിച്ച ബന്ധു എന്നിവർ സംബന്ധിച്ച വിശദാംശങ്ങളുള്ള സത്യവാങ്മൂലവും യാത്ര ചെയ്യുന്നയാൾ കൈയിൽ കരുതണം. അതിർത്തിയിൽ പൊലീസ് ഈ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തും.

പാസ് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു ഡെപ്യൂട്ടി കലക്റ്ററെ എല്ലാ ജില്ലകളിലും കലക്റ്റർമാർ ചുമതലപ്പെടുത്തണമെന്നു ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ പറയുന്നു.

'ജനങ്ങളുടെ പണം കൊണ്ടാണ് മുനീർ പഠിച്ചതും മിഠായി വാങ്ങിയതും'

കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയനെതിരേ വാർത്താസമ്മേളനം നടത്തിയ മുസ്‌ലിം ലീഗ് നേതാക്കളും എംഎൽഎമാരുമായ കെ.എം. ഷാജിക്കും ഡോ. എം.കെ. മുനീറിനുമെതിരെ രൂക്ഷ വിമർശനവുമായി ഡിവൈഎഫ്ഐ. ലീഗിന്റെ നേതാക്കൾ പഠിച്ച രാഷ്ട്രീയം കള്ളം പറയലാണോ? ഫെയ്സ്ബുക്കിൽ പങ്കുവച്ച കുറിപ്പിൽ സംസ്ഥാന സെക്രട്ടറി എ.എ. റഹിം ചോദിച്ചു.

മുനീറിന്റെ പിതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന സി.എച്ച്. മുഹമ്മദ് കോയ മരിച്ചിതിനു ശേഷം അദ്ദേഹത്തിന്റെ കുടുംബത്തിന് സർക്കാർ ആനുകൂല്യങ്ങൾ നൽകിയ വാർത്തയുടെ ചിത്രങ്ങളും റഹിം പങ്കുവച്ചു. ജനങ്ങളുടെ പണം കൊണ്ടാണ് മുനീർ പഠിച്ചതും മിഠായി വാങ്ങിത്തിന്നതും കട്ടൻ കുടിച്ചതുമെന്ന് റഹിം കുറ്റപ്പെടുത്തി. പഴയ പത്രവാർത്തയുടെ ചിത്രം സഹിതമാണ് റഹീമിന്റെ പോസ്റ്റ്.

മുഹമ്മദ് കോയ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണു സഹായം അനുവദിച്ചത്. സിഎച്ചിന്റെ ഉമ്മയ്ക്കും ഭാര്യയ്ക്കും ആജീവനാനന്ത സഹായവും മുനീറിന് പഠന സഹായവുമാണ് ലഭിച്ചത്. വിദ്യാർഥിയായിരുന്ന മുനീറിന്റെ മുഴുവൻ പഠന ചെലവും സർക്കാർ ഏറ്റെടുത്തു. പോക്കറ്റ് മണിയും പ്രഖ്യാപിച്ചു.

കടുവയ്ക്കൊപ്പമുള്ള ചിത്രവുമായി രൺവീർ സിങ്

നിരവധി ഹിറ്റ് ചിത്രങ്ങളിലൂടെയാണ് രൺവീർ സിങ് താരമായി മാറിയത്. രൺവീർ സിങ്ങിന്റെ മിക്ക ചിത്രങ്ങൾക്കും മികച്ച പ്രേക്ഷക സ്വീകാര്യതയാണ് ലഭിക്കാറുള്ളത്. ലോക്ഡൗൺ സമയത്തും സോഷ്യൽ മീഡിയയിൽ ആക്റ്റീവാണ് രൺവീർ. ഇപ്പോൾ രൺവീർ സിങ് പങ്കുവച്ച പുതിയൊരു ഇൻസ്റ്റഗ്രാം ചിത്രം സോഷ്യൽ മീഡിയയിൽ വൈറലായി മാറിയിരുന്നു.

നെറ്റ്ഫ്ളിക്സിൽ സംപ്രേക്ഷണം ചെയ്യുന്ന ടൈഗർ കിങ് എന്ന വെബ് സീരിസിലെ ജോ എക്സോട്ടിക്കിന്റെ ഫോട്ടോയിൽ തന്റെ മുഖംവച്ചുള്ള ഒരു ചിത്രമാണ് രൺവീർ പങ്കുവച്ചിരുന്നത്. ഇത് ആരാണ് ചെയ്തത് എന്ന് പൊട്ടിച്ചിരിക്കുന്ന ഒരു സ്മൈലിക്കൊപ്പം കുറിച്ചാണ് രൺവീർ ചിത്രം പോസ്റ്റ് ചെയ്തിരിക്കുന്നത്. തമാശകൾ വളരെ ആസ്വദിക്കുന്ന ഒരാൾ കൂടിയാണ് രൺവീർ. അത് സ്വന്തം ട്രോളുകളാണെങ്കിൽ പോലും നടൻ ആസ്വദിക്കാറുണ്ട്.

അതേസമയം രൺവീറിന്റെ പോസ്റ്റിന് താഴെ കമന്റുമായി ഭാര്യ ദീപിക പദുകോൺ എത്തിയിരുന്നു. ഇതിൽ ഇപ്പോ എന്താണ് ഇത്ര തമാശ? മിക്ക ദിവസങ്ങളിലും നിങ്ങൾ ഇങ്ങനെയാണ് എന്നാണ് ദീപിക കുറിച്ചിരിക്കുന്നത്. രൺവീറിന്റെ പോസ്റ്റിന് താഴെ അടുത്ത സുഹൃത്തായ അർജുൻ കപൂറും കമന്റുകളുമായി എത്തിയിരുന്നു. സിങ് ഈസ് കിങ്, ഖിൽജോ എക്സോട്ടിക്ക് എന്നിങ്ങനെയാണ് രൺവീർ സിങ്ങിന്റെ ചിത്രത്തിന് താഴെ ആരാധകരുടെ കമന്റുകൾ. ലോക്ഡൗൺ കാലത്ത് മിക്ക ദിവസങ്ങളിലും രൺവീറും ദീപികയും പോസ്റ്റുകളുമായി എത്താറുണ്ട്. സിനിമാത്തിരക്കുകൾക്കിടെയിലും സോഷ്യൽ മീഡിയയിൽ സജീവമാകാറുള്ള താരങ്ങളാണ് രൺവീർ സിങ്ങും ദീപികാ പദുകോണും. വർഷങ്ങൾ നീണ്ട പ്രണയത്തിനൊടുവിലാണ് ഇരുവരും വിവാഹിതരായത്. വിവാഹ ശേഷവും ബോളിവുഡിൽ സജീവമായിരുന്നു ഇരുവരും. ഇന്ത്യയുടെ മുൻ ക്രിക്കറ്റ് താരം കപിൽ ദേവിന്റെ ബയോപിക്ക് ചിത്രം 83യാണ് ഇരുവരുടെയും പുതിയ സിനിമ. ചിത്രത്തിലും രൺവീറിന്റെ ഭാര്യയായിട്ടാണ് ദീപിക എത്തുന്നത്.

അയുഷ്മാൻ ആരാധികയ്ക്ക് നൽകിയ സർപ്രൈസ്

കൊറോണയുടെ പശ്ചാത്തലത്തിൽ രാജ്യം ലോക്ക്ഡൗണിലേക്ക് പോയതോടെ ആഘോഷങ്ങളോ പാർട്ടികളോ ഒന്നുമില്ലാതെ വീടുകളിൽ തന്നെ അടച്ചിരിപ്പാണ് ആളുകൾ. തന്റെ ആരാധികയ്ക്കായി ആയുഷ്മാൻ ഖുറാന ചെയ്ത ഒരു സ്നേഹപ്രകടനമാണ് ഇപ്പോൾ സോഷ്യൽ മീഡിയയുടെ ശ്രദ്ധ കവരുന്നത്. ആയുഷ്മാന്റെ വലിയൊരു ആരാധികയായ മോണ ഷായുടെ 49-ാം ജന്മദിനമായിരുന്നു കഴിഞ്ഞ ദിവസം. ലോക്ക്ഡൗൺ കാരണം പുറത്തിറങ്ങാനോ ജന്മദിനം സുഹൃത്തുകൾക്കൊപ്പം ആഘോഷിക്കാനോ മോണയ്ക്ക് സാധിച്ചില്ലെങ്കിലും, തന്റെ പ്രിയപ്പെട്ട താരം നൽകിയ പിറന്നാൾ സമ്മാനത്തിന്റെ സന്തോഷത്തിലാണ് മോണ. മോണയുടെ മക്കളായ ജാൻവിയും കാവ്യയുമാണ് സോഷ്യൽ മീഡിയ വഴി അമ്മ താങ്കളുടെ വലിയൊരു ആരാധികയാണെന്ന കാര്യം ആയുഷ്മാനെ അറിയിച്ചത്. അമ്മയോട് ജന്മദിനത്തിൽ ഒരാശംസ നേരാവോ എന്നും ജാൻവിയും കാവ്യയും താരത്തോട് അഭ്യർത്ഥിച്ചു.

ഇത് അമ്മയുടെ ക്വാറന്റൈൻ കാലത്തെ ജന്മദിനമാണ്. നിങ്ങൾ അമ്മയെ ആശംസിച്ചാൽ അതിലും സ്പെഷ്യൽ ആയ മറ്റൊന്നും ഞങ്ങൾക്ക് നൽകാനില്ല. അമ്മ താങ്കളുടെ സിനിമകളെ സ്നേഹിക്കുന്നു, ഞങ്ങൾ ഞങ്ങളുടെ അമ്മയേയും. ഈ ലോക്ക്ഡൗൺ കാലത്തും ഞങ്ങൾ അമ്മയുടെ ജന്മദിനം സൂപ്പർ സൂപ്പർ സ്പെഷ്യൽ ആക്കാൻ ശ്രമിക്കുകയാണ്, എന്നായിരുന്നു ആയുഷ്മാനായി കാവ്യയുടെ വാക്കുകൾ.

കാവ്യയുടെയും ജാൻവിയുടെയും ആവശ്യം കേട്ട ആയുഷ്മാൻ ഒരു സർപ്രൈസ് ഗിഫ്റ്റ് തന്നെ നൽകാൻ തീരുമാനിക്കുകയായിരുന്നു. ഗിത്താർ മീട്ടികൊണ്ട് മോണയ്ക്കായി പിറന്നാൾ ഗാനം പാടുന്ന വീഡിയോ ആണ് ആയുഷ്മാൻ ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചത്. ഒരു സ്പെഷ്യൽ ജന്മദിനാശംസ. അതെ, നമ്മൾ ക്വാറന്റൈനിൽ ആണ്. അതെ, നമ്മൾ ലോക്ക്ഡൗണിലാണ്. പക്ഷേ മറ്റുള്ളവരെ സന്തോഷിപ്പിക്കാനുള്ള ചെറിയ ചെറിയ അവസരങ്ങൾ നമുക്കെപ്പോഴും കണ്ടെത്താം, എന്നാണ് വീഡിയോ പങ്കുവച്ചുകൊണ്ട് ആയുഷ്മാൻ കുറിക്കുന്നത്.

ട്രാൻസ്ജെൻഡേഴ്സിനെ സഹായിച്ച് ജയസൂര്യ

ട്രാൻസ്ജെൻഡേഴ്സിന് കുറച്ച് ദിവസം മഞ്ജു വാര്യർ ഭക്ഷണമെത്തിച്ചിരുന്നു. ഇപ്പോഴിതാ ട്രാൻസ്ജെൻഡേഴ്സിന് സഹായവുമായി എത്തിയിരിക്കുകയാണ് നടൻ ജയസൂര്യയും ഭാര്യയും. ഫെയ്സ്ബുക്കിൽ ഒരു കുറിപ്പ് പങ്കുവച്ചിരിക്കുകയാണ് മേക്കപ്പ് ആർട്ടിസ്റ്റായ രഞ്ജു രഞ്ജിമാർ. ജയേട്ടൻ, പരിചയപ്പെട്ട നാളു മുതൽ, വർഷങ്ങൾ എണ്ണി തിട്ടപ്പെടുത്താൻ പറ്റില്ല, അന്നു മുതൽ ഇന്നുവരെ, എന്ത് ആവശ്യവും അറിഞ്ഞ് പെരുമാറുന്ന ഒരു മനുഷ്യസ്നേഹി എന്നാണ് രഞ്ജു ഫെയ്സ്ബുക്കിൽ കുറിച്ചിരിക്കുന്നത്. ലോക്ക്ഡൗൺ നീട്ടുകയാണ് എന്നറിഞ്ഞപ്പോൾ സരിത ചേച്ചിയും, ജയേട്ടനും മാറി മാറി വിളിച്ചു. ഞങ്ങൾ എല്ലാവരുടേയും വിശേഷങ്ങൾ ചോദിച്ചറിഞ്ഞു, ധ്വയയുടെ അക്കൗണ്ട് നമ്പർ ചോദിച്ചു, അമ്പതിനായിരം രൂപ ഇട്ടു തന്നു, അതിന് ഞങ്ങൾ അരിയും മറ്റു സാധനങ്ങളും വാങ്ങിയെന്നാണ് രഞ്ജു കുറിച്ചിരിക്കുന്നത്.

പാട്ടിന്റെ റീമിക്സിനെ കുറിച്ച് റഹ്മാൻ

പ്രശസ്തമായ മസക്കലി എന്ന ഗാനത്തിന്റെ റീമിക്സാണ് കഴിഞ്ഞ ദിവസമാണ് ടി-സീരിസ് യൂട്യൂബിലൂടെ പുറത്ത് വിട്ടത്. ഡൽഹി 6 എന്ന ചിത്രത്തിലെയാണ് ഗാനം. തനിഷ്കാണ് ഗാനം പുനസൃഷ്ടിച്ചത്. തുൾസി കുമാറും, സജിത് ടണ്ഠനും ചേർന്നാണ് റീമിക്സ് ഗാനം പാടിയിരിക്കുന്നത്. ചിത്രത്തിന്റെ വീഡിയോയിൽ ബോളിവുഡ് താരം സിദ്ധാർത്ഥ് മൽഹോത്രയും താര സുതാറിയയുമാണ് അഭിനയിച്ചത്.

എന്നാൽ ഗാനം ഇറങ്ങിയതോടെ ശക്തമായ എതിർപ്പാണ് സോഷ്യൽ മീഡിയയിൽ കണ്ടത്. ഗാനത്തിന്റെ കമന്റ് സെക്ഷനിൽ വലിയ പ്രതിഷേധമാണ് നടക്കുന്നത്. ഗാനത്തിന്റെ നിർമാതാക്കളായ ടി-സീരിസിനെതിരേയും, തനിഷ്കിനെതിരേയും വലിയ പ്രതിഷേധമാണ് ഉയരുന്നത്. ഇത്തരത്തിൽ ഒരു ഗാനത്തെ നശിപ്പിക്കരുത് എന്നാണ് പ്രധാനമായും ഉയരുന്ന പ്രതിഷേധം.

ഇതിന് പിന്നാലെയാണ് ഗാനത്തിന്റെ യഥാർത്ഥ സംഗീത സംവിധായകൻ എ.ആർ.റഹ്മാൻ സംഭവത്തിൽ പരോക്ഷമായി പ്രതിഷേധം അറിയിച്ച് രംഗത്ത് എത്തിയത്. ഒറിജിനൽ മസക്കലിയുടെ ലിങ്ക് ടിറ്ററിൽ ഷെയർ ചെയ്താണ് റഹ്മാന്റെ പ്രതികരണം. ഒപ്പം റഹ്മാൻ കുറിച്ചു. ഡയറക്ടർമാരുടെ ടീം, സംഗീത സംവിധായകന്റെ, ഗാന രചിതാവിന്റെ, പിന്നെ അഭിനേതാക്കളുടെയും നൃത്ത സംവിധായകരുടെയും പിന്തുണ, ഒപ്പം വിശ്രമം ഇല്ലാതെ പണിയെടുത്ത ഫിലിം ക്രൂ.. ഇങ്ങനെ കുറിച്ചു. എളുപ്പം റീമിക്സ് ചെയ്യുന്നതിനെ ഒരു പാട്ടിന് പിന്നിലെ അദ്ധ്വാനം ഓർപ്പിക്കുകയായിരുന്നു റഹ്മാൻ. എന്നാൽ പിന്നീട് റീമിക്സ് പതിപ്പും റഹ്മാൻ ഷെയർ ചെയ്തിട്ടുണ്ട്.

ഇതിന് പിന്നാലെ ഗാനത്തിന്റെ രചിതാവ് പ്രസൂൺ ജോഷിയും രംഗത്ത് എത്തി. യഥാർത്ഥ മസക്കലി ഹൃദയത്തിൽ തൊട്ടു നിൽക്കുന്നതാണെന്നും. ഗാനത്തിന്റെ യഥാർത്ഥ ശിൽപ്പികളായ റഹ്മാനും, തനിക്കും, ഗായകൻ മോഹിത് ചൗഹനും ഇപ്പോഴത്തെ റീമിക്സ് കേൾക്കുമ്പോൾ ഏറെ ദു:ഖമുണ്ടെന്നും പ്രസൂൺ കുറിച്ചു. രാകേഷ് ഓം പ്രകാശ് മെഹ്റ സംവിധാനം ചെയ്ത് 2009 ൽ പുറത്തിറങ്ങിയ റൊമാന്റിക് സിനിമയാണ് ഡൽഹി 9. അഭിഷേക് ബച്ചനും, സോനം കപൂറും പ്രധാന വേഷത്തിൽ എത്തിയത്.

വീട്ടിൽ പെയ്ന്റ് ചെയത് അസ്കർ അലി

ലോക്ക് ഡൗൺ കാലത്ത് വീട്ടിനുള്ളിൽ കഴിയുന്ന താരങ്ങളും മറ്റുള്ളവരെ പോലെ തന്നെ ഇഷ്ടപരിപാടികളിൽ മുഴുകിയിരിക്കുകയാണ്. ചിലർ സോഷ്യൽ മീഡിയയിൽ സമയം ചെലവഴിക്കുമ്പോൾ മറ്റു ചിലരോ ഗാർഡനിങ്ങിലും പാചകത്തിലുമൊക്കെയാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ചിലർ വീട് അടുക്കി ചിട്ടപ്പെടുത്താനും ഈ സമയം മാറ്റി വെച്ചിരിക്കുന്നു. നടി മംമ്ത മോഹൻദാസാണെങ്കിൽ വീട് പെയിന്റടിച്ച് സുന്ദരമാക്കുകയാണ് ഒഴിവുവേളയിൽ. ഇതിന്റെ ചിത്രവും ഒരു കുറിപ്പുമൊക്കെ ആരാധകരുമായി പങ്കുവച്ചിരുന്നു താരം. ആസിഫ് അലിയുടെ സഹോദരനും നടനുമൊക്കെയായ അസ്കർ അലി വീട് പെയിന്റടിക്കുകയാണ് ഈ ക്വാറന്റൈൻ കാലത്ത്. വീട്ടിലെ ഗെയിറ്റിന് പെയിന്റടിക്കുന്ന ചിത്രം പങ്കുവെച്ചിരിക്കുകയാണ് നടൻ അസ്കർ അലി ഇപ്പോൾ. ഇതൊരു മികച്ച സ്ഥലമാക്കി മാറ്റുകയാണ് താനെന്ന തലക്കെട്ടോടെയാണ് താരം ചിത്രം പങ്കുവച്ചിരിക്കുന്നത്. ആരാധകരേറെയുള്ള താരത്തിന്റെ പുത്തൻ ചിത്രം ആരാധകരേറ്റെടുത്തിരിക്കുകയാണ് ഇപ്പോൾ, ഇപ്പോഴിതാണോ പണിയെന്നാണ് ആരാധകർ തമാശ രൂപേണ ചോദിക്കുന്നത്. ക്വാറന്റൈൻ കാലത്ത് സുഖമായിരിക്കണമെന്നും വീട്ടിൽ തന്നെ സുരക്ഷിതമായിരിക്കണമെന്നും ആരാധകർ കുറിച്ചിരിക്കുന്നു. ഹണി ബീ 2.5 എന്ന ചിത്രത്തിലൂടെ മലയാള സിനിമയിൽ നായകനായി അരങ്ങേറിയ അസ്കർ ചുരുങ്ങിയ സമയം കൊണ്ടു തന്നെ ഒരുപിടി നല്ല കഥാപാത്രങ്ങൾ അവതരിപ്പിച്ചു.

മഞ്ജുവിനൊപ്പം ചുവടുവെച്ച് കാളിദാസ്

സന്തോഷ് ശിവൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ജാക്ക് ആൻഡ് ജിൽ. കാളിദാസ് ജയറാമും മഞ്ജു വാര്യരുമാണ് ചിത്രത്തിൽ പ്രധാനകഥാപാത്രങ്ങളായെത്തുന്നത്. ചിത്രത്തിലെ ഫോട്ടോകൾ സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. ഇപ്പോഴിതാ പുതിയൊരു ഫോട്ടോ പുറത്തുവിട്ടിരിക്കുകയാണ് കാളിദാസ്.

മഞ്ജുവിനൊപ്പം കാളിദാസ് ഡാൻസ് കളിക്കുന്ന ചിത്രമാണിത്. ബേസിൽ ജോസഫും അജു വർഗീസും ഇവർക്കൊപ്പമുണ്ട്. നിരവധി പേരാണ് ചിത്രത്തിന് കമന്റുകളുമായെത്തിയിരിക്കുന്നത്.

പാക് ബോർഡിനെതിരേ മുഹമ്മദ് യൂസഫ്

കറാച്ചി: പാക്കിസ്ഥാൻ ദേശീയ ടീം പരിശീലകൻ മിസ്ബ ഉൾ ഹഖിനെയും അദ്ദേഹത്തെ തൽസ്ഥാനത്ത് അവരോധിച്ച പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡിനെയും (പിസിബി) രൂക്ഷമായി വിമർശിച്ച് മുൻ താരം മുഹമ്മദ് യൂസഫ് രംഗത്ത്. മുഖ്യ പരിശീലകനും ചീഫ് സിലക്ടറുമായി മിസ്ബ ഉൾ ഹഖിനെ അവരോധിച്ച് ആ തീരുമാനത്തിൽ ഉറച്ച് മുന്നോട്ടുപോകുന്ന പിസിബിയുടെ തീരുമാനം ഇരട്ടത്താപ്പാണെന്ന് യൂസഫ് വിമർശിച്ചു. പരിശീലകർക്കുവേണ്ട യോഗ്യതകളെക്കുറിച്ച് വാചാലരാകുന്ന പിസിബി, ക്ലബ് തലത്തിൽപ്പോലും പരിശീലിപ്പിച്ച് പരിചയമില്ലാത്ത മിസ്ബയെ പാക്കിസ്ഥാൻ ദേശീയ ടീമിന്റെ പരിശീലകനാക്കിയതിനെയും മുഹമ്മദ് യൂസഫ് ചോദ്യം ചെയ്തു. പാക്കിസ്ഥാന്റെ മുൻ ക്യാപ്റ്റൻ കൂടിയായ മുഹമ്മദ് യൂസഫ് 90 ടെസ്റ്റുകളും 288 ഏകദിനങ്ങളും കളിച്ച താരമാണ്.'പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡിന്റെ ഇരട്ടത്താപ്പ് എനിക്ക് മനസ്സിലാകുന്നില്ല. ഒരു വശത്ത് അവർ ആവശ്യപ്പെടുന്നത് പരിശീലകർക്ക് ഉണ്ടായിരിക്കേണ്ട വലിയ യോഗ്യതകളെക്കുറിച്ചാണ്.

ഇന്ത്യൻ വനിതകൾക്ക് ലോകകപ്പ് യോഗ്യത

ദുബായ്: ഇന്ത്യൻ വനിതാ ടീം അടുത്ത വർഷം ന്യൂസിലാൻഡിൽ നടക്കാനിരിക്കുന്ന ഐസിസിയുടെ ഏകദിന ലോകകപ്പിനു യോഗ്യത നേടി. ഇന്ത്യയെക്കൂടാതെ ആതിഥേയരായ ന്യൂസിലാൻഡ്, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, സൗത്താഫ്രിക്ക എന്നിവരാണ് നേരിട്ട് ലോകകപ്പിനു ടിക്കറ്റെടുത്തവർ. 2021 ഫെബ്രുവരി ആറു മുതൽ മാർച്ച് ഏഴു വരെയാണ് ലോകകപ്പ്. 2017-20 വരെയുള്ള ഐസിസിയുടെ വനിതാ ചാംപ്യൻഷിപ്പിൽ മുടങ്ങിപ്പോയ മൂന്നു പരമ്പരകളിൽ ടീമുകൾക്കു പോയിന്റ് പങ്കു വയ്ക്കാൻ ഐസിസിയുടെ ടെക്നിക്കൽ കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. ഇതോടെയാണ് ഇന്ത്യയുടെ ലോകകപ്പ് ബെർത്ത് ഉറപ്പായത്. 2017ലെ കഴിഞ്ഞ ഏകദിന ലോകകപ്പിലെ ഫൈനലിസ്റ്റുകൾ കൂടിയായ ഇന്ത്യ ഐസിസിയുടെ വനിതാ ചാംപ്യൻഷിപ്പിൽ കളിച്ച 21 മൽസരങ്ങളിൽ 10 എണ്ണത്തിൽ ജയിച്ച ഇന്ത്യ എട്ടു കളികളിൽ തോൽവിയേറ്റുവാങ്ങി.കഴിഞ്ഞ വർഷം നവംബറിലാണ് മിതാലി രാജ് നയിക്കുന്ന ഇന്ത്യൻ ടീം അവസാനമായി ഏകദിനത്തിൽ കളിച്ചത്. വെസ്റ്റ് ഇൻഡീസിനെതിരേ മൂന്നു മൽസരങ്ങളുടെ പരമ്പരയാണ് ഇന്ത്യ കളിച്ചത്. ഇന്ത്യ 2-1നു പരമ്പര കൈക്കലാക്കിയിരുന്നു.

ഐസിസി ചാംപ്യൻഷിപ്പിൽ 37 പോയിന്റുമായി ഓസ്ട്രേലിയയാണ് ഒന്നാംസ്ഥാനത്തു ഫിനിഷ് ചെയ്തത്. ഇംഗ്ലണ്ട് (29), സൗത്താഫ്രിക്ക (25), ഇന്ത്യ (23) എന്നിവർ രണ്ടു മുതൽ നാലു സ്ഥാനങ്ങൾ വരെയെത്തി. പാകിസ്താൻ (19), ന്യൂസിലാൻഡ് (17), വെസ്റ്റ് ഇൻഡീസ് (13), ശ്രീലങ്ക (5) എന്നിവർ പട്ടികയിലെ മറ്റു ടീമുകൾ. ഇവരിൽ ന്യൂസിലാൻഡ് ആതിഥേയരെന്ന നിലയിൽ നേരിട്ടു ലോകകപ്പിനു അർഹത നേടിയപ്പോൾ പാക്കിസ്ഥാൻ, വിൻഡീസ്, ശ്രീലങ്ക എന്നിവർക്കു ജൂലൈ മൂന്നു മുതൽ 19 വരെ ശ്രീലങ്കയിൽ നടക്കുന്ന ലോകകപ്പ് ക്വാളിഫയർ കളിക്കേണ്ടിവരും. ലോകകപ്പിലെ ശേഷിച്ച മൂന്നു ബെർത്തുകൾക്കായി 10 ടീമുകളാണ് രംഗത്തുള്ളതെന്ന് ഐസിസി അറിയിച്ചു. പാക്കിസ്ഥാൻ, വിൻഡീസ്, ലങ്ക എന്നിവരെക്കൂടാതെ ഏകദിന അംഗത്വമുള്ള ബംഗ്ലാദേശ്, അയർലാൻഡ് എന്നിവരും അഞ്ചു റീജ്യണൽ ക്വാളിഫയർ ജയിച്ചെത്തിയ തായ്‌ലാൻഡ് (ഏഷ്യ), സിംബാബ്‌വെ (ആഫ്രിക്ക), പപ്പുവ ന്യൂ ഗിനി (ഈസ്റ്റ് ഏഷ്യ പസഫിക്ക്), യുഎസ്എ (അമേരിക്ക), നെതർലാൻഡ്സ് (യൂറോപ്പ്) എന്നിവരുമാണ് ലോകകപ്പിലെ ശേഷിച്ച മൂന്നു സ്ഥാനങ്ങൾക്കായി പോരടിക്കുന്നത്.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ കഴിഞ്ഞ വർഷം ഏകദിന പരമ്പര ഷെഡ്യൂൾ ചെയ്തിരുന്നു. ഇരുബോർഡുകളും പരമ്പരയ്ക്കായി പരമാവധി ശ്രമിച്ചെങ്കിലും ഇന്ത്യൻ സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ പരമ്പര റദ്ദാക്കുകയായിരുന്നു. ഐസിസിയുടെ വനിതാ ചാംപ്യൻഷിപ്പിന്റെ ഭാഗമായിരുന്നു ഈ പരമ്പര. അതേസമയം, കൊറോണ വൈറസിനെ തുടർന്ന് ഓസ്ട്രേലിയ- ദക്ഷിണാഫ്രിക്ക, ന്യൂസിലാൻഡ്- ശ്രീലങ്ക പരമ്പരകൾ ഉപേക്ഷിക്കപ്പെട്ടിരുന്നു. ഈ മൂന്നു പരമ്പരകളിലും ടീമുകൾക്കു ഐസിസി തുല്യമായി പോയിന്റ് പങ്കു വച്ച് നൽകുകയായിരുന്നു.-

മെസിക്ക് 'കത്തി'വച്ചയാൾ പിടിയിൽ

സി.കെ.രാജേഷ്കുമാർ

റൊണാൾഡീഞ്ഞോ പയറ്റിത്തെളിഞ്ഞ ബെലോഹൊറിസോണ്ടെയിലെ മിനെയ്റോ സ്റ്റേഡിയത്തിനടുത്തുള്ള ചെറിയ പ്രദേശമാണ് റൂസ്റ്റർ സിറ്റി. അവിടെ വളരെ പോഷായ ഒരു ബാർബർഷോപ്പിനു മുന്നിൽ തിക്കും തിരക്കും കണ്ടാണ് അവിടേക്ക് എത്തി നോക്കിയത്. ഏതെങ്കിലും താരം വന്നിട്ടുണ്ടാകുമെന്ന പ്രതീക്ഷയിലാണ് അങ്ങോട്ടു ചെന്നത്. എന്നാൽ, താരങ്ങളെ സുന്ദര താരമാക്കുന്ന ഒരു താരമാണ് അവിടെയിരുന്നത്. അദ്ദേഹത്തെ തേടിയെത്തിയ മാധ്യമപ്രവർത്തകരായിരുന്നു അവരിൽ ഭൂരിഭാഗവും. അവർക്കിടയിലൂടെ അകത്തു കയറി. വളരെ വിശാലമായ ഒരു മുറിയിൽ ചാരുകസേരയിലിരിക്കുകയാണ് നമ്മുടെ നായകൻ. ഏലിജാ ടോറസ് എന്നാണ് കക്ഷിയുടെ പേര്. സ്ഥലത്തെ യുവാക്കൾ ഏറ്റവുമധികം സന്ദർശിക്കുന്ന ബാർബർഷോപ്പാണ് ഇത്. കാരണം ഏറ്റവും പുതിയ ഫാഷനിലുള്ള മുടിവെട്ടുതന്നെ കാരണം. അതൊന്നുമല്ല, ടോറസിനെ പ്രശസ്തനാക്കിയത്.

സൂപ്പർ ഫുട്ബോൾ താരങ്ങളുടെ മുടിവെട്ടുകാരനാണ് എലിജ ടോറസ്. അതു മാത്രമല്ല, അർജന്റൈൻ താരങ്ങളുടെ ഒഫീഷ്യൽ മുടിവെട്ടുകാരനാണ് ഇപ്പോൾ കക്ഷി. സാക്ഷാൽ ലയണൽ മെസിയുടെ തലയ്ക്കുവരെ കത്തിവച്ചയാളാണ് ടോറസ്. മെസി, അഗ്വീറോ, എയ്ഞ്ചൽ ഡി മരിയ, മസ്കരാനോ, മാർകോ റോജോ, ഒറിയോൺ തുടങ്ങിയവരുടെ തലമുടി വെട്ടിയത് ഇദ്ദേഹമാണ്. എന്നാൽ, ഇസക്കിയേൽ ലാവേസിയും ഇസക്കിയേൽ ഗാരെയും മുടിവെട്ടാനെത്തിയപ്പോഴാണ് തമാശ. രണ്ടു പേർക്കും മെസിയേപ്പോലെയുള്ള സാധാരണ വെട്ടുപോരാ. പുതിയ വെറൈറ്റിയിലുള്ള ഫൈഷൻ. നമ്മുടെ നെയ്മറും കൂട്ടരുമൊക്കെ ചെയ്തില്ലേ..? അതുപോലെ ഒരെണ്ണം വേണമെന്ന്. സംഗതി കുടുങ്ങി. ചെയ്ത് എങ്ങാനും മോശമായിപ്പയാൽ തന്റെ കാര്യം പോക്കാകും.

ഏലിജാ ടോറസ് ലവേസിക്കൊപ്പം.

എന്തായാലും രണ്ടും കല്പിച്ച് കത്തിയെടുത്തു. മുടിവെട്ടിക്കഴിഞ്ഞപ്പോൾ ലാവേസി കണ്ണാടിയിലൊന്നു നോക്കി. മുഖഭാവം ടോറസ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആദ്യം ഗൗരവം പിന്നീട് ഇതു കൊള്ളാല്ലോ എന്ന ഭാവം. എന്തായാലും മുടിവെട്ട് സൂപ്പർ. എന്നാൽ, അഗ്വീറോയ്ക്കാണത്രേ ഏറ്റവും നല്ല ഫാഷനിൽ മുടിവെട്ടിക്കൊടുത്തതെന്നാണ് ടോറസിന്റെ ഭാഷ്യം.

തലയുടെ ഇരുവശങ്ങളിലും രണ്ട് ലൈനുകൾ ഇട്ട് പുതിയ രീതിയിലൊരു കട്ടായിരുന്നു അത്. അഗ്വീറോയ്ക്ക് ഇതു നന്നായി ഇണങ്ങുന്നുണ്ടെന്നാണ് ടോറസിന്റെ അഭിപ്രായം. എന്നാൽ, തന്നെ ഏറ്റവുമധികം ത്രില്ലടിപ്പിച്ചത് മെസിയെ കാണാൻ സാധിച്ചതാണെന്ന് ടോറസ് പറഞ്ഞു. ലോകം ആരാധിക്കുന്ന മെസിയുടെ തലയിൽ കൈവിറച്ചുകൊണ്ടാണ് കത്തി വച്ചതെന്ന് അദ്ദേഹം ടോറസ് വെളിപ്പെടുത്തി. വലിയ ഫാഷനൊന്നും വേണ്ട നീ വെട്ടിയാൽ മതിയെന്നായിരുന്നു മെസി ആവശ്യപ്പെട്ടത്. ലവേസി എത്രസമയം വേണമെങ്കിലും എടുത്തു വെട്ടിക്കോളാൻ പറഞ്ഞുവത്രേ. അർജന്റൈൻ താരങ്ങൾ താമസിക്കുന്നത് ബെലോ ഹൊറിസോണ്ടെയിലെ ഈ ബാർബർ ഷോപ്പിന് അടുത്താണ്. ബ്രസീലിയൻ സൂപ്പർ താരം റൊണാൾഡീഞ്ഞോയാണ് എലിജായുടെ ഇഷ്ടതാരം.

അദ്ദേഹം അത്‌ലറ്റികോ മിനെയ്റോയിൽ എത്തിയശേഷം തന്റെ കടയിൽ മുടിവെട്ടാനെത്തുമായിരുന്നു. അതാണ് ജീവിതത്തിലെ മറക്കാനാവാത്ത സംഭവമെന്ന് എലിജ ടോറസ് പറഞ്ഞു. ഗോൾ കീപ്പറായിരുന്ന വിക്ടറും ഇവിടെ സന്ദർകനാണ്. സൂപ്പർ താരം നെയ്മറുടെ മുടിവെട്ടിയതിലൂടെ സാന്റോസ് സ്വദേശി മിനേർ പ്രശസ്തനായതോടെയാണ് ബ്രസീലിൽ ബാർബർമാരുടെ മൂല്യമേറിയത്.

ടോറസിനെ ഇവിടുള്ളവർ കരുതുന്നത് സൂപ്പർ താരങ്ങളുടെ മുടിവെട്ടുകാരൻ എന്ന നിലയിലാണ്.മിനെയ്റോ ക്ലബ്ബിന്റെ പ്രസിഡന്റായിരുന്ന മാർസിയോ അറൂഷോയാണ് തന്നെ അവിടെ കളിക്കുന്ന ഫുട്ബോൾ താരങ്ങളുടെ മുടി വെട്ടാൻ ഏല്പിച്ചത്. അത് തന്റെ ജീവിതത്തിൽ വഴിത്തിരിവായെന്ന് ടോറസ് കരുതുന്നു. 15 വർഷമായി ഇവിടെ ബാർബർഷോപ്പ് നടത്തുകയാണ് ടോറസ്. എന്തായാലും മുടിവെട്ടിയതിനു പ്രതിഫലമായി ഇന്നു നടക്കുന്ന അർജന്റീന- ഹോളണ്ട് സെമി ഫൈനലിന് ഒരു ടിക്കറ്റും കിട്ടി. അതിന്റെ സന്തോഷത്തിലാണ് എലിജ ടോറസ്.

വാട്മോർ ഇന്ത്യയിൽ തുടരും

ന്യൂഡൽഹി: കേരള ക്രിക്കറ്റ് ടീമിനെ മികച്ച നിലയിലെത്തിച്ച പരിശീലകൻ ഡേവ് വാട്മോർ ഇന്ത്യയിൽ തന്നെ തുടരുമെന്ന് സൂചന. ആഭ്യന്തരസീസണിൽ കേരള ക്രിക്കറ്റ് ടീം സമീപകാലത്തെ ഏറ്റവും മോശം പ്രകടനം നടത്തിയതിനു പിന്നാലെ സ്ഥാനമൊഴിഞ്ഞ അദ്ദേഹം ബറോഡ ടീമിന്റെ പരിശീലകനാകുമെന്നാണ് റിപ്പോർട്ട്. ബറോഡ ക്രിക്കറ്റ് അസോസിയേഷൻ തയാറാക്കിയ പുതിയ പരിശീലകരുടെ ചുരുക്കപ്പട്ടികയിൽ വാട്മോറിന്റെ പേരും ഉൾപ്പെട്ടിട്ടുണ്ട്. 'പുതിയ സീസണിൽ ഡേവ് വാട്മോറിനെ പരിശീലകനാക്കി നിയമിക്കുന്നതിനുള്ള ചർച്ചകളുമായി മുന്നോട്ടു പോകാൻ ബറോഡ ക്രിക്കറ്റ് അസോസിയേഷൻ നേതൃത്വം അനുവാദം നൽകിയിട്ടുണ്ട്. ഇനി പ്രതിഫലം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ചർച്ച നടത്തി തീരുമാനത്തിലെത്തണം' ബറോഡ ക്രിക്കറ്റ് അസോസിയേഷൻ പ്രസ്താവനയിൽ വ്യക്തമാക്കി. ശ്രീലങ്കയെ ലോകചാംപ്യൻമാരാക്കിയ പരിശീലകനാണ് ഓസ്ട്രേലിയക്കാരനായ ഡേവ് വാട്മോർ.കേരള ക്രിക്കറ്റ് ടീമിനെ മികച്ച നേട്ടങ്ങളിലെത്തിച്ച ശേഷമാണ് വാട്മോർ ടീം വിട്ടത്. 1996ൽ ശ്രീലങ്കയെ ലോകകപ്പ് ജേതാക്കളാക്കിയ അദ്ദേഹം പിന്നീട് ബംഗ്ലാദേശ്, പാക്കിസ്ഥാൻ, സിംബാബെ ടീമുകളെയും പരിശീലിപ്പിച്ചിട്ടുണ്ട്. 2008ൽ വിരാട് കോഹ്‌ലിയുടെ നേതൃത്വത്തിൽ ഇന്ത്യ അണ്ടർ19 ലോകകപ്പ് നേടിയപ്പോൾ വാട്മോറായിരുന്നു കോച്ച്. കേരള ക്രിക്കറ്റ് ടീമിന്റെ പരിശീലകനായി 2017ലാണ് വാട്മോർ ചുമതലയേറ്റത്. ആദ്യ സീസണിൽ തന്നെ രഞ്ജി ട്രോഫിയിൽ കേരളം ക്വാർട്ടർ ഫൈനലിലെത്തി.

കഴിഞ്ഞ വർഷം കേരളം ചരിത്രത്തിലാദ്യമായി രഞ്ജി ട്രോഫി സെമിയിലുമെത്തി. വമ്പൻമാരെ അട്ടിമറിച്ചായിരുന്നു കേരളത്തിന്റെ കുതിപ്പ്. കഴിഞ്ഞ സീസണിൽ എട്ടു കളികളിൽ ഒരു ജയവും രണ്ടു സമനിലയും അഞ്ചു തോൽവികളുമായി കേരളം എലൈറ്റ് ഗ്രൂപ്പ് എയിൽ നിന്ന് സിയിലേക്കു തരംതാഴ്ത്തപ്പെട്ടു. ഇതോടെയാണ് പരിശീലകനായി തുടരേണ്ടതില്ലെന്ന് വാട്മോർ തീരുമാനിച്ചത്.

കൊറോണ ബാധിച്ച യുവെ താരങ്ങൾക്ക് രോഗമുക്തി

റോം: ഇറ്റാലിയൻ ചാംപ്യൻമാരായ യുവന്റസിന്റെ രണ്ടു താരങ്ങൾ കൊറോണവൈറസിൽ നിന്നും മോചിതരായി ജീവിതത്തിലേക്കും കളിക്കളത്തിലേക്കു മടങ്ങിയെത്തുന്നു. യുവന്റസിന്റെ ഫ്രഞ്ച് മിഡ്ഫീൽഡർ ബ്ലാസി മറ്റിയുഡി, ഇറ്റാലിയൻ ഡിഫൻഡർ ഡാനിയേൽ റുഗാനി എന്നിവരാണ് രോഗ വിമുക്തി നേടിയത്. കൊറോണ വൈറസിൽ നിന്നും ഇരുവരും മുക്തരായെന്നു യുവന്റസാണ് അറിയിച്ചത്.മാർച്ച് 11ന് റുഗാനിക്കാണ് ആദ്യം കൊവിഡ്-19 സ്ഥിരീകരിക്കുന്നത്. കുറച്ചു ദിവസങ്ങൾക്കു ശേഷം ഫ്രാൻസിനൊപ്പം ലോകകപ്പ് വിജയത്തിൽ പങ്കാളിയായ മറ്റിയുഡിക്കും വൈറസ് ബാധ സ്ഥിരീകരിക്കുകയായിരുന്നു. പെരുമാറ്റച്ചട്ടമനുസരിച്ച് മറ്റിയുഡിയും റുഗാനിയും വീണ്ടും ടെസ്റ്റുകൾക്കു വിധേയരായെന്നും എന്നാൽ പരിശോധനാ ഫലം നെഗറ്റീവാണെന്നു കണ്ടെത്തിയതായും യുവന്റസ് വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. രോഗവിമുക്തി നേടിയ ഇരുവർക്കും ഇനി ഐസൊലേഷനിൽ കഴിയേണ്ടതില്ലെന്നും യുവന്റസ് അറിയിച്ചു.യുവന്റസിന്റെ അർജന്റൈൻ സ്റ്റാർ സ്ട്രൈക്കർ പൗലോ ഡിബാലയ്ക്കും നേരത്തേ കൊറോണവൈറസ് സ്ഥിരീകരിച്ചിരുന്നു. ശ്വാസമെടുക്കാൻ താൻ ഏറെ വിഷമിച്ചിരുന്നതായി താരം നേരത്തേ വെളിപ്പെടുത്തിയിരുന്നു. എന്നാൽ ഡിബാലയുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് യുവന്റസ് കൂടുതൽ കാര്യങ്ങൾ പുറത്തുവിട്ടിട്ടില്ല.2107ലാണ് മറ്റിയുഡി യുവന്റസിലെത്തിയത്. ക്ലബ്ബിനായി 86 മൽസരങ്ങളിൽ കളിച്ചിട്ടുള്ള അദ്ദേഹം ആറു ഗോളുകൾ നേടിയിട്ടുണ്ട്.

സച്ചിൻ പിഴവുവരുത്താൻ കാത്തിരുന്നിട്ടുണ്ട്: പൊള്ളോക്ക്

മുംബൈ ഇന്ത്യൻ ക്രിക്കറ്റ് താരം സച്ചിൻ ടെൻഡുൽക്കറിനെ പുറത്താക്കാനുള്ള എല്ലാ തന്ത്രങ്ങളും പാളിപ്പോകുമ്പോൾ അദ്ദേഹം സ്വയം എന്തെങ്കിലും പിഴവുവരുത്തി പുറത്താകാൻവേണ്ടി കാത്തിരുന്നിട്ടുണ്ടെന്ന് ദക്ഷിണാഫ്രിക്കയുടെ മുൻ താരം ഷോൺ പൊള്ളോക്ക്. ബാറ്റിങ്ങിന്റെ കാര്യത്തിൽ അപൂർവമായി മാത്രം ദൗർബല്യങ്ങൾ പ്രകടമാക്കിയിരുന്ന സച്ചിൻ, അതിനെ മറികടക്കാനും വഴി കണ്ടെത്തിയിരുന്നുവെന്ന് പൊള്ളോക്ക് അഭിപ്രായപ്പെട്ടു. സ്കൈ സ്പോർട്സുമായി സംസാരിക്കുമ്പോഴാണ് പൊള്ളോക്ക് ഇക്കാര്യം പറഞ്ഞത്.ചിലസമയത്ത്, പ്രത്യേകിച്ചും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കളിക്കുമ്പോൾ സച്ചിനെ എങ്ങനെ പുറത്താക്കുമെന്നറിയാതെ ഞങ്ങൾ ഉഴറിയിട്ടുണ്ട്. ഈ കളിക്കാരനെ പുറത്താക്കാൻ നമ്മളെക്കൊണ്ടു പറ്റുമോ എന്നു പോലും പലപ്പോഴും സംശയിച്ചിട്ടുണ്ട്. പിന്നെ ചെയ്യാനുള്ളത് അദ്ദേഹം എന്തെങ്കിലും പിഴവു വരുത്താൻ വേണ്ടി കാത്തിരിക്കുക മാത്രമാണ്. എല്ലാ ആയുധങ്ങളും പ്രയോഗിച്ച് തന്ത്രങ്ങളെല്ലാം പാളിക്കഴിയുമ്പോൾ അദ്ദേഹം പിഴവുവരുത്തുന്നതിനായി ഞങ്ങൾ കാത്തിരുന്നിട്ടുണ്ട്' പൊള്ളോക്ക് വെളിപ്പെടുത്തി.

സച്ചിൻ തന്റെ പരിമിതികളെ മറികടക്കുന്നതെങ്ങനെയെന്നും പൊള്ളോക്ക് വിവരിച്ചു. 'സ്വന്തം കളിയെ ശരിക്കു മനസ്സിലാക്കാനും അതിനനുസരിച്ച് കാര്യങ്ങൾ പ്ലാൻ ചെയ്യാനും സച്ചിനു കഴിഞ്ഞിരുന്നു. ഓസ്ട്രേലിയയിൽ പോകുമ്പോൾ ഷോർട്ട് പിച്ച് പന്തുകൾ കളിക്കാൻ സാധിക്കാത്തതിനെക്കുറിച്ച് ഒരിക്കൽ സച്ചിൻ എന്നോടു വെളിപ്പെടുത്തിയിരുന്നു. പിന്നീട് ഇത്തരം പന്തുകൾ വിക്കറ്റ് കീപ്പറിനും സ്ലിപ്പിനും മുകളിലൂടെ ബൗണ്ടറി കടത്തുന്ന രീതി സച്ചിൻ കണ്ടെത്തി' പൊള്ളോക്ക് പറഞ്ഞു.ഒന്നര പതിറ്റാണ്ടോളം നീണ്ട രാജ്യാന്തര കരിയറിൽ ദക്ഷിണാഫ്രിക്കയ്ക്കായി 108 ടെസ്റ്റുകളും 303 ഏകദിനങ്ങളും 12 ടന്റി20 മത്സരങ്ങളും കളിച്ചിട്ടുള്ള താരമാണ് നാൽപ്പത്തിയാറുകാരനായ ഷോൺ പൊള്ളോക്ക്. ടെസ്റ്റിൽ 421 വിക്കറ്റുകളും ഏകദിനത്തിൽ 393 വിക്കറ്റുകളും ടന്റി20യിൽ 15 വിക്കറ്റുകളും വീഴ്ത്തി. മികച്ച ഓൾറൗണ്ടർ കൂടിയായിരുന്ന പൊള്ളോക്ക് ടെസ്റ്റിൽ രണ്ടു സെഞ്ചുറിയും 16 അർധസെഞ്ചുറിയും ഏകദിനത്തിൽ ഒരു സെഞ്ചുറിയും 14 അർധസെഞ്ചുറിയും സ്വന്തം പേരിലാക്കി.

നേരത്തെ, രാജ്യാന്തര ക്രിക്കറ്റിൽ താൻ കണ്ട ഏറ്റവും സാങ്കേതികത്തികവുള്ള ബാറ്റ്സ്മാൻ സച്ചിനാണെന്ന് മുൻ ഓസ്ട്രേലിയൻ ക്യാപ്റ്റൻ മൈക്കൽ ക്ലാർക്കും വെളിപ്പെടുത്തിയിരുന്നു. പുറത്താക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള താരവും സച്ചിനാണെന്നായിരുന്നു ക്ലാർക്കിന്റെ തുറന്നുപറച്ചിൽ. സാങ്കേതികമായി യാതൊരുവിധ പിഴവുകളുമില്ലാത്ത താരമാണ് അദ്ദേഹം. ചില സമയത്ത് അദ്ദേഹത്തെ ഔട്ടാക്കാൻ പിഴവു വരുത്താൻ കാത്തിരിക്കുക മാത്രമേ വഴിയുള്ളൂവെന്നും ക്ലാർക്ക് പറഞ്ഞിരുന്നു.

എല്ലാ സജ്ജീകരണങ്ങളുമൊരുക്കി ഓസ്ട്രേലിയ

ഇന്ത്യക്കായി കൊവിഡ് പ്രോട്ടോകോൾ

മെൽബൺ: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ക്രിക്കറ്റ് ലോകം നിശ്ചലാവസ്ഥയിലാണെങ്കിലും ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ഓസ്ട്രേലിയൻ പര്യടനം മുൻനിശ്ചയിച്ച പ്രകാരം നടക്കാനുള്ള സാധ്യത തള്ളാതെ ഓസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡ്. പര്യടനം നടന്നാൽ വിരാട് കോഹ്‌ലിയെയും സംഘത്തെയും ഐസലേഷനിൽ പാർപ്പിക്കാൻ ഹോട്ടൽ വരെ തയാറാക്കിയിരിക്കുകയാണെന്നാണ് വിവരം. ഓസ്ട്രേലിയയിലെത്തുന്ന ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ നിശ്ചിത കാലയളവിൽ ഐസലേഷനിൽ പാർപ്പിക്കേണ്ടിവന്നാൽ അഡ്ലെയ്ഡ് ഓവലിലെ പുതിയ ഹോട്ടൽ അതിനായി വിട്ടുനൽകാനാണ് തീരുമാനം. ഇന്ത്യൻ ക്രിക്കറ്റ് ടീമിന് പരിശീലിക്കാനുള്ള സമ്പൂർണ സൗകര്യം ഒരുക്കിയാകും ഈ ഹോട്ടൽ ഐസലേഷനായി വിട്ടുനൽകുക.ഇന്ത്യയുടെ ഓസീസ് പര്യടനം നടക്കുകയാണെങ്കിൽ വിരാട് കോഹ്‌ലിക്കും സംഘത്തിനും ഐസലേഷനിൽ കഴിയാൻ ശതകോടികൾ മുടക്കി നിർമിച്ച പുതിയ ഹോട്ടൽ വിട്ടുകൊടുക്കാമെന്ന് സൗത്ത് ഓസ്ട്രേലിയൻ ക്രിക്കറ്റ് അസോസിയേഷൻ (എസ്എസിഎ) തലവൻ കീത്ത് ബ്രാഡ്ഷായാണ് ക്രിക്കറ്റ് ഓസ്ട്രേലിയ തലവൻ കെവിൻ റോബർട്സിനെ അറിയിച്ചത്.

ഇതിനു പുറമെ മറ്റു രണ്ടു ഹോട്ടലുകൾ കൂടി ഐസലേഷൻ സെന്ററുകളാക്കുന്നതിനുള്ള പരിഗണനയിലുണ്ട്.കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓസ്ട്രേലിയൻ സർക്കാർ യാത്രകൾക്കുൾപ്പെടെ കടുത്ത നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ഓസീസ് പര്യടനം മുൻനിശ്ചയിച്ചപ്രകാരം നടന്നാൽ സന്ദർശക ടീമംഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള വഴികൾ തേടുകയാണ് ഓസീസ് ക്രിക്കറ്റ് ബോർഡ്.

ഇതിന്റെ ഭാഗമായാണ് ടീമിനെ ഐസലേഷനിൽ പാർപ്പിക്കാൻ സ്ഥലം തേടുന്നത്. ഈ വർഷം ഓസ്ട്രേലിയയിൽ നടക്കേണ്ട ടന്റി20 ലോകകപ്പ് നിലവിലെ സാഹചര്യത്തിൽ റദ്ദാക്കുകയോ നീട്ടിവയ്ക്കുകയോ ചെയ്യേണ്ടിവരുമെന്നാണ് റിപ്പോർട്ട്.കൊവിഡ് പ്രോട്ടോക്കോൾ പൂർണമായും പാലിച്ച് ഇന്ത്യയെ സ്വീകരിക്കുമെന്നാണ് റിപ്പോർട്ടുകൾ. ഇന്ത്യയുടെ ഓസ്ട്രേലിയൻ പര്യടനം റദ്ദാക്കേണ്ട സാഹചര്യം ഉരുത്തിരിഞ്ഞാൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഓസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡിന് സംഭവിക്കുക.

ഡിവില്ല്യേഴ്സ് മടങ്ങിവരുമോ?

ജൊഹാനാസ്ബർഗ്: രാജ്യാന്തര ക്രിക്കറ്റിലേക്ക് മടങ്ങിവരവ് പ്രഖ്യാപിച്ച ദക്ഷിണാഫ്രിക്കൻ സൂപ്പർതാരം എ.ബി. ഡിവില്ല്യേഴ്സിനെയും കൊറോണ 'ചതിക്കുമോ'. ഈ വർഷത്തെ ടന്റി20 ലോകകപ്പിനു മുന്നോടിയായി ദക്ഷിണാഫ്രിക്കൻ ടീമിലേക്കു മടങ്ങാനൊരുങ്ങിയ ഡിവില്ല്യേഴ്സിന് കൊറോണ വൈറസ് വ്യാപനം നിമിത്തം കളിക്കളങ്ങൾ നിശ്ചലമായതാണ് തിരിച്ചടിയായത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ലോകകപ്പ് അടുത്ത വർഷത്തേക്ക് നീട്ടിവച്ചാൽ, തന്റെ തിരിച്ചുവരവ് സാധ്യതകളും മങ്ങുമെന്ന് ഡിവില്ലിയേഴ്സ് വ്യക്തമാക്കി. ഇപ്പോൾ താൻ തിരിച്ചുവരവിന് സജ്ജനാണെന്നും അടുത്ത വർഷമാകുമ്പോഴേയ്ക്കും എന്തായിരിക്കും അവസ്ഥയെന്ന് പറയാനാകില്ലെന്നും ഡിവില്ല്യേഴ്സ് പറഞ്ഞു.കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലോകവ്യാപകമായി എല്ലാ കായിക മത്സരങ്ങളും ടൂർണമെന്റുകളും റദ്ദാക്കിയിരിക്കുകയാണ്.

വൈറസ് വ്യാപനം ഇപ്പോഴും നിയന്ത്രണാതീതമായി തുടരുന്ന സാഹചര്യത്തിൽ ടന്റി20 ലോകകപ്പും നീട്ടിവയ്ക്കാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. 'ഇപ്പോഴത്തെ അവസ്ഥവച്ച് കുറഞ്ഞത് ആറു മാസത്തേക്ക് ക്രിക്കറ്റ് മത്സരങ്ങൾ നടക്കുമോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. ലോകകപ്പ് അടുത്ത വർഷത്തേക്ക് നീട്ടിവച്ചാൽ ഇപ്പോഴുള്ള പല കാര്യങ്ങൾക്കും മാറ്റം സംഭവിക്കും. ഇപ്പോഴത്തെ അവസ്ഥയിൽ ഒരു തിരിച്ചുവരവിന് ഞാൻ സജ്ജനാണ്.

പക്ഷേ, അടുത്ത വർഷത്തേക്ക് ലോകകപ്പ് നീട്ടിയാൽ ആ സമയത്ത് എന്റെ ശരീരം ഏതുവിധത്തിൽ പ്രതികരിക്കുമെന്ന കാര്യത്തിൽ എനിക്കു വലിയ ധാരണയൊന്നുമില്ല' ഡിവില്ല്യേഴ്സ് ചൂണ്ടിക്കാട്ടി.

'നേരത്തേ എനിക്കു താൽപര്യമുണ്ടായിരുന്നു എന്ന രീതിയിൽ എന്നെങ്കിലും മാർക്ക് ബൗച്ചറിനോട് പറയേണ്ടി വരുമോയെന്ന് എനിക്ക് സംശയമുണ്ട്. ലോകകപ്പിൽ കളിക്കാൻ സന്നദ്ധത അറിയിച്ചശേഷം പിന്നീട് അതിനു സാധിക്കാതെ വന്നാലോ എന്ന ഭയവുമുണ്ട്. ഇത്തരത്തിൽ അനാവശ്യമായി പ്രതീക്ഷ കൊടുക്കാൻ എനിക്കു തെല്ലും താൽപര്യമില്ല' ഡിവില്ല്യേഴ്സ് പറഞ്ഞു.'ഞാൻ ആഗ്രഹിക്കുന്ന വിധത്തിൽ 100 ശതമാനം ശരീരം റെഡിയാണെങ്കിൽ ലോകകപ്പ് എപ്പോൾ നടന്നാലും കളിക്കാൻ തയാറാണ്. പക്ഷേ 80 ശതമാനം മാത്രമേ ശരീരം അനുവദിക്കുന്നുള്ളൂ എങ്കിൽ എന്നെ പ്രതീക്ഷിക്കേണ്ട.

കാരണം 80 ശതമാനം വച്ച് ഒന്നും ചെയ്യാൻ ഇഷ്ടമില്ലാത്തയാളാണ് ഞാൻ. സമ്പൂർമായും തയാറാണെങ്കിൽ തീർച്ചയായും ട്രയൽസിലൂടെ എന്റെ കായികക്ഷമത ബോധ്യപ്പെടുത്തും' ഡിവില്ല്യേഴ്സ് വ്യക്തമാക്കി.വിരമിക്കൽ തീരുമാനം പിൻവലിക്കാനും ഇക്കഴിഞ്ഞ ഏകദിന ലോകകപ്പിൽ കളിക്കാനും ഡിവില്ല്യേഴ്സ് താൽപര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും ദക്ഷിണാഫ്രിക്കൻ സിലക്ടർമാർ വേണ്ടത്ര പരിഗണന നൽകിയില്ലെന്ന് നേരത്തേ റിപ്പോർട്ടുണ്ടായിരുന്നു. ദക്ഷിണാഫ്രിക്കൻ സിലക്ടർമാരും ഡിവില്ല്യേഴ്സും ഇതു തള്ളിക്കളഞ്ഞിരുന്നു.

പക്ഷേ, ആരാധകർക്കിടയിൽ വീണ്ടും അത്തരമൊരു തോന്നലുയർത്താൻ താൻ ഉദ്ദേശിക്കുന്നില്ലെന്നും ഡിവില്ലിയേഴ്സ് വ്യക്തമാക്കി. അതുകൊണ്ടുതന്നെ വീണ്ടും ടീമിനെ തഴഞ്ഞയാൾ എന്ന പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.അർഹിക്കാത്ത സ്ഥാനം താൻ ഒരിക്കലും നിർബന്ധിച്ചു വാങ്ങില്ലെന്നും ഡിവില്ല്യേഴ്സ് വിശദീകരിച്ചു. 'ടീമിലേക്കു മടങ്ങാൻ തീരുമാനിച്ചാൽ തീർച്ചയായും ഞാൻ കഠിനാധ്വാനം ചെയ്യും. അർഹിക്കുന്നുവെന്ന് തോന്നിയാൽ മാത്രമേ ടീമിലുണ്ടാകൂ. (ഏകദിന) ലോകകപ്പിൽ ടീമിൽ ഇടമുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചെങ്കിലും കിട്ടിയില്ല എന്ന തരത്തിലാണ് ആളുകൾ കരുതിയത്. ഇത് എന്നെ വല്ലാതെ മുറിപ്പെടുത്തി. കളിക്കാൻ സന്നദ്ധനാണെന്നു തോന്നിയാൽ അതിനായി നന്നായി പരിശ്രമിക്കും.

മറ്റു പരിഗണനകളൊന്നും എനിക്കു വേണ്ട.ദക്ഷിണാഫ്രിക്കൻ ടീമിൽ ഡിവില്ല്യേഴ്സിന്റെ സഹതാരമായിരുന്ന മാർക്ക് ബൗച്ചർ ടീമിന്റെ പരിശീലകനായി ചുമതലേറ്റതോടെയാണ് അദ്ദേഹത്തിന്റെ മടങ്ങിവരവിന് സാധ്യത തെളിഞ്ഞത്.

എല്ലാ ഫോർമാറ്റിലുമായി ബൗച്ചർ ദക്ഷിണാഫ്രിക്കൻ ടീമിൽ കളിച്ച 461 മത്സരങ്ങളിൽ 176 എണ്ണത്തിൽ ഡിവില്ല്യേഴ്സും ടീമിലുണ്ടായിരുന്നു. 2018 മാർച്ചിലാണ് അപ്രതീക്ഷിതമായി ഡിവില്ല്യേഴ്സ് രാജ്യാന്തര ക്രിക്കറ്റിൽ നിന്ന് വിരമിച്ചത്. ജോലിഭാരവും സമ്മർദ്ദവും ചൂണ്ടിക്കാട്ടിയായിരുന്നു ഇത്. അതേസമയം, ഇന്ത്യൻ പ്രീമിയർ ലീഗ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിലെ ടന്റി20 ടൂർണമെന്റുകളിൽ ഡിവില്ല്യേഴ്സ് ഇപ്പോഴും സജീവമാണ്.

SENSEX: 30,602.61 (+222.80)

NIFTY: 8,992.80 (+67.50)

വിനിമയ നിരക്ക്

ഡോളർ	76.95
യൂറോ	83.61
പൗണ്ട്	95.98
സ്വിസ്ഫ്രാങ്ക്	79.58
സിംഗപ്പൂർ ഡോളർ	53.91
ഓസ്ട്രേലിയൻ	48.37
കനേഡിയൻ	54.56
ബഹറിൻ ദിനാർ	203.55
കുവൈറ്റ് ദിനാർ	248.51
ഒമാനി റിയാൽ	198.53
സൗദി റിയാൽ	20.44
യു എ ഇ ദിർഹം	20.92
ഖത്തർ	20.87

നഷ്ടത്തിനൊടുവിൽ നേട്ടം കൊയ്ത് വിപണി

മുംബൈ: രണ്ട് ദിവസത്തെ നഷ്ടത്തിന് ശേഷം ഓഹരി വിപണി ഇന്നലെ അവസാനിച്ചത് നേട്ടത്തിൽ. 200ലേറെ പോയിന്റ് നഷ്ടത്തിൽ വ്യാപാരം ആരംഭിച്ച സെൻസെക്സ് 222.80 പോയിന്റ് അതായത് 0.73 ശതമാനം ഉയർന്ന് 30602.61ലും നിഫ്റ്റി 67.50 പോയിന്റ് അതായത് 0.76 ശതമാനം ഉയർന്ന് 8992.80ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ധനകാര്യ ഓഹരികളിൽ വാങ്ങൽ താത്പര്യം പ്രകടമായതാണ് വിപണിക്ക് നേട്ടമായത്. ബിഎസ്ഇയിലെ 1596 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 743 ഓഹരികൾ നഷ്ടത്തിലുമായപ്പോൾ,148 ഓഹരികൾക്ക് മാറ്റമില്ല.

എൻടിപിസി, വേദാന്ത, ഐസിഐസിഐ ബാങ്ക്, ശ്രീ സിമന്റ്, യുപിഎൽ, ടൈറ്റൻ കമ്പനി, എസ്ബിഐ, സൺ ഫാർമ, പവർഗ്രിഡ് കോർപ്, ടാറ്റ മോട്ടോഴ്സ്, എച്ച്ഡിഎഫ്സി ബാങ്ക് തുടങ്ങിയ ഓഹരികൾ നേട്ടത്തിലും,എച്ച്സിഎൽ ടെക്, ടെക് മഹീന്ദ്ര, കൊട്ടക് മഹീന്ദ്ര, ഇൻഫോസിസ്, ഹീറോ മോട്ടോർകോർപ്, ഹിന്ദുസ്ഥാൻ യുണിലിവർ, ഭാരതി എയർടെൽ, ഐടിസി, ടിസിഎസ് തുടങ്ങിയ ഓഹരികൾ നഷ്ടത്തിലുമായിരുന്നു.

കുതിക്കില്ല എണ്ണവില

ദുബായ്: ഉത്പാദനത്തിൽ എത്ര നിയന്ത്രണം ഏർപ്പെടുത്തിയാലും എണ്ണവിലയിൽ വലിയ കുതിപ്പ് മൂന്നുവർഷത്തേക്ക് വരാനിടയില്ലെന്ന് വിലയിരുത്തൽ. നിലവിലെ സാഹചര്യം അനുസരിച്ച് 2023 വരെ എണ്ണ വില ബാരലിന് 45 ഡോളറിൽ താഴെ ആയിരിക്കാനാണ് സാധ്യതയെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ട് പറയുന്നത്.

2019ലെ ശരാശരി എണ്ണ വിലയേക്കാൾ 25 ശതമാനം കുറവാണിത്. എന്നാൽ പ്രതിദിനം 10 മില്യൺ ബാരലിന്റെ എണ്ണ ഉത്പാദന നിയന്ത്രണം നടപ്പിലാക്കാൻ ഒപെക് പ്ലസ് തീരുമാനിച്ചതിന് മുമ്പ് തയാറാക്കിയതാണ് ഈ റിപ്പോർട്ട്. പക്ഷെ നിയന്ത്രണങ്ങൾകൊണ്ട് ചെറിയ വർധനവ് വരുത്താൻ രാജ്യങ്ങൾക്ക് സാധിച്ചേക്കും, എന്നാൽ ഉപഭോഗം പഴയ രീതിയിൽ എത്താൻ കുറഞ്ഞത് ഒന്നരവർഷം എങ്കിലുമെടുക്കുമെന്നാണ് കണക്കുകൂട്ടൽ. എണ്ണ ഇറക്കുമതി രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഇത് നേട്ടമാണ്.

കൊവിഡ്-19 പകർച്ചവ്യാധിയുടെ ദിശയും അവയെ നേരിടുന്നതിനുള്ള ആഗോള ശ്രമങ്ങളുടെ വിജയവും അടക്കം നിരവധി കാര്യങ്ങളിൽ കൃത്യമായൊരു പ്രവചനം നടത്തുക ബുദ്ധിമുട്ടായതിനാൽ ഇത്തരം അവലോകനങ്ങൾക്ക് ചുറ്റും വലിയൊരു അനിശ്ചിതത്വം നിലനിൽക്കുന്നതായും ഐഎംഎഫ് വ്യക്തമാക്കി.

ഇനി പണമിറക്കാം, സ്വർണബോണ്ടിൽ

മുംബൈ: റിസർവ് ബാങ്കുമായി കൂടിയാലോചിച്ച് സോവറിൻ സ്വർണ ബോണ്ടുകൾ ആരംഭിച്ച് വായ്പയെടുക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചു. ഏപ്രിൽ 20 മുതൽ ആറ് തവണയായി സർക്കാർ സോവറിൻ ഗോൾഡ് ബോണ്ടുകൾ (എസ്ജിബി) വിതരണം ചെയ്യുക.

ബാങ്കുകൾ (ചെറുകിട ധനകാര്യ ബാങ്കുകളും പേയ്മെന്റ് ബാങ്കുകളും ഒഴികെ), സ്റ്റോക്ക് ഹോൾഡിങ് കോർപ്പറേഷൻ ഒഫ് ഇന്ത്യ (എസ്എച്ച്സിഐഎൽ), നിയുക്ത പോസ്റ്റോഫീസുകൾ, അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ (എൻഎസ്ഇ, ബിഎസ്ഇ) എന്നിവയിലൂടെയാണ് എസ്ജിബികൾ വിൽക്കുക. ഭൗതിക സ്വർണത്തിന്റെ ആവശ്യം കുറയ്ക്കുന്നതിനും ആഭ്യന്തര സമ്പാദ്യത്തിന്റെ ഒരു ഭാഗം - സ്വർണം വാങ്ങാൻ ഉപയോഗിക്കുന്നതിനും സാമ്പത്തിക ലാഭത്തിലേക്ക് നീക്കി വയ്ക്കുന്നതിനുമായി 2015 നവംബറിലാണ് സോവറിൻ ഗോൾഡ് ബോണ്ട് പദ്ധതി ആരംഭിച്ചത്. വ്യക്തികൾ, എച്ച് യു എഫ്, ട്രസ്റ്റുകൾ, യൂണിവേഴ്സിറ്റികൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയുടെ സബ്സ്ക്രിപ്ഷനായി ആഭ്യന്തര വിപണിയിൽ മാത്രമേ ബോണ്ട് വിൽപ്പനയ്ക്കുള്ളൂ.

സോവറിൻ സ്വർണ ബോണ്ടുകൾ ഒരു ഗ്രാം അടിസ്ഥാന യൂണിറ്റുള്ള സ്വർണത്തിന്റെ ഗുണിതങ്ങളായി കണക്കാക്കും. പലിശ പേയ്മെന്റ് തീയതികളുടെ അടിസ്ഥാനത്തിൽ അഞ്ച് വർഷത്തിന് ശേഷം എക്സിറ്റ് ഓപ്ഷനുമായും എട്ട് വർഷത്തേക്ക് ബോണ്ടിന്റെ കാലാവധിക്ക് ശേഷവും നിക്ഷേപം പിൻവലിക്കാം, ഈ സാമ്പത്തിക വർഷത്തിലെ ആദ്യ ആറുമാസത്തെ സോവറിൻ ഗോൾഡ് ബോണ്ട് ഇഷ്യു തിയതികളാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ആറ് ഘട്ടമായാണ് ഇഷ്യു ചെയ്യുക. സീരിസ് വൺ ഏപ്രിൽ 28ന് ഇഷ്യു ചെയ്യും. ഏപ്രിൽ 20 മുതൽ 24 വരെയാണ് സബ്സ്ക്രിപ്ഷൻ തിയതി. പിന്നീടുള്ള എല്ലാ മാസത്തിലും ഇഷ്യു നടക്കും.

കാലാവധി

ഒരു ഗ്രാം അടിസ്ഥാന യൂണിറ്റിന്റെ ഗുണിതങ്ങളിൽ ബോണ്ടുകൾ വാങ്ങാം. എസ്ജിബിയുടെ കാലാവധി എട്ട് വർഷമായിരിക്കും. അഞ്ചാം വർഷത്തിനുശേഷം എക്സിറ്റ് ഓപ്ഷനുണ്ട്. ബോണ്ടുകൾ ഇന്ത്യയിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവർ, എച്ച് യു എഫ്, ട്രസ്റ്റ്, യൂണിവേഴ്സിറ്റികൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിൽക്കാനാണ് സെൻട്രൽ ബാങ്ക് തീരുമാനിച്ചിരിക്കുന്നത്. അനുവദനീയമായ ഏറ്റവും കുറഞ്ഞ നിക്ഷേപം 1 ഗ്രാം സ്വർണമാണ്.

വാങ്ങൽ പരിധി

സബ്സ്ക്രിപ്ഷന്റെ പരമാവധി പരിധി വ്യക്തിക്ക് 4 കിലോഗ്രാം വരെയാണ്. എച്ച് യു എഫിന് 4 കിലോഗ്രാം, ട്രസ്റ്റുകൾക്കും 20 കിലോ ഗ്രാം വരെ സ്വർണം വാങ്ങാം. ആദ്യ ഘട്ടം (2020-21 സീരീസ് I) ഏപ്രിൽ 20ന് തുറന്ന് ഏപ്രിൽ 24ന് അവസാനിക്കും. ബോണ്ടുകൾ ഏപ്രിൽ 28ന് നൽകും. ആറാമത്തെ ഘട്ടം (2020-21 സീരീസ് 6) ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെ ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. വരിക്കാർക്ക് മിനിമം 1 ഗ്രാം (ബോണ്ടിന്റെ മൂല്യം) നിക്ഷേപം അനുവദിക്കും.

ഇഷ്യു വില

സബ്സ്ക്രിപ്ഷന് തൊട്ടുമുമ്പുള്ള ആഴ്ചയിലെ അവസാന മൂന്ന് പ്രവൃത്തി ദിവസങ്ങളിൽ ഇന്ത്യാ ബുള്ളിയൻ ആൻഡ് ജ്വല്ലേഴ്സ് അസോസിയേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിച്ച 999 പരിശുദ്ധിയുള്ള സ്വർണത്തിന്റെ ശരാശരി വിലയുടെ അടിസ്ഥാനത്തിൽ ഇഷ്യു വില നിശ്ചയിക്കുമെന്ന് റിസർവ് ബാങ്ക് അറിയിച്ചു. കൂടാതെ, ഓൺലൈൻ വരിക്കാർക്കും ഡിജിറ്റൽ മോഡ് വഴി പണമടയ്ക്കുന്നവർക്കും സ്വർണ ബോണ്ടുകളുടെ ഇഷ്യു വില ഗ്രാമിന് 50 രൂപ കുറവായിരിക്കും.

സോവറിൻ ഗോൾഡ് ബോണ്ട്: അറിയേണ്ടവ

ഓരോ ഗ്രാമിന്റെയും ഗുണിതങ്ങളായാണ് സോവറിൻ ഗോൾഡ് ബോണ്ടുകളുണ്ടാവുക

കുറഞ്ഞ നിക്ഷേപം ഒരു ഗ്രാം

വ്യക്തികളുടെ പരമാവധി നിക്ഷേപ പരിധി നാല് കിലോഗ്രാം. വർഷത്തിൽ വിവിധ ഘട്ടങ്ങളായി ഇഷ്യു ചെയ്യുന്ന ബോണ്ടുകളിലൂടെയെല്ലാം വാങ്ങുന്നവ ഉൾപ്പടെ.

ബോണ്ടിന്റെ കാലാവധി എട്ട് വർഷമാണ്. എന്നാൽ അഞ്ചു വർഷം മുതൽ നിക്ഷേപകർക്ക് എക്സിറ്റ് ചെയ്യാനുള്ള ഓപ്ഷനുണ്ട്. ഇഷ്യു ഡേറ്റ് കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ ബോണ്ടുകൾ ഓഹരി വിപണിയിൽ ട്രേഡ് ചെയ്യാം.

സോവറിൻ ഗോൾഡിന്റെ വാർഷിക പലിശ നിരക്ക് 2.50 ശതമാനമാണ്. പലിശ വരുമാനം സബ്സ്ക്രൈബറുടെ വരുമാനത്തിനൊപ്പം ചേരും. അതിനനുസൃതമായ നികുതിയുമുണ്ടാകും.

ഇന്ത്യ ബുള്ളിയൻ ആൻഡ് ജ്വല്ലേഴ്സ് അസോസിയേഷൻ ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്ന 999 പ്യൂരിറ്റിയുള്ള സ്വർണത്തിന്റെ വിലയുടെ ശരാശരിയാണ് ഇതിനായെടുക്കുക. സബ്സ്ക്രിപ്ഷൻ നടക്കുന്ന ആഴ്ചയിലെ മൂന്നു പ്രവർത്തി ദിവസങ്ങളിലെ സ്വർണത്തിന്റെ ക്ലോസിങ് വിലയുടെ ശരാശരിക്കാണ് ബോണ്ട് ഇഷ്യു ചെയ്യുക

ഓൺലൈനിലൂടെയോ ഡിജിറ്റൽ മാർഗത്തിലൂടെയോ നിക്ഷേപം നടത്തുന്നവർക്ക് ഗ്രാമിന് 50 രൂപ ഇളവ് ലഭിക്കും.

ബോണ്ട് പണമാക്കി മാറ്റുമ്പോഴും ഐബിജെഎ ലിമിറ്റഡിന്റെ മുൻ മൂന്ന് ദിവസത്തെ ക്ലോസിങ് വിലയുടെ ശരാശരി തന്നെയാകും ലഭിക്കുക.

വായ്പകൾക്ക് ഈടായി ഈ ബോണ്ടുകൾ നൽകാം.

മെച്യൂരിറ്റിയാകുമ്പോഴുള്ള മൂലധന നേട്ടം നികുതി രഹിതമാണ്. സോവറിൻ ഗോൾഡ് ബോണ്ടുകൾക്കുള്ള മെച്ചമാണിത്.

പട്ടുനൂൽ കർഷകർക്കും കൈപൊള്ളി

ദീപു എം. തോമസ്

കാസർഗോഡ്: സമയത്തിന് വിപണിയിൽ എത്തിക്കാൻ സാധിക്കാതെ വന്നതോടെ ജില്ലയിലെ പട്ടുനൂൽ കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം. സാധാരണ ഗതിയിൽ പട്ടുനൂൽപ്പുഴുക്കളുടെ മുട്ടകൾ വിരിഞ്ഞ് കൊക്കൂൺ ആയാൽ ദിവസങ്ങൾക്കം വിപണികളിലെത്തിക്കുകയാണ് പതിവ്. ജില്ലയിലെ കർഷകർ വിൽപനയ്ക്കായി കൊക്കൂണുകൾ സിൽക്ക് ബോർഡിന്റെ ഏഷ്യയിലെ ഏറ്റവും വലിയ വിപണിയായ ബംഗളൂരുവിന് സമീപത്തെ രാംനഗറിലോ മൈസൂരുവിലോ ആണ് എത്തിക്കുന്നത്.

ലോക്ഡൗണിനെ തുടർന്ന് ഇതിന് കഴിയാത്തവരുടെ കൊക്കൂണുകൾ നശിച്ചുപോവുകയാണ്. വലിയ മുതൽ മുടക്കിലാണ് കർഷകർ പട്ടുനൂൽ കൃഷിയിലേർപ്പെടുക. പുഴുക്കളുടെ തീറ്റയ്ക്കുള്ള മൾബറി കമ്പുകൾ നട്ട് കഴിഞ്ഞാൽ തുടങ്ങി പരിചരണം ആവശ്യമാണ്. നനയ്ക്കലും വളപ്രയോഗവും നടത്തി ഇലകൾ തീറ്റയ്ക്ക് പറിക്കാനാവുമ്പോഴാണ് മുട്ടകൾ കൊണ്ടുവരുക. മുട്ടകൾ മൈസൂരുവിൽ നിന്നും പാലക്കാട് നിന്നുമാണ് ലഭിക്കുക. മുട്ടകൾ വിരിഞ്ഞാൽ 23 ദിവസത്തിനകം കൊക്കൂൺ ആകും. പിന്നീട് 3 ദിവസത്തിനകം കൊക്കൂൺ ഉണങ്ങി വിൽപനയ്ക്ക് പാകമാകും. 10 ദിവസത്തിനകം വിൽപന നടത്താൻ കഴിഞ്ഞില്ലെങ്കിൽ കൊക്കൂണിനുള്ളിലെ പ്യൂപ്പകളുടെ വായിൽ നിന്നുള്ള സ്രവം കാരണം കൊക്കൂൺ പൊട്ടി പുറത്തെത്തുന്ന ഇവ പാറ്റകളാകും. കൊക്കൂൺ പൊട്ടുന്നതോടെ ഇത് ഉപയോഗശൂന്യമാവും. ഒരു കൊക്കൂണിൽ നിന്നുള്ള സിൽക്ക് നൂൽ ഏകദേശം 1500 മീറ്ററോളം വരും.

ഒരു ഡിഎഫ്എൽ മുട്ട വിരിഞ്ഞാൽ 500 മുതൽ 600 വരെ പുഴുക്കളും അത്രതന്നെ കൊക്കൂണും ഉണ്ടാവും. കിലോയ്ക്ക് 500 കൊക്കൂൺ മതിയാകും. 100 മുട്ടകൾ മുതൽ 200 മുട്ടകൾ വരെ വിരിയിക്കുന്ന കർഷകരാണ് ജില്ലയിൽ. അതായത് 2 ക്വിന്റൽ വരെ കൊക്കൂണുകൾ വിൽപന നടത്തുന്നവരാണധികവും. ഇതിൽ കൂടുതൽ കൃഷി ചെയ്യുന്നവരുമുണ്ട്.

ലോക്ഡൗൺ: നഷ്ടം 23,440 കോടി

ന്യൂഡൽഹി: കൊവിഡ്-19 വൈറസിനെ വരുതിയിലാക്കാൻ ലോക്ഡൗൺ മേയ് മൂന്ന് വരെ നീട്ടിയപ്പോൾ രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം 23440 കോടി യുഎസ് ഡോളർ (17 ലക്ഷം കോടി രൂപ) വരുമെന്ന് അനുമാനം. കൂടാതെ 2020 കലണ്ടർ വർഷത്തെ ജിഡിപി വളർച്ച നിലയ്ക്കുമെന്നും ബ്രിട്ടീഷ് ബ്രോക്കറേജ് സ്ഥാപനമായ ബാർക്ലേയ്സ് വ്യക്തമാക്കുന്നു. 2020 കലണ്ടർ വർഷത്തെ വളർച്ച പൂജ്യമായിരിക്കുമെന്നും സാമ്പത്തിക വർഷമാണ് പരിഗണിക്കുന്നതെങ്കിൽ ഇത് 0.8 ശതമാനമായിരിക്കുമെന്നും ബാർക്ലേയ്സ് അനുമാനിക്കുന്നു.

രണ്ടാം തവണ നഷ്ടം ഇരട്ടി

ഏപ്രിൽ 14നാണ് 21 ദിവസത്തെ ലോക്ഡൗൺ മറ്റൊരു 20 ദിവസം കൂടി നീട്ടികൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപനം നടത്തിയത്. വൈറസ് ബാധ നിയന്ത്രണത്തിലായ മേഖലകളിൽ ഇളവ് അനുവദിക്കപ്പെടുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും അതുണ്ടായില്ലെന്ന് മാത്രമല്ല കൂടുതൽ കടുത്ത നടപടി വേണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരത്തെ മൂന്നാഴ്ച ലോക്ഡൗൺ രാജ്യത്തിനുണ്ടാക്കിയ സാമ്പത്തിക നഷ്ടം 12000 കോടി ഡോളർ ആണെന്നാണ് ബാർക്ലേയ്സ് പറയുന്നത്. എന്നാൽ രണ്ടാം ലോക്ഡൗണിന് നഷ്ടം നേരെ ഇരട്ടിയോളം വരുമെന്നും ബാർക്ലേയ്സ് പറയുന്നു.

കാലാവസ്ഥ കനിയും, കാർഷികമേഖലയ്ക്ക് ഗുണം

ന്യൂഡൽഹി: കൊവിഡിന്റെ തിരിച്ചടിയിൽ വലയുന്ന ഇന്ത്യൻ സാമ്പത്തിക ലോകത്തിന് ആശ്വാസമായി കാലാവസ്ഥയുടെ ആശ്വാസം. ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് ഇത്തവണ രാജ്യത്ത് 100 ശതമാനം മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്നത്. ലോക്ഡൗണിനെ തുടർന്നുള്ള പ്രശ്നങ്ങൾ മറ്റു മേഖലകളിൽ തലപൊക്കിത്തുടങ്ങുമ്പോഴായിരിക്കും കാർഷിക-അനുബന്ധ മേഖലകൾക്ക് ഗുണകരമായ രീതിയിലേക്ക് മഴ മാറുക.

കേരളത്തിൽ തിരുവനന്തപുരത്ത് ജൂൺ ഒന്നിന് മഴ തുടങ്ങുമെന്നാണ് പ്രവചനം. മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, തെലങ്കാന, ആന്ധ്രാപ്രദേശ്, ഒഡിഷ, ജാർഖണ്ഡ്, ബിഹാർ, ഉത്തർപ്രദേശിന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ മൂന്നു മുതൽ ഏഴു ദിവസം വരെ മൺസൂൺ എത്താൻ വൈകും. രാജ്യത്തിന്റെ വടക്കു പടിഞ്ഞാറൻ ഭാഗങ്ങളിൽ ജൂലൈ 15 എന്ന പതിവ് സമയത്തിനും മുമ്പേ ജൂലൈ എട്ടിനു തന്നെ മഴയാരംഭിക്കും. ഒക്റ്റോബർ 15 വരെ മഴ പ്രതീക്ഷിക്കുന്നുണ്ട്.

മഴയുടെ ലഭ്യതയ്ക്ക് ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ വലിയ പ്രാധാന്യമുള്ള സാഹചര്യത്തിലാണ് ഐഎംഡിയുടെ പ്രചവനം ആശ്വാസമാകുന്നത്. ഈ മാസം 20ന് ശേഷം കാർഷിക പ്രവർത്തനങ്ങൾക്ക് ലോക്ഡൗണിൽ നിന്ന് ഇളവും കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുവദിച്ചിട്ടുണ്ട്.

ഒരു വർഷം കഴിഞ്ഞാൽ മടങ്ങിവരും ഗൾഫ്

ദുബായ്: ഗൾഫ് തിരിച്ചടിയിൽ ഭയന്ന് നിൽക്കുന്ന മലയാളിക്ക് ആശ്വാസം നൽകി പുതിയ വിലയിരുത്തലുകൾ. കൊറോണ വൈറസ് പകർച്ചവ്യാധിയുടെ ഫലമായുള്ള വളർച്ചാമുരടിപ്പിന് ശേഷം യുഎഇ സമ്പദ്വ്യവസ്ഥ അടുത്ത വർഷം തന്നെ 3.3 ശതമാനം വളർച്ചയിലേക്ക് തിരികെ എത്തുമെന്ന് അന്താരാഷ്ട്ര നാണയനിധിയുടെ (ഐഎംഎഫ്) വിലയിരുത്തലാണ് ഏറ്റവും ഒടുവിൽ പുറത്തുവന്നിരിക്കുന്നത്.

ഈ വർഷം യുഎഇ സമ്പദ്വ്യവസ്ഥ 3.5 ശതമാനം ചുരുങ്ങിയതിനുശേഷമാണ് ഈ തിരിച്ചുവരവ്. അതുപോലെ സൗദി അറേബ്യയിലെ എണ്ണ-ഇതര ആഭ്യന്തര ഉത്പാദനത്തിൽ 4 ശതമാനം വളർച്ചാ മുരടിപ്പ് ഉണ്ടാകുമെങ്കിലും സൗദി സമ്പദ്വ്യവസ്ഥ ഈ വർഷം 2.3 ശതമാനം വളർച്ചാമുരടിപ്പിനാണ് സാക്ഷിയാകുക. എന്നിരുന്നാലും 2021ൽ സൗദി സമ്പദ്വ്യവസ്ഥ 2.9 ശതമാനം വളർച്ചയിലേക്ക് തിരികെ എത്തുമെന്നും ഐഎംഎഫ് പ്രതീക്ഷ പ്രകടിപ്പിച്ചു.

1978ന് ശേഷമുള്ള ഏറ്റവും മോശം സാമ്പത്തിക പ്രകടനമാണ് ഈ വർഷം ഉണ്ടാകുക. അനിശ്ചിതത്വങ്ങളും സംഘർഷങ്ങളും മൂലം 4.7 ശതമാനം വരെ വളർച്ചാ മുരടിപ്പിന് മേഖല സാക്ഷ്യം വഹിക്കേണ്ടി വരും. ഈജിപ്ത് ഒഴികെ മേഖലയിലെ എല്ലാ രാജ്യങ്ങളിലും ഈ വർഷം ജിഡിപി വളർച്ച താഴേക്ക് പോകും. എന്നാൽ ഈജിപ്തിൽ ഈ വർഷം രണ്ട് ശതമാനം സാമ്പത്തിക വളർച്ചയാണ് കണക്കുകൂട്ടുന്നതെന്നും ഐഎംഎഫ് റിപ്പോർട്ടിൽ പറയുന്നു.

കേരളത്തിലെവിടെയും കാലിത്തീറ്റയെത്തിച്ച് നൽകാനൊരുങ്ങി കേരള ഫീഡ്സ്

കൊച്ചി: കൊവിഡ്-19 ലോക്ഡൗൺ പ്രതിസന്ധിയിൽ സംസ്ഥാനത്തെ ക്ഷീരകർഷർക്ക് കൈത്താങ്ങായി പൊതുമേഖലാ കാലിത്തീറ്റ നിർമാണ കമ്പനിയായ കേരള ഫീഡ്സ്. കാലിത്തീറ്റ ലഭിക്കാൻ ബുദ്ധിമുട്ടുന്ന ക്ഷീരകർഷകർ നേരിട്ട് ബന്ധപ്പെട്ടാൽ സംസ്ഥാനത്തെവിടെയും കാലിത്തീറ്റയെത്തിച്ച് നൽകുമെന്ന് കേരള ഫീഡ്സ് അറിയിച്ചു.

നിലവിൽ കേരളത്തിലുടനീളം കേരള ഫീഡ്സിന് മികച്ച വിപണന ശൃംഖലയുണ്ട്. ലോക്ഡൗൺ മൂലം ഏതെങ്കിലും ക്ഷീരകർഷകനോ, ഫാമുകൾക്കോ കാലിത്തീറ്റ ലഭ്യമല്ലെങ്കിൽ 9447490115 എന്ന നമ്പറിൽ കേരള ഫീഡ്സിൽ അറിയിച്ചാൽ രണ്ട് ദിവസത്തിനകം കാലിത്തീറ്റയെത്തിക്കാനുള്ള സംവിധാനം കമ്പനി ഒരുക്കുമെന്ന് ചെയർമാൻ കെ.എസ്. ഇന്ദുശേഖരൻ നായർ അറിയിച്ചു.

മാർച്ച് 24ലെ ലോക്ഡൗണിനു ശേഷം കേരള ഫീഡ്സിന്റെ നിർമാണ യൂണിറ്റുകളിൽ ഷിഫ്റ്റ് പുന:ക്രമീകരണം നടത്തിയെങ്കിലും ഇപ്പോഴത് പൂർവ്വ സ്ഥിതിയിലായെന്ന് എംഡി ഡോ. ബി. ശ്രീകുമാർ പറഞ്ഞു. കോഴിക്കോട്, തൃശൂർ കല്ലേറ്റുംകര, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ ഉത്പാദന യൂണിറ്റുകൾ പൂർണമായും പ്രവർത്തനക്ഷമമാണെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ പല ഫാമുകളും അവിടെത്തന്നെ കാലിത്തീറ്റ നിർമിച്ചാണ് നൽകിയിരുന്നത്. എന്നാൽ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതിനാൽ പല ഫാമുകളും പ്രതിസന്ധി നേരിടുന്നതായി അറിയാൻ കഴിഞ്ഞു. അത്യുത്പാദന ശേഷിയുള്ള ഇളം കറവയുള്ള പശുക്കൾക്കായി ഉത്പാദിപ്പിക്കുന്ന ഡയറി റിച്ച് പ്ലസ് കാലിത്തീറ്റ ഈ പ്രതിസന്ധിക്ക് പരിഹാരമാകുമെന്നും എംഡി പറഞ്ഞു. ബൈപ്പാസ് പ്രോട്ടീൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന ഈ കാലിത്തീറ്റയിൽ ഉയർന്ന പാലുത്പാദനത്തിനാവശ്യമായ കീലേറ്റസ് ധാതുലവണങ്ങൾ അടങ്ങിയിട്ടുണ്ട്.

ക്ഷീരമേഖലയെ അവശ്യവിഭാഗത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനോ വിതരണം നടത്തുന്നതിനോ തടസങ്ങളൊന്നും ഉണ്ടായിട്ടില്ല. ലോക്ഡൗൺ മൂലം സംസ്ഥാനത്തെ ഒരു ക്ഷീരകർഷകനും കാലിത്തീറ്റ ലഭിക്കാതെ പോകരുത് എന്ന തീരുമാനത്തിന്റെ ഭാഗമായാണ് കർഷകർക്ക് നേരിട്ട് കമ്പനിയുമായി ബന്ധപ്പെടാനുള്ള തീരുമാനം കൈക്കൊണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മൂന്ന് യൂണിറ്റുകളിലായി പ്രതിദിനം 1250 ടൺ കാലിത്തീറ്റ ഉത്പാദന ശേഷിയാണ് കേരള ഫീഡ്സിനുള്ളത്.

അടൽ പെൻഷൻ യോജന; പണം പിൻവലിക്കലില്ല

ന്യൂഡൽഹി: അടൽ പെൻഷൻ യോജനയുടെ വിഹിതം അംഗങ്ങളുടെ സേവിങ്സ് അക്കൗണ്ടിൽ നിന്ന് പണം സ്വയം എടുക്കുന്നത് ജൂൺ 30 വരെ നിർത്തി വച്ചു. ഈ കാലയളവിൽ തവണ അടച്ചില്ലെങ്കിലും പലിശ ഈടാക്കില്ലെന്നും പിഎഫ്ആർഡിഎ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ കുടിശിക പലിശയില്ലാതെ ജൂലൈ മാസത്തെ വിഹിതത്തോടൊപ്പം അടയ്ക്കണം.

കൊവിഡ് ആനുകൂല്യം എന്നുള്ള നിലയ്ക്ക് ജൂൺ 30 വരെ അക്കൗണ്ടിൽ നിന്നെടുക്കാത്ത വിഹിതം മുഴുവനും പിന്നീട് വരുന്ന മാസ വിഹിതവും കൃത്യമായി ഒരുമിച്ചടയ്ക്കുന്നവർക്കാണ് പലിശ ആനുകൂല്യമെന്ന് പിഎഫ്ആർഡിഎ ഉത്തരവിൽ പറയുന്നു.

കൊവിഡ്-19 സമൂഹത്തിലെ എല്ലാ തലത്തിലുമുള്ളവർക്ക് വരുത്തി വച്ച സാമ്പത്തിക ദുരിതം പരിഗണിച്ചാണ് പെൻഷൻ ഫണ്ട് റഗുലേറ്ററി അതോറിറ്റി ഇങ്ങനെ ഒരു നിർദേശം നൽകിയത്. പുതിയ തീരുമാനമനുസരിച്ച് ജൂൺ 30 വരെ സേവിങ്സ് അക്കൗണ്ടിൽ നിന്നും സ്വമേധയാ എപിവൈയിലേക്ക് പണം മാറുകയില്ല. 18നും 40 നും മധ്യേ പ്രായമുള്ളവർക്കാണ് കേന്ദ്രസർക്കാരിന്റെ ഈ പെൻഷൻ പദ്ധതിയിൽ അംഗങ്ങളാകാവുന്നത്. അക്കൗണ്ടിൽ നിന്ന് വിഹിതം നേരിട്ട് എടുക്കുകയാണ് രീതി. 60 വയസിന് ശേഷം അടവനുസിരിച്ച് 1,000 മുതൽ 5,000 രൂപ വരെ ജീവിതകാലം മുഴുവൻ പെൻഷൻ കിട്ടുന്നതാണ് പദ്ധതി.

ടിക് ടോക്കിൽ ആളുവേണം

ന്യൂഡൽഹി: ടിക് ടോക്കിന്റെ ഉടമസ്ഥരായ ബൈറ്റ് ഡാൻസ് ആഗോള തലത്തിൽ തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കുന്നു. 2020ൽ ആഗോളതലത്തിൽ 40,000 പുതിയ തൊഴിലുകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പതിനായിരത്തോളം പദവികളിലേക്കാണ് നിയമനം നടത്താൻ ഒരുങ്ങിയിരിക്കുന്നത്. ലോകമാകെ പടരുന്ന കൊവിഡ്-19 വ്യാപനത്തിൽ മിക്ക കമ്പനികളും ജീവനക്കാരെ വെട്ടിച്ചുരുക്കുകയും വേതനം കുറച്ച് ചെലവ് ചുരുക്കാനും ശ്രമിക്കുന്നതിനിടെ ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് പുതിയ നിയമന വാർത്തകളുമായാണ് രംഗത്ത് വന്നിരിക്കുന്നത്.

ബൈറ്റ് ഡാൻസ് പ്രഖ്യാപിച്ച പതിനായിരം തൊഴിലവസരങ്ങളിൽ മൂന്നിലൊന്നും സോഫ്റ്റ്വെയർ കോഡിംങ് ജോലികളാണെന്നാണ് കമ്പനി ജീവനക്കാർക്കു വേണ്ടിയുള്ള വെബ്സൈറ്റിൽ സൂചിപ്പിച്ചിരിക്കുന്നത്. അനുയോജ്യരായ ഉദ്യോഗാർഥികളെ ജീവനക്കാർക്ക് നിർദേശിക്കുകയും ചെയ്യാം. ഈ വർഷം അവസാനത്തോടെ ജീവനക്കാരുടെ എണ്ണം ഒരു ലക്ഷമാക്കാനുള്ള ബൈറ്റ് ഡാൻസിന്റെ ലക്ഷ്യത്തിന്റെ ഭാഗം കൂടിയാണ് പുതിയ നീക്കം. കഴിഞ്ഞ മാസം ബൈറ്റ് ഡാൻസ് സിഇഒ സാംഗ് യിമിംഗ് കമ്പനിയുടെ ലക്ഷ്യം സംബന്ധിച്ച് സൂചന നൽകിയിരുന്നു. ഇതു നടപ്പിലായാൽ ബൈറ്റ് ഡാൻസിലെ ജീവനക്കാരുടെ എണ്ണം ആലിബാബ ഗ്രൂപ്പ് ഹോൾഡിങ് ലിമിറ്റഡിന് സമാനമാകും.

കൊക്കൊകോളയ്ക്ക് തിരിച്ചടി

ന്യൂഡൽഹി: ശീതളപാനീയ നിർമാതാക്കളായ കൊക്കക്കോളയും പെപ്സികോയും നേരിടുന്നത് വലിയ പ്രതിസന്ധി. വേനൽ ചൂടിൽ പൊള്ളുന്ന ഏപ്രിൽ-ജൂൺ മാസങ്ങൾ ഏതാണ്ട് 20,000 കോടി രൂപയുടെ വിൽപ്പനയാണ് സാധാരണ നടക്കുന്നത്. ഇത് ശീതളപാനീയ വ്യവസായത്തിന്റെ വാർഷിക വിൽപ്പനയുടെ പകുതിയിലധികം വരുന്നുണ്ട്. എന്നാൽ ലോക്ഡൗൺ കാരണം എല്ലാ ശീതളപാനീയ വിൽപ്പന കേന്ദ്രങ്ങളും അടയ്ക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മാളുകൾ, സിനിമാസ്, പബ്ബുകൾ, ബാറുകൾ, തത്സമയ ഇവന്റുകൾ, പാർക്കുകൾ, എയർലൈനുകളും യാത്രകളും എല്ലാം നിർത്തിയ സാഹചര്യത്തിൽ വലിയ നഷ്ടത്തിലേക്കാണ് കമ്പനികൾ നീങ്ങുന്നത്.

ഏപ്രിൽ-ജൂൺ പാദത്തിൽ ഇരു കമ്പനികളും തങ്ങളുടെ വാർഷിക പരസ്യത്തിന്റെ ഏറ്റവും വലിയ പങ്ക് ചെലവഴിക്കുന്നു. മെയ് മാസത്തിൽ ലോക്ഡൗൺ നീക്കിയാലും, ഉപയോക്താക്കൾ വൈറസിനെ ഭയന്ന് പുറത്തുകടന്നേക്കില്ല, അതിനാൽ ഇത് എക്കാലത്തെയും മോശമായ പാദമാണ് എന്ന് ഉദ്യോഗസ്ഥർ പറയുന്നു.

സ്വർണം

33,600

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	30,000		
പുതിയ കുരുമുളക്	29,000	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	32,000	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	
ചുക്ക് മീഡിയം	26,500		400-450
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	
മഞ്ഞൾ നാടൻ	ഇല്ല		1000- 1300
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	
അടയ്ക്ക ഓൾഡ്	25,000- 26,000		11,200-11,700
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	33,600
കടല	5100-6300	പാം ഓയിൽ	7450

വില ലഭിച്ച് മറയൂർ കർഷകർ

മറയൂർ: ലോക്ഡൗണിൽ മറയൂരിലെ കരിമ്പ് കർഷകർക്ക് ആശ്വാസം. ലോക്ഡൗൺ കാലത്തിന് മുൻപ് മറയൂർ ശർക്കരയുടെ വില കുത്തനെ ഇടിഞ്ഞിരുന്നു. നിലവിൽ തമിഴ്നാട്ടിൽ നിന്ന് ശർക്കര കേരളത്തിൽ എത്താത്തതും മറയൂർ ശർക്കര ഉത്പാദനം കുറഞ്ഞതും വില ഉയരാൻ കാരണമായി.

നിലവിൽ 60 കിലോ തൂക്കം വരുന്ന ഒരു ചാക്ക് ശർക്കരയ്ക്ക് 3700 രൂപ വരെ ലഭിക്കുന്നു. ലോക്ഡൗണിന് മുൻപ് 2300 രൂപ മാത്രമാണ് ലഭിച്ചിരുന്നത്. മറയൂരിൽ ഉത്പാദിപ്പിക്കുന്ന സാധാരണ ശർക്കരയ്ക്ക് ലോക്ഡൗണിന് മുൻപ് കിലോയ്ക്ക് 40-50 രൂപയും ഫിൽറ്റർ ഗ്രേഡ് ഒന്ന് ശർക്കരയ്ക്ക് 90-120 രൂപയും വിലയുണ്ടായിരുന്നു.

ലോക്ഡൗൺ തുടങ്ങിയ ശേഷം അവശ്യ ഭക്ഷ്യ വസ്തുവായി കണക്കാക്കി, നിർദേശങ്ങൾ പാലിച്ച് ആലപ്പുരകളിൽ ശർക്കര നിർമാണവും ചരക്ക് നീക്കവും ആരംഭിച്ചതോടെയാണ് 60 മുതൽ 75 രൂപ വരെ സാധാരണ ശർക്കരയ്ക്ക് ലഭിക്കുന്നത്. ഫിൽറ്റർ ഗ്രേഡ് ശർക്കരയുടെ ഉത്പാദനത്തിന് അധിക സമയം വേണ്ടി വരുമെന്നതിനാൽ കർഷകർ നിർമാണം നിർത്തി.

വിഷു - ഈസ്റ്റർ സീസൺ ആയതും തമിഴ്നാട്ടിലെ പ്രധാന ഉത്പാദന കേന്ദ്രങ്ങളിൽ നിന്നും പ്രധാന മാർക്കറ്റുകളിൽ ശർക്കര എത്താത്തതും മറയൂർ ശർക്കരയ്ക്ക് ആവശ്യക്കാർ വർധിക്കാൻ കാരണമായി.

പച്ചക്കറി തൈകൾ നൽകി

പറവൂർ: നഗരസഭാ പരിധിയിലെ വിവിധ വാർഡുകളിലേക്കുള്ള ജീവനി പദ്ധതി പ്രകാരമുള്ള പച്ചക്കറി വിത്തുകൾ കൃഷി ഓഫിസർ ലൂസിയ മെൻഡിസ് നഗരസഭാ ചെയർമാൻ ഡി.രാജ് കുമാറിന് കൈമാറി. നഗരസഭാ വികസന കാര്യസമിതി സ്ഥിരം അധ്യക്ഷൻ ടി.വി.നിഥിൻ, നഗരസഭ കൗൺസിലർ സജി നമ്പിയത്ത് പങ്കെടുത്തു. വീടുകളിലെ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണു പദ്ധതി നടപ്പിലാക്കുന്നത്.

കർഷകർക്ക് സഹായം നൽകണം

പറവൂർ: പറവൂർ താലൂക്കിന്റെ വിവിധ പ്രദേശങ്ങളിൽ ചൊവ്വാഴ്ച രാത്രി വീശിയടിച്ച ചുഴലിക്കാറ്റിൽ നാശനഷ്ടം നേരിട്ട കർഷകർക്ക് അടിയന്തിര സഹായധനം ലഭ്യമാക്കണമെന്ന് കേരള കർഷകസംഘം ജില്ലാ പ്രസിഡന്റ് കെ. വി. ഏലിയാസ്,സെക്രട്ടറി പ്രൊഫ എൻ. രമാകാന്തൻ എന്നിവർ സർക്കാരിനോട് ആവശ്യപ്പെട്ടു. ഏഴിക്കര, കോട്ടുവള്ളി, കുന്നുകര, ആലങ്ങാട് പഞ്ചായത്തുകളുടെ പല ഭാഗങ്ങളിലും ശക്തമായ കാറ്റുമൂലം വ്യാപക കൃഷിനാശം ഉണ്ടായിട്ടുണ്ട്. വാഴ, ജാതി കർഷകർക്കാണ് ഏറെ നഷ്ടം സംഭവിച്ചത്. വിള നശിച്ച പ്രദേശങ്ങൾ കൃഷിഭവൻ ഉദ്യോഗസ്ഥർ സന്ദർശിച്ചു നഷ്ടം കണക്കാക്കണമെന്നും നഷ്ടപരിഹാരം ഉടൻ ലഭ്യമാക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

റോട്ടറി ക്ലബ് സംഭാവന നൽകി

പറവൂർ: പറവൂർ നഗരസഭാ ചെയർമാന്റെ പേരിൽ എസ്ബിഐ പറവൂർ ശാഖയിൽ ആരംഭിച്ച അക്കൗണ്ടിലേക്ക് കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ അവരുടെ ഫണ്ടിൽ നിന്നും ചെയർമാന്റെ ദുരിതാശ്വാസ നിധി അക്കൗണ്ടിലേക്ക് നൽകിയ 25000 രൂപ കൗൺസിലർ സജി നമ്പിയത്ത് നഗരസഭാ ചെയർമാൻ ഡി.രാജ് കുമാറിന് നൽകി. ക്ലബ് പ്രസിഡന്റ് ശ്വേത വാസുദേവ്, സെക്രട്ടറി വൈസ് അഡ്മിറൽ പി.മുരളീധരൻ എന്നിവരുമായി ബൻധപ്പെട്ടതിനെ തുടർന്നാണ് നിധിയിലേക്ക് പണം നൽകിയത്. ക്ലബ് ആദ്യം നൽകിയ 25000 രൂപക്ക് പുറമെയാണ് ഈ തുക നൽകിയത്

നഷ്ടപരിഹാരം നൽകണം

പറവൂർ: ഏഴിക്കരയിൽ കഴിഞ്ഞ ദിവസം രാത്രിയിലുണ്ടായ ചുഴലിക്കാറ്റിൽ നാശനഷ്ടം സംഭവിച്ചവർക്ക് അർഹമായ നഷ്ട പരിഹാരം നൽകണമെന്ന് വി.ഡി.സതീശൻ എംഎൽഎ ആവശ്യപ്പെട്ടു. ലോക് ഡൗൺ മൂലം തൊഴിലെടുക്കാനാകാതെ വിഷമിക്കുന്ന മത്സ്യതൊഴിലാളികളുടെ ചീനവലകൾ തകർന്നത് അവരെ കൂടുതൽ ദുരിതത്തിലാക്കും. വീടുകൾ തകർന്നവർക്കും കൃഷി നശിച്ചവർക്കും അടിയന്തരമായി സഹായം എത്തിക്കണം. ഇതു സംബന്ധിച്ച് റവന്യൂ, ഫിഷറീസ്, കൃഷി വകുപ്പു മന്ത്രിമാരുമായി ബന്ധപ്പെട്ടതായി എംഎൽഎ പറഞ്ഞു.

മത്സ്യ മാർക്കറ്റ് തുറക്കുന്നത് നീട്ടി

പറവൂർ: വരാപ്പുഴ മത്സ്യ മാർക്കറ്റ് തുറക്കാനുള്ള നടപടി നിർത്തിവെക്കാൻ പഞ്ചായത്ത് സ്റ്റിയറിങ് കമ്മിറ്റി കൂടി യൂണിയനുകൾക്ക് നോട്ടീസ് നൽകിയതനുസരിച്ചു മത്സ്യ മാർക്കറ്റ് തുറക്കുന്നതു സംബന്ധിച്ച തീരുമാനം നീട്ടി.

നിലവിൽ ലോക്ക് ഡൗൺ മെയ് മൂന്നു വരെ നീട്ടിയ സാഹചര്യത്തിൽ ഏപ്രിൽ 20 വരെ കർശന നിയന്ത്രണങ്ങൾ വേണമെന്നു കേന്ദ്ര സർക്കാർ നിർദേശത്തിന്റെ പശ്ചാത്തലത്തിലാണിതു പഞ്ചായത്തുമായി ആലോചിക്കാതെ മത്സ്യ മാർക്കറ്റ് തുറക്കാനുള്ള യൂണിയനുകളുടെ തീരുമാനത്തിനെതിരെ പഞ്ചായത്ത് നോട്ടീസ് നൽകിയത്.

നിലവിലെ സാഹചര്യത്തിൽ മത്സ്യ മാർക്കറ്റ് തുറന്നാൽ ജനങ്ങളെ നിയന്ത്രിക്കാൻ സാധിക്കാതെ സാമൂഹിക രോഗവ്യാപനത്തിന് കാരണമാകാൻ ഇടയുണ്ട് .അടിയന്തര പ്രാധാന്യ വിഷയമായതിനാൽ വിഷുദിനത്തിൽ പഞ്ചായത്തിൽ കൂടിയ സ്റ്റിയറിംഗ് കമ്മിറ്റി മത്സ്യ മാർക്കറ്റ് തുറക്കണ്ടെന്ന തീരുമാനം എടുക്കുകയും ഇക്കാര്യം മത്സ്യവ്യാപാരി യൂണിയനുകൾക്ക് രേഖാമൂലം കൈമാറുകയും ചെയ്തു .പ്രസിഡന്റ് കെ. എസ്.മുഹമ്മദ്, വൈ.പ്രസിഡന്റ് കൊച്ചുറാണി ജോസഫ് , സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ ടി.പി.പോളി, മിനി ജോസ് ജെയ്സൺ പാലയ്ക്കൽ എന്നിവർ പങ്കെടുത്തു.

കൊവിഡിന് ചികിത്സയിലായിരുന്ന രണ്ടാമത്തെ ആരോഗ്യപ്രവർത്തകനും ആശുപത്രി വിട്ടു

കൊച്ചി: ജില്ലയിൽ കൊവിഡ് ബാധിതനായി ചികിത്സയിലായിരുന്ന ഒരു ആരോഗ്യപ്രവർത്തകൻ കൂടി ഇന്നലെ രോഗം ഭേദമായി ആശുപത്രി വിട്ടു. ഏപ്രിൽ ഒന്നിനാണ് രോഗം സ്ഥിരീകരിച്ചു കളമശേരി മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചത്. ഇതോടെ ജില്ലയിൽ ഇനി അഞ്ചു കൊവിഡ് ബാധിതർ മാത്രമാണ് ചികിത്സയിൽ തുടരുന്നത്. ഇവരുടെ ആരോഗ്യനില തൃപ്തികരമാണ്.

ഇന്നലെ വീടുകളിൽ നിരീക്ഷണത്തിനായി 46 പേരെ പുതിയതായി ഉൾപ്പെടുത്തി. വീടുകളിൽ നിരീക്ഷണത്തിലുണ്ടായിരുന്ന 330 പേരുടെ നിരീക്ഷണ കാലയളവ് അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. ഇതോടെ വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 978 ആയി. ഇതിൽ 842 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും 136 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലും ആണ്. പുതിയതായി ഒരാളെക്കൂടി ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു.

ഇദ്ദേഹത്തെ സ്വകാര്യ ആശുപത്രിയിലാണ് നിരീക്ഷണത്തിലാക്കിയത്. കൂടാതെ കളമശേരി മെഡിക്കൽ കോളജിൽ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന 2 പേരെയും മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നിന്ന് ഒരാളെയും സ്വകാര്യ ആശുപത്രിയിൽ നിന്ന് 4 പേരെയും ഡിസ്ചാർജ് ചെയ്തു.

നിലവിൽ 20 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്. ഇതിൽ 8 പേർ കളമശേരി മെഡിക്കൽ കോളെജിലും ഒരാൾ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും 3 പേർ ആലുവ ജില്ലാ ആശുപത്രിയിലും 2 പേർ കരുവേലിപ്പടി താലൂക്ക് ആശുപത്രിയിലും 6 പേർ സ്വകാര്യ ആശുപത്രിയിലും ആണുള്ളത്.

ജില്ലയിൽ നിന്ന് ഇന്നലെ 16 സാംപിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. 26 പരിശോധന ഫലങ്ങൾ ഇന്നലെ ലഭിച്ചത്. ഇവയെല്ലാം നെഗറ്റീവ് ആണ്. ഇനി 75 സാംപിൾ പരിശോധന ഫലങ്ങൾ കൂടി ലഭിക്കാനുണ്ട്.

പിസിആർ ലാബ് സജ്ജം

● ജില്ലയിൽ കൊവിഡ് പരിശോധന ഫലം ഇനി രണ്ടര മണിക്കൂറിനകം

കൊച്ചി: കൊവിഡ് 19 പരിശോധനക്ക് സഹായകമാവാൻ കളമശേരി മെഡിക്കൽ കോളെജിൽ ആർടിപിസിആർ ലബോറട്ടറികൾ സജ്ജമായി. പരിശോധന ഫലം രണ്ടര മണിക്കൂറിനുള്ളിൽ ലഭ്യമാക്കാൻ സഹായിക്കുന്ന റിയൽ ടൈം റിവേഴ്സ് ട്രാൻസ്ക്രിപ്ഷൻ പോളിമറേസ് ചെയിൻ റിയാക്ഷൻ പരിശോധന സംവിധാനമാണ് ജില്ല ഭരണകൂടത്തിന്റെയും കളമശേരി മെഡിക്കൽ കോളെജ് അധികൃതരുടെയും നിരന്തരമായ ശ്രമഫലമായി പ്രാവർത്തികമായത്. ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലാണ് ജില്ലയിൽ നിന്നുള്ള സാംപിളുകൾ പ്രധാനമായി പരിശോധിച്ചിരുന്നത്. ഇതിനു കാലതാമസം നേരിടുന്നതിനെ തുടർന്നാണു കളമശേരി മെഡിക്കൽ കോളജിൽ പുതിയ സംവിധാനം ക്രമീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. ദിവസേന 180 സാംപിളുകളാണ് ലാബിൽ പരിശോധിക്കാൻ സാധിക്കുന്നത്. രണ്ട് പിസിആർ ഉപകരണങ്ങളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്. ഒന്നേകാൽ കോടി രൂപയാണ് ലാബ് സജ്ജീകരണത്തിന് ഇതുവരെ ചെലവായത്. നിപ്പ കാലത്തു പ്രത്യേക പരിശീലനം കിട്ടിയ ഡോക്റ്റർമാർക്കാണ് ലാബിന്റെ ചുമതല. ഐസിഎംആറിന്റെ അനുമതിയോടു കൂടി വിവിധ വൈറസ് രോഗങ്ങളുടെ പരിശോധനയും പുതിയ ലാബിൽ നടത്താൻ സാധിക്കും. കളമശേരി മെഡിക്കൽ കോളെജിലെ മൈക്രോ ബയോളജി വിഭാഗം മേധാവി ഡോ.ജെ ലാൻസിയുടെ നേതൃത്വത്തിൽ മൈക്രോ ബയോളജി വിഭാഗം ജീവനക്കാരായ ഡോ.ജോന, ഡോ.ഇന്ദു, ടെക്നീഷ്യൻമാരായ വിപിൻദാസ്, ആഫി, അഞ്ജു സെബാസ്റ്റ്യൻ, അർച്ചന എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകും.

എറണാകുളം മെഡിക്കൽ കോളെജിൽ പ്രവർത്തന സജ്ജമായ പിസിആർ ലാബ്

ജില്ലാ കലക്റ്ററുടെ നിർദേശ പ്രകാരം ജില്ലയിൽ നിന്ന് പ്രത്യേക വാഹനം ക്രമീകരിച്ചാണു പരിശോധനക്കാവശ്യമായ സംയുക്തങ്ങൾ ബംഗ്ളൂരു, ചെന്നൈ എന്നിവിടങ്ങളിൽ നിന്നും മെഡിക്കൽ കോളെജിൽ എത്തിച്ചത്. മൈക്രോ ബയോളജി ലാബ് സമുച്ചയത്തിൽ ഒഴിഞ്ഞു കിടന്നിരുന്ന രണ്ടു മുറികൾ ആധുനികവത്കരിച്ച ശേഷം പൂർണമായും എയർ കണ്ടീഷൻ ചെയ്താണു വൈറോളജി ലാബ് സജ്ജീകരിച്ചിരിക്കുന്നത്. അഞ്ചു മുറികളിൽ ആദ്യത്തേത് റിസപ്ഷനും സാംപിൾ കൈപ്പറ്റുന്നതിനും റിപ്പോർട്ട് പ്രിൻറിങ്ങിനുമായി സജ്ജീകരിച്ചിരിക്കുന്നു. പരിശോധനയുടെ ആദ്യഘട്ടം ആരംഭിക്കുന്നതു സാംപിൾ പ്രോസസിങ് റൂമിലാണ്. അത്യാധുനിക യന്ത്രങ്ങളാണ് ഇവിടെ സജ്ജീകരിച്ചിരിക്കുന്നത്. മൂന്നു ലക്ഷം രൂപ വിലയുള്ള സേഫ്റ്റി കാബിനറ്റ് ആണ് സാമ്പിൾ പ്രോസസിങ് യൂണിറ്റിൽ ഉള്ളത്. ഇതിനുശേഷം അടുത്ത യൂണിറ്റിൽ ആർഎൻഎ എക്സ്ട്രാറ്റ് ചെയ്തെടുക്കുന്ന പ്രോസസ് ആണ്. അതിനു ശേഷം പരിശോധനയുടെ ഭാഗമായുള്ള മാസ്റ്റർ മിക്സ് റൂമിൽ അടുത്ത ഘട്ട പ്രോസസിങ് നടത്തും. റിയൽ ടൈം പിസിആർ എന്ന അവസാന ഘട്ടത്തിലാണ് കോവിഡ് പരിശോധന പൂർണമാകുന്നത്. പി.ടി. തോമസ് എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 27.57 ലക്ഷം രൂപ ചെലവിൽ ബയോ സേഫ്റ്റി ക്യാബിനറ്റുകളും ഹൈബി ഈഡൻ എംപിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 36 ലക്ഷം രൂപ ചെലവിൽ പരിശോധന കിറ്റുകളും ലാബിലേക്ക് അനുവദിച്ചിട്ടുണ്ട്.

കൊവിഡ് പ്രതിരോധത്തിന് ഐഎംഎ കൊച്ചി തയാറാക്കിയ പദ്ധതിയുടെ ഭാഗമായി ലൺസ് ക്ലബ് നാഷണൽ ഹെൽത്ത് മിഷന് നിർമ്മിച്ച് നൽകിയ 500 പേഴ്സ്ണൽ പ്രൊട്ടക്ഷൻ കിറ്റുകൾ ഡിസ്ട്രിക് ഗവർണർ രാജേഷ് കൊളരിക്കൽ, ക്യാബിനറ്റ് ട്രഷറർ അഡ്വ. കുര്യൻ ആന്റണി, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ജോർജ് സാജു, ലയൺസ് ക്ലബ് ഓഫ് കൊച്ചിൻ സൗത്ത് പ്രസിഡന്റ് ജോൺസൺ സി. അബ്രാഹം, കെ.ശ്രീകുമാർ എന്നിവർ ഡോ. മാത്യൂസ് നമ്പേലിയ്ക്ക് കൈമാറുന്നു. ഡോ. എം.ഐ ജുനൈദ് റഹ്മാൻ, ഡോ.അഖിൽ സേവ്യർ മാനുവൽ എന്നിവർ സമീപം.

ലയൺസ് ക്ലബ്: 500 പിപി കിറ്റുകൾ കൈമാറി

കൊച്ചി: ലൺസ് ക്ലബ് ഡിസ്ട്രിക്റ്റ് 318 സി നാഷണൽ ഹെൽത്ത് മിഷന് 500 പേഴ്സ്ണൽ പ്രൊട്ടക്ഷൻ കിറ്റുകൾ കൈമാറി. സംസ്ഥാനത്ത് കൊറോണ രോഗം റിപ്പോർട്ട്ചെയ്തപ്പോൾ തന്നെ ജില്ലയിലെ ഭരണ നിർവഹണ സംവിധാനത്തെ കൊറോണ ബാധയിൽ നിന്നും സംരക്ഷിക്കുതിനായി ഐഎംഎ കൊച്ചി തയാറാക്കിയ പദ്ധതിയുടെ ഭാഗമായാണ് ലൺസ് ക്ലബ് ഡിസ്ട്രിക്റ്റ് 318 സി പിപി കിറ്റുകൾ നൽകിയത്. എറണാകുളം ഐഎംഎ ഹൗസിൽ നാഷണൽ ഹെൽത്ത് മിഷനു വേണ്ടി ജില്ലാ പ്രൊജക്റ്റ് മാനെജർ ഡോ.മാത്യൂസ് നമ്പേലി പിപി കിറ്റുകൾ ഏറ്റുവാങ്ങി. ഡിസ്ട്രിക് ഗവർണർ രാജേഷ് കൊളരിക്കൽ, ക്യാബിനറ്റ് ട്രഷറർ അഡ്വ.കുര്യൻ ആന്റണി, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ജോർജ് സാജു, ലയൺസ് ക്ലബ് ഓഫ് കൊച്ചിൻ സൗത്ത് പ്രസിഡന്റ് ജോൺസൺ.സി.അബ്രാഹം, കെ.ശ്രീകുമാർ എന്നിവർ ചേർന്നാണ് കിറ്റുകൾ കൈമാറിയത്. ഡോ.ജുനൈദ് റഹ്മാൻ, ഡോ.അഖിൽ സേവ്യർ മാനുവൽ എന്നിവരും സന്നിഹിതരായിരുന്നു.

ലോക് ഡൗൺ ഒന്നാം ഘട്ടം 7200 കേസുകൾ

കെ.ബി.സലാം

മട്ടാഞ്ചേരി: കൊറോണ വൈറസ് രോഗ പ്രതിരോധത്തിൽ ഒന്നാം ഘട്ട ദേശീയ ലോക് ഡൗണിൽ ജില്ലയിൽ 7200 ഓളം കേസുകൾ രജിസ്റ്റർ ചെയ്തു. മാർച്ച് 22 ന് ജനതാ കർഫ്യൂവിൽ തുടങ്ങി 23ന് സംസ്ഥാന ലോക് ഡൗണും 24 മുതൽ ഏപ്രിൽ 14 വരെ ഒന്നാംഘട്ട ലോക് ഡൗണുമായിരുന്നു. വാഹനം പിടിച്ചെടുക്കൽ മുതൽ ചൂരൽ പ്രയോഗവും, ഫോണിലൂടെ അറിയിക്കൽ തുടങ്ങി ഇതരശിക്ഷകൾ വരെ നൽകിയിട്ടുണ്ട്. ലോക് ഡൗൺ നിയന്ത്രണം കർശനമാക്കുന്നതിന് വിവിധതല ബോധവത്കരണവും സത്യവാങ് മൂലവും തുടങ്ങി ഡ്രോൺ കാമറ നിരീക്ഷണം വരെ നടത്തിയാണ് പൊലീസ് നിയമപാലനം നടത്തിയത്. ഇതിനിടെയെത്തിയ ദു:ഖ വെള്ളി, ഈസ്റ്റർ, വിഷു ആഘോഷങ്ങളിൽ നേരിയ ഇളവുകളുണ്ടായെങ്കിലും നഗര ഗ്രാമീണ മേഖലകൾ കനത്ത നിരീക്ഷണത്തിലുമായിരുന്നു. എറണാകുളം ജില്ലയിൽ റൂറൽമേഖലയിലാണ് 4900 കേസുകളെടുത്തത്. 2500 ഓളം കേസുകളാണ് നഗരമേഖലയിലിത്. അനാവശ്യ യാത്ര നടത്തിയതിന് ഇരുചക്ര വാഹനങ്ങളും കാറുകളും ജീപ്പുമടക്കം അയ്യായിരത്തോളം വാഹനങ്ങൾ കസ്റ്റഡിയിലെടുത്തതായാണ് പ്രാഥമിക കണക്ക്. ഇതിനിടെ വ്യാജമദ്യ വാറ്റ് നിർമാണ കേസിലും, മദ്യവിൽപന, കഞ്ചാവ് തുടങ്ങിയവയിൽ എക്സെസ് പൊലീസ് വിഭാഗങ്ങളിലായി 20 ഓളം കേസുകളും രജിസ്റ്റർ ചെയ്തു. ഏപ്രിൽ 11 മുതൽ കേസ് എടുത്ത് സത്യവാങ്മൂലം നൽകി വാഹനം മടക്കി നൽകി തുടങ്ങിയെങ്കിലും 60-70 ശതമാനം വാഹനങ്ങൾ മാത്രമേ ഉടമകൾ ഏറ്റെടുത്തിട്ടുള്ളുവെന്നും പറയുന്നു. പടികൾ ശക്തമാക്കിയെങ്കിലും 20 മുതലുള്ള അയവുകൾ നിരീക്ഷണത്തെ എപ്രകാരം കൈകാര്യം ചെയ്യാൻ കഴിയുമെന്ന ആശങ്കയുമുണ്ട്.

മുത്തൂറ്റ് ഗ്രൂപ്പ് ഇരുപതിനായിരം മാസ്കുകൾ കൈമാറി

കൊച്ചി: മുത്തൂറ്റ് ഗ്രൂപ്പ് എറണാകുളം ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന് ഇരുപതിനായിരം മാസ്കുകൾ നൽകി. സംസ്ഥാനത്ത് കൊറോണ രോഗം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ ജില്ലയിലെ ഭരണ നിർവഹണ സംവിധാനത്തെ കൊറോണ ബാധയിൽ നിന്നും സംരക്ഷിക്കുതിനായി ഐഎംഎ കൊച്ചി തയാറാക്കിയ പദ്ധതിയുടെ ഭാഗമായാണ് മുത്തൂത്ത് ഗ്രൂപ്പ് മാസ്കുകൾ നൽകിയത്.

എറണാകുളം ഐഎംഎ ഹൗസിൽ ജില്ലാ ഫയർ ആന്റ് റസ്ക്യൂ ഫോഴ്സിന് വേണ്ടി ഗാന്ധിനഗർ ഫയർ സ്റ്റേഷനിലെ അസ്സിസ്റ്റന്റ് സ്റ്റേഷൻ ഓഫിസർ എം.ആർ.സുനിൽ കുമാർ മുത്തൂറ്റ് ഗ്രൂപ്പ് കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസബിലിറ്റി മേധാവി ബാബു ജോൺ മലയിൽ നിന്നും മാസ്കുകൾ ഏറ്റുവാങ്ങി.

ഡോ.എം.ഐ.ജുനൈദ് റഹ്മാൻ, ഡോ.അഖിൽ സേവ്യർ മാനുവൽ എന്നിവരും സന്നിഹിതരായിരുന്നു. മുത്തൂറ്റ് ഗ്രൂപ്പിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി കളമശേരി മെഡിക്കൽ കോളെജിലും, എറണാകുളം ജനറൽ ആശുപത്രിയിലും 500 വീതം പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റുകൾ ഇതിനോടകം നൽകിക്കഴിഞ്ഞതായി ബാബു ജോൺ മലയിൽ പറഞ്ഞു. എം.ആർ. സുനിൽ കുമാറിന് കൈമാറുന്നു.

മുത്തൂറ്റ് ഗ്രൂപ്പ് ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിനായി നൽകുന്ന ഇരുപതിനായിരം മാസ്കുകൾ സിഎസ്ആർ മേധാവി ബാബു ജോൺ മലയിൽ ഗാന്ധിനഗർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ എം.ആർ.സുനിൽ കുമാറിന് കൈമാറുന്നു.

ഉത്സവം മാറ്റി

പറവൂർ: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പറവൂർ ഗ്രൂപ്പിൽപ്പെട്ട മേജർ പെരുവാരം ക്ഷേത്രത്തിലെ തിരുവുത്സവം തന്ത്രിയുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ആവശ്യപ്രകാരം മാറ്റി വച്ചതായി സബ്ഗ്രൂപ്പ് ഓഫീസർ സി. ജി.സത്യൻ വാരിയർ അറിയിച്ചു.

വൈദ്യുതി മുടക്കം

കൊച്ചി: കുമ്പളങ്ങി സെക്ഷൻ പരിധിയിൽ പഴങ്ങാട്, കുളക്കടവ്, ആഞ്ഞിലിത്തറ എന്നിവിടങ്ങളിലും പരിസര പ്രദേശങ്ങളിലും ഇന്നു രാവിലെ ഒമ്പതു മുതൽ വൈകിട്ട് അഞ്ചു വരെ വൈദ്യുതി മുടങ്ങും.

കണ്ണമാലി സെക്ഷൻ പരിധിയിൽ കൺടക്കടവ് മുതൽ ഇന്ത്യാസീഫുഡ് വരെയും പുത്തൻതോട് ഒഎൻ രാമൻ റോഡ് പെറ്റ്സൺ പരിസരം, തേവര സെക്ഷൻ പരിധിയിൽ മാളിയേക്കൽ മുതൽ തെക്കോട്ട് തേവര ഫെറി വരെയും ഭാഗികമായി വൈദ്യുതി മുടങ്ങും.

സെൻട്രൽ സെക്ഷൻ പരിധിയിൽ ഹൈക്കോർട്ട് പരിസരം പൊലീസ് ക്വാർട്ടേഴ്സ്, സലീംഅലി റോഡ് എന്നിടങ്ങളിലും പരിസരപ്രദേശങ്ങളിലും രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെ വൈദ്യുതി മുടങ്ങും.

സംഭാവന നൽകി

വൈപ്പിൻ: നായരമ്പലം ഗ്രാമപഞ്ചായത്തിലെ എട്ടാംവാർഡംഗം താന്നിപ്പിള്ളി റോക്കി ജോൺ തനിക്ക് ലഭിച്ച വാർദ്ധക്യകാല പെൻഷൻ തുകയായ 6,100 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു. തുക ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഇ.പി ഷിബുവിന് കൈമാറി.

കാർ മതിലിടിച്ചു

വൈപ്പിൻ: ചെറായി ജനതാ സ്റ്റോപ്പിന് സമീപം നിയന്ത്രണം തെറ്റിയ കാർ സമീപത്തെ മതിൽ തകർത്തു. കഴിഞ്ഞ ദിവസം വൈകുന്നേരം ആറുമണിയോടെയാണ് സംഭവം. ആളപായമില്ല. മതിലിന്റെ ഗേറ്റ് തൂൺ തകർന്നു. മാരുതി സ്വിഫ്റ്റ് കാർ ഭാഗികമായി തകർന്നു.

സാന്ത്വന കിറ്റ് വിതരണം

വൈപ്പിൻ: ഓൾകേരള മോട്ടോർ ഡ്രൈവിങ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് അസോസിയേഷൻ പറവൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക് കൊവിഡ് 19 സ്വാന്ത്വന കിറ്റ് വിതരണം ചെയ്തു. പ്രസിഡന്റ് രാജു, സെക്രട്ടറി ശുക്കൂർ ബാബു, ട്രഷറർ സുനിൽ കുമാർ എന്നിവർ സംസാരിച്ചു.

ധനസഹായം നൽകി

വൈപ്പിൻ: പറവൂർ യൂണിറ്റിലെ ഡ്രൈവിംഗ് സ്കൂൾ സൊസൈറ്റിയിലെ അംഗങ്ങൾക്ക് കൊവിഡ് 19 ധനസഹായം നൽകി. പ്രസിഡന്റ് മനോജ് കുമാർ, വൈസ് പ്രസിഡന്റ് ശുക്കൂർ ബാബു എന്നിവർ സംസാരിച്ചു.

ദളിത് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഓക്സിജൻ സിലിണ്ടർ നൽകുന്നു

ദളിത് കൂട്ടായ്മ ഓക്സിജൻ സിലിണ്ടർ നൽകി

പറവൂർ: ഏഴിക്കര പഞ്ചായത്തിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന ഡയാലിസ് രോഗിയായ സുന്ദരേശന് ദളിത് കുട്ടായ്മയുടെ നേതൃത്വത്തിൽ ഓക്സിജൻ സിലിണ്ടർ സൗജന്യമായി നൽകി. ജില്ലാ പട്ടികജാതി ഓഫിസറാണ് ഇതിനു വേണ്ട നടപടികൾ സ്വീകരിച്ചത്. സുന്ദരേശന്റെ 17 വയസുള്ള ഏക മകൻ ജന്മനാ കിടപ്പു രോഗിയാണ്. നിർധന കുടുംബത്തെ ദളിത് കൂട്ടായ്മ കണ്ടെത്തുകയും ഓക്സിജർ സിലിണ്ടർ വാങ്ങി നല്കുകയുമാണുണ്ടായത്. സിലിണ്ടറും അനുബന്ധ കിറ്റും വിതരണം ചെയ്ത ചടങ്ങിൽ സോമൻ മാധവൻ, മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് എം.എ.നസീർ, വാർഡ് അംഗം കെ. എസ്.ഭുവനചന്ദ്രൻ, ലീല പീറ്റർ ദളിത് നേതാക്കളായ ഷാൽബിൻ, മജുകുമാർ, ആദ്യ ദ്രാവിഡ സാംസ്കാരിക സെക്രട്ടറി കെ സോമൻ എന്നിവർ പങ്കെടുത്തു.

ചുഴലിക്കാറ്റിൽ നാശമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകണം: സിപിഐ

പറവൂർ: ചുഴലിക്കാറ്റിൽ നാശനഷ്ടം സംഭവിച്ചവർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകണമെന്ന് സിപിഐ ജില്ലാ സെക്രട്ടറി പി.രാജു ആവശ്യപ്പെട്ടു. ഏഴിക്കര, ആലങ്ങാട്, കരുമാല്ലൂർ, വെളിയത്തുനാട് പഞ്ചായത്ത് പ്രദേശങ്ങളിലാണ് 14നു രാത്രിയിൽ ചുഴലിക്കാറ്റ് വീശി അടിച്ചത്. മൂന്ന് കോടിയോളം രൂപയുടെ നഷ്ടമുണ്ടായതായിട്ടാണ് പ്രാഥമിക വിലയിരുത്തൽ. ഏഴിക്കര പഞ്ചായത്ത് പ്രദേശത്തും ചെറായി മേഖലയിലുമായിട്ട് അമ്പതിൽപരം ചീനവലകൾക്ക് നാശമുണ്ടായിട്ടുണ്ട്. നഷ്ടങ്ങളെ കുറിച്ച് റവന്യൂ, കൃഷി, ഫിഷറീസ് മന്ത്രിമാരുമായി നേരിട്ട് ബന്ധപ്പെടുകയും അടിയന്തിരമായി പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലയിലെ റവന്യൂ, കൃഷി, മത്സ്യമേഖലയിലെ ഉന്നത ഉദ്യോഗസ്ഥ സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തി സാമ്പത്തിക സഹായം ഉറപ്പാക്കണമെന്നും മന്ത്രിസഭയിൽ ജില്ലയുടെ പ്രത്യേക ചുമതലയുള്ള കൃഷിമന്ത്രി വി.എസ്.സുനിൽകുമാറിനോട് ബന്ധപ്പെട്ട സ്ഥലങ്ങളിൽ അടിയന്തരമായി സന്ദർശിക്കാൻ ആവശ്യപ്പെട്ടതായും പി.രാജു അറിയിച്ചു.

ഗോശ്രീ പാലത്തിലൂടെ നീങ്ങുന്ന വാനരൻമാർ

വാനരൻമാർ കൊച്ചി നഗരത്തിൽ

മരട്: ലോക് ഡൗണിൽ പെട്ടു ജനം അകത്തിരിക്കുമ്പോൾ വിലക്കുകൾ ഒന്നുമില്ലാതെ വാനരൻമാർ കൊച്ചി നഗരം ചുറ്റാനെത്തി. എറണാകുളം ഗോശ്രീ പാലത്തിലായിരുന്നു വാനരപ്പടയുടെ നാലംഗസംഗം ഇറങ്ങിയത്. പാലത്തിന്റെ കൈവരികളിലും താഴെ നടപ്പാതയിലൂടെയും നടന്നു നീങ്ങിയ ഇവർ തൊട്ടടുത്ത ഫ്ലാറ്റിൽ കയറാൻ മറന്നില്ല. കിഴക്കൻ വനമേഖലയിൽ നിന്നു നഗരപ്രാന്തത്തിലുള്ള തുരുത്തുകളിൽ എത്തിയ വാനര സംഘത്തിൽ പെട്ടവരാണെന്നു കരുതുന്നു. ലോക് ഡൗണിൽ ഒറ്റപ്പെട്ട തെരുവോരങ്ങളിൽ വന്യമൃഗങ്ങൾ എത്തുന്നതു കേരളത്തിൽ പതിവായിട്ടുണ്ട്.

സർവീസ് സഹകരണ ബാങ്കുകൾ സംഭാവന നൽകി

വൈപ്പിൻ: കുഴുപ്പിള്ളി, പള്ളിപ്പുറം സർവീസ് സഹകരണ ബാങ്കുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു. കുഴുപ്പിള്ളി ബാങ്ക് 10 ലക്ഷം സംഭാവന നൽകി. പ്രസിഡന്റ് സുനിൽകുമാർ കൊച്ചി അസിസ്റ്റന്റ് രജിസ്ട്രാർ സാലി കോശിക്കു കൈമാറി. പള്ളിപ്പുറം സഹകരണ ബാങ്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു. പ്രസിഡന്റ് കെ.വി.എബ്രഹാം സെക്രട്ടറി എം.എ.ആശാദേവി എന്നിവർ ചേർന്ന് കൊച്ചി അസിസ്റ്റന്റ് രജിസ്ട്രർ സാലി കോശിക്കു കൈമാറി.

ഡോ.അംബേദ്ക്കർ ജന്മദിനം മുൻ എംപി കെ.പി. ധനപാലൻ ഉദ്ഘാടനം ചെയ്യുന്നു.

ഡോ.അംബേദ്ക്കർ ജന്മദിനം

പറവൂർ: പറവൂർ ബ്ലോക് ദളിത് കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഡോ.അംബേദ്ക്കറുടെ 129-ാം ജന്മദിനം ഭരണഘടന സംരക്ഷണ ദിനമായി ആചരിച്ചു.മുൻ എംപി കെ.പി. ധനപാലൻ ഉദ്ഘാടനം ചെയ്തു. ദളിത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് സോമൻ മാധവൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് എം.ജെ.രാജു, നഗരസഭ ചെയർമാൻ ഡി.രാജ് കുമാർ, ഗോപാലകൃഷ്ണൻ, മജുകുമാർ, ഷാൽ ബിൻ, സോമൻ, ഷജികുമാർ, സാബു എന്നിവർ സംസാരിച്ചു.

താലൂക്ക് ആശുപത്രിക്ക് ഉപകരണങ്ങൾ നൽകി

പറവൂർ: കൊവിഡ് 19ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പറവൂർ താലൂക്ക് ആശുപത്രിയിലേക്ക് സൗജന്യമായി ആശുപത്രി ഉപകരണങ്ങൾ നൽകി. താണിയത്ത് ചാരിറ്റബിൾ ട്രസ്റ്റ് വാങ്ങി നൽകിയ ഉപകരണങ്ങൾ വി.ഡി.സതീശൻ എംഎൽഎ ആശുപത്രി അധികൃതർക്ക് കൈമാറി. ഡഫ്രിബിലേറ്റർ, മൾട്ടിപ്പാര മോണിട്ടർ, ക്രാഷ് കാർട്ട് ട്രോളി, മെഡിസിൻ ട്രോളി, ഹ്യൂമിക്കേറ്റർ തുടങ്ങി 15 ഓളം ഇനങ്ങളിൽപ്പെട്ട രണ്ടര ലക്ഷം രൂപയോളം വില വരുന്ന ഉപകരണങ്ങളാണ് നൽകിയത്. പറവൂർ മുനിസിപ്പൽ ചെയർമാൻ ഡി.രാജ്കുമാർ, താണിയത്ത് ട്രസ്റ്റ് ചെയർമാൻ ജോസി താണിയത്ത്, ഡയറക്റ്റർ ഫാ. ഫ്രാൻസിസ് താണിയത്ത്, ആശുപത്രി സൂപ്രണ്ട് ഡോ.റോസമ്മ പ്രസംഗിച്ചു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.104 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from **Vaartha News Network Pvt. Ltd,** Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

കൊവിഡ് 19: രോഗികൾക്കായി പ്രത്യേകം ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു

കൊവിഡ് 19 ഐസൊലേഷൻ വാർഡിലെ രോഗികൾക്കായി സജ്ജീകരിച്ച ഡയാലിസിസ് യൂണിറ്റ് മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. എം. കെ. അജയകുമാർ നിർവഹിക്കുന്നു.

തിരുവനന്തപുരം: കൊവിഡ് 19 രോഗികൾക്കായി മെഡിക്കൽ കോളെജിൽ പുതിയ ഐസൊലേഷൻ ഡയാലിസിസ് യൂണിറ്റ് സജ്ജമായി. ഡോ. ശശി തരൂർ എംപിയുടെ ഫണ്ടിൽ നിന്നും പത്തുലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ രണ്ട് ഡയാലിസിസ് മെഷീൻ ഉൾപ്പെടെ അഞ്ച് മെഷീനുകൾ ഉപയോഗിച്ചാണ് പുതിയ യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. എസ്എടിയിൽ നിന്നും മൂന്ന് ഡയാലിസിസ് മെഷീൻ നേരത്തെ തന്നെ എത്തിച്ചിരുന്നു. കൊറോണ നിരീക്ഷണത്തിൽ കഴിയുന്ന പല രോഗികളും വൃക്ക സംബന്ധമായ അസുഖം, ഹൃദ്രോഗ ചികിത്സ, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയ വിവിധ ചികിത്സകൾ നടത്തി വരുന്നവരാണ്. ഇതിന്റെ ഭാഗമായാണ് കൊവിഡ് 19 രോഗികൾക്കായി പ്രത്യേകം ഡയാലിസിസ് യൂണിറ്റ് സജ്ജീകരിക്കാൻ ആശുപത്രി അധികൃതർ തയ്യാറായത്.

കൊറോണ ചികിത്സയുടെ അടിയന്തര പ്രാധാന്യം പരിഗണിച്ച് ഡോ. ശശി തരൂർ തന്റെ എംപി ഫണ്ടിൽ നിന്നും രണ്ട് ഡയാലിസിസ് മെഷീനുകൾ വാങ്ങാൻ പത്തു ലക്ഷം രൂപ അനുവദിക്കുകയായിരുന്നു. മെഷീനുകൾ എത്തിയതോടെ ആശുപത്രി സൂപ്രണ്ട് ഡോ. എം. എസ്. ഷർമ്മദ്, ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. ജോബി ജോൺ, ഡോ. ബി. എസ്. സുനിൽകുമാർ, ഡോ. സുജാത, ഡോ. സജീവ്, സ്റ്റാഫ് നേഴ്സ് റാണി, ഡയാലിസിസ് സയന്റിഫിക് ഓഫീസർ കൃഷ്ണകുമാർ എന്നിവരുടെ നേതൃത്വത്തിൽ പുതിയ ഡയാലിസിസ് യൂണിറ്റ് എത്രയും വേഗം സജ്ജമാക്കി രോഗികൾക്കായി തുറന്നുകൊടുത്തു.

വ്യാഴാഴ്ച പുതിയ യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. എം. കെ. അജയകുമാർ നിർവഹിച്ചു.

കൊവിഡ് 19: എൻജിഒ യൂണിയൻ ഭക്ഷണവിതരണം ഒരു മാസം പൂർത്തീകരിച്ചു

തിരുവനന്തപുരം: കൊറോണ ഐസൊലേഷൻ വാർഡുകൾ, ഐസിയു എന്നിവിടങ്ങളിലെ ജീവനക്കാർക്ക് എൻജിഒ യൂണിയൻ മെഡിക്കൽ കോളെജ് ഏരിയയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഭക്ഷണ വിതരണം ഒരു മാസം പൂർത്തീകരിച്ചു. മൂന്ന് നേരം ഭക്ഷണം നൽകുന്ന പ്രവൃത്തി മാർച്ച് 16-നാണ് തുടക്കം കുറിച്ചത്. ദിവസേന 300 ഭക്ഷണപൊതികൾ വിതരണം ചെയ്ത് തുടങ്ങിയ പരിപാടി പിന്നീട് പൊലീസ് സഹകരണത്തോടെ 750 ആയി വ്യാപിപ്പിക്കുകയും മെഡിക്കൽ കോളെജ്, എസ്എടി ആശുപത്രികളിൽ ജോലിയെടുക്കുന്ന എല്ലാ ജീവനക്കാരിലേക്കും എത്തിക്കുകയും ചെയ്തു.

ഭക്ഷണവിതരണം കൂടാതെ യൂണിയൻ ഇടപെലിനെ തുടർന്ന് ജോലിക്കെത്തുന്ന ജീവനക്കാർക്ക് യാത്രാസൗകര്യത്തിന് കെഎസ്ആർടിസി ബസ്സ് ഏർപ്പാടാക്കുകയും മെഡിക്കൽ കോളെജ് വനിതാ സബ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ മാസ്കുകൾ മെഡിക്കൽ കോളെജ് പൊലീസ് സ്റ്റേഷനിലേക്കും എസ്എടിയിലേക്കും നൽകുകയും ചെയ്തിരുന്നു. നിരീക്ഷണത്തിലുള്ള രോഗികൾക്ക് ദൈനംദിന ഉപയോഗത്തിനുള്ള വസ്തുക്കൾ നൽകുകയും ക്യാമ്പസിലെ ട്രഷറി, സ്റ്റേറ്റ് ബാങ്ക്, ആശുപത്രി ഓഫീസുകൾ എന്നിവിടങ്ങളിൽ അണുനശീകരണ പ്രവർത്തനവും എൻജിഒ യൂണിയൻ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

ഭക്ഷണവിതരണം ഒരു മാസം പൂർത്തീകരിച്ച വ്യാഴാഴ്ച ഉച്ചഭക്ഷണവിതരണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ റംല ബീവി നിർവ്വഹിച്ചു. എൻജിഒ യൂണിയൻ തിരുവനന്തപുരം നോർത്ത് ജില്ലാ പ്രസിഡന്റ് കെ. എ. ബിജുരാജ്, സംസ്ഥാന കമ്മിറ്റിയംഗം ജി. ശ്രീകുമാർ, ജില്ലാ വൈസ് പ്രസിഡന്റ് ബി. കെ. ഷംജു, ജില്ലാ കമ്മിറ്റിയംഗം എച്ച്. എ. നസിമുദ്ദീൻ, മെഡിക്കൽ കോളെജ് ഏരിയ പ്രസിഡന്റ് വികാസ് ബഷീർ, ഏരിയ സെക്രട്ടറി പി. ഡൊമിനിക്, വൈസ് പ്രസിഡന്റ് രൂപേഷ് കുമാർ, ജില്ലാ കൗൺസിലംഗം വൈ. ക്രിസ്തുദാസ് എന്നിവർ സംബന്ധിച്ചു.

അണുബാധ നിയന്ത്രണം; കൈപ്പുസ്തകം തയ്യാറായി

ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മറ്റിയും പീഡ് സെല്ലും സംയുക്തമായി തയ്യാറാക്കിയ അണുബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുന്ന കൈപ്പുസ്തകം ഡോ. ശാരദാദേവി ഡോ. എം. കെ. അജയകുമാറിനു കൈമാറുന്നു.

തിരുവനന്തപുരം: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ മെഡിക്കൽ കോളെജിൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മറ്റിയും പീഡ് സെല്ലും സംയുക്തമായി അണുബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മാർഗനിർദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം പുറത്തിറക്കി. കൊറോണ വൈറസ് സ്ഥിരീകരിച്ചവരെയും അണുബാധയ്ക്ക് സാധ്യത ഉള്ളവരെയും പരിചരിക്കുമ്പോൾ രോഗവ്യാപനം തടയാൻ ഈ മാർഗനിർദേശങ്ങൾ പ്രയോജനപ്പെടും. മൈക്രോബയോളജി വിഭാഗം മേധാവി ഡോ. ശാരദാദേവി മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ ഡോ. എം. കെ. അജയകുമാർ, ആശുപത്രി സൂപ്രണ്ട് ഡോ. എം. എസ്. ഷർമ്മദ് എന്നിവർക്ക് കൈമാറി. കമ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. പി. എസ്. ഇന്ദു, സാംക്രമിക രോഗവിഭാഗം മേധാവി ഡോ. അരവിന്ദ്, ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ. ജോബി ജോൺ, ഡോ. സുനിൽ കുമാർ എന്നിവർ സംസാരിച്ചു.

28 മത്സ്യതൊഴിലാളികളുടെ ഫലം നെഗറ്റീവ്; തൊഴിലാളികൾ കടൽമാർഗം നാട്ടിലേയ്ക്ക് തിരിച്ചു

കരുനാഗപ്പള്ളി: ലോക്ക് ഡൗൺ ലംഘിച്ച് മൽസ്യബന്ധനം നടത്തിയതിന് കസ്റ്റഡിയിൽ എടുത്ത മത്സ്യതൊഴിലാളികളുടെ ഫലം നെഗറ്റീവ്. കഴിഞ്ഞ രണ്ടിനാണ് ഇവരെ മറൈൻ എൻഫോഴ്സ്മെന്റ് സിഐ ബൈജു എസ്. എസ്., എസ്ഐ സുമേഷ് എ. എസ്. എന്നിവരുടെ നേതൃത്വത്തിൽ കസ്റ്റഡിയിലെടുത്തിരുന്നത്.

ലോക്ക് ഡൗൺ ലംഘിച്ച് മൽസ്യബന്ധനം നടത്തിയതിന് ബേപ്പൂർ സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ക്രിസ്തു അരസർ എന്ന ബോട്ടിലെ 28 തൊഴിലാളികളെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഓച്ചിറ ഓംകാരം കോവിഡ് കെയർ സെന്ററിലേക്ക് ക്വാറന്റൈൻ ചെയ്യാൻ വിട്ടിരുന്നു.

തുടർന്ന് 14 ദിവസം ക്വാറന്റൈൻ കാലാവധി പൂർത്തീകരിച്ച 28 പേരുടെയും ടെസ്റ്റ് റിസൽട്ട് നെഗറ്റീവ് ആകുകയും ചെയ്തു. വളരെ മികച്ച ആരോഗ്യ പരിചരണം ആണ് തങ്ങൾക്കു ലഭിച്ചതെന്ന് മൽസ്യത്തൊഴിലാളികൾ സാക്ഷ്യപ്പെടുത്തി.

തുടർന്ന് ക്വാറന്റൈയിൻ പീരീഡ് പൂർത്തീകരിച്ച തമിഴ്നാട് സ്വദേശികളായ 28 പേരെയും കൊല്ലം കലക്റ്ററുടെ നിർദേശപ്രകാരം മറൈൻ എൻഫോഴ്സ്മെന്റ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കടൽമാർഗം കൊളച്ചലിലേക്ക് തിരികെ അയച്ചു.

എൻജിഒ യൂണിയൻ ഭക്ഷണ വിതരണം ഒരു മാസം പൂർത്തിയായ വ്യാഴാഴ്ചത്തെ ഉച്ചഭക്ഷണം വിതരണം ചെയ്യാനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. റംലാ ബീവിയ്ക്ക് കൈമാറുന്നു.

കുപ്പിവെള്ളം ന്യായ വിലക്ക് വിറ്റില്ല; പരാതിയെ തുടർന്ന് സപ്ലൈ ഓഫീസർ താക്കീത് ചെയ്തു

കൊട്ടാരക്കര: കുപ്പിവെള്ളം ലിറ്ററിന് 13 രൂപ നിരക്കിൽ വിൽക്കണമെന്ന സർക്കാർ വിജ്ഞാപനം ലംഘിച്ച് 20 രൂപ നിരക്കിൽ വിറ്റു കൊണ്ടിരുന്ന വ്യാപാര സ്ഥാപനത്തിൽ സപ്ലൈ ഓഫീസർ നേരിട്ടെത്തി താക്കീത് നൽകി. കൊട്ടാരക്കര പുലമൺ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനത്തിന് നേരെയാണ് പരാതി ഉയർന്നത്. കൊട്ടാരക്കര താലൂക്ക് സപ്ലൈ ഓഫീസർ എസ്. എ. സെയ്ഫിന് ലഭിച്ച പരാതിയെ തുടർന്നാണ് സ്ഥാപനത്തിൽ നേരിട്ടെത്തി പരിശോധന നടത്തിയത്. പരിശോധനയിൽ സ്ഥാപനത്തിൽ വില വിവര പട്ടിക പ്രദർശിപ്പിച്ചിട്ടില്ലെന്നും തെളിഞ്ഞു. തുടർന്ന് വ്യാപാരിയെ കൊണ്ട് തന്നെ ബോർഡിൽ വിലവിവര പട്ടിക എഴുതി തൂക്കിക്കുകയും ശക്തമായ താക്കീത് നൽകുകയും ചെയ്തു. കൊട്ടാരക്കര മാർക്കറ്റിനുള്ളിൽ അമിത വിലയ്ക്ക് ഉണക്ക മീൻ വിൽക്കുന്നതായി ലഭിച്ച പരാതിയിൽ മാർക്കറ്റിൽ പരിശോധന നടത്തി നിയമ നടപടി സ്വീകരിച്ചതായും താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

ഇടമുളയ്ക്കൽ പഞ്ചായത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടമുളയ്ക്കൽ ആനപ്പുഴയ്ക്കൽ ചെറുപുഷ്പാ കോൺവെന്റിൽ നിന്നും 25000 രൂപയുടെ സാനിറ്റൈസർ, മാസ്ക് ഗ്ലൗസ് എന്നിവ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി. രവീന്ദ്രനാഥിന് കൈമാറുന്നു.

ജില്ലയിൽ 212 പേർ നിരീക്ഷണത്തിൽ

തിരുവനന്തപുരം: ഇന്നലെ ജില്ലയിൽ പുതുതായി 212 പേർ നിരീക്ഷണത്തിലായി. 392 പേർ നിരീക്ഷണ കാലയളവ് രോഗ ലക്ഷണങ്ങളൊന്നുമില്ലാതെ പൂർത്തിയാക്കി. 2,203 പേർ വീടുകളിൽ കരുതൽ നിരീക്ഷണത്തിലുണ്ട്. ജില്ലയിലെ ആശുപത്രികളിൽ ഇന്ന് രോഗ ലക്ഷണങ്ങളുമായി 26 പേരെ പ്രവേശിപ്പിച്ചു 16 പേരെ ഡിസ്ചാർജ് ചെയ്തു. ജില്ലയിൽ പോസിറ്റീവായ രണ്ട് പേരാണ് ഇപ്പോൾ ചികിത്സയിലുള്ളത്.

ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു

വെള്ളറട: ഹിന്ദു ഐക്യവേദിയുടെയും സേവാഭാരതിയുടെയും ആഭിമുഖ്യത്തിൽ ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്തിൽ ഭക്ഷ്യകിറ്റുകൾ വിതരണം നടത്തി. ലോക് ഡൗൺ സാഹചര്യത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് വീടുകളിൽ നേരിട്ടെത്തിയാണ് കിറ്റുകൾ കൈമാറിയത്. ഒരു കൈത്താങ്ങ് എന്ന പേരിൽ നടപ്പിലാക്കിയ സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഹിന്ദുഐക്യവേദി ജില്ലാ ട്രഷറർ നെടുമങ്ങാട് ശ്രീകുമാർ നിർവ്വഹിച്ചു. താലൂക്ക് സെക്രട്ടറി പൂഴനാട് വേണുഗോപാൽ പഞ്ചായത്ത് അധ്യക്ഷൻ മനു പണിക്കർ സെക്രട്ടറി സജയൻ ഉദയൻ, ചേനാട് ഉല്ലാസ്, കമൽ ആലച്ചൽ എന്നിവർ നേതൃത്വം നൽകി.

40 ലിറ്റർ കോട കണ്ടെടുത്ത് നശിപ്പിച്ചു

കരുനാഗപ്പള്ളി: ആൾതാമസമില്ലാതെ കിടക്കുന്ന വീട്ടുവളപ്പിൽ നിന്ന് 40 ലിറ്റർ കോടകണ്ടെടുത്തു . എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ പി. അനിൽകുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ റെയ്ഡിലാണ് കോട പിടികൂടിയത്.

കരുനാഗപ്പള്ളി അരിനല്ലൂർ അരീക്കാവ് ക്ഷേത്രത്തിൻ കിഴക്ക് ആൾതാമസമില്ലാതെ കിടന്ന വീട്ടുവളപ്പിലെ ശുചിമുറിയിൽ ഒളിപ്പിച്ചു വെച്ചിരുന്ന ചാരായം വാറ്റാനായി പാകപ്പെടുത്തിയ 40 ലിറ്റർ കോടയാണ് കണ്ടെടുത്തത്.

റെയ്ഡിൽ എക്സൈസ് ഇൻസ്പെക്ടർക്കൊപ്പം പ്രിവന്റീവ് ഓഫീസർ എം. സുരേഷ് കുമാർ സിവിൽ എക്സൈസ് ഓഫീസർമാരായ അജയഘോഷ്, വിനീഷ്, പ്രഭകുമാർ, യൂജിൻ, ജിനു തങ്കച്ചൻ വനിതാ സിവിൽ എക്സൈസ് ഓഫീസർ ശ്രീമോൾ എന്നിവർ പങ്കെടുത്തു. ഡ്രോൺ ഉപയോഗിച്ചുള്ള നീരീക്ഷണം വരും ദിവസങ്ങളിലും തുടരുന്നതാണ്.

പൊതുജനങ്ങൾക്ക് പരാതികൾ 9400069456 എന്ന നമ്പറിലേക്ക് വിളിച്ച് അറിയിക്കാവുന്നതാണ്.

നിരീക്ഷണത്തിൽ ആരുമില്ല; മംഗലപുരത്ത് ഇന്ന് ദീപം തെളിക്കും

കഴക്കൂട്ടം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സർക്കാരിന്റെ നിർദ്ദേശാനുസരണം മംഗലപുരം ഗ്രാമ പഞ്ചായത്തിൽ നിരീക്ഷണത്തിലായിരുന്ന 244 പേരും ക്വോറന്റൈനിൽ നിന്നും പോയി.

ബ്രിട്ടൻ, അമേരിക്ക, യുഎഇ, ചൈനയിലെ വുഹാനിൽ നിന്നടക്കമുള്ളവരും മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തിചേർന്ന 224 പേരാണ് നിരീക്ഷണത്തിലുണ്ടായിരുന്നത്. ഇനി ആരും നിരീക്ഷണത്തിലില്ല. മംഗലപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകരുടെയും മംഗലപുരം പൊലീസിന്റെയും പഞ്ചായത്ത് ജീവനക്കാർ ഉൾപ്പടെയുള്ള ജനപ്രതിനിധികളുടെയും മേൽനോട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളെ പഞ്ചായത്ത് ഭരണസമിതി അനുമോദിച്ചു. ആശാ വർക്കർമാർ അടക്കമുള്ള ആരോഗ്യ പ്രവർത്തകർ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു കൊണ്ടും കൊവിഡ് 19 മഹാമാരിക്ക് എതിരെ സ്തുത്യർഹമായ പ്രതിരോധത്തിലേർപ്പെട്ട ലോക ജനതയ്ക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ടും ഇന്ന് മംഗലപുരം ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും രാത്രി 7ന് ദീപം തെളിയിക്കുമെന്ന് പ്രസിഡന്റ് വേങ്ങോട് മധു അറിയിച്ചു. നാളെ മുതൽ പുതുതായി വരുന്നവരെ നിരീക്ഷണത്തിൽ വയ്ക്കുമെന്ന് മെഡിക്കൽ ഓഫീസർ ഡോ. മിനി പി. മണി അറിയിച്ചു.

ഇടമുളയ്ക്കൽ പഞ്ചായത്തിൽ ആയൂരിലെ ആയൂർവ്വേദ ആശുപത്രിയിൽ കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച ആയൂർ രക്ഷാ ക്ലിനിക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി. രവീന്ദ്രനാഥ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. വൈസ് പ്രസിഡന്റ് ജ്യോതി വിശ്വനാഥ്, ആരോഗ്യം സ്ഥിരം സമിതി ചെയർമാൻ ആർ. ഷാജു, വാർഡ് മെമ്പർ തങ്കമണി, ചീഫ് മെഡിക്കൽ ആഫീസർ ഡോ. ശ്യാമകൃഷ്ണൻ എന്നിവർ സമീപം.

വനത്തിൽ നിന്നെത്തിയ പുള്ളിമാനെ കണ്ട നാട്ടുകാരിൽ കൗതുകവും പരിഭ്രാന്തിയും



വിഴവൂർ ഭാഗത്ത് ഇന്നലെ കണ്ടെത്തിയ ുള്ളിമാൻ.

മലയിൻകീഴ്: വനത്തിൽ നിന്നെത്തിയ പുള്ളിമാൻ വിളവൂർക്കൽ വിഴവൂർ ഭാഗത്തെത്തിയത് നാട്ടുകാരിൽ കൗതുകവും പരിഭ്രാന്തിയും സൃഷ്ടിച്ചു. ഇന്നലെ രാവിലെ ഏഴോടെയാണ് മാനെത്തിയത്. പ്രദേശവാസി ശ്രീകുമാറിന്റെ വീട്ടിലെ സിസിടിവി കാമറയിലൂടെയാണ് പുള്ളിമാനെ നാട്ടുകാർ കണ്ടത്.

തുടർന്ന് പരിസരത്താകെ നാട്ടുകാർ തിരച്ചിൽ നടത്തി. പരുത്തിപ്പള്ളി ഫോറസ്റ്റ് ഓഫീസിൽ നിന്ന് എത്തിയവരും നാട്ടുകാരുമായി പാറപ്പൊറ്റ, വഴുതോട്ടുവിള, മട്ടുപ്പാവ് എന്നീ സ്ഥലങ്ങളിൽ തിരച്ചിൽ നടത്തിയെങ്കിലും മാനിനെ കണ്ടെത്താനായില്ല. വിഴവൂർ എരിക്കലം കുന്നിൽ കടന്നിരിക്കാമെന്നാണ് ഫോറസ്റ്റ് അധികൃതർ നൽകിയ വിവരം. വിളവൂർക്കൽ പഞ്ചായത്തിലുൾപ്പെട്ട പുള്ളിമാൻ കടന്നു പോയ പ്രദേശങ്ങളിലെല്ലാം നായ്ക്കൾ കൂട്ടത്തോടെ ശബ്ദമുണ്ടാക്കിയിരുന്നു.

ഫോറസ്റ്റ് ഉദ്യോഗസ്ഥരായ നസീർ, ശരത് വിളവൂർക്കൽ വനം-വന്യ ജീവി സംരക്ഷണ സമിതി പ്രവർത്തകരായ ഷിബു, സജു എന്നിവരുടെ നേതൃത്വത്തിൽ രാത്രി വൈകിയും തിരച്ചിൽ നടത്തിയെങ്കിലും ഫലമുണ്ടായില്ല. വിഴവൂർ എരിക്കലം കുന്നിൽ പുള്ളിമാനെ കണ്ടെത്താൻ ഇന്നും തിരച്ചിൽ നടത്തുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

സൈക്കിൾ വാങ്ങാൻ സ്വരൂപിച്ച രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകി

കൊവിഡ് ദുരിതാശ്വാസ നിധിയിലേക്കുള്ള തുക ആനി തെരസ സിഐ ശ്രീകുമാറിനെ ഏൽപ്പിക്കുന്നു.

വെള്ളറട: സ്വന്തമായി ഒരു സൈക്കിൾ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വർഷങ്ങളോളം പ്രയത്നിച്ച് സ്വരൂപിച്ച 7000 രൂപ മുഖ്യമന്ത്രിയുടെ കൊവിഡ് ദുരിതാശ്വാസ നിധിയിലേക്ക് നൽകി മാതൃകയായിരിക്കുകായാണ് എട്ടാം ക്ലാസുകാരിയായ വിദ്യാർഥിനി.

വെള്ളറട സ്റ്റേഷൻ പരിധിയിലെ കൃഷ്ണപുരം ആന്റോഹട്ടിലെ ശിവേന്ദ്രലാലിന്റെ മകളും ചെറുവല്ലൂർ സെന്റ് അന്റോണീസ് ഇംഗ്ളീഷ് മീഡിയം സ്കൂളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയുമായ ആനി തെരസയാണ് നിരാലംബരുടെ കണ്ണീരൊപ്പാൻ തന്റെ സമ്പാദ്യം സംഭാവനയാക്കിയത്. രക്ഷിതാവിനൊപ്പം കഴിഞ്ഞ ദിവസം വെള്ളറട പൊലീസ് സ്റ്റേഷനിലെത്തിയ ആനിതെരസ തുക സിഐ ശ്രീകുമാറിന് കൈമാറി.

"അടുക്കളയ്ക്ക് ഒരു പിടി ചീര" പാറശാല മണ്ഡലത്തിൽ തുടക്കമായി

ചീര വിത്ത് പായ്ക്കറ്റ് സിപിഐ ജില്ലാ എക്സി അംഗം അഡ്വ. കള്ളിക്കാട് ചന്ദ്രൻ കർഷകൻ ഗംഗാധരന് നൽകി ഉത്ഘാടനം ചെയ്യുന്നു.

വെള്ളറട: കൊവിഡ് 19ന്റെ പ്രതിസന്ധി മറികടക്കാൻ വിഷ രഹിത പച്ചക്കറി കൃഷിയിലൂടെ സ്വയം പര്യാപ്തത നേടാൻ ഹ്രസ്വകാല വിളയായ ചീരകൃഷിയിലൂടെ സാധ്യമാക്കാം എന്ന ലക്ഷ്യത്തോടെ സിപിഐ ജില്ലാ കമ്മറ്റി ആഹ്വാനം ചെയ്ത 'അടുക്കളയക്കൊരു പിടി ചീര' എന്ന പദ്ധതിയുടെ പാറശാല മണ്ഡല തല ഉദ്ഘാടനം കള്ളിക്കാട് നിലമേൽ ഏലായിൽ നടന്നു.

ജില്ലയിലെ 10,000 കേന്ദ്രങ്ങളിലാണ് ചീര കൃഷി തുടങ്ങിയത്. കഴിഞ്ഞ വർഷം വെള്ളറട മണ്ഡലത്തിൽ സിപിഐ പ്രവർത്തകർ ജനസംസ്കൃതി കാർഷിക സമൃദ്ധിക്കായി 1000 വീടുകളിൽ ചീര അടക്കമുള്ള വി ത്തും തൈകളും വിതരണം ചെയ്തിരുന്നു. ഇപ്പോൾ വീടുകളിൽ നിന്നും ജനസംസ്കൃതി തിരികെ ശേഖരിച്ച ചീര വിത്ത് പായ്ക്കറ്റ് വിതരണം കർഷകൻ ഗംഗാധരന് നൽകി സിപിഐ ജില്ലാ എക്സി. അംഗം അഡ്വ. കള്ളിക്കാട് ചന്ദ്രനും, കർഷക തൊഴിലാളി പ്രഭാകരന് നൽകി മണ്ഡലം സെക്രട്ടറി ഗോപകുമാറും ചേർന്ന് ഉത്ഘാടനം ചെയ്തു. വിവിധ മേഖലയിലെ വീടുമുറ്റത്തും പൊതു ഇടങ്ങളിലും വാഴപ്പണകളിലും പാടം ഒരുക്കിയാണ് ചീര കൃഷി തുടങ്ങിയത്. നിലമേൽ ഏലായിൽ നടന്ന പാടം ഒരുക്കലിലും വിത്തു വിതരണത്തിലും സിപിഐ ജില്ലാ എക്സി.അംഗം അഡ്വ. കള്ളിക്കാട് ചന്ദ്രൻ, മണ്ഡലം സെക്രട്ടറി ഗോപകുമാർ എന്നിവർക്കൊപ്പം എഐവൈഎഫ് മണ്ഡലം സെക്രട്ടറി കൃഷ്ണപ്രശാന്ത്, ജോ. സെക്രട്ടറി എസ്. സുജിത്ത്, സിപിഐ എൽസി അംഗങ്ങളായ രജേന്ദ്രൻ, സുരേന്ദ്രനാഥ്, റ്റി. സുകു, മോഹനൻ നായർ, ഷൈജു, എന്നിവർ പങ്കെടുത്തു. വെള്ളറട എൽസിയിൽ നടന്ന നിലമൊരുക്കലും വിത്തു വിതരണവും മണ്ഡലം കമ്മിറ്റി അംഗം ജെ. ബാലരാജ്, എൽസി സെക്രട്ടറി ഇടമനശ്ശേരി സന്തോഷ്, ഹെച്ച്. ഷൈൻകുമാർ, വിഭു എന്നിവർ പങ്കെടുത്തു.

അമ്പൂരിയിൽ കിസാൻ സഭ മണ്ഡലം പ്രസിഡന്റ് സുദർശനന്റെ കൃഷിയിടത്തിൽ ചീരവിത്തു വിതച്ചു. സിപിഐ എൽസി സെക്രട്ടറി അപ്പുകുട്ടൻ, ഗ്രാമ പഞ്ചായത്ത് അംഗം ബാബു ജോസഫ് എന്നിവർ പങ്കെടുത്തു.

മംഗലപുരംഗ്രാമ പഞ്ചായത്ത് നടത്തിയ ചിത്രരചനയിൽ സനുഷിൻ ഒന്നാം സ്ഥാനം

ഒന്നാം സ്ഥാനം നേടിയ സനുഷ് ജെ. ലാലും വരച്ച പടവും.

മംഗലപുരം: രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചതു മുതൽ വീടുകളിൽ കഴിയുന്ന വിദ്യാർത്ഥികൾക്കായി മംഗലപുരം ഗ്രാമ പഞ്ചായത്ത് നടത്തിയ ചിത്രരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം സനുഷ് ജെ. ലാൽ കരസ്ഥമാക്കി. രണ്ടാം സ്ഥാനം ആദിത്യൻ എസ്. നേടി. കൊവിഡ് കാലത്തെ സാമൂഹിക പശ്ചാത്തലമായിരുന്നു വിഷയം. ചിറഴിൻകീഴ് മുടപുരം കിഴക്കതിൽ വീട്ടിൽ ജയന്തി ലാലിന്റെയും അജിതയുടെയും മകനാണ് തോന്നയ്ക്കൽ ഹയർസെക്കണ്ടറി സ്കൂളിലെ 9-ആം ക്ലാസ് വിദ്യാർത്ഥിയായ സനുഷ്. ഒന്നാം സ്ഥാനത്തിന് 3000 രൂപയും, രണ്ടാം സ്ഥാനത്തിന് 2000 രൂപയുമാണ് വിജയികൾക്ക് നൽകുന്നത്. സമ്മാനങ്ങൾ പഞ്ചായത്ത് നടത്തുന്ന പൊതു പരിപാടിയിൽ വച്ചു വിതരണം ചെയ്യുമെന്ന് പ്രസിഡന്റ് വേങ്ങോട് മധു അറിയിച്ചു.

പാരിപ്പള്ളി മെഡിക്കൽ കോളെജിന് കെഎംഎംഎൽ അൻപത് ലക്ഷം രൂപ നൽകി

മെഡിക്കൽ കോളെജിന് വേണ്ടി അൻപത് ലക്ഷം രൂപയുടെ ചെക്ക് ജില്ല കലക്റ്റർ ബി. അബ്ദുൾ നാസറിന് മാനേജിങ് ഡയറക്ടർ ജെ. ചന്ദ്രബോസ് കൈമാറുന്നു.

കരുനാഗപ്പള്ളി: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചവറ കെഎംഎംഎൽ കമ്പനി പാരിപ്പള്ളി മെഡിക്കൽ കോളെജിന് അൻപത് ലക്ഷം രൂപ നൽകി. ആശുപത്രിയിൽ ആധുനിക ചികിത്സ നടത്തുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായിട്ടാണ് ഇത്രയും തുക നൽകിയത്. ജില്ലയിലെ പ്രധാനപ്പെട്ട പൊതു മേഖല സ്ഥാപനങ്ങൾ സിഎസ്ആർ ഫണ്ടിൽ നിന്നും സഹായം നൽകുന്നതിനായി ജില്ലാ കലക്റ്റർ വിളിച്ച് കൂട്ടിയ സ്ഥാപന മേധാവികളുടെ യോഗത്തിന്റെ അടിസ്ഥാനത്തിലാണ് പാരിപ്പള്ളി മെഡിക്കൽ കോളെജിന് കമ്പനിയുടെ സിഎസ്ആർ ഫണ്ടിൽ നിന്ന് തുക അനുവദിച്ചത്. കമ്പനി മാനേജിങ് ഡയറക്ടർ ജെ. ചന്ദ്രബോസ് കലക്റ്റർ ബി. അബ്ദുൾ നാസറിന് ചെക്ക് കൈമാറി. ജനറൽ മാനേജർ വി. അജയകൃഷ്ണൻ ചടങ്ങിൽ സന്നിഹിതനായിരുന്നു.

അഗ്രോ ഹോർട്ടികൾച്ചർ സഹകരണ സംഘം ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ചെക്ക് കൈമാറി

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര അഗ്രോ ഹോർട്ടികൾച്ചർ സഹകരണ സംഘം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ചെക്ക് കൈമാറി.

നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ പ്രമീള സംഘം പ്രസിഡന്റ് വി. എസ്. സജീവ്കുമാറിൽ നിന്നും ഏറ്റുവാങ്ങി. യൂണിറ്റ് ഇൻസ്പെക്ടർ അനിൽ കുമാർ വൈസ് പ്രസിഡന്റ് സി. ഷാജി, ബോർഡംഗം വി. എസ്. പ്രേമകുമാരൻ നായർ, ജീവനക്കാരൻ അനന്ദു എസ്. നായർ തുടങ്ങിയവർ പങ്കെടുത്തു.

ക്ഷേമനിധി ധനസഹായം എല്ലാ തൊഴിലാളികൾക്കും ലഭ്യമാക്കണം: ജി.സുഗുണൻ

തിരുവന്തപുരം: കൊവിഡ് 19ന്റെ ഭാഗമായി ലോക് ഡൗൺ നടപ്പിലാക്കിയത് കൊണ്ട് കയർ തൊഴിലാളികൾക്ക് ആശ്വാസമായി പ്രഖ്യാപിച്ചിട്ടുള്ള 1000 രൂപ ധനസഹായം എല്ലാ കയർ തൊഴിലാളികൾക്കും ലഭ്യമാക്കണമെന്ന് കേരള കയർ വർക്കേഴ്സ് യൂണിയൻ (സിഐടിയു) സംസ്ഥാന പ്രസിഡന്റ് അഡ്വ. ജി. സുഗുണൻ ആവശ്യപ്പെട്ടു. കയർ തൊഴിലാളി ക്ഷേമനിധിയിൽ 6 മാസത്തിൽ കൂടുതൽ ക്ഷേമനിധി വിഹിത കുടിശ്ശികയുള്ളവർക്ക് ഈ ആനുകൂല്യം നൽകേണ്ടതില്ലെന്നാണ് ഇപ്പോഴത്തെ ബോർഡ് തീരുമാനം. കയർ തൊഴിലാളികൾ നല്ലൊരു ശതമാനം 6 മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ളവരാണ്. ആയതിനാൽ ക്ഷേമനിധിയിലെ അംഗത്വ വിഹിത കുടിശ്ശിക നോക്കാതെ എല്ലാ തൊഴിലാളികൾക്കും ഈ ധനസഹായം ലഭ്യമാക്കാനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതാണ്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 104 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd**, TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

കൗൺസിലർക്ക് നേരെ കൈയേറ്റ ശ്രമം

ചാലക്കുടി: നഗരസഭ ഓഫീസിൽ വച്ച് കൗൺസിലർക്ക് നേരെ കൈയേറ്റ ശ്രമം. കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ എല്ലാവരും ഒന്നു ചേർന്ന് പ്രവർത്തിക്കുന്നതിനിടയിൽ കൗൺസിലർ ഷിബു വാലപ്പനെ പരസ്യമായി അധിക്ഷേപിക്കാനും കൈയേറ്റം ചെയ്യാനും ശ്രമിച്ച സംഭവത്തിൽ കോൺഗ്രസ് പാർലിമെന്ററി പാർട്ടി പ്രതിഷേധിച്ചു.

കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നഗരസഭ ഓഫീസിലെത്തിയപ്പോഴാണ് പുറമെ നിന്ന് വന്ന ഒരു വ്യക്തി കൗൺസിലറെയും കുടുംബത്തെയും പരസ്യമായി അധിക്ഷേപിക്കുകയും കൈയേറ്റം ചെയ്യുവാനും ശ്രമിക്കുകയായിരുന്നു. നഗരസഭയിലുണ്ടായിരുന്ന ചെയർപേഴ്സണും മറ്റും ചേർന്ന് പുറത്താക്കിയ കാരണം മറ്റു അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല. ഇയാൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് കാണിച്ച് നഗരസഭ അധികൃതർക്ക് പരാതി നൽകിയിതായും വേണ്ട നടപടികൾ ഉണ്ടായില്ലെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി. ഒ. പൈലപ്പൻ പറഞ്ഞു.

പരിശോധന നടത്തി

കൊടുങ്ങല്ലൂർ: ഫുഡ് ഏന്റ് സേഫ്റ്റി വകുപ്പും ഫിഷറീസ് ഡിപ്പാർട്ട്മെൻറും സംയുക്തമായി അഴീക്കോട് നിന്നും കൈപമംഗലം വരെയുള്ള ഫിഷ് സ്റ്റാളുകളിൽ പരിശോധന നടത്തി. മതിലകത്തിന് നിന്ന് പഴകിയ നിലയിലുള്ള 30 കിലോഗ്രാം ചൂര പിടിച്ചെടുത്ത് നശിപ്പിച്ചു.പരിശോധനയിൽ ഫുഡ് ഏൻറ് സേഫ്റ്റി ഓഫീസർ കൃഷ്ണപ്രിയ, ഫിഷറീസ് സബ് ഇൻസ്പെക്ടർമാരായ പി.എം. അൻസിൽ, സുരേഷ് ബാബു എന്നിവരും പങ്കെടുത്തു.

മരുന്ന് വിതരണം

കൊടുങ്ങല്ലൂർ: ടി.എൻ. ജോയ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ മാരകരോഗങ്ങൾ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്ന് വിതരണം നടത്തി. ഫൗണ്ടേഷൻഭാരവാഹികൾ രോഗികളുടെ വീട്ടിൽ നേരിട്ടെത്തിയാണ് മരുന്നുകൾ നൽകുന്നത്. ആദ്യ വിതരണം ഹൃദ്രോഗിയായ അവിവാഹിതയ്ക്ക് മരുന്നുകൾ നൽകി നഗരസഭ ചെയർമാൻ കെ ആർ‌ജൈത്രൻ ഉദ്ഘാടനം ചെയ്തു. ഇരുപതോളം രോഗികൾക്കാണ് ആദ്യഘട്ടത്തിൽ മരുന്നുകൾ നൽകുന്നത്. ടി എൻ ജോയി ഫൗണ്ടേഷൻ ഭാരവാഹികളായ അഡ്വക്കേറ്റ് ടി കെ പ്രഭാകരൻ, കെ എം ഗഫൂർ , നന്ദകുമാർ കാരൂർ, അഡ്വ.ബിജു കുമാർ, ടി.എ. ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

സഹായഹസ്തവുമായി സിപിഐ

വടക്കാഞ്ചേരി.കോവിഡ് - 19 ന്റെ ഭാഗമായി ലോക് ഡൗൺ ഏർപ്പെടുത്തിയതിനെ തുടർന്ന് ദുരിതത്തിലായവർക്ക് സഹായഹസ്തവുമായി സിപിഐ. ലോക് ഡൗണിനെ തുടർന്ന് ജോലി ഇല്ലാതായ മാരാത്തുക്കുന്ന്- അകമല പ്രദേശത്തുള്ള തൊഴിലുറപ്പ് തൊഴിലാളികടക്കമുള്ളവർക്കാണ് സിപിഐ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കളും, പച്ചക്കറികളും വിതരണം ചെയ്തത്.

മാസ്ക് നൽകി

മാള: പൊയ്യ പ്രഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മാസ്ക് നൽകി. ടൈലറിംഗ് ആന്റ് ഗാർമെന്റ്സ് വർക്കേഴ്സ് യൂണിയൻ മാള പള്ളിപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിലാണ് സൗജന്യമായി മാസ്ക്കുകൾ നൽകിയത്. മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ: നോബിൻ, ഡോ: ബോബിൻ പോൾ എന്നിവർ ഏറ്റുവാങ്ങി. യൂണിയൻ ഭാരവാഹികളായ പ്രസിഡന്റ് സീനത്ത് അൻവർ, സെക്രട്ടറി സാജിത റഹ്മത്തുള്ള, ട്രഷറർ ഷഹന റഹ്മത്ത് എന്നിവരാണ് കൈമാറിയത്.

ധനസഹായം നൽകും

വടക്കാഞ്ചേരി: കോവിഡ് 19 അടച്ചു പൂട്ടലിനെ തുടർന്ന് ജോലി ഇല്ലാതായ എരുമപ്പെട്ടിയിലെചുമട്ടുതൊഴിലാളികൾക്ക് ഹെഡ് ലോഡ് ആൻറ് ജനറൽ വർക്കേഴ്സ് യൂണിയൻ (സിഐടിയു) 5000 രൂപ വീതം ആശ്വാസ ധനസഹായം നൽകുമെന്ന് യൂണിയൻ പ്രസിഡന്റ് യു.കെ മണി അറിയിച്ചു.

സംഭാവന നൽകി

അന്തിക്കാട്: കൊവിഡ് - 19 ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തൃശൂർ താലൂക്ക് ചെത്തു തൊഴിലാളി വിവിധോദ്ദേശ സഹകരണ സംഘം അന്തിക്കാട് മാതൃകയാവുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഘത്തിന്റേയും ജീവനക്കാരുടെയും ,ഭരണസമിതി അംഗങ്ങളുടെയും സംഭാവനയായി 1543880 രൂപയുടെ ചെക്ക് സംഘം പ്രസിഡന്റ് ടി.കെ. മാധവൻ, ഗീതഗോപി എംഎൽഎയെ ഏൽപ്പിച്ചു.

തൃശൂരിൽ വനിതാ പൊലീസിന്റെ ബുള്ളറ്റ് പെട്രോളിങ്ങ്

തൃശൂർ: ജില്ലാ സിറ്റി പൊലീസിന് കീഴിൽ എല്ലാ വനിതാ പൊലീസ് ഉദ്യോഗസ്ഥരും ഇനിമുതൽ എൻഫീൽഡ് ബുള്ളറ്റ് ഓടിക്കും. വനിതാ പൊലീസ് ബുള്ളറ്റ് പെട്രോളിംഗ് സംഘത്തെ രൂപീകരിക്കുന്നതിന്റെ ഭാഗമായി തൃശൂർ സിറ്റി പൊലിസ് കമ്മീഷണർ ആർ. ആദിത്യയുടെ നിർദ്ദേശപ്രകാരം തൃശൂർ സിറ്റി വനിതാ പൊലീസ്സ്റ്റേഷൻ സബ് ഇൻസ്പെക്ടർ സിന്ധുവിന്റെ നേതൃത്വത്തിലുള്ള പ്രത്യേക വനിതാ പൊലീസ് ബുള്ളറ്റ് പട്രോളിങ്ങ് സംഘത്തിന്റെ പ്രവർത്തനം കഴിഞ്ഞദിവസമാണ് ആരംഭിച്ചത്. ഇതിൽ നിന്നും ആവേശം ഉൾക്കൊണ്ട് നിരവധി വനിതാ ഉദ്യോഗസ്ഥരാണ് സിറ്റി പൊലീസ് കമ്മീഷണറെ മുമ്പാകെ ബുള്ളറ്റ് പെട്രോളിങ്ങിന്റെ ഭാഗമാകാണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും തുടർന്ന് ഇതിന്റെ അടിസ്ഥാനത്തിൽ സിറ്റി പൊലീസ് കമ്മീഷണർ ആദിത്യ ആർ ജില്ലയിലെ എല്ലാ വനിതാ പൊലീസ് ഉദ്യോഗസ്ഥർക്കും എൻഫീൽഡ് ബുള്ളറ്റ് പരിശീലനത്തിനുള്ള ഉത്തരവ് നൽകുകയും ചെയ്തു.വിവിധ ഘട്ടമായി ജില്ലയിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിലേയും വനിതകൾക്ക് ബുള്ളറ്റ് ഓടിക്കുന്നതിനുള്ള പരിശീലനം നൽകി ഇവരുടെ നേതൃത്വത്തിൽ എല്ലാ പൊലീസ് സ്റ്റേഷൻ തലത്തിലും വനിതകളുടെ പ്രത്യേക പട്രോളിങ്ങ് സംഘത്തെ സജ്ജമാക്കാനാണ് വകുപ്പ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കൺട്രോൾ റൂം ഇൻസ്പെക്ടർ വി. ബാബുരാജിന്റെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്.

ബുള്ളറ്റ് പെട്രോളിങ്ങ് നടത്തുന്ന വനിതാ പൊലീസ് ഉദ്യോഗസ്ഥർ

ജില്ലയിൽ ആതുരസേവനം ഇനി മുതൽ വിരൽത്തുമ്പിൽ

തൃശൂർ: ജില്ലയിൽ ആതുരസേവനം ഇനി മുതൽ വിരൽത്തുമ്പിൽ ലഭിക്കും. ലോക് ഡൗൺ കാലഘട്ടത്തിൽ ജനങ്ങൾക്ക് സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സൗജന്യ സേവനം നൽകാനായി കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷന്റെ ജില്ലയിലെ സംരംഭമായ കെജിഎംഒഎ ഇനീഷ്യേറ്റിവ് ഫോർ ടെലി കൺസൽട്ടേഷൻ അഥവാ കൈറ്റാണ് ഇത്തരമൊരു സംരംഭത്തിന് ജില്ലയിൽ തുടക്കം കുറിച്ചിരിക്കുന്നത്. ഇതിന്റെ തുടക്കം ജില്ലാ കളക്ടർ എസ് ഷാനവാസും കെജിഎംഒഎ മിഡ് സോൺ വൈസ് പ്രസിഡന്റ് ഡോ. വി ഐ അസീനയും ചേർന്ന് കളക്ടറുടെ ചേംബറിൽ നിർവഹിച്ചു. 'അകലെയാണെങ്കിലും ഒറ്റയ്ക്ക് ആണെന്ന തോന്നൽ വേണ്ട, ഒരു നേർത്ത നൂലിനാൽ ഞങ്ങളുണ്ട് കൂടെ' എന്ന ആശംസ വാചകവുമായാണ് കൈറ്റ് ഈ സംവിധാനത്തിന് ജില്ലയിൽ തുടക്കം കുറിച്ചത്. കൈറ്റിലൂടെ ജില്ലയിലെ 390 സർക്കാർ ഡോക്ടർമാരുടെ സേവനമാണ് ഉറപ്പാക്കുന്നത്.സർക്കാർ ഡോക്ടർമാരുടെ ആശുപത്രികളിലെ സേവനം കഴിഞ്ഞാൽ ഉച്ചയ്ക്ക് രണ്ടു മുതൽ വൈകിട്ട് ആറ് വരെയാണ് സേവനം ഓൺലൈനിൽ ലഭ്യമാകുക. ആവശ്യമുള്ളവർ www.kgmoathrissur.com എന്ന സൈറ്റിൽ ബുക്ക് ചെയ്ത് ഫോൺ നമ്പർ നൽകിയാൽ കൈറ്റ് പ്രതിനിധി തിരിച്ചു വിളിച്ച് വിവരങ്ങൾ തേടും. ആവശ്യം അറിയിച്ചാൽ അപ്പോൾ നൽകേണ്ട സേവനത്തിന് പുറമേ മറ്റ് സ്പെഷലിസ്റ്റ് സേവനം ആവശ്യമാണെങ്കിൽ അത് ഉറപ്പുവരുത്തുകയും ചെയ്യും. മരുന്നുകളുടെ ലിസ്റ്റും ഓൺലൈനായി തന്നെ ലഭിക്കും. ഓൺലൈനായി ലഭിക്കുന്ന പ്രിസ്ക്രിപ്ഷന് നിയമ സാധുതയും ഉറപ്പ് വരുത്തിട്ടുണ്ട്. എല്ലാ നിയമ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കും ഓൺലൈൻ സേവനവും പ്രവർത്തിക്കുക. കുറിപ്പ് മൊബൈലിൽ തന്നെ മെഡിക്കൽ ഷോപ്പുകളിൽ കാണിച്ച് മരുന്ന് ലഭിക്കാനുള്ള സൗകര്യവും ഉറപ്പു വരുത്തിയിട്ടുണ്ട്. സൈക്യാട്രിക് മെഡിസിൻ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളുടെയും കുറിപ്പ് ഓൺലൈനിൽ ലഭ്യമാകും.ലോക് ഡൌൺ കാലഘട്ടത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം കിട്ടാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഏതൊരു സാധാരണക്കാരനും ഈ സേവനം വളരെ സഹായകരമായി തീരും. മെഡിക്കൽ ഷോപ്പുകളിൽ നിന്നും യാതൊരു വിധ ബുദ്ധിമുട്ടും കൂടാതെ മരുന്നുകൾ ലഭിക്കാൻ മെഡിക്കൽ ഷോപ്പ് അസോസിയേഷൻ യോഗം വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. ഡി എം ഒ ഡോ. റീന കെ ജെ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം എ ആൻഡ്രൂസ്, ഡെപ്യൂട്ടി ഡി എം ഒ ഡോ. സതീഷ് നാരായണൻ, ഡി പി എം ഡോ. ടി വി സതീശൻ, കെ ജി എം ഒ എ സെക്രട്ടറി ഡോ. ബിനോജ്, ട്രഷറർ ഡോ. ദിവ്യ, ഡോ. വേണുഗോപാൽ, ഡോ. ജിൽഷോ, ഐ എം എ സെക്രട്ടറി ഡോ. പവൻ മധുസൂദനൻ, ഹുസൂർ ശിരസ്തദാർ പ്രാൺ സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

സമൂഹ അടുക്കളയിൽ ക്രമക്കേട്; കലക്റ്റർക്ക് പരാതി നൽകി

ഇരിങ്ങാലക്കുട: കൊവിഡ് 19 ന്റെ ഭാഗമായി മുരിയാട് പഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള സമൂഹ അടുക്കളയിൽ വ്യാപക ക്രമക്കേടെന്ന് കോൺഗ്രസ് അംഗങ്ങൾ ആരോപിച്ചു. മറ്റു പഞ്ചായത്തുകളിൽ അഗതികളായവർക്കു മൂന്ന് നേരവും ഭക്ഷണം കൊടുക്കുമ്പോൾ ഇവിടെ ഉച്ചക്ക് മാത്രമാണ് ഭക്ഷണം നൽകുന്നത്. വെറും പതിനാലു പേർക്ക് മാത്രമാണ് ഇവിടെ ഭക്ഷണം കൊടുത്തുകൊണ്ടിരി ക്കുന്നത്. എന്നാൽ ഇതിനായി വ്യാപകമായി പണപ്പിരിവ് നടക്കുന്നതായി ആരോപണമുണ്ട്. ഇതുകൂടാതെ അരിയും പച്ചക്കറികളും പലവ്യഞ്ജനങ്ങളും പല സംഘടനകളും വ്യക്തികളും നൽകുന്നുമുണ്ട്. പണപിരിക്കുന്നതിന്റെയോ സാധനങ്ങൾ സൗജന്യമായി വാങ്ങുന്നതിന്റെയോ യാതൊരു തരത്തിലുമുള്ള രേഖകളും ഇതുവരെയും കൈകാര്യം ചെയ്തിട്ടില്ലെന്നും അംഗങ്ങൾ ആരോപിച്ചു. ഇതിന്റെ മോണിറ്ററിങ് ചുമതലയുള്ള ക്ഷേമകാര്യ സ്ഥിരം സമിതിയധ്യക്ഷയെ കാര്യങ്ങൾ ബോധ്യപെടുത്തുന്നതിനു സെക്രട്ടറിയോ ചുമതലയുള്ള ഉദ്യോഗസ്ഥനോ തയ്യാറാകുന്നില്ലെന്നും കോൺഗ്രസ് അംഗങ്ങൾ ആരോപിച്ചു. ഇതു സംബന്ധിച്ച് ജില്ലാ കളക്റ്റർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്റ്റർക്കും പരാതി നല്കിയിട്ടുള്ളതായി കോൺഗ്രസ് പാർലമെന്ററി പാർടി ലീഡർ ജസ്റ്റിൻ ജോർജ് അറിയിച്ചു.

പാലക്കാട്ട് അവശേഷിക്കുന്നത് 10 ശതമാനം കൊയ്ത്ത് മാത്രം

ചിറ്റൂർ: മേഖലയിൽ കൊയ്ത്ത് യന്ത്രങ്ങളുടെ അഭാവം നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് കൃഷി വകുപ്പ്, കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ തമിഴ്നാട്ടുകാരായ ഡ്രൈവർമാർ സ്വന്തം നാട്ടിലേക്ക് തിരിച്ച് പോയതിനാൽ ആദ്യഘട്ടത്തിൽ പ്രതിസന്ധി നിലനിന്നിരുന്നെങ്കിലും പിന്നീട് നാട്ടിലുള്ള തൊഴിലാളികളെ കണ്ടെത്തി പാകമായവ കൊയ്തെടുത്തു. ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് ചുമട്ടുതൊഴിലാളി പ്രശ്നവും പരിഹരിച്ചിരുന്നു. ചിറ്റൂർ നഗരസഭാ പരിധിയിലെ കൊയ്ത്തെല്ലാം ഏകദേശം പൂർത്തിയായിട്ടുണ്ട്. എലപ്പുള്ളി ഭാഗങ്ങളിൽ കൊയ്ത്ത് കഴിഞ്ഞ് വാഹനങ്ങൾ തിരിച്ച് പോകാൻ തുടങ്ങി. കൊഴിഞ്ഞാമ്പാറ, പൊൽപ്പുള്ളി, നല്ലേപ്പിള്ളി, പെരുമാട്ടി മേഖലയിൽ മൂപ്പെത്തുന്ന മുറയ്ക്ക് 20 ന് ശേഷം കൊയ്ത്ത് ആരംഭിക്കും.

തുടർന്ന് വിളവ് സപ്ലൈകോ ഏറ്റെടുക്കും.ജില്ലയിൽ രണ്ടാം വിള നെൽകൃഷിയിൽ 10 ശതമാനം കൊയ്ത്ത് മാത്രമേ അവശേഷിക്കുന്നുള്ളൂ. കൊയ്ത്ത് തീരുന്ന മുറയ്ക്ക് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ലക്ഷ്യമിടുന്നത്. രണ്ടാംവിള നെല്ലുസംഭരണത്തിന് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത എല്ലാ കർഷകരുടെയും നെല്ല് സംഭരിക്കാനുള്ള സാഹചര്യമാണ് നിലവിലുള്ളതെന്ന് പാഡി മാർക്കറ്റിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ജില്ലയിൽ രണ്ടാംവിള കൃഷിയിൽ ഇതുവരെ 1,11,527 മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ച് കഴിഞ്ഞതോടെ 80 ശതമാനം നെല്ല് സംഭരണം പൂർത്തിയായതായും സപ്ലൈകോ പാഡി മാർക്കറ്റിങ് ഓഫീസർ അറിയിച്ചു.

തൃശൂരിൽ 6944 പേർ നിരീക്ഷണത്തിൽ

തൃശൂർ ജില്ലയിൽ വീടുകളിൽ 6933 പേരും ആശുപത്രികളിൽ 11 പേരും ഉൾപ്പെടെ ആകെ 6944 പേരാണ് നിരീക്ഷണത്തിലുള്ളത്. വ്യാഴാഴ്ച 4 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന രണ്ടു പേരെ വിടുതൽ ചെയ്തു. വ്യാഴാഴ്ച 8 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ഇതു വരെ 927 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 919 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 8 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 163 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. വ്യാഴാഴ്ച 69 പേർക്ക് കൗൺസലിംഗ് നൽകി.ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി. നിരീക്ഷണത്തിലുള്ളവർക്ക് നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകി. വ്യാഴാഴ്ച 3650 വീടുകൾ ദ്രുതകർമ്മസേന സന്ദർശിച്ചു. ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 1403 പേരെയും മത്സ്യചന്തയിൽ 386 പേരെയും പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 68 പേരെയും സ്ക്രീൻ ചെയ്തു.അതിഥി തൊഴിലാളികളെ താമസിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലും അഗതികളെ പാർപ്പിച്ചിട്ടുള്ള ഇടങ്ങളിലും സ്ക്രീനിംഗും ബോധവൽക്കരണവും തുടരുന്നു.മണ്ണുത്തി, നടത്തറ, പുത്തൂർ തുടങ്ങിയ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കെഎസ്ഇബി ഓഫീസ്, എടിഎം കൗണ്ടറുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സിവിൽ ഡിഫൻസ് വളണ്ടിയർമാരുടെ സഹകരണത്തോടെ അണുവിമുക്തമാക്കി.ഡെങ്കിപ്പനി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വരന്തരപ്പിള്ളിയിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി.

വാറ്റ് ചാരായവുമായി യുവാവിനെ പിടികൂടി

കുന്നംകുളം : 200 മില്ലി ലിറ്റർ വാറ്റ് ചാരായവുമായി യുവാവിനെ കുന്നംകുളം പൊലീസ് അറസ്റ്റ് ചെയ്തു. കടങ്ങോട് മുക്കിലപ്പീടിക കഴനിയിൽ വീട്ടിൽ പ്രദീപിനെയാണ് കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ കെ.ജി.സുരേഷിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. .തിപ്പിലശ്ശേരി കോതച്ചിറ റോഡിനു സമീപമുള്ള പറമ്പിൽ നിന്നാണ് ഇയാൾ അറസ്റ്റിലായത്.ലോക്ക് ഡൗൺ തുടങ്ങിയതിനു ശേഷം ഇത് നാലാം തവണയാണ് വാറ്റ് ചാരായം പിടികൂടുന്നത്.

ഒളിവിലായിരുന്ന പ്രതികൾ അറസ്റ്റിൽ

അറസ്റ്റിലായ പ്രതികൾ

കുന്നംകുളം: നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ യുവതിയെയും പിതാവിനെയും കുന്നംകുളം പൊലീസ് അറസ്റ്റ് ചെയ്തു. കരിക്കാട് സ്വദേശികളായ ദമ്പതികളെ മാരകായുധങ്ങളുമായി ആക്രമിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് 'ഗുണ്ടാ റാണി ' എന്ന പേരിൽ അറിയപ്പെടുന്ന കരിക്കാട് തെക്കേത്തിൽ ഹസീന, പിതാവ് അബൂബക്കർ എന്നിവരെ സ്റ്റേഷൻ ഹൗസ് ഓഫീസർ കെ.ജി.സുരേഷിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തത്. പോക്സോ കേസുൾപ്പെടെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ഹസീനയും പിതാവ് അബൂബക്കറും കാമുകനും ചേർന്ന് കരിക്കാട് അരിക്കിലാത്ത് വീട്ടിൽ ഷക്കീറിനെയും ഭാര്യ നൗഷിജയെയും തടഞ്ഞു നിറുത്തി വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചത്. 2020 മാർച്ച് 21 നു വൈകീട്ടാണ് കേസിനാസ്പദമായ സംഭവം. വധശ്രമത്തിനു ശേഷം ഒളിവിൽ പോയ പ്രതികൾ കരിക്കാടുള്ള വീട്ടിൽ എത്തിയിട്ടുണ്ടെന്ന രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കേസിൽ പ്രതിയായ ഹസീനയുടെ കാമുകന് വേണ്ടിയുള്ള അന്വേഷണം പൊലീസ് ഊർജ്ജിതമാക്കി. സബ്ബ് ഇൻസ്പെക്റ്റർ ഇ.ബാബു. എ.എ സ്. ഐ.മാരായ ഗോകുലൻ, വിൻസെന്റ് സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ സന്ദീപ്, ഓമന, ബിജു എന്നിവരും പ്രതികളെ പിടി കൂടിയ സംഘത്തിലുണ്ടായിരുന്നു.

അതിജീവനം പദ്ധതിയുമായി എംപി

തൃശൂർ: കോവിഡ് 19 ലോക് ഡൗണിനെത്തുടർന്ന് പാവപ്പെട്ട രോഗികൾക്ക് ജീവൻ രക്ഷാ മരുന്നുകൾ ലഭിക്കാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ അയ്യന്തോൾ ചുങ്കത്ത് പ്രവർത്തിക്കുന്ന എംപി ഓഫീസ് കേന്ദ്രീകരിച്ച് 'അതിജീവനം' പദ്ധതി ആരംഭിക്കുന്നു. കോവിഡ് ലോക് ഡൗണിനെ തുടർന്ന് ജീവൻ രക്ഷാ മരുന്നുകൾ ലഭിക്കുന്നില്ലെന്ന പല രോഗികളും എംപിയെ അറിയിച്ച പശ്ചാത്തലത്തിലാണ് ഇത്തരമൊരു സംരംഭം തുടങ്ങുന്നത്.ഡോക്റ്റർമാരുടെ കുറിപ്പടി പ്രകാരം മരുന്ന് കഴിക്കുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ള രോഗികൾ എംപി ഓഫീസുമായി ബന്ധപ്പെട്ടാൽ മേയ് 3 വരെ തികച്ചും സൗജന്യമായി മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്നതാണെന്ന് ടി.എൻ പ്രതാപൻ എംപി അറിയിച്ചു. ഓൾ കേരള കെമിസ്റ്റ് ആൻഡ് ഡ്രഗിസ്റ്റ് അസോസിയേഷൻ സംസ്ഥാന കമ്മറ്റിയുടെ സഹകരണത്തോടെയാണ് ഈ സംരംഭം നടപ്പിലാക്കുന്നത്.മരുന്ന് ലഭിക്കുന്നതിന് മുൻഗണന റേഷൻ കാർഡിൽ (മഞ്ഞ/പിങ്ക്) പേരുള്ള രോഗികൾ 6 മാസ കാലാവധിക്കിടയിൽ കുറിപ്പടിയും രോഗിയുടെ പേരും റേഷൻ കാർഡിന്റെ കോപ്പിയും കോൺടാക്റ്റ് നമ്പരും താഴെ ചേർക്കുന്ന നമ്പരുകളിലേക്ക് വാട്സ് ആപ്പ് ചെയ്യേണ്ടതാണ്. സി.സി. ശ്രീകുമാർ (94476 70210), രവി ജോസ് താണിക്കൽ (94961 23476) കെ.കെ സനിൽകുമാർ (98470 13968) എന്നിവരെയാണ് വാട്സ്ആപ്പിലൂടെ അറിയിക്കേണ്ടത്.

ചാരായവും വാറ്റുപകരണങ്ങളുമായി ഒരാൾ പിടിയിൽ

അറസ്റ്റിലായ പ്രതി

ചാലക്കുടി: കൊരട്ടി നാലുകെട്ട് കേന്ദ്രീകരിച്ച് വൻ തോതിൽ ചാരായമുണ്ടാക്കി വിൽപന നടത്തുന്നതായി ചാലക്കുടി ഡിവൈഎസ്പി സി.ആർ സന്തോഷിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊരട്ടി സർക്കിൾ ഇൻസ്പെക്റ്റർ ബി.കെ അരുണിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ വാറ്റുചാരയവും വാറ്റുപകരണങ്ങളുമായി ഒരാളെ പിടികൂടി. കൊരട്ടി വാലുങ്ങമുറി എളഞ്ചേരി സ്വദേശി കോപ്പി വീട്ടിൽ ശിവരാജനാണ് പിടിയിലായത്.ഇരുപത് വർഷം മുൻപ് മുൻവൈരാഗ്യത്തിന്റെ പേരിൽ ഒരു യുവാവിനെ വടിവാൾ കൊണ്ട് വെട്ടിപരിക്കേൽപ്പിച്ച ശേഷം കണ്ണൂരിലേക്ക് കടന്നയാളാണ് ശിവരാജൻ. ഈ കേസ് ഒത്തുതീർന്നതിനെ തുടർന്ന് എതാനും വർഷം മുൻപ് നാട്ടിൽ തിരിച്ചെത്തി കൂലിപ്പണിയും മറ്റുമായി കഴിഞ്ഞു വരികയായിരുന്നു. ഇതിനിടയിൽ സാമ്പത്തികമായി ഉണ്ടായ ചില ബാധ്യത കളാണ് ഇയാൾ ചാരായം വാറ്റിലേക്ക് തിരിയാൻ കാരണമായത്.

മെറ്റ്സിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നു

മാള: മെറ്റ്സ് എൻജിനീയറിങ് പോളിടെക്നിക് കോളെജുകളിലെ വിദ്യാർഥികൾക്കായി അധ്യാപകർ ഓൺലൈൻ ക്ലാസുകൾ നടത്തുന്നു. സൂം, ഗൂഗിൾ മീറ്റ്, മൂഡിൾ എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചാണ് ഓൺലൈൻ ക്ലാസുകൾ നടത്തുന്നത്. ലോക്ഡൗണിന് മുമ്പ് പൂർത്തിയാകാത്ത വിഷയ ഭാഗങ്ങളുടെ വിവരണങ്ങൾ അടങ്ങിയ ഓഡിയോ വിഡിയോ സന്ദേശങ്ങൾ അധ്യാപകർ തയ്യാറാക്കുകയും അവ യൂട്യൂബ് വാട്സാപ്പ് എന്നീ ഓൺലൈൻ സംവിധാനങ്ങൾ വഴി വിദ്യാർഥികളുമായി പങ്കിടുകയും ചെയ്യുന്നു. കൂടാതെ വിദ്യാർഥികളെ യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് സജ്ജരാക്കുന്നതിന് വേണ്ടി മോഡൽ ചോദ്യപേപ്പറുകൾ തയ്യാറാക്കി നൽകുകയും, നിശ്ചിത സമയത്തിനുള്ളിൽ വിദ്യാർഥികൾ ഉത്തരക്കടലാസുകൾ ഓൺലൈനായി സമർപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. രക്ഷിതാക്കളുടെ മികച്ച പിന്തുണയോടെ എല്ലാ വിദ്യാർഥികൾക്കും ഈ സൗകര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി പരീക്ഷകൾക്ക് തയ്യാറെടുക്കുകയാണെന്ന് കോളെജ് പ്രിൻസിപ്പൽ ഡോ. സുരേഷ് വേണുഗോപാൽ അറിയിച്ചു.

അഭയാർഥികളെ പറഞ്ഞയച്ചതായി ആക്ഷേപം

കൊടുങ്ങല്ലൂർ: അഗതിമന്ദിരത്തിൽ നിന്നും അഭയാർഥികളെ പറഞ്ഞയച്ചതായാക്ഷേപം. കൊടുങ്ങല്ലൂർ നഗരസഭ ബോയ്സ് ഹൈസ്കൂളിൽ നടത്തുന്ന അഗതിമന്ദിരത്തിലെ ഇരുപതോളം അഭയാർഥികളാണ് ഇന്നലെ രാവിലെ കൊടുങ്ങല്ലൂർ സി.ഐ.പി.കെ. പത്മരാജനെ സമീപിച്ചത്. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി തുടങ്ങിയതാണ് അഗതിമന്ദിരം. പരാതി കേട്ട സംഘത്തെ സി.ഐ. തഹസിൽദാറിന്റെ അടുത്തേക്ക് പറഞ്ഞയച്ചു. നിജസ്ഥിതി മനസിലാക്കിയ തഹസിൽദാർ നഗരസഭ സെക്രട്ടറിയുടെ അരികിലേക്ക് വിട്ടു.ഇരുപതാം തിയ്യതി വരെ ഇവരെ അഗതിമന്ദിരത്തിൽ താമസിപ്പിക്കാമെന്ന ധാരണയായി.അതേ സമയം അശരണർക്കും, അഗതികൾക്കും തുടങ്ങിയ സംരക്ഷണ കേന്ദ്രത്തിൽ ഇവർ കയറി പറ്റിയതാണെന്നും പറയുന്നു.സമീപ പ്രദേശങ്ങളിൽ വീടും കുടുംബവും ഉള്ള ഇവർ വാർക്ക പണിക്കാരാണ്. പണികഴിഞ്ഞാൽ വീട്ടിൽ പോകാതെ നഗരത്തിൽ കഴിയുന്ന ഇവർ തെരുവിൽ കഴിയുന്നവരെ കൊണ്ടുവരാൻ പോയ ആംബുലൻസിൽ കയറി ബോയ്സ് സ്കൂളിലെത്തിയതാണെന്ന് സെക്രട്ടറി പറഞ്ഞു..

അമേയ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന തുക വി.ആർ. സുനിൽകുമാർ എംഎൽഎ ഏറ്റുവാങ്ങുന്നു.

അമേയയുടെ സൈക്കിൾ വാങ്ങാനുള്ള തുക ദുരിതാശ്വാസ നിധിയിലേക്ക്

മാള: മാള കടവിന് സമീപം താമസിക്കുന്ന സി.ഐ.നൗഷാദിന്റെ മകൾ അമേയ എന്ന കൊച്ചു മിടുക്കിയാണ് റമദാൻ പെരുന്നാളിന് സൈക്കിൾ വാങ്ങാനായി കൂട്ടി വച്ചിരുന്ന തൻ്റെ നാണയ തുട്ടുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി മാതൃകയായത്.മാള സെക്കോർസോ സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയാണ് അമേയ. അമേയയുടെ ആഗ്രഹപ്രകാരം വി. ആർ.സുനിൽകുമാർ എംഎൽഎ വീട്ടിൽ എത്തിയാണ് തുക വാങ്ങിയത്. കൊറോണ കാരണം ബുദ്ധിമുട്ടുന്ന ജനങ്ങളെ സഹായിക്കാനായി എല്ലാ കൊച്ചു കൂട്ടുകാരും ഇതുപോലെ ചെയ്യണം എന്നാണ് ഈ മിടുക്കി കുട്ടിയ്ക്ക് പറയാനുള്ളത്.

എറിയാട് കഞ്ചാവ് തോട്ടം കണ്ടെത്തി

കൊടുങ്ങല്ലൂർ: എറിയാട് കഞ്ചാവ് തോട്ടം കണ്ടെത്തി. തട്ടുപള്ളി ഐഎച്ച്ആർഡി കോളെജ് റോഡിൽ ആളൊഴിഞ്ഞ പറമ്പിൽ നിന്നാണ് എക്സൈസ് ഇൻസ്പെക്റ്റർ പ്രവീൺ.പി.എമ്മിന്റെ നേതൃത്വത്തിലുള്ള സംഘം 56 കഞ്ചാവ് ചെടികൾ കണ്ടെടുത്തത്. ഇരുപത് സെന്റിമീറ്ററോളം വലുപ്പമുള്ള ചെടികൾക്ക് ഒരു മാസത്തിലധികം പ്രായമുണ്ട്. വിത്ത് വിതറി മുളപ്പിച്ച രീതിയിലാണ് ചെടികൾ വളർന്നിരിക്കുന്നത്. ആളൊഴിഞ്ഞ പറമ്പിൽ നിരവധി യുവാക്കൾ തമ്പടിക്കാറുണ്ടായിരുന്നു.

കഞ്ചാവ് വലിച്ചതിന് ശേഷം അരിവലിച്ചെറിഞ്ഞ് മുളപ്പിച്ചതാണോയെന്ന സംശയം എക്സെസിനുണ്ട്.ഇന്നലെ രാവിലെ എക്സൈസ് ഓഫീസിലേക്ക് വിളിച്ച് അജ്ഞാതനാണ് കഞ്ചാവ് ചെടിയുടെ സംശയം അറിയിച്ചത്.ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിലാണ് കഞ്ചാവ് ചെടികൾ കണ്ടത്.എക്സൈസ് സംഘം നിരീക്ഷണം നടത്തുണ പ്രദേശങ്ങളിൽ പ്രധാനപെട്ടതാണിവിടം.

കൊടുങ്ങല്ലൂരിൽ ഇത്രയധികം കഞ്ചാവ് ചെടികൾ ഒരുമിച്ച് ലഭിക്കുന്നത് ആദ്യമായാണ്. കഞ്ചാവ് നട്ട ആളെക്കുറിച്ചും കഞ്ചാവ് വിൽപന നടത്തുന്നവരെക്കുറിച്ചുമുള്ള അന്വേഷണത്തിലാണ് സംഘം. പ്രദേശത്ത് വരുന്ന യുവാക്കൾ, മറ്റു ആളുകൾ എന്നിവരെ വരും ദിവസങ്ങളിൽ ചോദ്യം ചെയ്യും. സമീപ പ്രദേശത്തെ സിസിടിവി. ക്യാമറ ദൃശ്യങ്ങളും പരിശോധന നടത്തുമെന്ന് എക്സൈസ് അധികൃതർ അറിയിച്ചു. എക്സൈസ് സംഘത്തിൽ പ്രിവന്റീവ് ഓഫീസർ സുനിൽകുമാർ.പി.ആർ, സിവിൽ എക്സൈസ് ഓഫീസർമാരായ അനീഷ്.ഇ. പോൾ, ജദീർ.പി.എം എന്നിവരും ഉണ്ടായിരുന്നു.

ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി

മാള: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഡിവൈഎഫ്ഐ മാള ബ്ലോക്ക് പ്രവർത്തകരിൽ നിന്നും ശേഖരിച്ച 51330 രൂപ ബ്ലോക്ക് സെക്രട്ടറി പി.ആർ രതീഷ് സംസ്ഥാന കമ്മിറ്റി അംഗം ആർ.എൽ ശ്രീലാലിന് കൈമാറി. സിപിഎം മാള ഏരിയ കമ്മറ്റിയംഗം എൻ.എ. ഷാജി, ബ്ലോക്ക് പ്രസിഡന്റ് സി.ധനുഷ് , ട്രഷറർ അക്ഷയ് ഐ.എസ്, കമ്മറ്റിയംഗം ഇ.എസ്. ശരത്ത് തുടങ്ങിയവർ പങ്കെടുത്തു.

ഫ്രണ്ട്സ് ഫോർ എവർ കൂട്ടായ്മയിലെ പ്രവർത്തകർ ഭക്ഷണം വിതരണം ചെയ്യുന്നു.

തെരുവിൽ കഴിയുന്നവർക്ക് അന്നമൂട്ടാൻ ഫ്രണ്ട്സ് ഫോർ എവർ

ഇരിങ്ങാലക്കുട : ലോക് ഡൗണിൽ തെരുവിൽ കഴിയുന്നവർക്ക് ആശ്വാസമായി ഫ്രണ്ട്സ് ഫോർ എവർ. ഗവ.ബോയ്സ് സ്കൂളിന് സമീപത്തെ ഒരുമ മാർട്ടിന് മുന്നിലുള്ള അശരണർക്കായുള്ള ഫ്രീഡ്ജിലാണ് ഈ ലോക് ഡൗൺ കാലത്തും തെരുവിൽ കഴിയുന്നവർക്കായി വിഭവസമൃദമായ ഭക്ഷണം ഒരുക്കിയിരിക്കുന്നത്. ഇരിങ്ങാലക്കുടയിലെ തെരുവിൽ കഴിയുന്ന ഒത്തിരി പേരെ നഗരസഭയുടെയും പൊലീസിന്റെയും സഹകരണത്തോടെ ചെട്ടിപറമ്പ് ഗേൾസ് സ്കൂളിൽ താമസിപ്പിച്ച് സാമൂഹ്യ അടുക്കള വഴി ഭക്ഷണം നൽകുന്നുണ്ടെങ്കിലും ഇപ്പോഴും തെരുവോരങ്ങളിൽ നിരവധി പേരാണ് കഴിയുന്നത്. ഫ്രണ്ട്സ് ഫോർ എവർ എന്ന വാട്ട്സ് അപ്പ് ചാരിറ്റി കൂട്ടായ്മയുടെ നേതൃത്വത്തിലാണ് ഈ ഫ്രിഡ്ജ് വഴി ഇവിടെ എന്നും ഭക്ഷണം വിതരണം നടത്തുന്നത്. സുമനസുകളുടെ സഹകരണത്തോടെ നടത്തുന്ന ഈ ഭക്ഷണ വിതരണം ഒരുപാട് പേർക്ക് വയറു നിറയ്ക്കുകയാണ്. ഉച്ചയ്ക്ക് കൃത്യം 12 മണിയ്ക്ക് ഈ ഫ്രിഡ്ജ് തുറക്കുന്നതും കാത്ത് നിരവധി പേരാണ് പരിസരത്ത് കാത്ത് നിൽക്കാറുള്ളത്.ഭക്ഷണത്തോടൊപ്പം ഹൽവയും നേന്ത്രപഴവും ലഭിച്ചപ്പോൾ പലർക്കും കണ്ണ് നിറഞ്ഞ് പോകുന്നത് കാണാമായിരുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.104 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

ആതിദ്യപൂജയും ചക്കര പൊങ്കലും മാറ്റി വെച്ചു

ചേർത്തല:കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി കണിച്ചുകുളങ്ങര ദേവീ ക്ഷേത്രത്തിൽ 23ന് നടത്താനിരുന്ന ആതിദ്യപൂജയും 30ന് നിശ്ചയിച്ചിരുന്ന ചക്കരപൊങ്കലും മാറ്റി വെച്ചതായി ദേവസ്വം പ്രസിഡനന്റ് വെള്ളാപ്പള്ളി നടേശൻ അറിയിച്ചു.

ലോക്ഡൗൺ നിർദേശങ്ങൾ കർശനമായി പാലിക്കണം

ആലപ്പുഴ:ലോക്ഡൗൺ നിർദേശങ്ങൾ പൊതുജനങ്ങൾ കർശനമായി പാലിക്കണമെന്ന് ജില്ലാ കളക്ടർ എം അഞ്ജന. നിയന്ത്രണങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ വളരെ അടിയന്തിര സാഹചര്യങ്ങളിൽ മാത്രമെ പൊതുജനങ്ങൾ യാത്ര ചെയ്യാവൂ. ജില്ലയ്ക്കുപുറത്തും മറ്റു സംസ്ഥാനങ്ങളിലേക്കും പോകുന്നവരും അടിയന്തിര സാഹചര്യങ്ങൾ വിശദമാക്കി യാത്രാപാസ് എടുക്കണം.

അടിയന്തിര സാഹചര്യങ്ങളിലെ യാത്രയ്ക്ക് ഗർഭിണികളായ സ്ത്രീകൾ, അടിയന്തിര ചികിത്സയുമായി ബന്ധപ്പെട്ട് സഞ്ചരിക്കേണ്ടവർ, ബന്ധുവിന്റെ മരണമറിഞ്ഞെത്തുന്നവർ, അതീവ ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ കാണാനെത്തുന്നവർ തുടങ്ങിയവർക്ക് മാത്രമാണ് പാസ് അനുവദിക്കുന്നത്. യാത്രാനുമതിക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കാം. മാർഗനിർദേശപ്രകാരമുള്ള രേഖകൾ അടക്കം അപേക്ഷ സമർപ്പിക്കുന്നതിനായി covid19jagratha.kerala.nic.in എന്ന പോർട്ടലിലെ പബ്ളിക് സർവീസസ് എന്ന ഓപ്ഷനിലെ എമർജൻസി ട്രാവൽ പാസ് എന്ന ലിങ്ക് മുഖാന്തിരം അപേക്ഷ നല്കാം

കിറ്റുകൾ വിതരണം ചെയ്തു

തുറവൂർ:ഡോ ബി.ആർ അംബേദ്കറുടെ ജന്മദിനാചരണത്തിന്റെ ഭാഗമായി ബിജെപിവർത്തകർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കന്ന കോളനികൾ സന്ദർശിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു.ലബി.ജെ.പിസംസ്ഥാന കമ്മറ്റി മെമ്പർ സി.മധുസൂദനൻ കോടംതുരുത്ത് പഞ്ചായത്തിലെ മണ്ണുചിറ കോളനി, പള്ളിപ്പറമ്പ് പുത്തൻ തറ കോളനി എന്നിവടങ്ങൾ സന്ദർശിച്ച് ഭക്ഷ്യധാന്യങ്ങളും പല വ്യഞ്ജനങ്ങളും അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. ബി.ജെ.പിഅരൂർ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.കെസജീവൻ, എച്ച്ബിനീഷ്, സുഭാഷ്, സിജേഷ് ജോസഫ്, ആർജയേഷ്, ബിനീഷ് വർഗീസ് എന്നിവർ ഒപ്പമുണ്ടായിരുന്നു

പലവ്യഞ്ജന കിറ്റുകൾ നൽകി

ചങ്ങനാശേരി: സേവാഭാരതിയയുടെ നേതൃത്വത്തിൽ ചങ്ങനാശേരി മുനിസിപ്പാലിറ്റി മൂന്നാം വാർഡിൽ ബി.ജെ.പി ജില്ലാ പ്രസിഡന്റ് അഡ്വ.നോബിൾ മാത്യുവിന്റെ സാന്നിദ്ധ്യത്തിൽ പലവ്യഞ്ജന കിറ്റുകൾ വീടുകളിൽ എത്തിച്ചു കൊടുത്തു. ബി.ജെ.പി മണ്ഡലം പ്രസിഡന്റ് എ.എം മനോജ്, സംസ്ഥാന കമ്മറ്റിയംഗം എം.പി രാജഗോപാൽ, സംസ്ഥാന കമ്മറ്റിയംഗം ചാക്കോച്ചൻ ഒറ്റതെങ്ങിൽ (മൈനോരിറ്റി മോർച്ച) നോർത്ത് പ്രസിഡന്റ് വാഴപ്പള്ളി രാമകൃഷ്ണൻ നായർ നേതൃത്വം നൽകി.

പോലിസ് മരുന്നെത്തിച്ച് നൽകി

മാവേലിക്കര: മാനസീകമായി അസുഖം ബാധിച്ച് ചികിത്സയിലിരിക്കുന്ന ആൾ മരുന്ന് കിട്ടാതെ വിഷമിച്ചപ്പോൾ പൊലീസ് രക്ഷകരായി. കുറത്തികാട് പൊലീസാണ് വെട്ടിയാർ ചെറുമല കോളനി അനിൽകുമാറിന് (44) മരുന്നുകളെത്തിച്ചത്. അനിൽകുമാർ അമ്മ വിജയമ്മയോടൊപ്പമാണ് താമസം. അച്ഛൻ ദാമോദരനും ഏക സഹോദരിയും നേരത്തെ മരിച്ചിരുന്നു.

അനിൽകുമാറിന് മരുന്നു കിട്ടാതെ രോഗം മൂർശ്ചിക്കുന്ന അവസ്ഥയിലായിരുന്നു.വിവരം ലഭിച്ച കുറത്തികാട് സി.ഐ ബി.സാബുവാണ് മരുന്നുകളെത്തിക്കാൻ നിർദ്ദേശം നൽകിയത്.സമീപ പ്രദേശത്ത് മരുന്നുകൾ ലഭ്യമായിരുന്നില്ല. ദൂരെ സ്ഥലങ്ങളിൽ നിന്ന് പിന്നീട് മരുന്നുകൾ എത്തിച്ചു നൽകി. എസ്.ഐ ജാഫർ ഖാൻ ,സി.പി.ഒ മാരായ ജയരാജ്, ഗംഗപ്രസാദ്, ജേക്കബ് എന്നിവരാണ് മരുന്നുകൾ വീട്ടിലെത്തിയത്.

കത്ത് നൽകി

തുറവൂർ: അസംഘടിതരായ കയർ - മത്സ്യബന്ധന -സമുദ്രോല്പന്ന കയറ്റുമതി മേഖലകളിലെ തൊഴിലാളികൾക്ക് ഒന്നാം ഘട്ട ലോക്ക് ഡൗൺ നിയന്ത്രണങ്ങളിൽ ഉപാധികളോടെ ഇളവ് പ്രഖ്യാപിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഷാനിമോൾ ഉസ്മാൻ എം.എൽ.എ.മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ടു.

ഹൗസ് ബോട്ടുകൾ കോവിഡ് കെയർസെന്ററാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി ജില്ലാ കലക്ടർ എം അഞ്ജന വിവിധ വകുപ്പുദ്യോഗസ്ഥരോടൊപ്പം ഫിനിഷിങ് പൊയിന്റിലെത്തിയപ്പോൾ

അസ്ഥികൂടം തൃക്കുന്നപ്പുഴ സ്വദേശി ബ്രഹ്മാനന്ദന്റേത്

കൊട്ടാരവളവിൽ കണ്ടെത്തിയ അസ്ഥികൂടം തൃക്കുന്നപ്പുഴ സ്വദേശിയുടേതെന്ന് പൊലീസ്

ഹരിപ്പാട്: ദേശീയപാതയിൽ കൊട്ടാരവളവ് വെള്ളക്കെട്ടിനു കിഴക്കു വശംകണ്ടെത്തിയ അസ്ഥികൂടം തൃക്കുന്നപ്പുഴ സ്വദേശിയുടേതാണെന്ന് ഹരിപ്പാട് പോലീസ്. ഇതിന് കൂടുതൽ തെളിവുകൾ ലഭിച്ചതായും പോലീസ് സർജനിൽ നിന്നുള്ള വിവരങ്ങൾ കൂടി ലഭിച്ചാൽ അസ്ഥികൂടം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുമെന്നും സി.ഐ.ആർ.ഫയാസ് പറഞ്ഞു.

അസ്ഥികൂടത്തിന്റെ ഭാഗങ്ങൾ അടുക്കിവെച്ചപ്പോൾ

അസ്ഥികൂടത്തിന് സമീപത്ത് നിന്ന് ലഭിച്ച മുണ്ടിനുള്ളിൽ കെട്ടിവച്ച നിലയിൽ ബ്രഹ്മാനന്ദൻ്റെ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ഷർട്ട്ഫോൺ എന്നിവ ലഭിച്ചു. അസ്ഥികൂടത്തിന് സമീപത്ത് നിന്ന് ലഭിച്ച കുട, ചെരുപ്പ്, ഷർട്ടിന്റെ ഭാഗങ്ങൾ എന്നിവ നേരത്തേ ബന്ധുക്കൾ തിരിച്ചറിഞ്ഞിരുന്നു. കാണാതായ ദിവസം ഇദ്ദേഹം നടന്നു പോകുന്നത് കണ്ടതായി തൃക്കുന്നപ്പുഴ പോലീസിൽ മൊഴി നല്കിയിരുന്ന ആളും ഷർട്ട് തിരിച്ചറിഞ്ഞതായി പോലീസ് പറഞ്ഞു.

2019 ജൂൺ 17ന് പല്ലന ലക്ഷ്മി തോപ്പ് തെക്കേ അറ്റത്ത് ബ്രഹ്മാനന്ദനെ (61) കാണാനില്ലെന്ന് കാണിച്ച് ഭാര്യ ശോഭന തൃക്കുന്നപ്പുഴ പോലിസിൽ പരാതി നൽകിയിരുന്നു. ശാസ്ത്രീയ പരിശോധന നടത്തിയവർ സൂചിപ്പിച്ച പ്രായവും ഉയരവും ഇയാളെ കാണാതായപ്പോൾ നൽകിയ പരാതിയിൽ പറഞ്ഞ പ്രായവും ഉയരവും തമ്മിൽ സാമ്യമുള്ളതായും പോലീസ് പറഞ്ഞു.

പോർട്ടബിൾ വെൻറിലേറ്റർ നിർമിച്ച വിദ്യാർഥികളായ അനന്തകൃഷ്ണൻ, കിരൺ, മിഥുൻ, സുബിൻ, അഭിമന്യു എന്നിവരെ കെപിസിസി നിർവാഹകസമിതിയംഗം എസ്.ശരത് അഭിനന്ദിക്കാൻ എത്തിയപ്പോൾ.

പോർട്ടബിൾ വെന്റിലേറ്ററുമായി ചേർത്തലയിലെ മിടുക്കൻമാർ

ചേർത്തല: രോഗികൾക്ക് നൂറ് ശതമാനം ഓക്സിലേറ്റ് ചെയ്യാൻ കഴിയുന്ന പോർട്ടബിൾ വെൻറിലേറ്റർ നിർമിച്ചു അഭിമാനകരമായ നേട്ടം കൈവരിച്ചിക്കുകയാണ് ചേർത്തലയിലെ ഒരു സംഘം വിദ്യാർഥികൾ. കൊക്കോതമംഗലം സ്വദേശിയായ അനന്തകൃഷ്ണൻ, വാരനാട് സ്വദേശികളായ കിരൺ, മിഥുൻ, സുബിൻ എന്നീ എൻജിനിയറിംഗ് വിദ്യാർത്ഥികളും മരുത്തോർവട്ടം സ്വദേശിയും ചേർത്തല ഗവ. പൊളിടെക്നിക് വിദ്യാർത്ഥി അഭിമന്യുവുമാണ് നാടിന് അഭിമാനമായത്.

ചികിത്സ ലഭിയ്ക്കണ്ടവരുടെ അടുത്തേയ്ക്ക് എളുപ്പത്തിൽ എത്തിയ്ക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. റോഡപകടങ്ങളടക്കമുള്ള അപകടങ്ങളിൽ പെട്ട രോഗികൾക്ക് അവിടെത്തന്നെ ഓക്സിലെഷനും വെൻ്റിലേറ്റർ സഹായവും ലഭ്യമാകന്നതിലൂടെ ഒത്തിരി പേരുടെ ജീവൻ രക്ഷിയ്ക്കാൻ കഴിയും. മൂവായിരത്തോളം രൂപ മാത്രം മുടക്കി വളരെ ചിലവ് കുറഞ്ഞ രീതിയിലാണ് വെൻറിലേറ്ററിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.

ഈ വർക്കിംഗ് മോഡലിനു വേണ്ട എല്ലാ സാധനങ്ങളും സ്വയം നിർമിച്ചെടുക്കുകയായിരുന്നു ഈ കൊറോണക്കാലത്ത് ഇവർ. ഒരാഴ്ചകൊണ്ടാണ് വെൻ്റിലേറ്റർ പൂർത്തീകരിച്ചത്. 35 കോളേജുകളിൽ നിന്ന് മികച്ച പ്രോജക്ട് തയ്യാറാക്കിയ ഇവരുടെ പ്രൊജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾക്കായി കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റി സാമ്പത്തികവും സങ്കേതികവുമായ പിന്തുണയുമായി എത്തിയിട്ടുണ്ട്. സംഭവം അറിഞ്ഞ കോൺഗ്രസ് നേതാവ് എസ്. ശരത് ഇവരെ വീട്ടിലെത്തി അഭിനന്ദിച്ചു.

നിമിഷഷൈജു നിർമ്മിച്ച ഹാൻഡ് വാഷ് അയൽ വീടുകളിൽ കൊടുക്കുവാനായി തയ്യാറാക്കി വെയ്ക്കുന്നു

അനുജത്തിയുടെ പിറന്നാൾ ദിനത്തിൽ അയൽ വീടുകളിൽ ഹാൻഡ് വാഷ് നിർമ്മിച്ചു നൽകി ഏഴാം ക്ലാസ് വിദ്യാർത്ഥി

മുഹമ്മ: മുഹമ്മ പഞ്ചായത്ത് 10-ാം വാർഡ് പരേതനായ ശരവണന്റെയും ശാരദയുടെയും ചെറുമകൾ നിമിഷ സൈജു അനുജത്തി ശിവരഞ്ജിനിയുടെ പിറന്നാൾ ആഘോഷങ്ങൾ ചുരുക്കി ഹാൻഡ് വാഷ് നിർമ്മിച്ച് വിതരണം ചെയ്യാമെന്ന് നിർദ്ദേശിച്ചു നിർദ്ദേശം അമ്മ മഞ്ജുവിനും സ്വീകാര്യമായി .എന്നാൽ ഹാൻഡ് വാഷ് നിർമ്മിക്കുന്നതെങ്ങനെ എന്ന് അറിയില്ലായിരുന്നു. അതിനും നിമിഷ പരിഹാരം കണ്ടു .

യു ട്യൂബിൽ നിന്ന് വേണ്ട സാധനങ്ങളും നിർമ്മാണ രീതിയും മനസ്സിലാക്കി. മുഹമ്മയിലെ സോപ്പുകടയിൽ നിന്ന് സാധനങ്ങൾ വാങ്ങി രണ്ടു ദിവസം കൊണ്ട് ഹാൻഡ് വാഷ് നിർമ്മിച്ച് കുപ്പികളിലാക്കി. അയൽവക്കത്തെ 40 ഓളം വീടുകളിൽ ഇതു നൽകി. കൈകഴുകേണ്ട വിധവും പറഞ്ഞു മനസിലാക്കി.

എഴാം ക്ലാസ് വിദ്യാർത്ഥിനിയായ നിമിഷ ഡാൻസും വായ്പ്പാട്ടും അഭ്യസിക്കുന്നുണ്ട്.

നിമിഷയുടെ അമ്മ മഞ്ജു ഏറെക്കാലം ബോംബെയിലും എറണാകുളത്തുമായി നഴ്സായി ജോലി ചെയ്തുവരുകയായിരുന്നു. എർണാകുളത്തെ ജോലി രാജി വെച്ച് മലേഷ്യയിൽ നഴ്സായി ജോലിക്ക് പോകാൻ ഭർത്താവ് സൈജുവും രണ്ടു മക്കളുമായി മുഹമ്മയിലെ മഞ്ജുവിന്റെ വീട്ടിൽ വന്ന് ഒരുക്കങ്ങൾ നടത്തുന്നതിനിടെയാണ് കോവിഡ് കാരണം യാത്ര മുടങ്ങി വീട്ടിൽ ഇരിക്കാൻ ഇടയായത്.

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കതിർമണ്ഡപത്തിൽ സംഭാവന നൽകി വധൂവരന്മാർ

ചേർത്തല: കൊറോണ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെൻ്റുകളുടെ നിയന്ത്രണത്തിനു വിധേയമായി കോടംതുരുത്ത് പഞ്ചായത്ത് ഏഴാം വാർഡിൽ നെട്ടേശ്ശേരിൽ ദലാൽ ആശാദലാൽ എന്നിവരുടെ മകൾ കസ്തൂരിയുടെ കഴുത്തിൽ തിരുവല്ല മടുക്കോലിൽ ഹരികുമാറിൻ്റേയും സുമ ഹരികുമാറിൻ്റേയും മകൻ പ്രദീപ് ചമ്മനാട് ഭഗവതി ക്ഷേത്രത്തിൽ വച്ച്താലിചർത്തി. കതിർ മണ്ഡപത്തിലേക്ക് കയറുന്നതിനു മുന്നേ അച്ഛനമ്മമാർക്ക് ദക്ഷിണ നൽകിയ വധുവരന്മാരെ ആദ്യം സാനിറ്റൈസർ നൽകിയാണ് ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ച ബ്രഹ്മശ്രീ.എരമല്ലൂർ അനിൽക്കുമാർ ശാന്തി സ്വീകരിച്ചത്. ഉച്ചക്ക് 11.30 നായിരുന്നു മുഹൂർത്തം.

വധൂവരൻമാർ ദുരിതാശ്വാസ ഫണ്ട് കൈമാറുന്നു

താലിചാർത്തിയ ഉടനെതന്നെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'പി എം കെയറിലേക്ക് ' വധുവരന്മാർ ചേർന്ന് ഒരു തുകയും സംഭവന ചെയ്തു. കോടംതുരുത്ത് പഞ്ചായത്ത് ആറാം വാർഡ് അംഗവും കിഴക്കേചമ്മനാട് ദേവസ്വം പ്രസിഡൻ്റുമായ എസ്.ദിലീപ്കുമാറിനാണ് നവവധൂവരന്മാർ ദുരിതാശ്വാസ ഫണ്ട് കൈമാറിയത്.

പത്തുപേരോളം പങ്കെടുത്ത വിവാഹത്തിനുശേഷം കൊറോണ രോഗികളുടെ അതിജീവനത്തിനായി ശാന്തിമന്ത്രവും ചൊല്ലിയാണ് വധൂവരന്മാർ മടങ്ങിയത്.എസ്.എൻ.ഡി.പി ശാഖാസെക്രട്ടറി കെ. ശിവദാസൻ, കെ.എം പ്രദീപ്കുമാർ, ശിവരാമൻ, ഷൈലജൻ തൊഴുത്തുപറമ്പ് എന്നിവരും പങ്കെടുത്തു.

ഹൗസ്ബോട്ടുകൾ കോവിഡ് കെയർ സെന്ററാക്കൽ: മോക്ക് ഡ്രിൽ ഇന്ന്

ആലപ്പുഴ:ഹൗസ്ബോട്ടുകൾ കോവിഡ് കെയർ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ജില്ലാ കലക്ടർ എം അഞ്ജന് ഫിനിഷിംഗ് പോയിന്റ് സന്ദർശിച്ചു വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

ആവശ്യമാണെങ്കിൽ, ഹൗസ് ബോട്ടുകൾ കോവിഡ് കെയർ സെന്ററുകൾ ആയി മാറ്റാനാണ് ജില്ലാഭരണകൂടം ആലോചിക്കുന്നത്. അത്യാവശ്യഘട്ടത്തിൽ ഇത്തരം മാറ്റങ്ങൾക്കു വേണ്ട സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ നിർദേശിച്ചു. ആരോഗ്യവകുപ്പിന്റെ കൺട്രോൾ റൂമിനും ആരോഗ്യവകുപ്പ് ഒരുക്കുന്ന സംവിധാനങ്ങൾക്കും പുറമേ, ഭക്ഷണ വിതരണത്തിനും, കുടിവെള്ള വിതരണത്തിനുള്ള സംവിധാനം, മറ്റ് അവശ്യ സൗകര്യങ്ങൾ തുടങ്ങിയവയും ഒരുക്കുന്നതിനുള്ള നടപടികൾ എടുക്കും. ഹൗസ്ബോട്ടുകൾ ഐസൊലേഷൻ വാർഡുകളായി സജ്ജീകരിക്കുമ്പോൾ വരാവുന്ന വെല്ലുവിളികൾ മനസ്സിലാക്കുന്നതിനായി ഇന്ന് (ഏപ്രിൽ 17) രാവിലെ 11ന് ഫിനിഷിംഗ് പോയിന്റിൽ മോക്ഡ്രിൽ നടത്താനും തീരുമാനമായി.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ എൽ അനിതകുമാരി, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ ഡോക്ടർ രാധാകൃഷ്ണൻ, ഡിടിപിസി, ഫയർഫോഴ്സ് വാട്ടർ അതോറിറ്റി വകുപ്പ് ഉദ്യോഗസ്ഥർ സന്നിഹിതരായിരുന്നു.

ചേർത്തല സർവ്വീസ് ക്ലബ്ബ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർത്തല താലൂക്കിലുള്ള എക്സൈസ് സേനാംഗങ്ങൾക്ക് മുഖാവരണം നൽകുന്ന ചടങ്ങ് ക്ലബ്ബിന്റെ പ്രസിഡന്റ് ആർ.സുഖലാലിൽ നിന്നും ചേർത്തല എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ എസ്. ബിനു ഏറ്റു വാങ്ങുന്നു .ക്ലബ്ബ് സെക്രട്ടറി ഷാജു, സിവിൽ എക്സൈസ് ഓഫീസർമാരായ ഡി. മായാജി, പി.ഷിബു ബഞ്ചമിൻ, സാനു, സാലിച്ചൻ, സുലേഖ തുടങ്ങിയവർ സമീപം

ഷാപ്പ് തുറക്കാൻ അനുവദിക്കണം: കള്ളു ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ

ഹരിപ്പാട്: തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരുന്ന കള്ളു ചെത്ത് വ്യവസായത്തിൽ കൊറോണയെ തുടർന്ന് ഏർപ്പെടുത്തിയ ലോക് ഡൗൺ കുടുതൽ പ്രതിസന്ധിയിലാക്കിയ സാഹചര്യത്തിൽലൈസൻസ് പുതുക്കിയ കള്ളുഷാപ്പുകളുടെ കൺഫർമേഷൻ നൽകാൻഎക്സൈസ് കമ്മീഷണർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഷാപ്പുകൾ തുറക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും സിഐടിയു നിയന്ത്രണത്തിലുള്ള സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ പ്രസിഡൻ്റ് ടി കൃഷ്ണൻ സെക്രട്ടറി എം സുരേന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു.ലോക് ഡൗണിനെ തുടർന്ന് ഷാപ്പുകൾ അടക്കാനും ചെത്തുന്ന തെങ്ങും പനയും അടച്ചി അഴിച്ചുവിടാനും പ്രഖ്യാപനമുണ്ടായി.

സമ്പൂർണ്ണ അടച്ചുപൂട്ടലിനെ തുടർന്ന് ഷാപ്പ് അടയ്ക്കാനും തെങ്ങ്,പന ചെത്ത് നിർത്താനും പ്രഖ്യാപനമുണ്ടായി. ഇതേ തുടർന്ന് മാട്ടം ഇറക്കി ചെത്തി വന്ന കൂമ്പിൻ്റെ കെട്ടഴിച്ചുവിട്ടു.ഇതോടെ കർഷകർക്ക് വൃക്ഷ പാട്ടം നഷ്ടമായി

ഇനി കള്ളു ലഭിക്കണമെങ്കിൽ ഒരു മാസമെങ്കിലും കഴിയണം. ബുദ്ധിമുട്ടിലായ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് നൽകിയ പതിനായിരം രൂപ ജീവിത ചെലവിന് തികയില്ല.

2020-21ലെ മദ്യനയം പ്രഖ്യാപിച്ചതോടെ തെങ്ങുകൾ എടുത്തെങ്കിലും വൃക്ഷ കരമടക്കലടക്കം തുടർനടപടികൾ വൈകുന്നതിന് പരിഹാര മുണ്ടാക്കണമെന്നും ഫെഡറേഷൻ ആവശ്യപ്പെട്ടു.

ചേർത്തല ഡിവൈഎസ്പി എ.ജി. ലാലിന് ചേർത്തല ടൗൺ റോട്ടറി ക്ലബ് പ്രസിഡന്റ ടോമി ജോസഫ് കിറ്റുകൾ കൈ മാറുന്നു

സാനിറ്റൈസറും മുഖാവരണവും വിതരണം ചെയ്തു

ചേർത്തല: കൊറോണ വ്യാപനം തടയുന്നതിന് വേണ്ടിയുള്ള ലോക്ക് ഡൗൺ പ്രവർത്തനങ്ങളിൽ വ്യാപൃതരായിയ്ക്കുന്ന പൊലീസ് സേന അംഗങ്ങൾക്കായി താലൂക്കിലെ വിവിധ സ്റ്റേഷനുകളിൽ വിതരണം ചെയ്യുന്നതിനു വേണ്ടി സാനിറ്റൈസറും മുഖാവരണവും വിതരണ ചെയ്തു.

ചേർത്തല ഡിവൈഎസ്പി എ.ജി. ലാലിന് ചേർത്തല ടൗൺ റേട്ടറി ക്ലബ് പ്രസിഡന്റ ടോമി ജോസഫ് കിറ്റുകൾ കൈ മാറി . കൊറോണ പ്രധിരോധ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുമെന്നും ഇന്ന് കെഎസ്ഇബി ,പോസ്റ്റ് ഓഫീസ്, മാധ്യമ പ്രവർത്തകർ എന്നിവർക്കും പ്രതിരോധ സാധനങ്ങൾ വിതരണം ചെയ്യുമെന്ന് സെക്രട്ടറി സുനിൽ കമാർ അറിയിച്ചു. അഡ്വ.കെ. ബി. ഹർഷകുമാർ. സന്തോഷ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു

ലോക്ഡൗൺ കാലത്ത് പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു

ചങ്ങനാശേരി: പായിപ്പാട് പഞ്ചായത്ത് 14-ാം വാർഡിൽ ബേബിച്ചൻ കൊല്ലാപുരത്തിന്റെ 2 ഏക്കർ തരിശുഭൂമിയിൽ പായിപ്പാട്ാമപഞ്ചായത്തിന്റെയും കൃഷി ഓഫീസിന്റെയും നേതൃത്വത്തിൽ പി പി മോഹൻ ആനപ്രമ്പാൽ ലോക്ഡൗൺ കാലത്ത് ജീവനി പദ്ധതി പ്രകാരം പച്ചക്കറി കൃഷിക്ക് തുടക്കമായി. വിത്തു നടീൽ ഉദ്ഘാടനം പഞ്ചായത്ത് വാർഡ് അംഗം സിബിച്ചൻ ഒട്ടത്തിൽ നിർവ്വഹിച്ചു .

MANAPPURAM HOME FINANCE LTD.

മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

മണപ്പുറം ഹോം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നത്
CIN-U65923K12010PIC039179

രജിസ്റ്റേഡ് ഓഫിസ്: IV/470 എ (ഓൾഡ്) ഡബ്ല്യു/638എ(ന്യൂ) മണപ്പുറം ഹൗസ് വലപ്പാട് തൃശൂർ കേരള-680567
കോർപ് ഓഫിസ്- രണ്ടാം നില , യൂണിറ്റ് നമ്പർ. 202, ബി വിങ്ങ് , ബിസിനസ് സ്ക്വയർ , 151 , അന്ധേരി - കുർള റോഡ്, അന്ധേരി (ഈസ്റ്റ്) മുംബൈ - 400093 ഫോൺ നമ്പർ 022-66211000 വെബ്സൈറ്റ്: www.manappuramhomefin.com

ഡിമാൻഡ് നോട്ടീസ്

താഴെപ്പറയുന്ന വായ്പ്പക്കാരൻ/ർ കമ്പനിയിൽ നിന്ന് വായ്പയെടുത്ത പണത്തിന്റെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ വായ്പ നിഷ്ക്രിയ ആസ്തിയായി കണക്കാക്കുന്നതായി അറിയിക്കുന്നു. 2002ലെ സെക്യൂരിറ്റി ഇൻ്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(12) പ്രകാരം ഈ അറിയിപ്പ് വായ്പ്പക്കാരുടെ ഏറ്റവും ഒടുവിൽ ലഭ്യമായ വിലാസത്തിലേത്ത് അയച്ചിട്ടുണ്ട്. അതിനു പുറകേ വിവരമറിയിക്കുന്നതിനായി അറിയിപ്പ് പ്രസിദ്ധീകരിക്കുന്നു.

Sr. No.	വായ്പ്പക്കാരന്റെ /സഹവായ്പ്പക്കാരന്റെ പേര് ലോൺ അക്കൗണ്ട് നമ്പർ/ശാഖ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ	എൻപിഎ തിയതി	നോട്ടീസ് അയച്ച തിയതി, തിരിച്ചടയ്ക്കേണ്ട തുക
1	പ്രമോദ് ആർ / രാധാകൃഷ്ണൻ SKOTT0003339 / കോട്ടയം	പ്രകാശ് ഭവനം , അമ്മകണ്ടകര , അടൂർ , പത്തനംതിട്ട - 691523	10-03-2020	11-03-2020 & Rs. 787612/-
2	ഷിനു കെ ജി , ജീനാമോൾ വി ടി SKOTT0003000 / കോട്ടയം	അതിരമ്പുഴ വില്ലേജിൽ, ശ്രീകണ്ഠമംഗലം , പിൻ 686562 , കരിത്തടത്തിൽ വീട്ടിൽ റീസർവേ നമ്പർ 307/8 , 5.11 ആർസ് വസ്തു	10-03-2020	11-03-2020 & Rs. 2094589/-

മുകളിൽ പരാമർശിച്ചിരിക്കുന്ന വായ്പ്പക്കാർ സഹവായ്പ്പക്കാർ എന്നിവരോട് നോട്ടീസ് ലഭിച്ച് അറുപതു ദിവസത്തിനകം ആക്റ്റ് 13(4) പ്രകാരം വായ്പാ കുടിശികയും പലിശയും തിരിച്ചടക്കാൻ ആവശ്യപ്പെടുന്നു. പണം തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ 2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇൻ്ററസ്റ്റ് ആക്റ്റ് പ്രകാരം 60 ദിവസത്തിനു ശേഷം മറ്റ് നടപടികളിലേക്ക് കടക്കുന്നതാണെന്ന് അറിയിക്കുന്നു.

തിയതി- 17.04.2020
സ്ഥലം - കോട്ടയം

ഒപ്പ്
അംഗീകൃത ഓഫിസർ
മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡ്

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 114.RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com



കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ജിം കോർബ് കുഞ്ഞാപ്പുവിനു നേരേ...

റിച്ചാർഡ് പാർക്കറിന്റെ മുന്നിൽ നിന്ന് യാതൊരു ഭാവഭേദവുമില്ലാതെ ജിം കോർബ് സാവധാനം തിരിഞ്ഞു നടന്ന് വീണ്ടും വീടിന്റെ മുൻവശത്തെത്തി. കുറച്ചു നേരം മണ്ണിൽ മുക്കു കൊണ്ട് ഉരച്ചു നോക്കി. പിന്നീട് പോയത് കുഞ്ഞാപ്പുവിന്റെ മുറിയുടെ ജനലിനടുത്തേക്കാണ്. ഇവിടെയാണല്ലോ ടോമയ്യ ആദ്യം വന്നു നിന്നത് എന്ന കാര്യം കുഞ്ഞാപ്പു ഓർത്തെടുത്തു.

ജിം കോർബ് മുൻ കാലുകൾ ഉയർത്തി ജനലഴികളിലൂടെ അകത്തേക്ക് മുഖം കടത്തി നോക്കാൻ ശ്രമം നടത്തി. പൊലീസ് സംഘം പരിസരമാകെ വീക്ഷിക്കുന്നുണ്ട്.

ടോമയ്യ ആദ്യമായി വന്ന സ്ഥലമാണ് ഇപ്പോൾ ജിം കോർബിന്റെ നിരീക്ഷണത്തിലുള്ളത്. അടുത്ത നീക്കമെങ്ങനെ എന്നറിയാനുള്ള ജാഗ്രതയിലാൺ പൊലീസ് സംഘം.

ജിം കോർബ് പെട്ടെന്നു തന്നെ വീടിന് മുൻവശത്തെത്തി വരാന്തയിലേക്ക് ചാടിക്കയറി. ഈ സമയം അച്ഛനും അമ്മയും അകത്തേക്ക് ഓടിക്കയറി. ജിം മുൻവശത്തെ വാതിലിലൂടെ ഹാളിനുള്ളിലെത്തി. സോഫയിട്ടിരിക്കുന്ന ഭാഗത്ത് അവൻ മണം പിടിച്ചു. അടുത്ത ലക്ഷ്യം തന്റെ മുറിയിലേക്കാണെന്ന് കുഞ്ഞാപ്പുവിന് അറിയാം.

വരാന്തയിൽ തന്നെയാണ് കുഞ്ഞാപ്പു നിന്നിരുന്നത്. ചേട്ടനെവിടെ എന്ന് നോക്കിയപ്പോൾ പുറത്ത് മുറ്റത്ത് നിൽക്കുന്നു.

അടുത്ത നിമിഷം എന്തും സംഭവിക്കാം. ഇതുവരെ വളരെ വേഗത്തിൽ ഓടിക്കൊണ്ടിരുന്ന ജിം കോർബ് എന്തുകൊണ്ടാണ് ഇത്രയും സമയം ഈ വീടിന്റെ പരിസരത്തു തന്നെ മണം പിടച്ചു നിൽക്കുന്നത് എന്ന സംശയം എസ്ഐയ്ക്കും ഉണ്ടായതായി അദ്ദേഹത്തിന്റെ മുഖഭാവത്തിൽ നിന്ന് കുഞ്ഞാപ്പുവായിച്ചെടുത്തു.

അച്ഛനും അമ്മയും വളരെയധികം ടെൻഷനിലാണെന്നു കണ്ടാലറിയാം. അവരറിയുന്നില്ലല്ലോ വീട്ടിനുള്ളിൽ നടന്ന കളികളൊന്നും. സംഗതി ഇത്ര സീരിയസാവുമെന്ന് അറിഞ്ഞിരുന്നെങ്കിൽ ആദ്യം തന്നെ എല്ലാം തുറന്നു പറയേണ്ടതായിരുന്നു എന്ന് കുഞ്ഞാപ്പുവിന് ഇപ്പോൾ തോന്നിത്തുടങ്ങി.

പക്ഷെ, ഇനി പറഞ്ഞിട്ടെന്തു കാര്യം. ഇതാ അപകടം വാതിൽക്കൽ തന്നെ വന്നു നിൽക്കുന്നു. അടുത്ത നിമിഷം ജിം കോർബ് തന്റെ മുറിക്കുള്ളിലേക്കായിരിക്കും ഓടിക്കയറുക.

വീട്ടിലുള്ളവരെ എല്ലാം താനായിട്ട് ഒരു ഏടാകൂടത്തിൽ കൊണ്ടു ചാടിച്ചു.

പക്ഷെ, അപ്രതീക്ഷിതമായ ഒരു നീക്കമാണ് അടുത്ത നിമിഷം ഉണ്ടായത്. ജിം കോർബ് കുഞ്ഞാപ്പുവിന്റെ മുറിയുടെ വാതിൽക്കൽ നിന്ന് പെട്ടെന്ന് തിരിഞ്ഞ് ഒറ്റക്കുതിപ്പിന് മുറ്റത്തെത്തി. പൊലീസിനും ക്യാമറയ്ക്കുമിടയിൽ പതുങ്ങി നിന്ന കുഞ്ഞാപ്പുവിന്റെ നേർക്കായിരുന്നു ജിം കോർബ് കുതിച്ചെത്തിയത്. റോക്കറ്റു വേഗത്തിലാണ് കുഞ്ഞാപ്പു തിരിഞ്ഞോടിയത്.

കുഞ്ഞാപ്പുവിനു നേരെയുള്ള ജിം കോർബിന്റെ കുതിച്ചു ചാട്ടം ആരും പ്രതീക്ഷിച്ചതല്ല.

അമ്മ അലറി വിളിച്ചു കൊണ്ടു മുറ്റത്തേക്കോടി. അടുത്ത നിമിഷം കുഞ്ഞാപ്പുവിനെ കൈകളിൽ കോരിയെടുത്ത് മാറോടു ചേർത്തു. ഇതു കണ്ട് അച്ഛനും ഒപ്പമെത്തി. ജിം കോർബിനെ പ്രതിരോധിച്ചു കൊണ്ട് അച്ഛൻ അമ്മയുടെ മുന്നിൽ കൈകൾ വിടർത്തി നിന്നു. പൊലീസ് സംഘവും അമ്പരന്നു നിന്നു പോയി.

എസ്.ഐയും സംഘവും ജിം കോർബിനെ പിടിച്ചു മാറ്റാനുള്ള ശ്രമത്തിലേർപ്പെട്ടു. ഡോഗ് സ്ക്വാഡിന്റെ നേതൃത്വം കൊടുക്കുന്നയാൾ ജിമ്മിനെ പിടിമുറുക്കി.

ജിമ്മിന്റെ ഈ നീക്കം കുഞ്ഞാപ്പു ഒട്ടും പ്രതീക്ഷിച്ചതല്ല. അവൻ ഭയന്നു നിലവിളിച്ചു. പൊലീസ് സംഘവും കുഞ്ഞാപ്പുവിനു ചുറ്റും നിന്ന് രക്ഷയൊരുക്കി. അമ്മ വട്ടം പിടിച്ചിട്ടുണ്ട്.

പൊലീസ് നായയല്ല ഇനി ഏതു കൊലകൊമ്പനായാലും തന്റെ കുഞ്ഞിനെ തൊടാൻപോലും സമ്മതിക്കില്ല എന്ന മട്ടിലാണ് അമ്മനില കൊള്ളുന്നത്. അതാണല്ലോ മാതൃത്വത്തിന്റെ ശക്തി. അതിനു മുന്നിൽ ജിം കോർബ് തോറ്റു പോയി. ഇതിനകം ഡോഗ് സ്ക്വാഡിന് നേതൃത്വം കൊടുക്കുന്ന പൊലീസുകാരൻ ജിമ്മിനെ ബന്ധിച്ചു നിർത്തി.

(നാളെ: ജിം കോർബിന്റെ നീക്കം മറ്റൊരു വഴിയേ)

ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ നിന്ന് തെരെഞ്ഞെടുത്തത് -

Diya Sabeer,
Class: 4 C
School: Govt LPS. Alummoodu Kaniyapuram, Thiruvanathapuram.
Address: RAFA MAZIL Kariyil , Kazhakuttom.

ഇന്നലത്തെ ചോദ്യം: കൂടുതൽ സിനിമകളിൽ ജെയിംസ് ബോണ്ട് ആയി അഭിനയിച്ച നടൻ?

ഉത്തരം: റോജർമൂർ

ഇന്നത്തെ ചോദ്യം: ഏറ്റവും ഒടുവിൽ ജെയിംസ് ബോണ്ട് ആയി അഭിനയിച്ച നടൻ

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ: 7304041234

നളപാചകം

പൈനാപ്പിൾ അച്ചാർ

പഴുപ്പു കുറഞ്ഞ പൈനാപ്പിൾ ചെറുതായി അരിഞ്ഞത് മുളക് ഉപ്പ്, പൊടിക്കായം എന്നിവ ചേർത്ത് ഇളക്കി ഒരു മണിക്കൂർ വയ്ക്കുക.

കടുക് എണ്ണയിൽ, കടുക്, ഉലുവാപ്പൊടി, പൊടിക്കായം, കറിവേപ്പില എന്നിവ മൂപ്പിച്ച് തമ്മിൽ നല്ലപോലെ ഇളക്കിയെടുത്താൽ ഒന്നാന്തരം പൈനാപ്പിൾ അച്ചാറായി

ബാബു ഗണേഷ്,
ടാക്സ് പ്രാക്ടീഷണർ,
ഈസ്റ്റെൻഡ് ലെയിൻ, എളമക്കര, കൊച്ചി

ഹോം കുക്കിങ്

ബിനിത ദേവസി

Aam Panna

വേണ്ടത്
പച്ചമാങ്ങ - 1 എണ്ണം
ശർക്കര - 400 ഗ്രാം
കുരുമുളക് - 5 എണ്ണം
ഏലയ്ക്ക - 4 എണ്ണം
ജീരകം പൊടിച്ചത് - 1 ടീസ്പൂൺ
കാരുപ്പ് - 1 ടീസ്പൂൺ
മല്ലി ഇല
ഐസ് ക്യൂബ്
വെള്ളം

തയാറാക്കേണ്ടത്
കുക്കറിൽ കുറച്ച് വെള്ളം ഒഴിച്ച് മാങ്ങ അതിലേക്കിട്ട് പുഴുങ്ങിയെടുക്കുക. തൊണ്ട് കളയേണ്ടതില്ല. 5- 6 വിസൽ കേട്ടതിനുശേഷം മാറ്റിവയ്ക്കുക, ചൂടാറിക്കഴിഞ്ഞാൽ മാങ്ങയുടെ തൊലി മാറ്റി ചെറിയ കഷണങ്ങളാക്കി മിക്സിയിൽ അടിച്ചെടുക്കുക. ശേഷം ചീനച്ചട്ടിയിൽ അൽപ്പം വെള്ളം ഒഴിച്ച് ശർക്കര ഉരുക്കിയെടുക്കുക, ശേഷം അത് അരിച്ച് മാറ്റിവയ്ക്കുക. ഒരു ഫ്രൈ പാൻ ചൂടാക്കി അതിലേക്ക് അടിച്ചുവച്ചിരിക്കുന്ന മാങ്ങയും ശർക്കര നീരും ഇട്ട് ഇളക്കുക. ശേഷം ഇതിലേക്ക് കുരുമുളകും ഏലയ്ക്ക കുരുവും ചതച്ച് പൊടിയാക്കിയത് ഇട്ടു കൊടുക്കുക. അതിലേക്ക് കാരുപ്പ് കൂടി ചേർത്ത് ഇളക്കിയതിനുശേഷം മാറ്റിവയ്ക്കുക. ഒരു ഗ്ലാസ് വെള്ളത്തിന് ഒരു സ്പൂൺ ആം പന്ന മിക്സ് എന്ന വിധത്തിൽ ചേർത്ത് ഐസ് ക്യൂബ്സ് കൂടി ഇട്ടാൽ Aam Panna Drink റെഡി.

കുപ്പികളിൽ വിസ്മയം തീർത്ത് മാളവിക

ഇരിങ്ങാലക്കുട: ലോക്ക് ഡൗൺ കാലഘട്ടത്തിൽ ഒഴിഞ്ഞ കുപ്പികളിൽ കലാവിസ്മയം തീർക്കുകയാണ് ഒമ്പതാം ക്ലാസ്സ് വിദ്യർഥിനിയായ മാളവിക. ലോക്ക് ഡൗണിനെ തുടർന്ന് വീട്ടിലിരിപ്പായ സമയത്താണ് കലാകാരിയായ ഈ കുട്ടിയുടെ പ്രകടനം ശ്രദ്ധിക്കപ്പെട്ടത്. ഇരിങ്ങാലക്കുട സ്വദേശി പണ്ടാരപറമ്പിൽ രമേശ് - സവിത ദമ്പതികളുടെ മകൾ മാളവിക ഒഴിഞ്ഞ കുപ്പികളിൽ കരവിരുതൊരുക്കിയാണ് വിസ്മയം തീർക്കുന്നത്. വീട്ടിലെ സ്വിച്ച് ബോർഡിലും ക്യാൻവാസിലും ചിത്രങ്ങൾ വരയ്ക്കുമായിരുന്ന മാളവികയ്ക്ക് സോഷ്യൽ മീഡിയയിൽ വീഡിയോകൾ കണ്ടാണ് ഇത്തരത്തിൽ ഒഴിഞ്ഞ കുപ്പികളിൽ ചിത്രകല ഒരുക്കി തുടങ്ങിയത്. അക്റിലിക്ക് പെയിന്റ് ഉപയോഗിച്ചാണ് കുപ്പികൾ മനോഹരമാക്കി തീർക്കുന്നത്. ഇത് കൂടാതെ അരിയും ചിരട്ടയും എല്ലാം ഈ ലഹരി ഒഴിഞ്ഞ കുപ്പികളിൽ ചാരുത പകരുന്നു. ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ലവർ സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർഥിയാണ് മാളവിക.

കുപ്പികളിൽ കലാവിസ്മയം തീർക്കുന്ന ഒമ്പതാം ക്ലാസ്സുകാരി മാളവിക.

പ്രണയത്തെ കുറിച്ച് നയൻതാര

തെന്നിന്ത്യൻ സിനിമയിലെ ലേഡി സൂപ്പർസ്റ്റാറ്റാണ് നയൻതാര. ഒരുപക്ഷെ അങ്ങനൊന്ന് അവകാശപ്പെടാൻ ഇന്ന് മറ്റൊരു നായികയ്ക്കും സാധിക്കില്ല. മലയാളത്തിൽ അരങ്ങേറി പിന്നീട് തമിഴിലും തെലുങ്കിലുമെല്ലാം താരവും സൂപ്പർ താരവുമായി വളരുകയായിരുന്നു നയൻതാര. വർഷങ്ങൾ വേണ്ടി വന്നു അതിന്. ഇതിനിടെ പല ഗോസിപ്പുകളും താരത്തിന്റെ പേരുചേർത്ത് വന്നു. പ്രണയവും തിരിച്ചുവരവുമെല്ലാം നിറഞ്ഞ സിനിമയെ വെല്ലുന്ന ജീവിതമാണ് നയൻതാരയുടേത്. ഇപ്പോഴിതാ തന്റെ മുൻ പ്രണയത്തെ കുറിച്ച് മനസ് തുറന്നിരിക്കുകയാണ് നയൻതാര. വിശ്വാസമില്ലാത്ത സ്ഥലത്ത് പ്രണയം നിലനിൽക്കില്ലെന്ന് നയൻതാര പറയുന്നു. വിശ്വസിക്കാൻ കഴിയാത്ത ഒരാൾക്കൊപ്പം ജീവിക്കുന്നതിനേക്കാൾ നല്ലത് ഒറ്റയ്ക്ക് ജീവിക്കുന്നതാണ് എന്ന് തിരിച്ചറിഞ്ഞപ്പോഴാണ് മുൻകാല പ്രണയങ്ങൾ അവസാനിപ്പിച്ചതെന്ന് താരം പറയുന്നു.

പക്ഷെ, വേർപിരിയൽ അത്ര എളുപ്പമായിരുന്നില്ല. ആ സമയം തന്നെ കരകയറാൻ സഹായിച്ചത് സിനിമയിൽ നിന്നും അല്ലാതെയുമുള്ള സുഹൃത്തുക്കളായിരുന്നുവെന്നും നയൻസ് പറയുന്നു. തന്റെ കരിയറും കരുത്തായെന്ന് താരം പറയുന്നു.

തമിഴ് നടൻ സിമ്പുവുമായി നയൻതാര പ്രണയത്തിലായിരുന്നുവെന്നത് ഒരുകാലത്തെ ചൂടുവാർത്തയായിരുന്നു. ഇരുവരും ഒരുമിച്ച് ചില സിനിമകൾ അഭിനയിച്ചതിന് പിന്നാലെയായിരുന്നു ഇത്. എന്നാൽ പിന്നീട് ഈ ബന്ധം അവസാനിക്കുകയായിരുന്നു.

നടനും സംവിധായകനും നൃത്ത സംവിധായകനുമായ പ്രഭുദേവയും നയൻതാരയും തമ്മിലുള്ള പ്രണയം ഏറെ വാർത്തയായതായിരുന്നു. പ്രഭു ദേവയുടെ മുൻ ഭാര്യ നയൻതാരക്കെതിരേ പരസ്യമായി തന്നെ രംഗത്ത് വന്നിരുന്നു. വിവാഹത്തിന്റെ വക്കിലെത്തിയ ശേഷമാണ് ഈ ബന്ധം അവസാനിക്കുന്നത്. പിന്നീടാണ് നയൻതാരയും വിഘ്നേഷും പ്രണയത്തിലാകുന്നത്. നാനും റൗഡി താൻ എന്ന സിനിമയുടെ ലൊക്കേഷനിൽ വച്ചാണ് സംവിധായകനായ വിഘ്നേഷും നയൻതാരയും അടുക്കുന്നത്.

അമാലിനെ കണ്ടുമുട്ടിയതിനെക്കുറിച്ച് ദുൽഖർ

യുവതാരമായ ദുൽഖർ സൽമാൻ ഇന്ന് മലയാളത്തിന് പുറമെ തമിഴിലും ഹിന്ദിയിലുമെല്ലാം സാന്നിധ്യമറിയിച്ച താരമാണ്. മികച്ച നടനുള്ള പുരസ്കാരവും താരത്തെ തേടിയെത്തി. ഇപ്പോഴിതാ അമാലിനെ വിവാഹം ചെയ്തതിന് പിന്നിലെ രസകരമായ കഥ ദുൽഖർ തന്നെ തുറന്നു പറയുകയാണ്. ലവ് കം അറേഞ്ച്ഡ് ആയിരുന്നു വിവാഹമെന്ന് താരം പറയുന്നു. യുഎസിലായിരുന്നു പഠനം. അത് കഴിഞ്ഞ് നാട്ടിലെത്തിയ സമയം. എല്ലാവരും ദുൽഖറിന്റെ കല്യാണത്തെ കുറിച്ചുള്ള ആലോചനകളിലായിരുന്നു. സ്കൂളിൽ ജൂനിയറായി പഠിച്ച പെൺകുട്ടിയായിരുന്നു അമാൽ. അവളെ കുറിച്ച് വീട്ടുകാരും കൂട്ടുകാരും പറഞ്ഞു. കൂട്ടുകാർ രണ്ടു പേരുടേയും പ്രൊഫൈലുകളൊക്കെ വച്ചു നോക്കാനും തുടങ്ങിയെന്നും ദുൽഖർ പറയുന്നു.

എന്നാൽ മറ്റൊരു കാര്യം ദുൽഖറിന്റെ ശ്രദ്ധയിലെത്തി. താനെപ്പോൾ പുറത്ത് പോയാലും അവളെ അവിടെ കാണാനാകും. അങ്ങനെ ഒരു സിനിമയ്ക്ക് പോയി. അപ്പോൾ അവളും അതേ സിനിമയ്ക്ക് വന്നിരുന്നുവെന്നും ദുൽഖർ ഓർക്കുന്നു. ഇതോടെ എന്തോ നിമിത്തം ഉള്ളത് പോലെ തോന്നിയെന്നും താരം പറയുന്നു.

പക്ഷെ, നേരിട്ട് അമാലിനോട് ഇതേക്കുറിച്ച് സംസാരിക്കാനുള്ള ധൈര്യമില്ലായിരുന്നു. അങ്ങനെ ഒരു കോഫി കുടിക്കാൻ വിളിക്കുകയായിരുന്നുവെന്നും താരം പറയുന്നു. പിന്നീട് ഇതേക്കുറിച്ച് വീട്ടിൽ പറയുകയായിരുന്നുവെന്നും ദുൽഖർ ഓർത്തെടുക്കുന്നു.

വീട്ടിൽ പറഞ്ഞതും പിന്നെ എല്ലാം വളരെ പെട്ടെന്നായിരുന്നു. രണ്ട് വീട്ടുകാർക്കും സമ്മതം. അങ്ങനെ 2011 ൽ ദുൽഖർ സൽമാനും അമാലും വിവാഹിതരാവുകയായിരുന്നു. ഇരുവർക്കും മറിയം എന്ന മകളുണ്ട്. രണ്ടര വയസാണ് മറിയത്തിന്. വിവാഹത്തിന് ശേഷം 2012 ലായിരുന്നു ദുൽഖറിന്റെ ആദ്യ സിനിമ റിലീസ് ചെയ്യുന്നത്. സെക്കൻഡ് ഷോയായിരുന്നു ആദ്യ സിനിമ. പിന്നീട് മലയാള സിനിമയിലെ യുവതാരമായി വളരുകയായിരുന്നു ദുൽഖർ. തമിഴ് ചിത്രം കണ്ണും കണ്ണും കൊള്ളയടിത്താൽ ആണ് അവസാനം ഇറങ്ങിയ ചിത്രം.